2020 ഏപ്രിൽ
12
ഞായർ
1195 മീനം 30

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പൂർ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

പീഡാസഹനം വഴി മരണം വരിച്ച യേശുവിന്റെ തിരുവുത്ഥാനം ഇന്നു ലോകം ആഘോഷിക്കുന്നു. വായനക്കാർക്കും അഭ്യുദയ കാംക്ഷികൾക്കും മെട്രൊ വാർത്തയുടെ ഈസ്റ്റർ ആശംസകൾ.

പ്രവാസികളെ തിരിച്ചു കൊണ്ടുവരുന്നതിൽ ഹൈക്കോടതി റിപ്പോർട്ട് തേടി

കൊച്ചി : പ്രവാസികളെ തിരിച്ചെത്തിക്കണമെന്ന ഹർജിയിൽ കേന്ദ്രസർക്കാരിനോട് ഹൈക്കോടതി റിപ്പോർട്ട് തേടി. ലോക്ക്ഡൗൺ സമയത്ത് പ്രവാസികളെ തിരിച്ചെത്തിക്കാനുള്ള സാധ്യതകളാരാഞ്ഞു സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടത്. ഈ സന്ദർഭത്തിൽ കേന്ദ്രസർക്കാർ നടപടികളെ ചോദ്യം ചെയ്യാനാവില്ലെന്നും ഹൈക്കോടതി അറിയിച്ചു.

നിലവിലെ സാഹചര്യത്തിൽ വിദേശത്തുള്ള വരെ കൊണ്ടുവരുമ്പോൾ ഏറെ ജാഗ്രത പുലർത്തണം. വിദേശത്തു നിന്ന് മലയാളികൾ കൂട്ടമായി എത്തിയാൽ ആ സാഹചര്യം കൈകാര്യം ചെയ്യാൻ സംസ്ഥാന സർക്കാരിന് കഴിയുമോ എന്നും കോടതി ചോദിച്ചു. ആളുകൾ കൂട്ടത്തോടെ എത്തിയാൽ അവരെ എവിടെ നിരീക്ഷണത്തിൽ പാർപ്പിക്കുമെന്നുള്ളതും പ്രധാനമാണ്. കേരളത്തിന്റെ ഇതുവരെയുള്ള കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും ലോകം തന്നെ അത് അംഗീകരിച്ചതാണെന്നും കോടതി പ്രശംസിച്ചു.

ഗൾഫിൽ കുടുങ്ങി കിടക്കുന്ന ഇന്ത്യക്കാരുടെ പ്രശ്നത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുള്ളതായി സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു.

പ്രവാസി മലയാളികളെ തിരിച്ചെത്തിക്കണമെന്ന ആവശ്യവുമായി ദുബായ് കെഎംസിസിയാണ് ഹൈക്കോടതിയെ സമീപിച്ചത്. വിസ കാലാവധി കഴിഞ്ഞവരടക്കമുള്ള പ്രവാസികൾ നിലവിൽ വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. അവർ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇന്ത്യയിലേക്ക് പ്രവാസികളെ എത്തിക്കാനായി എമിറേറ്റ്സ് ഫ്ലൈറ്റ്സ് തയ്യാറാണ്.ഈ സാഹചര്യത്തിൽ കൊവിഡ് രോഗമില്ലാത്തവരെ പരിശോധനയ്ക്ക് ശേഷം കൊണ്ടുവരാൻ നടപടികളുണ്ടാവണമെന്നതാണ് ഹർജിയിലെ പ്രധാന ആവശ്യം. ഇക്കാര്യത്തിലാണു നിലവിലെ സാഹചര്യങ്ങൾ വിശദീകരിച്ചു കേന്ദ്രസർക്കാരിനോട് ഹൈക്കോടതി റിപ്പോർട്ടു തേടിയത്.

പ്രത്യേക സാഹചര്യമാണു രാജ്യത്ത് നിലനിൽക്കുന്നത്. നിലവിൽ ഒരു സ്ഥലത്ത് കഴിയുന്നവരെ അവിടെ തന്നെ തുടരണമെന്ന ഉത്തരവിനുള്ള സാഹചര്യവും ഹൈക്കോടതി ഓർമപ്പെടുത്തി.

ലോക്ക്ഡൗൺ നീട്ടും

ന്യൂഡൽഹി: കൊവിഡ് വ്യാപനം തടയുന്നതിന് മാർച്ച് 25നു പ്രഖ്യാപിച്ച ദേശവ്യാപക ലോക്ഡൗൺ രണ്ടാഴ്ച കൂടി നീട്ടാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണ. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ മുഖ്യമന്ത്രിമാരുമായി വിഡിയോ കോൺഫറൻസ് വഴി നടത്തിയ ആശയവിനിമയത്തിലാണ് ഇതു സംബന്ധിച്ചു അഭിപ്രായ സമന്വയത്തിലെത്തിയതെന്ന് സർക്കാർ വൃത്തങ്ങൾ. ഏപ്രിൽ 14ന് ലോക്ഡൗൺ കാലാവധി തീരാനിരിക്കെയാണ് മോദി ഇന്നലെ മുഖ്യമന്ത്രിമാരുമായി ചർച്ച നടത്തിയത്. വെളുത്ത മാസ്ക് ധരിച്ചാണു പ്രധാനമന്ത്രി ആശയവിനിമയത്തിനെത്തിയത്. കൊവിഡുമായി ബന്ധപ്പെട്ട് മോദി മുഖ്യമന്ത്രിമാരുമായി നടത്തിയ മൂന്നാമത്തെ ആശയവിനിമയമാണിത്.

ഏതാണ്ടെല്ലാ സംസ്ഥാന മുഖ്യമന്ത്രിമാരും ലോക്ഡൗൺ നീട്ടണമെന്ന അഭിപ്രായമാണു പ്രകടിപ്പിച്ചത്. അടുത്ത മൂന്നു നാലാഴ്ചകൾ അതീവ നിർണായകമാണെന്ന് പ്രധാനമന്ത്രിയും പറഞ്ഞു. ലോക്ഡൗൺ കർശനമായി പാലിക്കാനും മോദി മുഖ്യമന്ത്രിമാരോടു നിർദേശിച്ചിട്ടുണ്ട്. പിപിഇകളടക്കം മെഡിക്കൽ ഉപകരണങ്ങളുടെ ക്ഷാമം മുഖ്യമന്ത്രിമാർ ശ്രദ്ധയിൽപ്പെടുത്തി. ഇവ ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. രോഗവ്യാപനം തടയാനുള്ള നടപടികൾക്കായി കേന്ദ്രത്തിൽ നിന്നു സാമ്പത്തിക സഹായം മുഖ്യമന്ത്രിമാർ തേടിയെന്നും ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു.

മഹാരാഷ്ട്ര, ഡൽഹി, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ കൊവിഡ് ബാധിതരുടെ എണ്ണം കുതിച്ചുകയറുകയാണ്. മഹാരാഷ്ട്രയിൽ കൊവിഡ് ബാധിതർ 1666 ആയി. 110 പേർ മരിച്ചു. മുംബൈയിൽ മാത്രം 1182 പേർക്കു രോഗം ബാധിച്ചു. 11 പേർ കൂടി മരിച്ചതോടെ രാജ്യത്തിന്റെ സാമ്പത്തിക തലസ്ഥാനത്തു മാത്രം മരിച്ചവർ 75 ആയി. തമിഴ്നാട്ടിലും ഡൽഹിയിലും രോഗികൾ ആയിരത്തോട് അടുത്തു. ഗുജറാത്തിലും രാജസ്ഥാനിലുമെല്ലാം രോഗികൾ കൂടുന്നുണ്ട്. ഇവിടെയൊന്നും ലോക്ഡൗൺ പൂർണമായി പിൻവലിക്കാനാവില്ല. പഞ്ചാബും ഒഡിശയും ലോക്ഡൗൺ നീട്ടിക്കഴിഞ്ഞു. കർണാടകയും പശ്ചിമ ബംഗാളും ഈ സംസ്ഥാനങ്ങൾക്കൊപ്പം ലോക്ഡൗൺ തുടരണമെന്ന നിലപാടിലാണ്.

സാമ്പത്തിക പ്രവർത്തനങ്ങൾക്ക് സഹായകരമാവുന്ന ചില ഇളവുകൾ അനുവദിച്ചുകൊണ്ട് ലോക്ഡൗൺ തുടരുന്നതു പരിഗണിക്കുകയാണെന്നാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ പറയുന്നത്. വൈറസ് വ്യാപനമില്ലാത്ത സ്ഥലങ്ങളിൽ നിയന്ത്രണങ്ങൾ കുറവായിരിക്കും.

കേന്ദ്ര മന്ത്രാലയങ്ങൾ നാളെ മുതൽ പ്രവർത്തിക്കും

ന്യൂഡൽഹി: എല്ലാ കേന്ദ്ര മന്ത്രിമാരും നാളെ മുതൽ ഓഫിസിൽ പ്രവർത്തനം പുനരാരംഭിക്കും. ലോക് ഡൗണിനു ശേഷം സാമ്പത്തിക മേഖല സജീവമാക്കുന്നതിനുള്ള പദ്ധതികളും മന്ത്രാലയങ്ങൾ തയാറാക്കും. എല്ലാ മന്ത്രാലയങ്ങളിലെയും ജോയിന്റ് സെക്രട്ടറിമാരും അതിനു മുകളിലുള്ള ഉദ്യോഗസ്ഥരും അതതു മന്ത്രാലയങ്ങളിൽ ജോലി പുനരാരംഭിക്കണമെന്നു നിർദേശമുണ്ട്. എല്ലാ മന്ത്രാലയത്തിലെയും മൂന്നിലൊന്ന് അത്യാവശ്യ ജീവനക്കാർ ജോലിക്കു ഹാജരാവണം.

കൊവിഡ് ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം, സാമ്പത്തിക മേഖലയുടെ മുന്നോട്ടുപോക്ക് എന്നിവയിലാണ് കേന്ദ്ര സർക്കാരിന്റെ പ്രധാന ഫോക്കസ് എന്നും ബന്ധപ്പെട്ട വൃത്തങ്ങൾ.

സമയമായില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: കൊവിഡ് 19 ഭീഷണി പടരുന്ന സാഹചര്യത്തിൽ ലോക് ഡൗണിന് മുമ്പത്തെ സ്ഥിതിയിലേക്ക് തിരിച്ചുപോകാൻ സമയമായിട്ടില്ലെന്ന് കേരളം പ്രധാനമന്ത്രിയെ അറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. പ്രധാനമന്ത്രി സംസ്ഥാന മുഖ്യമന്ത്രിമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ കേരളം മുന്നോട്ടുവച്ച നിർദേശങ്ങളെ കുറിച്ച് സംസാരിക്കവെയാണ് മുഖ്യമന്ത്രി ഇക്കാര്യം വിശദീകരിച്ചത്.

ജനങ്ങളുടെ സഞ്ചാരം അനിയന്ത്രിതമായാൽ രോഗം വലിയ തോതിൽ വ്യാപിക്കാനും സമൂഹവ്യാപനത്തിലേക്ക് മാറാനും സാധ്യതയുണ്ട്. കേരളം പോലെ ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനങ്ങളിൽ സ്ഥിതി ഗുരുതരമാകും. രോഗം കൂടുതലായി കണ്ടതുകൊണ്ട് ഹോട്ട്സ്പോട്ടായി കണക്കാക്കാവുന്ന സ്ഥലങ്ങളിൽ നിയന്ത്രണങ്ങളെല്ലാം ഏപ്രിൽ 30 വരെ തുടരണം.

ഹോട്ട് സ്പോട്ട് അല്ലാത്ത ജില്ലകളിൽ ശാരീരിക അകലം പാലിക്കുമെന്ന് ഉറപ്പുവരുത്തി സംസ്ഥാന സർക്കാർ അനുമതി നൽകുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയണം. ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ അതത് സംസ്ഥാനങ്ങൾക്ക് അധികാരം നൽകണം. കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും കേരളം അംഗീകരിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

- കേരള പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷനു പുറമെ 1000 രൂപ,
- കൊവിഡ് 19 പോസിറ്റീവായവർക്ക് 10,000 രൂപ
- ഹോസ്റ്റലിൽ കഴിയുന്ന വിദ്യാർഥികൾക്ക് ഹോസ്റ്റൽ ഫീസ് ഒഴിവാക്കി
- തേനീച്ച കർഷകർക്ക് തേനെടുക്കാനും വിൽക്കാനും അനുമതി
- സിഎ, ടാക്സ് പ്രാക്റ്റിഷണർ എന്നിവർക്ക് പ്രവർത്തനാനുമതി
- പ്രിന്റിങ് പ്രസിന് ആഴ്ചയിൽ ഒരു ദിവസം തുറക്കാം; ദിവസം പിന്നീട് അറിയിക്കും

ലോക്കല്ല, ഗോഡൗൺ ഫുൾ.. ഇതരസംസ്ഥാനങ്ങളിൽ നിന്നും ഇന്നലെ എത്തിയ പലചരക്ക് കയറ്റി കൊണ്ടുള്ള ലോറികൾ ചാലകമ്പോളത്തിൽ നിരനിരയായി നിറുത്തിയിട്ടിരിക്കുന്നതിൽ നിന്നും സാധനങ്ങൾ ഗോഡൗണിലേക്ക് മാറ്റുന്ന തൊഴിലാളികൾ - കെ.ബി. ജയചന്ദ്രൻ



10 പേർക്ക് കൂടി കൊവിഡ്

തിരുവനന്തപുരം: കേരളത്തിൽ 10 പേർക്ക് കൂടി കൊവിഡ് 19 സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കണ്ണൂരിലെ ഏഴുപേർക്കും കാസർഗോട്ടെ രണ്ടു പേർക്കും കോഴിക്കോട്ടെ ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്. കണ്ണൂർ ജില്ലയിലെ മൂന്നുപേർ ദുബായിൽ നിന്നു വന്നവരാണ്. മറ്റുള്ളവർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ഉണ്ടായത്.

ഇന്നലെ 19പേരുടെ പരിശോധനാ ഫലമാണ് നെഗറ്റീവായത്. സംസ്ഥാനത്ത് ഇതുവരെ 143 പേർ രോഗമുക്തി നേടി. നിലവിൽ 228 പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 1,23,490 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,22,676 പേർ വീടുകളിലും 814 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 201 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സാമ്പിൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 12,818 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്.

ഇറ്റലിയെ മറികടന്ന് യുഎസ്
പേജ് 7

സ്വർണം

ഗ്രാം	- 4,150
പവൻ	- 33,200

www.facebook.com/metrovaarthaofficial

കൊവിഡ്: കണ്ണൂരിൽ മാഹി സ്വദേശി മരിച്ചു

സ്വന്തം ലേഖകൻ

കണ്ണൂർ: കൊവിഡ് ബാധിച്ച് അതീവ ഗുരുതരാവസ്ഥയിലായിരുന്ന മാഹി സ്വദേശി മരിച്ചു. നാല് ദിവസമായി കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്ന മാഹി ചെറുകല്ലായി സ്വദേശി മെഹ്റൂ(71)ഫാണ് മരിച്ചത്. വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ജീവൻ നിലനിർത്തിയിരുന്നത്. ഇന്നലെ രാവിലെ 7.15 ഓടെയാണ് മരണം. പി. മെഹ്റൂഫിന്റെ മൃതദേഹം സ്വദേശമായ മാഹിയിലേക്കു കൊണ്ടുപോയില്ല. കബറടക്കം പരിയാരത്തു തന്നെ നടത്തുകയായിരുന്നു. കോവിഡ് സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ച് ഉച്ചകഴിഞ്ഞ കോരൻപീടിക ജുമാ മസ്ജിദിൽ കബറടക്കം നടത്തുകയായിരുന്നു.

രണ്ടാഴ്ച മുൻപാണ് രോഗലക്ഷണങ്ങൾ കണ്ട് തുടങ്ങിയത്. മാർച്ച് 26 ന് ഇദ്ദേഹത്തെ തലശേരി ടെലി സെന്ററിലേക്ക് കൊണ്ടുപോയി. പിന്നീട് 29 നും 30 നും ആശുപത്രിയിലെത്തി. 30 ാം തീയതി നില വഷളായ മെഹ്റൂഫിനെ അഡ്മിറ്റ് ചെയ്തു. പിന്നീട് ആരോഗ്യസ്ഥിതി വഷളായതോടെ ഇദ്ദേഹത്തെ ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിലേക്ക് മാറ്റി. ഈ സമയത്ത് കൊവിഡ് പരിശോധന നടത്തുകയും ഫലം പോസിറ്റീവാണെന്ന് വ്യക്തമാവുകയും ചെയ്തു. ഇതോടെ പരിയാരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കടുത്ത ഹൃദ്രോഗിയും വൃക്കരോഗിയുമായിരുന്ന ഇദ്ദേഹത്തെ വെന്റിലേറ്ററിൽ ആക്കിയിരുന്നു. നാല് ദിവസം തീവ്രമായി പരിശ്രമിച്ചിട്ടും ജീവൻ രക്ഷിക്കാനായില്ല.

കൂട്ടായ പ്രവർത്തനം പ്രധാനം: മോദി

ന്യൂഡൽഹി: കൊവിഡ് വെല്ലുവിളി നേരിടുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കൂട്ടായ പ്രവർത്തനം പ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ മുഖ്യമന്ത്രിമാരുമായി വിഡിയോ കോൺഫറൻസ് വഴി നടത്തിയ ആശയവിനിമയത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. 'ജാൻ ഹെ തോ ജഹാൻ ഹെ' എന്നതിൽ നിന്ന് നമ്മുടെ മുദ്രാവാക്യം ഇപ്പോൾ 'ജാൻ ഭി ജഹാൻ ഭി' എന്നായി മാറിയിരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

കേന്ദ്രവും സംസ്ഥാനങ്ങളും യോജിച്ചു നടത്തുന്ന ശ്രമങ്ങൾ കൊവിഡ് 19ന്റെ പ്രത്യാഘാതം ലഘൂകരിക്കാൻ ഉറപ്പായും സഹായിക്കും. എന്നാൽ നിരന്തര ജാഗ്രത ആവശ്യമായ വിധം സാഹചര്യങ്ങൾ ദ്രുതഗതിയിൽ മാറുകയാണ്. രോഗവ്യാപനം തടയുന്നതിനു സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തി നിശ്ചയിക്കാൻ അടുത്ത മൂന്നു നാല് ആഴ്ചകൾ നിർണായകമാണ്. വെല്ലുവിളി അഭിമുഖീകരിക്കുന്നതിനു കൂട്ടായ പ്രവർത്തനമാണ് പ്രധാനം- അദ്ദേഹം കൂട്ടിച്ചേർത്തു.

അവശ്യ മരുന്നുകളുടെ മതിയായ വിതരണത്തിന് ഇന്ത്യ പ്രാപ്തമാണ്. പോരാട്ടത്തിന്റെ മുന്നണിയിൽ നിന്നു പ്രവർത്തിക്കുന്ന മുഴുവൻ ആളുകൾക്കുമുള്ള സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കും. പൂഴ്ത്തിവയ്പ്പിനും കരിഞ്ചന്തയ്ക്കും എതിരേ ശക്തമായ താക്കീതും പ്രധാനമന്ത്രി നൽകി. ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്നതും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും കശ്മീരിൽ നിന്നുമുള്ള വിദ്യാർഥികളോടു മോശമായി പെരുമാറുന്നതും പോലുള്ള സംഭവങ്ങളെ ശക്തമായി കൈകാര്യം ചെയ്യും. ലോക്ഡൗൺ ലംഘിക്കുന്നത് തടയുകയും സാമൂഹിക അകലം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണമെന്നും മോദി.

മാർക്കറ്റുകളിലെ തിരക്കു കുറയ്ക്കാൻ കാർഷികോത്പന്നങ്ങൾ നേരിട്ടു വീടുകളിൽ എത്തിക്കണം. അതിന് അനുസൃതമായി എപിഎംസി (കാർഷികോത്പാദന വിപണന സമിതി) നിയമങ്ങൾ വൈകാതെ പരിഷ്കരിക്കും. ഇത്തരം നടപടികൾ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ സ്വന്തം വീട്ടുപടിക്കൽ വച്ച് വിൽക്കാനും സഹായിക്കും.

കൂടുതൽ ആളുകൾ ഡൗൺലോഡ് ചെയ്യുന്ന വിധത്തിൽ ആരോഗ്യ സേതു ആപ്പ് ജനകീയമാക്കണമെന്നും പ്രധാനമന്ത്രി.

രോഗികളുമായി സമ്പർക്കമുണ്ടായവരെ ദക്ഷിണ കൊറിയയും സിംഗപ്പൂരും കണ്ടുപിടിച്ച രീതി അദ്ദേഹം പരാമർശിച്ചു. അവരുടെ അനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ, പകർച്ചവ്യാധിക്ക് എതിരായ പോരാട്ടത്തിൽ ഈ ആപ്പ് പ്രധാനമാക്കി മാറ്റാൻ ഇന്ത്യ സ്വന്തം നിലയിൽ പ്രയത്നം നടത്തണം. ഒരിടത്തു നിന്നു മറ്റൊരിടത്തേക്കു യാത്ര ചെയ്യുന്നതിന് ഇ- പാസ് അനുവദിക്കുന്നതിനും ആപ്പ് ഉപയോഗിക്കുന്നതിനുള്ള സാധ്യത അദ്ദേഹം ചൂണ്ടിക്കാട്ടി.

അതതു സംസ്ഥാനങ്ങളിലെ കൊവിഡ് പോസിറ്റീവ് കേസുകളുടെ സ്ഥിതി, സാമൂഹിക അകലം പാലിക്കുന്നതിനു സ്വീകരിച്ച നടപടികൾ, ആരോഗ്യ പരിരക്ഷാ അടിസ്ഥാന സൗകര്യ വികസനം, കുടിയേറ്റ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും അവശ്യ സാധന വിതരണത്തിനു തടസമില്ലാതിരിക്കാനുമുള്ള പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചു മുഖ്യമന്ത്രിമാർ വിശദീകരിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ, പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, ആരോഗ്യ മന്ത്രി ഹർഷവർധൻ, പ്രിൻസിപ്പൽ സെക്രട്ടറി, ക്യാബിനറ്റ് സെക്രട്ടറി തുടങ്ങിയവരും ആശയവിനിമയത്തിൽ പങ്കെടുത്തു.

ഭക്ഷണ സാധനങ്ങൾ നൽകി

പേരാമ്പ്ര : ഈസ്റ്റർ ദിനത്തിൽ വിഭവങ്ങളൊരുക്കുന്നതിനു ഭക്ഷണ സാധനങ്ങൾ ചക്കിട്ടപാറ കമ്മ്യൂണിറ്റി കിച്ചണു നൽകി കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ.

യൂണിയൻ ചക്കിട്ടപാറ യൂണിറ്റ് പ്രസിഡന്റ് എം.ഡി വത്സയിൽ നിന്ന് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. സുനിൽ ഭക്ഷണ സാധനങ്ങൾ ഏറ്റുവാങ്ങി. ഗ്രാപഞ്ചായത്ത് അംഗങ്ങളായ പ്രേമൻ നടുക്കണ്ടി, ജയേഷ് മുതുകാട്, പെൻഷനേഴ്സ് യൂണിയൻ ഭാരവാഹികളായ ഡി. ജോസഫ്, സി. വിജയകുമാർ, ശ്രീധരൻ പെരുവണ്ണാമൂഴി, പി.എം വേണുഗോപാലൻ എന്നിവർ പങ്കെടുത്തു.

വിതരണം നടത്തി

തേഞ്ഞിപ്പലം: മണിക്കുളത്തുപറമ്പ് റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ അസോസിയേഷനു കീഴിലുള്ള താമസക്കാർക്ക് ഭക്ഷ്യ കിറ്റ് വിതരണം നടത്തി. സവോള, കിഴങ്ങ്, തക്കാളി, പച്ചക്കായ പഞ്ചസാര , ചായപ്പൊടി, ഉപ്പ് , സോപ്പ് എന്നിവ അടങ്ങിക ഭക്ഷ്യ കിറ്റാണ് വിതരണം നടത്തിയത്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടത്തിന്റെ ക്യാമ്പായ ബി.ഇ.എം. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ താമസിപ്പിച്ച തെരുവോര നിവാസികൾക്ക് വിനോദത്തിനു വേണ്ടി ക്യാരംബോർഡ് ഒരുക്കി

പി.ജി വെയ്റ്റേജ് റദ്ദാക്കൽ ഉത്തരവിന്റെ കോപ്പി കത്തിച്ചു

കുറ്റ്യാടി: പി.ജി , എം.ഫിൽ, പിഎച്ച്ഡി,നെറ്റ്, ജെആർഎഫ് തുടങ്ങി ഉന്നത ബിരുദമുള്ള ആയിരക്കണക്കിന് ചെറുപ്പക്കാരുടെ തൊഴിലെന്ന സ്വപ്നത്തെ കൊറോണക്കാലത്ത് സൂത്രത്തിൽ ഇറക്കിയ ഉത്തരവിലൂടെ ഈ സർക്കാർ തകർത്തിരിക്കുകയാണ്. അപ്രഖ്യാപിത നിയമന നിരോധനമാണ് വരും വർഷങ്ങളിൽ സംഭവിക്കാൻ പോകുന്നത് എന്ന് ഉദ്യോഗാർത്ഥികൾ ഒന്നടങ്കം പറയുന്നു. ഈ നടപടി പിൻവലിക്കണം എന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഉത്തരവിന്റെ കോപ്പി കത്തിച്ച് പ്രതിഷേധിച്ചു. പാർലിമെന്റ് യൂത്ത് കോൺഗ്രസ്സ് മുൻ ഉപാധ്യക്ഷൻ ശ്രീജേഷ് ഊരത്ത് ഉദ്ഘാടനം ചെയ്തു.ഇ എം അസ്ഹർ അധ്യക്ഷത വഹിച്ചു. ടി.എം. നൗഷാദ്, കെ. കെ. ജിതിൻ, മുഹമ്മദ് ജാനിഫ്, മുഹമ്മദ് റിഷാദ് എന്നിവർ പ്രസംഗിച്ചു.

പി.ജി വെയ്റ്റേജ് റദ്ദാക്കലിനെതിരെ നടന്ന പ്രതിഷേധ സംഗമം ഉത്തരവിന്റെ കോപ്പി കത്തിച്ച് ശ്രീജേഷ് ഊരത്ത് ഉദ്ഘാടനം ചെയ്യുന്നു.

അനധികൃതമായി സിമന്റ് കട നടത്തിയതിന് കേസ്

തേഞ്ഞിപ്പലം: വിലക്കുകൾ മറികടന്ന് അനധികൃതമായി സിമന്റ് കട നടത്തിയ കടക്കാരനെതിരെ തേഞ്ഞിപ്പലം പൊലീസ് കേസെടുത്തു. പുത്തൂർ പള്ളിക്കൽ പാലയിൽ വലിയ പുത്തൂർ പള്ളിക്കൽ മൻസൂർ (43)നെതിരെയാണ് തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത്. ഇന്നലെ പുത്തൂർ പള്ളിക്കൽ ജംഗ് ഷലിൽ സർക്കാർ നിർദ്ദേശം മറികടന്ന് സിമന്റ് കട നടത്തിയത്.

കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ നിർദ്ദേശങ്ങൾ മറികടന്ന് കൊറോണ വൈറസ് പടർന്നു പിടിക്കാനിടയാകും വിധം അശ്രദ്ധമായും അപകടകരമായും പൊതുജന സുരക്ഷിതത്വത്തിന് ഭീഷണിയാകും വിധം സിമന്റ് നടത്തിയതിനാണ് ഇയാൾക്കെതിരെ കേസടുത്തത് .

വരും ദിവസങ്ങളിൽ പരിശോധകർശന മാക്കുമെന്നും നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി തുടരുമെന്നും പൊലീസ് അറിയിച്ചു.

കിണറ്റിൽ അകപ്പെട്ട മിണ്ടാപ്രാണിക്ക് വൈറ്റ് ഗാർഡ് കാരുണ്യത്തിൽ പുനർ ജന്മം

തിരൂരങ്ങാടി: നാല് ദിവസമായി കിണറ്റിൽ അകപ്പെട്ട മിണ്ടാപ്രാണിക്ക് വൈറ്റ് ഗാർഡ് കാരുണ്യത്തിൽ പുനർ ജന്മം. ചെറുമുക്ക് റഫത്ത് നഗർ സ്വദേശി മാട്ടുമ്മൽ കബീറിന്റെ വീട്ടിലെ കിണറ്റിൽ വീണ പൂച്ചയെയാണ് നാല് ദിവസത്തിന് ശേഷം വൈറ്റ് ഗാർഡ് പുറത്തെത്തിച്ചത്. കഴിഞ്ഞ തിങ്കളാഴ്ച്ചയാണ് പൂച്ച കിണറ്റിൽ വീഴുന്നത്. അതിന് ശേഷം പുച്ചയെ കിണറ്റിൽ നിന്നും കയറ്റുന്നതിന് പല തരത്തിലുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും വിജയിച്ചില്ല. ഒരു ഭാഗത്ത് മാത്രം അൽപ്പം വെള്ളമുള്ള കിണറിന് 15 കോൽ താഴ്ച്ചയാണുള്ളത്. വീട്ടുകാരും നാട്ടുകാരും പലതരത്തിലുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും വിജയിക്കാതെ വന്നതോടെ കിണറിൽ ഇറങ്ങുന്നവരേ.യും സമീപിച്ചെങ്കിലും പൂച്ചയുള്ളതിനാൽ കിണറിലിറങ്ങാൻ മടിച്ചു. എന്നാൽ ഇന്നലെ ഉച്ചയോടെ വിവരം തിരൂരങ്ങാടി ണണ്ഡലം മുസ്ലിം യൂത്ത്ലീഗ് ജനറൽ സെക്രട്ടറി യു.എ റസാഖിനെ അറിയിക്കുകയായിരുന്നു. ഉടനെ പരപ്പനങ്ങാടി വൈറ്റ് ഗാർഡ് വൈസ് ക്യാപ്റ്റൻ ജംഷി മാപ്പുട്ടിലിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി. നിമിഷ നേരം കൊണ്ട് പൂച്ചയെ പുറത്തെടുത്തു.പൂച്ചയുടെ പരാക്രമത്തിൽ ജംഷിക്ക് നിസാര പരിക്കേറ്റു. ജംഷിയെ സഹായിക്കുന്നതിന് പരപ്പനങ്ങാടി ശിഹാബ് തങ്ങൾ ഫൗണ്ടേഷൻ അംഗങ്ങളും വൈറ്റ് ഗാർഡ് മെമ്പർമാരുമായ മുനീർ സ്റ്റാർ, ഹബീബ് മെട്രോ, അൻസാർ അഞ്ചപ്പുര എന്നിവരുമുണ്ടായിരുന്നു.

ദുരിതത്തിലായ പ്രവാസികളുടെ കാര്യത്തിൽ ഇടപെടണം;

പ്രധാനമന്ത്രിക്ക് ഇ മെയിൽ

തേഞ്ഞിപ്പലം: കൊവിഡ് - 19 വ്യാപനം തടയുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ ലോക് ഡൗൺ പ്രഖ്യാപിച്ചത് മൂലം വീമാന സർവ്വീസ് നിർത്തി വെച്ചതിനാൽ ഇന്ത്യയിലേക്ക് തിരിച്ചു വരാൻ സാധിക്കാതെ വിവിധ രാജ്യങ്ങളിൽ കുടുങ്ങിയ പ്രവാസികളുടെ കാര്യത്തിൽ നയതന്ത്ര ഇടപെടൽ നടത്തുന്നതിനു വേണ്ടിയും പ്രവാസികളെ ഉടനെ ഇന്ത്യയിലേക്ക് തിരിച്ചു കൊണ്ട് വരുന്നതിനും ഇന്ത്യൻ പ്രധാന മന്ത്രി നരേന്ദ്ര മോദിക്ക് പള്ളിക്കൽ പഞ്ചായത്ത് ഇരു പതാം വാർഡ് മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകർ ഇ മെയിൽ അയച്ചു. പള്ളിക്കൽ പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗ് പ്രസിഡന്റ് മുസ്തഫ പള്ളിക്കൽ ഉദ്ഘാടനം ചെയ്തു. നിരവധി പ്രവർത്തകരാണ് ഇ മെയിൽ അയച്ചത്. വിദേശ രാജ്യങ്ങളിലെ ലോക് ഡൗൺ കാരണം ദുരിതം അനുഭവിക്കുന്ന പ്രവാസികളുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും പ്രവർത്തകർ ആവശ്യപ്പെട്ടു. സംസ്ഥാന മുസ്ലിം യൂത്ത് ലീഗ് നിർദേശ പ്രകാരം ആണ് ഇ മെയിൽ അയച്ചത്. കെ.മുഹമ്മദ് മുനീർ, പി. അബ്ദുൽ റഹിമാൻ, വി.ഫൈസൽ തുടങ്ങിയവർ നേതൃത്വം നൽകി.

കോവിഡ് 19: ഒരാൾക്ക് കൂടി രോഗബാധ



സ്വന്തം ലേഖകൻ

കോഴിക്കോട്: ജില്ലയിൽ ഇന്നലെ ഒരാൾക്ക് കൂടി കോവിഡ് ബാധ സ്ഥിരീകരിച്ചു. എടച്ചേരി സ്വദേശിയായ 67 കാരനാണ് ആണ് രോഗം സ്ഥിരീകരിച്ചത്. ഇദ്ദേഹം കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇദ്ദേഹത്തിന്റെ മക്കൾ രണ്ടുപേരും മാർച്ച് 18 ന് ദുബായിൽ നിന്ന് വരികയും വീട്ടിൽ നിരീക്ഷണത്തിൽ കഴിയുകയുമായിരുന്നു. ഏപ്രിൽ രണ്ടിന് അയച്ച സാമ്പിൾ നെഗറ്റീവ് ആയിരുന്നു. രോഗം ഭേദമായതിനെ തുടർന്ന് ഏപ്രിൽ10 ന് ഡിസ്ചാർജ് ചെയ്തു. ഡിസ്ചാർജ് ചെയ്യുന്ന സമയത്ത് മെഡിക്കൽ ബോർഡിന്റെ തീരുമാനപ്രകാരം അയച്ച സാംപിളാണ് പോസിറ്റീവ് ആയത്. രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തുന്ന കുടുംബാംഗങ്ങളെ കൂടി ടെസ്റ്റ് ചെയ്യുന്നതിന് ഇന്നലെ മെഡിക്കൽ കോളെജിലേക്ക് മാറ്റി.

ഇതുൾപ്പെടെ ജില്ലയിൽ ആകെ സ്ഥിരീകരിച്ച 13 പോസിറ്റീവ് കേസുകളിൽ ആറു പേരെ അസുഖം ഭേദമായി ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. ഏഴ് പേർ ചികിത്സ തുടരുന്നു. ഇതുകൂടാതെ മൂന്ന് ഇതര ജില്ലക്കാരിൽ രണ്ട് കാസർഗോഡ് സ്വദേശികൾക്കും രോഗം ഭേദമായി. ഒരു കണ്ണൂർ സ്വദേശി ചികിത്സയിലുണ്ട്.ജില്ലയിൽ ഇന്നലെ 437 പേർ കൂടി വീടുകളിൽ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി. അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവരുടെ ആകെ എണ്ണം 5286 ആയി. നിലവിൽ ആകെ 17,387 പേരാണ് നിരീക്ഷണത്തിലുള്ളത്. പുതുതായി വന്ന 4 പേർ ഉൾപ്പെടെ 23 പേർ ആണ് ആശുപത്രി നിരീക്ഷണത്തിലുണ്ട്. 11 പേരെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിന്ന് ഇന്നലെഡിസ്ചാർജ്ജ് ചെയ്തു.

21 സ്രവസാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 484 സ്രവ സാംപിളുകൾ അയച്ചതിൽ 460 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 444 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 24 പേരുടെ ഫലം കൂടി ലഭിക്കാനുണ്ട്. ആരോഗ്യവകുപ്പ് ഡയറക്റ്റർ വീഡിയോ കോൺഫറൻസിലൂടെ ജില്ലാ കൊറോണ കൺട്രോൾ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തി. മാനസിക സംഘർഷം കുറയ്ക്കുന്നതിനായി മെന്റൽ ഹെൽത്ത് ഹെൽപ്പ് ലൈനിലൂടെ 10 പേർക്ക് ഇന്നലെ കൗൺസലിംഗ് നൽകി. കൂടാതെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 122 പേർക്ക് ഫോണിലൂടെ സേവനം നൽകി

മലപ്പുറം ജില്ലയിൽ 292 പേർ കൂടി നിരീക്ഷണത്തിൽ

മലപ്പുറം: കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഇന്നലെ മുതൽ 292 പേർക്കുകൂടി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഇതോടെ ജില്ലയിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 13,988 ആയതായി ജില്ലാ കലക്ടർ ജാഫർ മലിക് അറിയിച്ചു. ഇന്നലെ 199 പേരാണ് വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. കോവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ 197 പേരാണ് ഐസൊലേഷനിലുള്ളത്. തിരൂർ ജില്ലാ ആശുപത്രിയിൽ രണ്ട് പേരും ഐസൊലേഷൻ വാർഡുകളിലുണ്ട്. 595 പേരെ ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം വീടുകളിലെ പ്രത്യേക നിരീക്ഷണത്തിൽ നിന്ന് ഇന്നലെ ഒഴിവാക്കി. 13,729 പേരാണ് ഇപ്പോൾ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. 60 പേർ കോവിഡ് കെയർ സെന്ററുകളിലും സ്വയം നിരീക്ഷണത്തിൽ കഴിയുന്നു.ബാധിതരുടെ ആരോഗ്യ നില തൃപ്തികരംകോവിഡ് 19 ബാധിച്ച് മലപ്പുറം ജില്ലയിൽ ഇപ്പേൾ ചികിത്സയിൽ കഴിയുന്നവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു. 19 പേർക്കാണ് ഇതുവരെ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ചത്. ഇതിൽ രണ്ട് പേർ വിദഗ്ധ ചികിത്സക്കു ശേഷം രോഗമുക്തരായി ആശുപത്രി വിട്ടു. 17 പേരാണ് നിലവിൽ കോവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ഐസൊലേഷനിലുള്ളത്.ജില്ലയിൽ ഇതുവരെ 1,127 പേർക്ക് വൈറസ് ബാധയില്ലെന്ന് വിദഗ്ധ പരിശോധനകൾക്കു ശേഷം ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ചു. 173 പേരുടെ പരിശോധനാ ഫലങ്ങളാണ് ഇനി ലഭിക്കാനുള്ളത്.

സുരക്ഷാ ക്വിറ്റുകൾക്ക് ഫണ്ട് വകയിരുത്തി

തേഞ്ഞിപ്പലം : കോവിഡ് - 19 ന്റെ പശ് ചാത്തലത്തിൽ സുരക്ഷാ കിറ്റുകൾക്കായി എം എൽഎ ഫണ്ട് വകയിരുത്തി ഭരണാനുമതിക്കായി സമർപ്പിച്ചു. കോവിഡ് - 19 വ്യാപനം തടയുന്നതിന്റെ മുൻകരുതലായും ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തിന്നതിനും വള്ളിക്കുന്ന് മണ്ഡലം എം എൽ എ പി അബ്ദുൾ ഹമീദ് മാസ്റ്ററാണ് ഫണ്ട് വകയിരുത്തിയത് . ആരോഗ്യ സ്ഥാപനങ്ങളിലെത്തുന്ന രോഗികൾക്ക് കൃത്യമായ ചികിത്സ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ സുരക്ഷാ കിറ്റുകളടക്കമുള്ളവക്കുമാണ് എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വകയിരുത്തി ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചതായി പി. അബ്ദുൽ ഹമീദ് എം എൽ എ വ്യക്തമാക്കിയത്. ഇന്നലെ മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേയും മെഡിക്കൽ ഓഫീസർമാരുമായും ചർച്ച നടത്തിയ ശേഷമാണ് എം എൽ എ ആവശ്യമുള്ള സുരക്ഷാ സാധനങ്ങളുടെ വിവരങ്ങൾ മെഡിക്കൽ ഓഫീസർമാരിൽ നിന്ന് തേടിയത്. ഇതനുസരിച്ച് പി.പി ഇ കിറ്റ് 500 എണ്ണം, എൻ - 95 മാസ്ക് - 700എണ്ണം,ത്രീ ലേയർ മസ്ക്- 25000എണ്ണം, റ്റു ലേയർ മാസ്ക് - 10000. സാനിറ്റൈസർ 700എണ്ണം ഹാൻഡ് വാഷ് - 700എണ്ണം, സിഡക്സ് സൊലൂഷൻ സർജിക്കൽ ഗ്ലൗസ് - 15000, തെർമ്മൽ സ്കാനർ - 10, ഡിജിറ്റൽ ബിപി അപ്പാരറ്റസ് - 10,സ്വിങ്ങ് റൊട്ടേറ്റർ - 2 മറ്റു ഉപകരണങ്ങൾ എന്നിവയാണ് മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേക്കുമായി വാങ്ങാനാണ് എം എൽ എ ഫണ്ടിൽ നിന്നും ഫണ്ട് വകയിരുത്തിയത്. മണ്ഡലത്തിലെ ചേലേമ്പ്ര പി.എച്ച്.സി യിലെ ഡോക്ടർ ലീവിലായതിനാൽ എൻ.ച്ച്.എമ്മിൽ നിന്ന് ഒരു ഡോക്ടറുടെ സേവനം ചേലേമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ലഭ്യമാക്കാൻ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നിർദേശവും നൽകി.

കോവിഡ് 19ദുരിതാശ്വാസ പ്രവർത്തന ഭാഗമായി ജനം ചാരിറ്റബിൾ ട്രസ്റ്റ് പൊലീസ്- അഗ്നിശമന സേനക്ക് ഒരുക്കിയ കുടിവെള്ളം ട്രസ്റ്റ് ചെയർമാൻ റാഫി പുതിയകടവ്, ജനറൽ കൺവീനർ നിസാർ ഒളവണ്ണ എന്നിവർ ബീച്ച് ഫയർ സ്റ്റേഷൻ ഓഫീസർ പി. അജിത് കുമാറിനു കൈമാറുന്നു.

ലോക്ക്ഡൗണിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് കോഴിക്കോട് കല്ലായി റേഷൻ കട വഴി നൽകിയപ്പോൾ.

വിദ്യാർഥികൾക്ക് കൈതാങ്ങുമായി വെങ്ങപ്പറ്റ ഗവ. ഹൈസ്കൂൾ പിടിഎ

പേരാമ്പ്ര : കൊറോണ പ്രതിമരാധത്തിന്റെ ഭാഗമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കഷ്ടതയനുഭവിക്കുന്ന വിദ്യാർത്ഥി കുടുംബങ്ങളിലേക്ക് കൈതാങ്ങുമായ് വെങ്ങപ്പറ്റ ഗവ. ഹൈസ്കൂൾ പിടിഎ. പിടിഎയുടെ നേതൃത്വത്തിൽ ഭക്ഷണ കിറ്റുകൾ വിദയാർത്ഥികളുടെ വീടുകളിലെത്തിച്ചു. പ്രധാനാധ്യാപകൻ പി.ഡി. ജയൻ, പിടിഎ പ്രസിഡണ്ട് പി. സന്തോഷ്, കെ.അബ്ദുൾ, കെ. അശോക് കുമാർ, ടി. മോഹനൻ, ടി. ശ്രീജ എന്നിവർ നേതൃത്വം നൽകി. വരും ദിവസങ്ങളിലും പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്ക് സഹായമെത്തിക്കുമെന്ന് പിടിഎ ഭാരവാഹികൾ അറിയിച്ചു.

പൊലീസ് സേനാംഗങ്ങൾക്ക് എൻജിഒ അസോസിയേഷൻ നൽകുന്ന ത്രീ ലെയർ മുഖാവരണങ്ങൾ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.ഷിബുവിൽ നിന്നും സിറ്റി പൊലീസ്കമ്മീഷണർ എ.വി.ജോർജ്ജ് ഏറ്റുവാങ്ങുന്നു.

പ്രവാസികൾക്കുവേണ്ടി സ്ഥാപനങ്ങളും സൗകര്യങ്ങളും ഒരുക്കുക : എസ്എംഎഫ്

തേഞ്ഞിപ്പലം: : നാടിന്റെ സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്ക് മഹനീയ സംഭാവന നൽകിവരുന്ന പ്രവാസികൾ . കോവിഡ്- 19 ന്റെ പ്രതിരോധവും ചികിത്സയുമായി ബന്ധപ്പെട്ട് വളരെ ആശങ്കയോടെ കഴിയുന്ന പ്രത്യേക സാഹചര്യത്തിൽ അവരെ നാട്ടിലെത്തിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംവിധാനം ഒരുക്കുന്നപക്ഷം വിദേശത്തുനിന്ന് വരുന്നവർക്ക് നിർദ്ദിഷ്ട കാലയളവ് വരെ ക്വാറന്റൈൻ പാലിക്കുന്നതിനും വേണ്ടിവന്നാൽ അവരെ ഐസൊലേറ്റ് ചെയ്യുന്നതിനും സ്ഥാപനങ്ങൾ വിട്ടുകൊടുക്കുവാനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുവാനും സ്ഥാപന ഭാരവാഹികളും മഹല്ല് ജമാഅത്ത് കമ്മിറ്റികളും മുന്നോട് വരണമെന്ന് സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി പ്രസിഡണ്ട് പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി ചെമ്മുക്കൻ കുഞ്ഞാപ്പു ഹാജിയും ആവശ്യപ്പെട്ടു. സുന്നി മഹല്ല് ഫെഡറേഷന് കീഴിൽ പ്രവർത്തിക്കുന്ന ചെമ്മാട് ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയും അനുബന്ധ സ്ഥാപനങ്ങളും സൗകര്യങ്ങളും ഈ ആവശ്യത്തിനായി സർക്കാറിലേക്ക് വിട്ടുനൽകാനുള്ള സന്നദ്ധത ജില്ലാ ഭരണകൂടത്തെ നേരത്തെ അറിയിച്ചിട്ടുണ്ട്. ഈ മാതൃക സ്വീകരിച്ച് എല്ലാ ജില്ലകളിലെയും സമസ്തയുടെ സ്ഥാപനങ്ങൾ സജ്ജമാക്കുന്നതിന് പ്രാസ്ഥാനിക തലത്തിൽ നടപടി സ്വീകരിക്കുകയും പ്രവാസി സഹോദരങ്ങൾക്കുവേണ്ടി എല്ലാവിധ സൗകര്യങ്ങളും സംവിധാനിക്കുവാൻ മഹല്ല് നേതൃത്വത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതായി എസ്.എം.എഫ് നേതാക്കൾ അറിയിച്ചു.

നെല്ല് കൊയ്യാൻ കഴിയാതെ വലയുന്നു

കുറ്റ്യാടി : വടകര താലൂക്കിലെ നെല്ലറയെന്നറിയപ്പെടുന്ന വേളം പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിൽ വിളഞ്ഞ് നിൽക്കുന്ന നെൽകൃഷി കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കൊയ്തെടുക്കാൻ കഴിയാതെ കർഷകർ പ്രയാസത്തിലാണ് കഴിഞ്ഞ ദിവസം അപ്രതീക്ഷിതമായി പെയ്ത കനത്ത മഴയും പ്രദേശത്തെ കനാൽ തുറന്ന് വിട്ടതും നെൽ കൃഷി കർഷകരുടെ താളം തെറ്റിക്കുകയായിരുന്നു. മഴ പെയ്തതോടെ കുഴഞ്ഞ് നിലംപതിച്ച നെൽച്ചെടികൾ യന്ത്രമിറക്കി കൊയ്തെടുക്കാനും പ്രയാസമേറെയാണ്. ഈ ഒരു അവസ്ഥയിൽപാകമായ നെല്ല് ചീഞ്ഞ് നഷ്ടപ്പെട്ട് പോകാതെ എത്രയും പെട്ടന്ന് തന്നെ കൊയ്തെടുക്കാൻ ആവശ്യമായ സംവിധാനം ചെയ്യാൻ ജില്ലാ ഭരണകൂടം ഇടപെടണമെന്ന് കൃഷിക്കാരും രാഷ്ട്രീയ പാർട്ടികളും ബന്ധപെട്ട അധികാരികളോട് ആവശ്യപെട്ടുകയാണ്.

ചങ്ങരോത്ത് കമ്മ്യൂണിറ്റി കിച്ചണിൽ കള്ളൻ കയറി

പേരാമ്പ്ര : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ വേങ്ങേരിയിലെ ഗവ.എൽ പി.സ്കൂളിൽ പ്രവർത്തിക്കുന്ന കമ്യൂണിറ്റി കിച്ചണിൽ കള്ളൻ കയറി. വെള്ളിയാഴ്ച്ച രാത്രിയാണ് കള്ളൻ കയറിയത്. ഇന്നലെ രാവിലെ കുടുംബശ്രീ അംഗങ്ങൾ എത്തിയപ്പോഴാണ് കളവ് നടന്നതായ് അറിയുന്നത്.

വ്യാജവാറ്റ് കേന്ദ്രങ്ങൾ പൊടിപൊടിക്കുന്നു

തലശേരി : കോവിഡ്-19 പശ്ചാത്തലത്തിൽ ബീവറേജസ് ഔട്ട്ലെറ്റുകളും മദ്യശാലകളും പൂട്ടിയ സാഹചര്യത്തിൽ ഗ്രാമങ്ങളിൽ കള്ളവാറ്റ് പൊടിപൊടിക്കുന്നു. പൊലീസും എക്സൈസും ഇത് മണത്തറിഞ്ഞതായി സൂചനകളുണ്ട്. സർക്കാർ സംവിധാനങ്ങൾ ജാഗരൂകരുമാണ്. നില തെറ്റിയ നാട്ടിലെ സ്ഥിരം കുടിയന്മാരെയും നേരമ്പോക്ക് മദ്യപന്മാരെയും ലക്ഷ്യമിട്ടാണ് വ്യാജച്ചാരായ നിർമാണം ആരംഭിച്ചത്. ഇത്തരം കേന്ദ്രത്തിൽ വൈകിട്ടാവുമ്പോൾ ഒറ്റയ്ക്കും ഇരട്ടകളായും യുവാക്കൾ മുതൽ മധ്യവയസ്കർ വരെ കേന്ദ്രീകരിച്ച് എത്തുകയാണ് . കഴിഞ്ഞ ദിവസം മുതൽ പൊലീസ് ഡ്രോൺ ക്യാമറകളുടെ സഹായത്താലാണ് ഇത്തരം വ്യാജവാറ്റ് കേന്ദ്രങ്ങൾ കണ്ടെത്തിയത് . പൊലീസിൽ നിന്നും സൂചന കിട്ടിയതോടെ എക്സൈസ് സംഘം ഇത്തരം കേന്ദ്രങ്ങൾ തേടിപ്പിടിച്ച് വാറ്റ് സാമഗ്രികൾ കസ്റ്റഡിയിലെടുത്ത് നശിപ്പിച്ചു വരികയാണ്. പലയിടത്തും എക്സൈസ് സംഘം എത്തുന്നതിനും മുമ്പേ കള്ളവാറ്റുകാർ രക്ഷപ്പെടും. ജില്ലയിലെ വിവിധ മലയോര മേഖലകളിലടക്കം കള്ളവാറ്റ് സജീവമാണിപ്പോൾ. ഏറ്റവും ഒടുവിലായി ഇക്കഴിഞ്ഞ ദിവസം പിണറായി റെയ്ഞ്ച് എക്സൈസ് സംഘം ചൈന കീഴത്തൂർ ഭാഗത്ത് നടത്തിയ പരിശോധനയിൽ 200ലിറ്റർ വാഷ് കണ്ടെടുത്തു നശിപ്പിച്ചു. വാഷ് കണ്ടെടുക്കുന്ന സമയത്ത് പ്രതികളെ കണ്ടെത്താൻ സാധിച്ചില്ലെങ്കിലും പ്രതികളെ കുറിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചിട്ടുണ്ട്. വ്യാജ ചാരായം വാറ്റാൻ പാകപെടുത്തിയ വാഷ് കണ്ടെടുത്തത് ജനവാസ മേഖലയിലാണെന്നത് അതീവ ഗൗരവമുള്ളതാണ് . കൂത്തുപറമ്പ് മേഖലകളിലും മറ്റു പല ഇടങ്ങളിലും ഇതുപോലെ വാറ്റു കേന്ദ്രങ്ങൾ ഉണ്ട്. വരും ദിവസങ്ങളിലും ശക്തമായ പരിശോധനകൾ തുടരുമെന്നും എക്സൈസ് സംഘം അറിയിച്ചു.

പന്തിരിക്കരക്ക് സമീപം വെള്ളച്ചാലിൽ നടത്തിയ റെയ്ഡിൽ കണ്ടെത്തിയ വാഷും വാറ്റുപകരങ്ങളും

മലയോര മേഖലകളിൽ വ്യാജവാറ്റ് വേട്ട തുടരുന്നു; പന്തിരിക്കരയിൽ വ്യാജവാറ്റ് കേന്ദ്രം കണ്ടെത്തി നശിപ്പിച്ചു

പേരാമ്പ്ര : മലയോര മേഖലകളിൽ വ്യാജവാറ്റ് വേട്ട തുടരുന്നു. പെരുവണ്ണാമൂഴി പൊലീസ് കഴിഞ്ഞ ദിസങ്ങളിലെല്ലാം വിവിധ കേന്ദ്രങ്ങളിൽ പരിശോധന നടത്തി വ്യാജവാറ്റു കേന്ദ്രങ്ങൾ കണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തിരുന്നു. ഇന്ന് പന്തിരിക്കരക്ക് സമീപം വെള്ളച്ചാലിൽ നടത്തിയ റെയ്ഡിൽ 30 ലിറ്റർ വാഷും വാറ്റുപകരങ്ങളും കണ്ടെത്തി. വാഷ് നശിപ്പിക്കുകയും മറ്റ് ഉപകരണങ്ങൾ കസ്റ്റഡിയിൽ എടുത്ത് കേസ് രജിസ്റ്റർ ചെയ്തു. പെരുവണ്ണാമൂഴി പൊലീസ് ഇൻസ്പക്ടർ പി. രാജേഷിനെറ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ സബ്ബ് ഇൻസ്പക്ടർ എ.കെ. ഹസ്സൻ, അസി. സബ്ബ് ഇൻസ്പക്ടർമാരായ കെ. പ്രദീപൻ, വിശ്വനാഥൻ, സിപിഒ സുജില കുമാരി എന്നിവർ പങ്കെടുത്തു. ഇന്നലെ പന്നിക്കോട്ടൂർകോളനിയിൽ നടത്തിയ റെയ്ഡിൽ ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പന്നിക്കോട്ടൂർ സ്വദേശി പടിഞ്ഞാറെ ചാലിൽ ഷിജു(50) എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. 750 മില്ലിലിറ്റർ നാടൻ ചാരായവും വാറ്റിന് ഉപയോഗിച്ച പ്രഷർകുക്കർ, പൈപ്പ്, എൽപിജി സ്റ്റൗ, 5 ലിറ്റർ വാഷ് എന്നിവയും പടികൂടിയിരുന്നു. പൊലീസ് ഇൻസ്പക്ടറുടെ നേതൃത്വത്തിൽ മേഖലയിൽ കർശന നിരീക്ഷണം നടത്തിവരുകയാണ്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 101 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

സ്പ്രിംഗ്ളർ: ചെന്നിത്തലയ്ക്ക് മറുപടി

തിരുവനന്തപുരം: കൊവിഡ് നിരീക്ഷണത്തിൽ കഴിയുന്നവരുടെ വിവരങ്ങൾ സ്പ്രിംഗ്ളർ എന്ന അമെരിക്കൻ സ്വകാര്യ കമ്പനിക്ക് സർക്കാർ വിൽക്കുകയാണെന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ ആരോപണത്തിന് മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടി.

പ്രതിപക്ഷ നേതാവ് പറയുന്നതു പോലെ സ്പ്രിംഗ്ളർ ഒരു പിആർ കമ്പനി അല്ല. സംസ്ഥാനം ആ കമ്പനിയുടെ സോഫ്റ്റ് വെയറിനോ സേവനത്തിനോ പണം നൽകുന്നില്ല. നമ്മുടെ നാട് പ്രതിസന്ധിയിലായ സമയമാണ്. നമ്മളുടെ നാട് വലിയൊരു ഭീഷണി നേരിടുകയാണ്. അതിനെ എങ്ങനെയൊക്കെ നേരിടുമെന്നാണ് നമ്മൾ ചിന്തിക്കുന്നത്. അക്കാര്യത്തിൽ പ്രവാസികളായ മലയാളികൾ സഹായിക്കുന്നുണ്ട്. അങ്ങനെയൊരു സഹായമാണ് ഈ കമ്പനി നമുക്ക് ചെയ്തു തരുന്നത്. അതിന്റെ സ്ഥാപകൻ ഒരു മലയാളിയാണ്.

സ്പ്രിംഗ്ളർ സോഫ്റ്റ് വെയർ ദാതാക്കളാണ്. സംസ്ഥാന സർക്കാരിന്റെ ഐടി വകുപ്പിന്റെ ഒരു സോഫ്റ്റ് വെയർ ദാതാവുകൂടിയാണ് ഈ കമ്പനി. ശേഖരിക്കുന്ന ഡാറ്റ ഇന്ത്യയിലെ സെർവറുകളിൽ സൂക്ഷിക്കുകയും അത് സർക്കാർ നിയന്ത്രിക്കുകയുമാണ് ചെയ്യുന്നത്. ഈ കമ്പനിയുടെ സേവനം ലോകാരോഗ്യ സംഘടനയും ഉപയോഗിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വിശദീകരിച്ചു. ഈ ഘട്ടത്തിൽ ഇതേപ്പറ്റി കൂടുതൽ പറയുന്നില്ലെന്നും അദ്ദേഹം.

ലോക് ഡൗണിലും ഈസ്റ്റർ വിപണിയിൽ തിരക്ക്

ശരത് ഉമയനല്ലൂർ

തിരുവനന്തപുരം: വിശ്വാസികൾക്ക് ഈസ്റ്റർ ആഘോഷിക്കുന്നതിന് ലോക് ഡൗണൊന്നും പ്രശ്നമല്ലെന്നാണു വിപണിയിലെ തിരക്കു കാണിക്കുന്നത്. പള്ളിയിലെ കൂട്ട പ്രാർഥനകൾ ഒഴിവാക്കി വീട്ടിലാക്കിയെങ്കിലും വീടിനുള്ളിലെ ആഘോഷങ്ങൾക്കു കുറവില്ലെന്നു തന്നെയാണ് മാംസവ്യാപാര സ്ഥാപനങ്ങളിലെയും മാർക്കറ്റിലെയും തിരക്കുകൾ കാണിക്കുന്നത്. മുൻ വർഷങ്ങളിൽ ഈസ്റ്റർ വിപണി ലക്ഷ്യമിട്ട് ഒരു മാസം മുൻപേ തന്നെ കച്ചവടക്കാർ സാധനങ്ങൾ സ്റ്റോക്ക് ചെയ്തിരുന്നെങ്കിൽ ഇത്തവണ അതുണ്ടായില്ല. അതു പോലെതന്നെയാണ് മാംസവിപണിയിലെ അവസ്ഥ. ഒരു മാസത്തിനു മുൻപേ പക്ഷിപ്പനി വന്നതു മൂലം തമിഴ്നാട്ടിൽ നിന്നുള്ള ഇറച്ചിക്കോഴി വരവു നിലച്ചിരുന്നു. അന്ന് ഇടിഞ്ഞ ചിക്കന്റെ വില പക്ഷേ കൊവിഡ് ലോക് ഡൗണിനിടയിൽ ഉയർന്നു. പക്ഷിപ്പനി സീസണിൽ 20-50 നിലയിൽ നിന്ന ചിക്കന് ഇന്നലത്തെ വില 120-140 വരെയാണ്. കഴിഞ്ഞയാഴ്ച 100-110 വരെയായിരുന്നു. കൂടാതെ ലോക് ഡൗൺ സമയത്ത് മീനിന്റെ ലഭ്യത കുറഞ്ഞപ്പോൾ ചിക്കനായിരുന്നു ആശ്രയം. തമിഴ്നാട് ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ നിന്നും പോത്ത്, ആട്, കോഴി വരവുകൾ നിലച്ചെങ്കിലും കേരളത്തിൽ ഇവയുടെ ഡിമാന്റ് ഇടിഞ്ഞിട്ടില്ല. ഇറച്ചി വിപണിയിൽ പോർക്ക് 350, ബീഫ് 360, ആട്ടിറച്ചി 600, താറാവ് 340 എന്നിങ്ങനെയായിരുന്നു ഇന്നലത്തെ വില.

ഇന്നലെ പുലർച്ചെ മുതൽ ഇറച്ചി കടകൾക്ക്മുന്നിൽ നീണ്ട വരിയായിരുന്നു. രാത്രിവരെ മിക്ക കടകളിലും തിരക്കുണ്ടായിരുന്നു. അതേസമയം മിക്കയിടത്തും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് അകലം പാലിച്ചും മാസ്കു ധരിച്ചും കർച്ചീഫ് കെട്ടിയും ആണ് സാധനം വാങ്ങാനെത്തിയത്. പലപ്പോഴും തിരക്ക് കൂടി വന്നപ്പോൾ വ്യാപാരികൾ തന്നെ ഇടപെട്ട് അടുത്തടുത്ത് നിൽക്കുന്നവരെ പുറകോട്ട് നീക്കി നിർത്തി. ഇറച്ചി വെട്ടുന്നവരും ക്യാഷറുമെല്ലാം മാസ്കും കൈയുറയും ധരിച്ചിട്ടുണ്ടായിരുന്നത് ജാഗ്രതയുടെ ഗൗരവം കാട്ടുന്നു. കടകളുടെ മുൻപിൽ സോപ്പും വെള്ളവും വച്ചിട്ടുണ്ട്.

ഈസ്റ്റർ തിരക്ക് കണക്കിലെടുത്ത് നഗരത്തിലെ പ്രധാന മാർക്കറ്റുകളിൽ പൊലീസ് ഇടപെട്ട് തിരക്കു നിയന്ത്രിക്കുന്നുണ്ടായിരുന്നു. കടകളിൽ സാധനം വാങ്ങാൻ പോകുന്നുവെന്നതിനാൽ പൊലീസ് യാത്രക്ക് വലിയ നിയന്ത്രണം ഏർപ്പെടുത്തിയതുമില്ല. കടയടപ്പ് സമയമായ അഞ്ചു മണിക്ക് നീണ്ട നിരതന്നെയായിരുന്നു ചിക്കൻ സ്റ്റാളുകളിൽ. ഇന്ന് ഈസ്റ്ററായതിനാൽ ലോക് ഡൗൺ നിർദേശം മറികടന്ന് ചിലയിടങ്ങളിലെ ചിക്കൻ, മട്ടൺ സ്റ്റാളുകൾ പുലർച്ചെ തുറന്നു. മിക്ക ചിക്കൻ സ്റ്റാളുകളിൽ ഇന്നു പുലർച്ചെയും തിരക്കുണ്ടാകാൻ സാധ്യതയുണ്ട്.

കോഴി സ്റ്റോക്ക് തീർന്നു

: ഈസ്റ്റർ വിപണിയിൽ കോഴിക്ക് തിരക്കേറിയെങ്കിലും ഇന്നലെ ഉച്ചയോടെ തന്നെ മിക്കയിടത്തും ചിക്കൻ സ്റ്റോക്ക് തീർന്നിരുന്നു. തമിഴ്നാട്ടിൽ നിന്നുള്ള വണ്ടികളുടെ വരവ് നിലച്ചിരുന്നതിനാൽ സ്റ്റോക്ക് എടുത്തിരുന്നില്ലെന്നും എടുത്താൽ തന്നെ 38-45 ദിവസം പ്രായമായ ഇറച്ചിക്കോഴികളെ അധികം സൂക്ഷിക്കാൻ കഴിയില്ലെന്ന് പൗൾട്രി ഫാമുടമകൾ. കൂടാതെ ലോക് ഡൗൺ കാരണം തമിഴ്നാട് ഉൾപ്പെടയുള്ള സ്ഥലങ്ങളിൽ നിന്നും കോഴിതീറ്റ എത്തിക്കാൻ മാർഗമില്ല. നേരത്തേ സ്റ്റോക്ക് ചെയ്തിരുന്ന തീറ്റയൊക്കെ കഴിഞ്ഞമാസം അവസാനത്തോടെ തീർന്നു. റേഷനരി കൊടുത്ത് കോഴികളുടെ വിശപ്പടക്കിയെന്നും ഫാമുടമകൾ.

മീൻ കിട്ടാനില്ല

മത്തിക്ക് കിലോ 270 മുതൽ 280 രൂപ വരെയായിരുന്നു ഇന്നലെ സർക്കാർ ഫിഷറീസ് സ്റ്റാളിലെ വില. ഇതു തിരുവനന്തപുരം പാളയം മാർക്കറ്റ് സ്റ്റാളിലെ വില. ഇന്നത്തെ വില ഇതിലും ചിലപ്പോൾ ഉയർന്നേക്കാം. അതേസമയം എന്നും ഇത്രയും മീൻ ലഭിക്കില്ലെന്നും അധികൃതർ. ഈസ്റ്ററിന് ചെറിയ മീനുകളെക്കാൾ വലിയ മീനുകൾക്കാണ് ആവശ്യക്കാർ ഏറെയെത്തുന്നത്. അതിനാൽ കേര, വിള, മോദ, സ്രാവ് എന്നിവയ്ക്ക് വില കൂടും.

കോട്ടയം പാക്കിൽ കവലയിൽ ഈസ്റ്ററിനോടനുബന്ധിച്ച് ഇറച്ചി കടയിൽ ഉണ്ടായ തിരക്ക് പൊലീസ് എത്തി നിയന്ത്രിച്ചപ്പോൾ ഫോട്ടോ: സുരേഷ് മാമ്മൂട്

പ്രതിപക്ഷത്തിന്റെ രീതി ശരിയല്ല: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: കൊവിഡ് പ്രവർത്തനങ്ങളിൽ സർക്കാരിനെ വിമർശിക്കുവാൻ വേണ്ടി മാത്രം എല്ലാ ദിവസവും രാവിലെ കുളിച്ച് കുപ്പായവുമിട്ട് ഇറങ്ങുന്ന പ്രതിപക്ഷത്തിന്റെ രീതി ശരിയല്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. വിമർശിക്കാൻ വേണ്ടി മാത്രം സർക്കാരിനെ വിമർശിക്കുന്ന രീതിയല്ല തങ്ങളുടേതെന്നും അദ്ദേഹം.

സർക്കാരിന്റെ ക്രിയാത്മക പദ്ധതികളുമായി സഹകരിക്കുകയാണ് ഇപ്പോൾ ചെയ്യേണ്ടത്. ഭക്ഷണപ്പൊതി വിതരണം, പച്ചക്കറി കിറ്റ് വിതരണം, മരുന്ന് വിതരണം, മാസ്ക് വിതരണം തുടങ്ങി നിരവധി സേവനപ്രവർത്തനങ്ങൾ ബിജെപി സംസ്ഥാനത്തുടനീളം ചെയ്യുന്നുണ്ട്. കേന്ദ്രത്തിൽ നരേന്ദ്ര മോദി സർക്കാരിനോട് രാഹുൽ ഗാന്ധി സ്വീകരിക്കുന്ന അതേ നിലപാടാണ് കേരളത്തിൽ എൽഡിഎഫ് സർക്കാരിനെതിരെ ചെന്നിത്തല സ്വീകരിക്കുന്നതെന്നും സുരേന്ദ്രൻ.

തിരുവനന്തപുരം ഉൾപ്പെടെ 67 പാതകളിൽ പ്രത്യേക ചരക്കുവണ്ടികൾ തുടങ്ങി

ന്യൂഡൽഹി: രാജ്യത്ത് ലോക് ഡൗൺ തുടങ്ങിയതിനു ശേഷം പഴങ്ങൾ, പച്ചക്കറികൾ, പാൽ, ക്ഷീര ഉത്പന്നങ്ങൾ, കാർഷികാവശ്യത്തിനുള്ള വിത്തുകൾ എന്നിവ ഉൾപ്പെടെ പെട്ടെന്ന് കേടാകുന്ന വസ്തുക്കൾ കൊണ്ടുപോകുന്നതിനായി റെയ്ൽവേ തിരുവനന്തപുരം ഉൾപ്പെടെ 67 പാതകളിൽ 134 പ്രത്യേക ചരക്കുവണ്ടികൾ തുടങ്ങി.

ഡൽഹി, മുംബൈ, കോൽക്കത്ത, ചെന്നൈ, ഹൈദരാബാദ്, ബംഗളൂരു തുടങ്ങിയ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പ്രത്യേക പാർസൽ വണ്ടികൾ ഓടുക. വടക്കു കിഴക്കൻ മേഖലയിൽ അവശ്യ വസ്തുക്കളുടെ വിതരണം ഉറപ്പാക്കുന്നതിന് ഗുവാഹത്തിയിലേക്കും വണ്ടികൾ എത്തും. കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ പ്രധാനപ്പെട്ട പട്ടണങ്ങളുമായും ഈ ചരക്കു വണ്ടികളെ ബന്ധിപ്പിച്ചിരിക്കുന്നു.

രാജ്യത്തിന്റെ ഒരു ഭാഗവും ഒറ്റപ്പെട്ടു പോകാതിരിക്കാൻ ആവശ്യങ്ങൾ താരതമ്യേന കുറഞ്ഞ പാതകളിൽ പോലും ഈ ട്രെയ്നുകൾ ഓടുന്നുണ്ട്. ഈ പാതകളിൽ സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും ട്രെയിനുകൾ നിർത്തുമെന്നും അതുവഴി പരമാവധി പാർസലുകൾ ഇവ ശേഖരിച്ച് കൈമാറുമെന്നും റെയ്ൽവേ അറിയിച്ചു.

പ്രവാസികളെ സഹായിക്കണം; പ്രധാനമന്ത്രിയോട് പിണറായി

തിരുവനന്തപുരം: പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായവും പിന്തുണയും നൽകാൻ ബന്ധപ്പെട്ട എംബസികൾക്ക് നിർദേശം നൽകണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ലേബർ ക്യാംപിൽ പ്രത്യേക ശ്രദ്ധ വേണം. രോഗത്തെക്കുറിച്ചും പ്രവാസികളുടെ സ്ഥിതിയെപ്പറ്റിയും കൃത്യമായ ഇടവേളകളിൽ എംബസി ബുള്ളറ്റിൻ ഇറക്കണം. തെറ്റായ വിവരം പ്രചരിക്കുന്നതു മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ ഇതു സഹായിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സന്ദർശക വിസയിലും മറ്റു പരിപാടികൾക്കുമായി വിദേശത്തേക്ക് പോയ പലരും അവിടെ കുടുങ്ങി കിടക്കുകയാണ്. ഇവരെ അന്താരാഷ്ട്ര ചട്ടങ്ങളും ആരോഗ്യമാനദണ്ഡങ്ങളും പ്രകാരം പ്രത്യേക വിമാനത്തിൽ തിരികെ എത്തിക്കണം. പ്രവാസികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയോടെ സാധ്യമായതെല്ലാം സംസ്ഥാന സർക്കാർ ചെയ്യുന്നുണ്ട്. യുഎഇ ഭരണാധികാരികൾ പ്രവാസി മലയാളികളെ എന്നും ഹൃദയത്തോട് ചേർത്തുവയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ഈ രോഗകാലത്തും സ്വദേശി -വിദേശി വ്യത്യാസമില്ലാതെ അവർ ഇടപെടുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

യുഎഇയിലെ എല്ലാ എമിറേറ്റുകളിലും ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി. ഖത്തർ, ഒമാൻ, സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, യുകെ, ഇന്തോനേഷ്യ, ബംഗ്ലാദേശ്, മൊസാംബിക് എന്നിവിടങ്ങളിലും നോർക്ക ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാരം കാണുകയുമാണ് ഈ ഹെൽപ് ഡെസ്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.

യുഎഇയിൽ അസുഖമുള്ളവരെ ആശുപത്രിയിൽ എത്തിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ആഹാരം വേണ്ട മലയാളികൾക്ക് അത് നൽകുന്നത് തുടരുന്നു. ഓരോ പ്രദേശത്തുള്ള സംഘടനകളെ കൂട്ടിയോജിപ്പിച്ചാണ് ഇത് നടത്തുന്നത്.കെഎംസിസി, ഇൻകാസ്, കേരള സോഷ്യൽ സെന്റർ, ഓർമ, മാസ്, ശക്തി എന്നിങ്ങനെയുള്ള സംഘടനകളും പ്രാദേശിക കൂട്ടായ്മകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരും ഒരുമയോടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. യുഎഇയിലെ വിവിധസ്ഥലങ്ങളിൽ ക്വാറന്റൈൻ സൗകര്യവും ഇവർ നൽകുന്നുണ്ട്.

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ രൂക്ഷമാവുകയാണെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പ്രധാനമന്ത്രിക്ക് വീണ്ടും കത്ത് നൽകി. ഗൾഫിലെ ലേബർ ക്യാമ്പിൽ കുടങ്ങിയിരിക്കുന്ന ഇന്ത്യാക്കാർ ഭക്ഷണവും വെള്ളവും, മരുന്നുമില്ലാതെ നട്ടം തിരിയുകയാണ്.

കുടുങ്ങി ക്കിടക്കുന്ന പ്രവാസി ഇന്ത്യാക്കാരെ അടിയന്തിരമായി നാട്ടിലെത്തിക്കാനുള്ള നടപടികൾ ഉണ്ടാകണം.

ലോക്ക് ഡൗൺ നീട്ടുമെന്ന് ഉറപ്പായ സാഹചര്യത്തിൽ പ്രവാസികളായ മലയാളികളെ കേരളത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. ലക്ഷക്കണക്കിന് വരുന്ന പ്രവാസികൾക്ക് അവർ അധിവസിക്കുന്ന രാജ്യങ്ങളിൽ പരിശോധനകളും, ആവശ്യമായ വൈദ്യ സഹായവും, മരുന്നുകളും ഉറപ്പു വരുത്താനെങ്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഉടൻ തയാറാവണം.

പ്രവാസി സംഘടനാ നേതാക്കൾ, വ്യവസായ പ്രമുഖർ, ആരോഗ്യ പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന ഏകോപന സമിതിയെ അടിയന്തരമായി നിയോഗിച്ച് പ്രവാസികൾക്ക് മെച്ചപ്പെട്ട ചികിത്സയും വേണ്ടത്ര സുരക്ഷയും യഥാസമയം ലഭ്യമാക്കണമെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. വിമാന സർവീസുകൾ നിലച്ചതോടെ കേരളത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ ഗൾഫ് മേഖലയിൽ എത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം വിദേശകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

പീഡാനുഭവം പിന്നിട്ട സന്തോഷം പങ്കുവച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: കൊവിഡ് രോഗം ഭേദമായ ദമ്പതികൾക്ക് പരിയാരം മെഡിക്കൽ കോളെജിൽ കുഞ്ഞുപിറന്നുവെന്ന് മുഖ്യമന്ത്രി അറിയിച്ചു. 'ഒരു സന്തോഷവാർത്ത പങ്കുവയ്ക്കാനുണ്ട്' എന്ന ആമുഖത്തോടെയായിരുന്നു മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്. കാസർകോട് സ്വദേശിയായ യുവതി പ്രസവിച്ചു. അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു.. അവർക്കും അവരെ ചികിത്സിച്ച ആരോഗ്യ പ്രവർത്തകർക്കും മുഖ്യമന്ത്രി അഭിനന്ദനമറിയിച്ചു.

ഈസ്റ്ററിനെ ഓർമിപ്പിച്ചാണ് മുഖ്യമന്ത്രി ഇന്നലെ വാർത്താ സമ്മേളനം തുടങ്ങിയത്: 'അതിജീവനത്തിന്റെ സന്ദേശമാണ് ഈസ്റ്റർ പകരുന്നത്. ഏത് പീഡാനുഭവത്തിനും അപ്പുറത്ത് അതിജീവനത്തിന്റേതായ ഒരു പ്രഭാതമുണ്ട് എന്നതാണ് ഈസ്റ്ററിന്റെ സന്ദേശം. ലോകം ഇപ്പോൾ കൊവിഡ് 19ന്റെ പീഡാനുഭവത്തിലൂടെ കടന്നു പോവുന്ന ഘട്ടമാണ്. ഈ യാതനയുടെ ഘട്ടത്തെ അതിജീവിക്കാനുള്ള കരുത്തുകൂടിയാണ് ഈസ്റ്റർ പകരുന്നത്. വൈഷമ്യത്തിന്റേതായ ഘട്ടമാണെങ്കിലും എല്ലാവർക്കും ഈസ്റ്റർ ആശംസകൾ ' മുഖ്യമന്ത്രി പറഞ്ഞു.

ശബരിമല നടതുറപ്പ് നാളെ, ഭക്തർക്ക് പ്രവേശനമില്ല

തിരുവനന്തപുരം: മേടമാസ പൂജകൾക്കായി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രനട നാളെ വൈകുന്നേരം 5 മണിക്ക് തുറക്കും. ക്ഷേത്രതന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ മുഖ്യകാർമ്മികത്വത്തിൽ ക്ഷേത്ര മേൽശാന്തി എ.കെ. സുധീർ നമ്പൂതിരി ക്ഷേത്ര ശ്രീകോവിൽ നട തുറന്ന് ദീപങ്ങൾ തെളിക്കും.ശേഷം ഉപദേവതാ ക്ഷേത്രങ്ങളിലും നടകൾ തുറന്ന് വിളക്ക് തെളിക്കും. പിന്നീട് പതിനെട്ടാം പടിക്ക് മുന്നിലുള്ള ആഴിയിലും തീ പകരും.

കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് നിലനിൽക്കുന്ന ലോക് ഡൗൺ കണക്കിലെടുത്ത് ശബരിമലയിലേക്ക് , ഈ മാസ പൂജാ സമയത്ത് ഭക്തർക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. മേടവിഷു ദിനമായ 14 ന് പുലർച്ചെ 5 മണിക്ക് നട തുറക്കും. തുടർന്ന് അയ്യപ്പനെ വിഷുക്കണി കാണിക്കുന്ന ചടങ്ങ് നടക്കും. ശേഷം പതിവ് അഭിഷേകം നടക്കും. തുടർന്ന് മണ്ഡപത്തിൽ ഗണപതിഹോമവും ഉണ്ടാകും.

ക്ഷേത്ര തിരുനട അടയ്ക്കുന്ന സമയത്തിലും തുറക്കുന്ന സമയത്തിലും ചില ക്രമീകരണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് വരുത്തിയിട്ടുണ്ട്. പുലർച്ചെ 5 മണിക്ക് നടതുറന്നാൽ ഉഷപൂജയും ഉച്ചപൂജ കഴിഞ്ഞ് രാവിലെ 10 മണിക്ക് നട അടയ്ക്കും.വൈകുന്നേരം 5 മണിക്ക് നട വീണ്ടും തുറക്കും. 6.30ന് ദീപാരാധന. 7.15ന് അത്താഴപൂജയും കഴിഞ്ഞ് 7.30 ന് ഹരിവരാസനം പാടി നട അടയ്ക്കും. നട തുറന്നിരിക്കുന്ന 5 ദിവസങ്ങളിൽ പ്രത്യേക പൂജകളായ നെയ്യഭിഷേകം,ഉദയാസ്തമന പൂജ, കളഭാഭിഷേകം, പടിപൂജ ,പുഷ്പാഭിഷേകം, സഹസ്രകലശാഭിഷേകം, അഷ്ടാഭിഷേകം എന്നിവ ഉണ്ടാകില്ല. 18 ന് രാത്രി 7.30 ന് ഹരിവരാസനം പാടി പൊന്നമ്പലത്തിൻ ശ്രീകോവിൽ നട അടയ്ക്കും.

ഹോമിയോപ്പതിക്ക് നിരോധനമുണ്ടോ?; ഹൈക്കോടതി

കൊച്ചി: കൊവിഡ് ചികിത്സയിൽ ഹോമിയോപ്പതി ഡോക്റ്റർമാർക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് ഹൈക്കോടതി. അഭിഭാഷകനായ എം.എസ്. വിനീത് നൽകിയ പൊതുതാൽപ്പര്യ ഹർജിയിലാണ് ഹൈക്കോടതി സർക്കാരിനോട് ഇക്കാര്യം ആരാഞ്ഞത്. ഹോമിയോപ്പതി ചികിത്സകരെ കൊവിഡ് ചികിത്സയിൽ നിന്നു മാറ്റി നിർത്തുന്നതിനെതിരേ നിർദേശം പുറപ്പെടുവിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

കൊവിഡ് ചികിത്സ നൽകാൻ ഹോമിയോ ഡോക്റ്റർമാർക്ക് തടസമുണ്ടോ എന്നതിൽ വിശദീകരണം നൽകാൻ സമയം അനുവദിക്കണമെന്ന് സംസ്ഥാനത്തിന് വേണ്ടി ഹാജരായ അഡ്വ. പി. നാരായണൻ കോടതിയോട് അഭ്യർഥിച്ചു. ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ഷാജി പി. ചാലി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് ഇക്കാര്യം പരിഗണിച്ചത്.

കൊവിഡ് ചികിത്സയ്ക്കായി യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയെ ഉൾപ്പെടുത്താമെന്ന നിർദേശം നിലവിലുണ്ട്. പക്ഷേ, ഇത് സംബന്ധിച്ച സർക്കാർ നിർദേശങ്ങൾ നിലവിൽ വന്നിട്ടില്ല. കേസ് പരിഗണിക്കുന്നത് ഈ മാസം 17ലേക്ക് മാറ്റി.

വൈറ്റില മേൽപ്പാലം പണി പുനരാരംഭിച്ചു

കൊച്ചി: വൈറ്റില മേൽപാലത്തിന്റെ നിർമാണം പുനരാരംഭിച്ചു. ലോക് ഡൗൺ മൂലം നിർമാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുയായിരുന്നു. നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തൊഴിലാളികൾ കൊവിഡ് പ്രോട്ടോകോൾ പാലിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

ഏപ്രിലിൽ പണി പൂർത്തിയാകുമെന്നാണ് കരാർ കമ്പനി പറഞ്ഞിരുന്നത്.

ഇടുക്കി കൊവിഡ് മുക്തം

ഇടുക്കി: കൊറോണ വൈറസ് ബാധിച്ച് ഇടുക്കി മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന അവസാനത്തെ രോഗിയും വീട്ടിലേക്കു മടങ്ങിയതോടെ, കോട്ടയത്തിനു പുറമേ ഇടുക്കി ജില്ലയും കൊവിഡ് ഇല്ലാത്ത ജില്ലയായി. ജില്ലയിൽ കൊവിഡ് അവസാനമായി റിപ്പോർട്ട് ചെയ്തത് ഈ മാസം രണ്ടിനാണ്. ജില്ലയിൽ യുകെ പൗരൻ ഉൾപ്പെടെ 10 രോഗബാധിതരാണ് ഉണ്ടായിരുന്നത്. ഓരോ രോഗിയുടെയും റൂട്ട് മാപ്പ് ഉൾപ്പെടെ തയാറാക്കി നിരീക്ഷണ സംവിധാനമൊരുക്കിയതിലൂടെ ഭീതി അകറ്റാൻ കഴിഞ്ഞുവെന്ന് ജില്ലാ കലക്റ്റർ എച്ച്. ദിനേശൻ അറിയിച്ചു. ആരോഗ്യപ്രവർത്തകർ, ഡോക്റ്റർമാർ, നഴ്സുമാർ, റവന്യൂ, തദ്ദേശസ്വയംഭരണം ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ജീവനക്കാർ, പൊലീസ്, ഫയർഫോഴ്സ്, മറ്റ് സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ കഠിനാധ്വാനത്തിലാണ്. അതിർത്തിയിൽ പൊലീസ് ശക്തമായ നിരീക്ഷണം നടത്തി വരുന്നു. മൂന്നാറിൽ പൂർണ ലോക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്.

ആരോഗ്യപ്രവർത്തകർക്ക് കനിവിന്റെ പാട്ടുമായി കെ.എസ്. ചിത്ര

തിരുവനന്തപുരം: 'കരുണാമയനേ കാവൽ വിളക്കേ കനിവിൻ നാളമേ...' എന്ന ഗാനം എല്ലാ ആരോഗ്യ പ്രവർത്തകർക്കുമായി ഉള്ളുരുകി ഗായിക ചിത്ര പാടിയപ്പോൾ കേട്ടിരുന്നവരുടെ കണ്ണ് നനഞ്ഞു... മോഹൻലാലിന് പിന്നാലെ ഗായിക കെ.എസ്. ചിത്രയും ആരോഗ്യ പ്രവർത്തകർക്ക് പിന്തുണയുമായെത്തി അവരോട് സംവദിക്കുന്നതിന്റെ ഭാഗമായിരുന്നു ഇത് ഒന്നോ രണ്ടോ പാട്ടുപാടി ആരോഗ്യ പ്രവർത്തകരെ സന്തോഷിപ്പിക്കുമെന്നാണ് എല്ലാവരും കരുതിയത്. എന്നാൽ,'എത്ര വേണോ പാടിത്തരാം എന്നെക്കൊണ്ട് അതല്ലേ കഴിയൂ' എന്ന് നിറഞ്ഞ ചിരിയോടെപറഞ്ഞ് പ്രിയഗായിക അവരെ വിസ്മയിപ്പിച്ചു.

ചിത്രയോടൊപ്പം സ്ക്രീനിലാണെങ്കിലും നേരിട്ടു സംവദിക്കാൻ കിട്ടിയ അവസരം മിക്കവരും ഉപയോഗപ്പെടുത്തി. എല്ലാ ജില്ലകളിലുമുള്ള കൊവിഡ് കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും സേവനമനുഷ്ഠിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് മാനസിക പിന്തുണ നൽകുന്നതിന് വേണ്ടിയാണ് വീഡിയോ കോൺഫറൻസ് വഴി ചെന്നൈയിലെ വീട്ടിൽ നിന്നും ചിത്ര ഒത്തുകൂടിയത്. ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചറുടെ സാന്നിധ്യത്തിൽ എല്ലാ ജില്ലകളിലുമുള്ള ജില്ല മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനെജർമാർ, വിവിധ കൊവിഡ് ആശുപത്രികളിലെ സൂപ്രണ്ടുമാർ ഉൾപ്പെടെയുള്ള 300 ഓളം ആരോഗ്യ പ്രവർത്തകർ അതത് ആശുപത്രികളിൽ നിന്നും വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

ഗായിക കെ.എസ്. ചിത്രം ആരോഗ്യമന്ത്രി ശൈലജ ടീച്ചറുമായി വീഡിയോ കോൺഫറൻസിങ്ങിൽ

ആരോഗ്യ പ്രവർത്തകരുടെ സേവനത്തിന് കൈയടിയെന്നു പറഞ്ഞാണ് ചിത്ര തുടങ്ങിയത്. 'നിങ്ങളുടെ പിന്തുണയും ആത്മാർത്ഥയും ഇല്ലെങ്കിൽ നമ്മൾ മോശം അവസ്ഥയിലേക്ക് പോയേനെ. ഷിഫ്റ്റോ ലീവോ ഇല്ലാതെ എത്രപേരാ സേവനമനുഷ്ഠിക്കുന്നത്. ഞങ്ങൾ സുഖമായിട്ടിരിക്കുന്നത് നിങ്ങൾ കഷ്ടപ്പെടുന്നതുകൊണ്ടാണ്. ഈ തിരക്കിനിടയിൽ നിങ്ങളുടെ ആരോഗ്യം കൂടി നോക്കണം. കേരളം ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയെ പുറത്തുള്ള പലരും അഭിനന്ദിക്കുന്നത് കേൾക്കുമ്പോൾ ശരിക്കും സന്തോഷം തോന്നാറുണ്ട്. ഓരോ തവണ വാർത്തകൾ കാണുമ്പോഴും വല്ലാത്ത ടെൻഷനാണ്. നിങ്ങൾ ചെയ്യുന്ന സേവനത്തിന് ഇതൊന്നും പോര. വെള്ള ഉടുപ്പിട്ട് നിങ്ങളെ കാണുമ്പോൾ വളരെ സന്തോഷമുണ്ട്. നിങ്ങൾ ചെയ്യുന്നത് നോക്കുമ്പോൾ ഞാൻ ചെയ്യുന്നത് ഒന്നുമല്ല. ഈ പോരാട്ടത്തിൽ നമ്മൾ ജയിക്കും. നിങ്ങളുടെ സ്നേഹത്തിനും കരുതലിനും ഒരുകോടി നന്ദിയും പ്രാർത്ഥനയുമുണ്ട്' -ചിത്ര പറഞ്ഞു.

ആരോഗ്യ പ്രവർത്തകർ ആവശ്യപ്പെട്ട മലയാളം, തമിഴ്, കന്നട ഭാഷകളിലുള്ള എല്ലാ ഗാനങ്ങളും ഒരു മടിയും കൂടാതെ ചിത്ര പാടി. മോഹൻലാൽ ആരോഗ്യ പ്രവർത്തകർക്കായി പാടിയ 'ലോകം മുഴുവൻ സുഖം പകരാനായ്...' എന്ന ഗാനവും ചിത്ര പാടി. നെറ്റിയിൽ പൂവുള്ള..., നീർമണിപ്പീലിയിൽ..., ആകാശഗംഗ തീരത്തിനപ്പുറം..., പൂ മാനമേ..., അഞ്ജലീ അഞ്ജലി പുഷ്പാഞ്ജലി..., രാജ ഹംസമേ..., മഞ്ഞൾ പ്രസാദവും..., പൂന്തേനരുവീ..., ഒളിച്ചിരിക്കാൻ വള്ളിക്കുടിലൊന്നൊരുക്കി വച്ചല്ലോ..., ഊവുരു പൂക്കളുമേ..., അവിടുന്നെൻ ഗാനം കേൾക്കാൻ.., ചീര പൂവുകൾക്ക്..., ഉയിരേ ഉയിരേ വന്തു എന്നോട് കലന്തുവിടേ... ആവശ്യപ്പെട്ട പാട്ടുകളെല്ലാം ഒരു മടിയുമില്ലാതെ ചിത്ര പാടി.

ആരോഗ്യ പ്രവർത്തകരെക്കൊണ്ടും ചിത്ര പാടിച്ചു. പാട്ട് പാടാൻ പ്രോത്സാഹിപ്പിച്ചപ്പോൾ 'ഞാൻ പാടിയാൽ എല്ലാവരും എണീറ്റോടു'മെന്ന് പാലക്കാട് ഡിഎംഒ. ഡോ. റീത്ത പറഞ്ഞത് ചിത്രയെപ്പോലും ചിരിപ്പിച്ചു. 'കാർമുകിൽ വർണന്റെ ചുണ്ടിൽ...' എന്ന ഗാനം കോഴിക്കോടുകാർ ആവശ്യപ്പെട്ടപ്പോൾ ഒരു പ്രാർത്ഥനയായി ആ ഗാനം ആലപിച്ചു. കണ്ണൂർ ഡിഎംഒ നാരായണ നായിക്കിന് വേണ്ടി കന്നട ഗാനവും പാടി. ഏറ്റവുമധികം രോഗികളെ ശുശ്രൂഷിക്കുന്ന കാസർഗോട്ടെ ആരോഗ്യ പ്രവർത്തകരെ പ്രത്യേകം ഓർമ്മിച്ചു.ഹൃദയത്തിൽ തൊട്ട അനുഭവമായിരുന്നു ഇതെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. ഞങ്ങൾ ഒരു കുടുംബത്തെ പോലെയാണ് ജോലി ചെയ്യുന്നത്. എല്ലാം മറന്ന് പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് സന്തോഷം പകരാൻ ചിത്ര കുറച്ച് നേരം കണ്ടെത്തിയതിൽ നന്ദിയുണ്ടെന്നും മന്ത്രി അറിയിച്ചു. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്റ്റർ ഡോ. രത്തൽ ഖേൽക്കർ, ആരോഗ്യ വകുപ്പ് ഡയറക്റ്റർ ഡോ. ആർ.എൽ. സരിത, എസ്എച്ച്എസ്ആർസി എക്സി. ഡയറക്റ്റർ ഡോ. കെ.എസ്. ഷിനു എന്നിവരും പങ്കെടുത്തു.

കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു ; ഹല്ലേലൂയാ

വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് ഡോ . ജോസഫ് കളത്തിപ്പറമ്പിലിന്റെ ഈസ്റ്റർ ദിന സന്ദേശം

എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ...

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം യേശുവിന്റെ ഉയിർപ്പാണ്. വിശുദ്ധ ഗ്രന്ഥത്തിൽ, വി. പൗലോസ് അപ്പോസ്തോലൻ കോറിന്തോസുകാർക്കു എഴുതിയ ലേഖനത്തിൽ പറയുന്നു . 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്; നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്' (1 കൊറി : 15 : 14).

വിശുദ്ധ ഗ്രന്ഥത്തിൽ, അപ്പോസ്തോല പ്രവർത്തനങ്ങളിൽ വിശുദ്ധ പത്രോസ് ശ്ലീഹ ഇസ്രായേൽ ജനത്തോടു വിളിച്ചു പറയുന്നത് ഇപ്രകാരമാണ്, 'ഇസ്രായേൽ ജനങ്ങളെ ഈ വാക്കുകൾ കേൾക്കുവിൻ... അധർമികളുടെ കൈകളാൽ നിങ്ങൾ അവനെ കുരിശിൽ തറച്ചു കൊന്നു. ആ യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്.(അപ്പൊ: 2 : 22,23,32).

യേശുവിന്റെ ഉത്ഥാന തിരുനാൾ നമുക്ക് നൽകുന്ന സന്ദേശം പ്രത്യാശയുടെതാണ്. മരണം ഒരു അവസാനമല്ല മറിച്ചു , മരണത്തിനപ്പുറം നിത്യമായ ഒരു ജീവിതമുണ്ടെന്നു യേശു തന്റെ ഉത്ഥാനത്തിലൂടെ വെളിപ്പെടുത്തി. ഇപ്രകാരം ഈ ലോകത്തിനപ്പുറമുള്ള ഒരു ജീവിതം ഉണ്ടോ എന്ന ചോദ്യത്തിനുള്ള മറുപടിയാണ് യേശുവിന്റെ ഉത്ഥാനം. മരണമില്ലാതെ ഉയിർപ്പില്ല , കുരിശില്ലാതെ രക്ഷയില്ല .

അനുദിനം ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ ഏറ്റെടുക്കാൻ തയാറാകണമെന്ന് യേശു തന്റെ ശിഷ്യന്മാരെ ഓർമപ്പെടുത്തുന്നുണ്ട്. ജീവിതത്തിലുണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങൾ നമ്മെ തളർത്തരുത്. ഇന്ന് പ്രതികൂല സാഹചര്യങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. കൊറോണ വൈറസിന്റെ വ്യാപനം നമ്മുടെ ജീവിതങ്ങളെ വല്ലാതെ വരിഞ്ഞു മുറുക്കിയിരിക്കുന്നു. ഭയം നമ്മെ പിടികൂടുന്നു. എന്നാൽ ഇവിടെയാണ് നമ്മൾ ദൈവത്തിൽ കൂടുതൽ ആശ്രയിച്ചു കൊണ്ട് രോഗബാധിതരായ സഹോദരങ്ങൾക്കു പ്രത്യാശ നൽകേണ്ടത്. ഈ വേദനകൾക്ക് അപ്പുറം പ്രത്യാശയുടെ പുലരിയുണ്ട് എന്ന ബോധ്യം അവർക്കു നൽകണം. പലവിധത്തിൽ വേദനിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കു നല്ല വാക്കു കൊണ്ടും സാധിക്കുന്ന സഹായങ്ങൾ കൊണ്ടും നമുക്ക് പിന്തുണ നൽകാം.

ഉയർത്തെഴുന്നേറ്റ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്, നിങ്ങൾക്ക് സമാധാനം എന്നാണ് (യോഹ; 20: 20) ഉത്ഥിതനായ യേശു, തന്റെ ശിഷ്യന്മാർക്കു നൽകിയ ആദ്യ സമ്മാനവും സമാധാനം തന്നെയാണ്.

വേദനയിലും രോഗത്തിലും വല്ലാതെ ഇരുണ്ടു പോയ ഈ ഭൂമിയിലെ മനുഷ്യരുടെ ജീവിതത്തിലേക്ക് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും വക്താക്കളായി നമുക്ക് കടന്നു ചെല്ലാം. ഉയിർത്തെഴുന്നേറ്റ യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയത്തിനായിരുന്നു. അവളാകട്ടെ ലോക ദൃഷ്ടിയിൽ വലിയ പാപിനിയാണ്. യേശു ഒരാളെ പോലും തള്ളിക്കളയുന്നില്ല. പാപിയെ നന്മയിലേക്ക് കൊണ്ടുവരാനും പാപത്തെ വെറുക്കാനും യേശു പഠിപ്പിച്ചു. പരസ്പരമുള്ള കരുതലിന്റെ സമയമാണിത്. നമ്മുടെ സഹോദരങ്ങൾ തന്നെയാണ് കൊറോണ രോഗാവസ്ഥയിലും, നിരീക്ഷണത്തിലും ഉള്ളത് എന്ന് നമ്മൾ മറക്കരുത്. ഐസൊലേഷനിൽ ഉള്ളവരുമായി ശാരീരിക അകലം പാലിക്കുമ്പോഴും, മാനസികമായി അവരെ ഒറ്റപ്പെടുത്താതിരിക്കുക. 'രോഗാവസ്ഥയിൽ ഞങ്ങൾ എല്ലാവരാലും വെറുക്കപ്പെട്ടവരും മാനസികമായി ഒറ്റപ്പെട്ടവരുമായി മാറിയത് പോലെ അനുഭവപ്പെട്ടു' എന്ന് ചിലർ പങ്കുവെച്ചത് നമ്മെ വേദനിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയുമായി നമ്മൾ കൂടെ ഉണ്ട് എന്നുള്ള ബോധ്യം നമുക്ക് അവർക്കു നൽകാം.

യേശുവിൽ നിന്നും ഉയിർപ്പിന്റെ സന്തോഷവും സമാധാനവും സ്വീകരിച്ച മഗ്ദലന മറിയം അത് മറ്റുള്ളവരെ അറിയിക്കാനായി ഓടുന്ന ചിത്രം സുവിശേഷങ്ങളിൽ നാം വായിക്കുന്നു . അതുകൊണ്ട് അവളെ 'അപ്പോസ്തോല' എന്നാണ് ഫ്രാൻസിസ് പാപ്പാ വിളിക്കുന്നത്. ഇന്ന് കൊറോണ ബാധിതരെ ശുശ്രൂഷിക്കുന്ന ആശുപത്രികളിൽ ഒരു രോഗിയുടെ അടുത്ത് നിന്ന് മറ്റൊരാളുടെ അടുത്തേക്ക് വിശ്രമമില്ലാതെ സാന്ത്വനമായി ഓടിയെത്തുന്ന, രോഗീ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോരുത്തരും നന്മയുടെ അപ്പോസ്തോലന്മാരാണ്. വിദേശികളടക്കം രോഗം ഭേദമായവർ ഇക്കാര്യം എടുത്തുപറഞ്ഞ വാർത്തകൾ നമ്മൾ വായിച്ചതാണ്.

പലവിധ പ്രശ്നങ്ങളാലും രോഗങ്ങളാലും പ്രത്യേകിച്ചും കൊറോണ വൈറസിന്റെ വ്യാപനംമൂലം ഇരുൾമൂടിയ ലോകത്തിലേക്ക് പുതിയ പ്രതീക്ഷയും ആശ്വാസത്തിന്റെ വാർത്തയുമായി ഈസ്റ്റർ പുലരി കടന്നുവരട്ടെ. നമുക്ക് ഓരോരുത്തർക്കും ഈ പ്രതീക്ഷയുടെ തിരിനാളം ഉയർത്തിപ്പിടിക്കാം. ഓരോരുത്തരും നല്ല അയൽക്കാരനാകേ സമയമാണിത്. ഭക്ഷണവും മരുന്നും അടക്കം ആവശ്യവസ്തുക്കൾ നമ്മുടെ സഹോദരങ്ങൾക്കു ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

കൊറോണ വൈറസിന്റെ വ്യാപനത്തെ തടയുന്നതിന് അഹോരാത്രം വിശ്രമമില്ലാതെ ജോലി ചെയ്യുന്ന എല്ലാ ഡോക്ടേഴ്സിനെയും, നഴ്സസിനെയും, ആരോഗ്യപ്രവർത്തകരെയും, ക്രമസമാധാനപാലകരെയും നന്ദിയോടെ, അഭിമാനത്തോടെ ഓർക്കുന്നു. നമ്മുടെ ആരോഗ്യവകുപ്പ് ഇക്കാരത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകുന്ന നിർദേശങ്ങൾ നമുക്ക് പാലിക്കാം.

ദൈവം നിങ്ങളെയും, നിങ്ങളുടെ കുടുംബങ്ങളെയും നമ്മുടെ നാടിനെയും അനുഗ്രഹിക്കട്ടെ.

ഉയിർപ്പ് തിരുനാളിന്റെ ഓർമകൾ

കുമ്പളങ്ങി sketches

പ്രൊഫ. കെ.വി. തോമസ്

ഇന്ന് ഉയിർപ്പ് തിരുനാളാണ്. മരണവും ഉത്ഥാനവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ് എന്ന് ഈസ്റ്റർ നമ്മെ ഓർമിപ്പിക്കുന്നു. ഉയിർപ്പു തിരുനാളും വിശുദ്ധ വാരവും എന്റെ കുട്ടിക്കാല ഓർമകളിലെ നിറംകെടാത്ത വർണങ്ങളാണ്. കൊഴുക്കട്ട ശനി മുതൽ ഈസ്റ്റർ തലേന്ന് വലിയ ശനി വരെയുള്ള ഒരാഴ്ച ആത്മീയവും ഭൗതികവുമായ വലിയ തയാറെടുപ്പുകളാണ് കുമ്പളങ്ങിയിലെ ലത്തീൻ ഭവനങ്ങളിൽ നടക്കുക.

ഓശാന ഞായറിനു തലേന്നത്തെ ശനിയാഴ്ചയാണ് നാവിൽ കൊതിയൂറുന്ന കൊഴുക്കട്ട പുഴുങ്ങാൻ എല്ലാവരും തയാറെടുക്കുന്നത്. ശർക്കരയും മൂത്ത തേങ്ങയുടെ പീരയും മേമ്പൊടിക്ക് ഏലക്കായും ചേർത്തു വിളയിച്ചെടുത്ത മധുരക്കൂട്ട് പച്ചരിപ്പൊടി ചൂടുവെള്ളത്തിൽ കുഴച്ചുണ്ടാക്കിയ ഉരുളയിൽ നിറച്ച് കറുവയില വച്ച വട്ടച്ചെമ്പിൽ പുഴുങ്ങിയെടുക്കുന്ന കൊഴുക്കട്ട തന്നെയാണ് ആ ദിവസത്തെ താരം.

പിറ്റേന്ന് ഹോശാനയ്ക്ക് എല്ലാവരും പള്ളിയിൽ എത്തും. കുർബാനയ്ക്കിടെ അച്ചൻ വെഞ്ചരിച്ചു നൽകുന്ന കുരുത്തോലകളും കൈയിലേന്തിയുള്ള ആഘോഷപൂർവമായ പ്രദക്ഷിണം മനോഹരമാണ്. ഹോശാന ഞായർ മുതൽ ഈസ്റ്റർ ഞായർ വരെ മത്സ്യ-മാംസാദികൾ സാധാരണയായി വീടുകളിൽ പാചകം ചെയ്യാറില്ല. ഭക്ഷണവും ലളിതമായിരിക്കും. തിങ്കളാഴ്ച തന്നെ ഇഞ്ചിക്കറി, ഉള്ളിക്കറി, പാവയ്ക്ക വറുത്തരച്ചത്, അച്ചാർ എന്നിവ തയാറാക്കി വയ്ക്കും.

വിശ്വാസികൾ എല്ലാവരും ആണ്ടു കുമ്പസാരം നടത്തുന്ന ദിവസങ്ങളാണ് ചൊവ്വ, വലിയ ബുധൻ എന്നീ ദിവസങ്ങൾ. യേശു ശിഷ്യന്മാരുടെ കാൽ കഴുകി എളിമയുടെ പാഠം ലോകത്തിനു നൽകിയതിന്റെ അനുസ്മരണയായി പള്ളിയിൽ പെസഹ വ്യാഴാഴ്ച കാൽകഴുകൽ ശുശ്രൂഷ നടക്കും. വിശ്വാസി സമൂഹത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു പേരുടെ കാലുകളാണ് പുരോഹിതൻ കഴുകി ത്തുടച്ചു ചുംബിക്കുക.

അരിപ്പൊടിയും ഉഴുന്നും ചേർത്തു വീടുകളിൽ അന്നേ ദിവസം ഉണ്ടാക്കുന്ന പെസഹാ അപ്പം കുടുംബത്തിലെ ഏറ്റവും പ്രായം ചെന്നയാൾ മുറിച്ച് എല്ലാവർക്കും കൊടുക്കും. പ്രത്യേകിച്ചു രുചിയൊന്നുമില്ലാത്ത പെസഹാ അപ്പം ശർക്കര ചേർത്ത് കാച്ചിക്കുറുക്കിയെടുക്കുന്ന പാനിയിൽ മുക്കിയാണ് കഴിക്കുന്നത്. രുചിയുള്ള ശർക്കര പാനിയിലായിരിക്കും കുട്ടികളുടെ ശ്രദ്ധ. ഒരു ചെറിയ കഷണം അപ്പത്തിന് ഒരു പാത്രം നിറയെ പാനി കിട്ടിയാൽ മാത്രമേ പെസഹാ അപ്പം അന്നു ഞങ്ങൾ കഴിക്കൂ.

പെസഹാ വ്യാഴ ചടങ്ങുകൾ കഴിഞ്ഞാൽ ശനിയാഴ്ച രാത്രി വരെ ദേവാലയവും വീടുകളും നിശബ്ദമായിരിക്കും. പള്ളിയിലെ ലോഹ മണികൾ നിശബ്ദമാകും. പകരം ദുഃഖസാന്ദ്രമായ മരമണികൾ മാത്രം ശബ്ദിക്കും. ആരും ജോലിക്കൊന്നും പോകില്ല. പിലാത്തോസിന്റെ വിചാരണ, ക്രിസ്തുവിനെതിരായുള്ള ശിക്ഷാവിധി, തുടർന്ന് കുരിശും വഹിച്ചു കൊണ്ടുള്ള കാൽവരിയാത്രയും കുരിശു മരണവും എന്നിവ വേദപുസ്ത വായനയിലൂടെ അനുസ്മരിക്കപ്പെടുന്നത് ദുഃഖവെള്ളിയാഴ്ചയാണ്.

തുടർന്നു കുരിശിൽ നിന്നിറക്കിയ ക്രിസ്തു ശരീരത്തെ ഓർമിപ്പിക്കുന്ന രൂപവുമായി നഗരി കാണിക്കൽ. രാത്രി പന്ത്രണ്ടിന് കബറടക്കം.

പിറ്റേന്ന് വലിയ ശനിയാഴ്ച എന്നാണ് അറിയപ്പെടുന്നത്. ഉയിർപ്പു ഞായറാഘോഷത്തിന്റെ ഒരുക്കങ്ങളെല്ലാം വളരെ നിശബ്ദമായി വലിയ ശനിയാഴ്ച വൈകുന്നേരത്തോടെ ചെയ്യും. ശനിയാഴ്ച രാത്രി പാതിരാ കുർബാനയിലെ ഉയിർപ്പു കാണാൻ ഞങ്ങൾ കുട്ടികൾ അൾത്താരയ്ക്കു മുൻപിൽ തന്നെ ഇടം പിടിക്കും. അൾത്താരയ്ക്കു പുറകിൽ സജ്ജീകരിച്ചിരിക്കുന്ന പ്രത്യക ഇടത്തിൽ നിന്നു പള്ളിമണികളുടെയും ബാൻഡ് വാദ്യത്തിന്റെയും ദേവാലയ ഗായകരുടെ ഗാനാലാപത്തിന്റെയും അകമ്പടിയിൽ കുന്തിരിക്ക ധൂമാവ്രതനായി ക്രിസ്തു ഉയിർത്തു വരുന്നത് കുപ്പുകൈകളോടെയാണ് ഞങ്ങൾ കണ്ടു നില്ക്കുന്നത്.

ഈസ്റ്റർ ഞായർ ഭക്ഷണ സമൃദ്ധികൊണ്ടും ബന്ധുജനങ്ങളുടെ കൂടിച്ചേരൽ കൊണ്ടും ആഹ്ലാദഭരിതമാണ്. മറ്റെല്ലാ ആഘോഷങ്ങളും പോലെ ജാതി, മത ഭേദമന്യേ എല്ലാവരും ചേർന്നാണ് കുമ്പളങ്ങിയിൽ ഈസ്റ്റർ സന്തോഷവും വിരുന്നും പങ്കുവയ്ക്കുന്നത്.

എന്നാൽ ഇത്തവണത്തെ ഏപ്രിൽ പന്ത്രണ്ടിലെ ഈസ്റ്റർ ദിനം എനിക്ക് കൊഴുക്കട്ടയിലെ മധുരക്കൂട്ട് പോലെയാണ് എന്നു പറയാതെ വയ്യ. അമ്പതു വർഷം മുമ്പ് എന്റെ ജീവിതത്തിന്റെ നിറച്ചാർത്തിനു തുടക്കം കുറിച്ച ദിവസം കൂടിയാണിത്. 1970 ഏപ്രിൽ 12 നാണ് ഷേർളി പക്വതയുള്ള വധുവായി കുമ്പളങ്ങിയിലെ എന്റെ കുറുപ്പശ്ശേരി വീട്ടിലേക്കു വന്നത്. വടുതല സെയ്ന്റ് ആന്റണീസ് ദേവാലയത്തിൽ വച്ച്, അന്ന് സെയ്ന്റ് ആൽബർട്സ് കോളെജിന്റെ പ്രിൻസിപ്പലായിരുന്ന ആന്റണി പനക്കൽ അച്ചനാണ് ഞങ്ങളുടെ വിവാഹം ആശീർവദിച്ചത്. ബിരുദധാരിയും അന്നത്തെ ഡിവിഷണൽ ഇൻസ്പെക്റ്റർ ഒഫ് പൊലിസും ആയി റിട്ടയർ ചെയ്ത പൂവേങ്കി തി ബർണാഡിന്റെയും വീട്ടമ്മയായ ജട്രൂഡിന്റെയും ഏക മകളായിരുന്നു ഷേർളി. മുല്ലപ്പള്ളി രാമചന്ദ്രൻ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരിക്കെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്ന അഡ്വ. ജോജോ സഹോദരനും സംസ്ഥാന ധനകാര്യ മന്ത്രിയായിരുന്ന കെ.ടി. ജോർജ് അമ്മാവനുമായിരുന്നു. പിണക്കങ്ങളൊന്നും ഒരു രാത്രിക്കപ്പുറത്തേക്കു പോയിട്ടില്ലാത്ത

50 വർഷത്തെ സുഖ ദുഃഖ സമ്മിശ്രമായ ദാമ്പത്യ ജീവിതമായിരുന്നു ഇതുവരെ. തേവര എസ്എച്ച് കോളെജിൽ അധ്യാപകനായിരിക്കെയായിരുന്നു വിവാഹം. എന്റെ അധ്യാപകനും സഹപ്രവർത്തകനുമായിരുന്ന ആന്റണി സാറുമൊന്നിച്ചായിരുന്നു പെണ്ണുകാണാൻ പോയത്. അന്ന് എനിക്കല്പം ചമ്മൽ ഒക്കെ ഉണ്ടായിരുന്നു എന്ന കാര്യം ഇന്നും മറന്നിട്ടില്ല. ചായയും പലഹാരങ്ങളും കൊണ്ടുവന്ന് വച്ച് അമ്മ ജട്രൂഡിന്റെ അടുത്തേക്ക് ഒതുങ്ങി നിന്ന ഷേർളിയെ അന്നു ഞാൻ ശരിക്കു കണ്ടില്ല. പെണ്ണുകാണൽ ചടങ്ങു കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ആന്റണി സാർ പറഞ്ഞു...

' തനിക്കിണങ്ങിയ ആൾ തന്നെ'.

ആ ഇണക്കത്തിനു താലിചാർത്തുമ്പോൾ എ.എൽ. ജേക്കബ് ചേട്ടൻ , പീതാംബരൻ മാസ്റ്റർ, ഹെൻറി ഓസ്റ്റിൻ എന്നിവരും പള്ളിയിൽ സാക്ഷികളായി ഉണ്ടായിരുന്നു.

കെട്ടു കഴിഞ്ഞു വന്ന എന്നെയും പുതുപ്പെണ്ണിനെയും എല്ലാവരും ചേർന്നു വീട്ടിലേക്ക് ആനയിച്ചതൊക്കെ ഇന്നും പകൽ പോലെ തെളിഞ്ഞു നില്ക്കുന്നു.

ചീനവേലി കെട്ടിയ പന്തൽ പുഷപങ്ങളും വർണക്കടലാസുകളും കൊണ്ടലങ്കരിച്ചിരുന്നു. പള്ളിയിൽ ഹാനാൻ വെള്ളം തളിക്കുന്ന കുഴലുപോലെയുള്ള പാത്രത്തിൽ നിറച്ച പനിനീരും താലത്തിൽ വച്ച പൂക്കളും വിതറിയാണ് ഞങ്ങളെ സ്വീകരിച്ചത്. ചട്ടയും മുണ്ടും നാടനും ധരിച്ച മേക്കാ മോതിരമണിഞ്ഞ എത്രയോ അമ്മമാരാണ് അന്നവിടെ ഉണ്ടായിരുന്നത്. കല്യാണ കാര്യങ്ങളുടെ ചുമതലയേറ്റു ഓടിനടന്നിരുന്ന നാലാം ക്ലാസു മുതൽ എന്റെ സതീർഥ്യനായിരുന്ന കണ്ണങ്കേരി ഈശുട്ടിയുൾപ്പടെ എന്റെ വിവാഹത്തിൽ പങ്കെടുത്തവരിൽ പലരും ഇന്നില്ല.

കെ.വി തോമസിൻെറ വിവാഹഫോട്ടോ

കുമ്പളങ്ങിയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് സെയ്ന്റ് പീറ്റേഴ്സ് സ്കൂളിലും തേവര എസ്എച്ച് കോളെജിലും പഠിച്ച് അവിടത്തന്നെ അധ്യാപകനും വകുപ്പു മേധാവിയുമായ ഞാൻ വിവാഹ ശേഷം അധ്യാപന ജോലിയോടൊപ്പം കോൺഗ്രസ് രാഷ്ട്രീയത്തിൽ സജീവമായി.

1970 ൽ കുമ്പളങ്ങി 7-ാം വാർഡ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, പള്ളുരുത്തി ബ്ലോക് യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, ഐഎൻടിയുസി കൊച്ചി താലൂക്ക് സെക്രട്ടറി, 1984 മുതൽ ഇപ്പോൾ വരെ എഐസിസി മെമ്പർ, 1985 മുതൽ പതിനഞ്ചു വർഷക്കാലം എറണാകുളം ജില്ലാ കോൺഗ്രസ് പ്രസിഡന്റ്, സ്റ്റീഫൻ സാറിന്റെ കീഴിൽ ഐഎൻടിയുസി സെക്രട്ടറി, മരക്കാരിനൊപ്പം ഐഎൻടിയുസി ജനറൽ സെക്രട്ടറി, വയലാർജിയോടൊപ്പം കെപിസിസി ട്രഷറർ, വിവിധ സംസ്ഥാനങ്ങളിലെ എഐസിസി ഒബ്സർവർ എന്നീ സ്ഥാനങ്ങൾ ഉത്തരവാദിത്വപൂർവം നിർവഹിച്ചു.

ഇരുപത്തി രണ്ടു വർഷം പാർലമെന്റ് അംഗവും പത്തു വർഷം സംസ്ഥാന നിയമസഭാംഗവും ആയതിനൊപ്പം കേന്ദ്ര, സംസ്ഥാന മന്ത്രി പദവികളും വഹിച്ചു. 2001 മുതൽ 2004 വരെ സംസ്ഥാന ടൂറിസം, ഫിഷറീസ്, എക്സൈസ് വകുപ്പ് മന്ത്രി എന്ന നിലയിൽ പ്രസ്തുത വകപ്പുകൾക്ക് ഒരു ദിശാബോധം കൊണ്ടുവരാൻ കഴിഞ്ഞു.

കേന്ദ്ര മന്ത്രിയായിരിക്കെ ഭക്ഷ്യ സുരക്ഷാ ബില്ലിലൂടെ ലോകത്തിലാദ്യമായി ഭക്ഷണം പൗരന്റെ നിയമപരമായ അവകാശമാക്കാൻ കഴിഞ്ഞത് ജീവിതാനുഭവങ്ങൾ നല്കിയ അനുഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. ദീർഘവീക്ഷണത്തോടെ രൂപപ്പെടുത്തിയ ആ ബിൽ ഇന്നു രാജ്യം നേരിടുന്ന മഹാവ്യാധിക്കെതിരെയുള്ള പോരാട്ടത്തിനു ശക്തമായ പിന്തുണ നല്കുന്നു. ഈ വർഷം വരെ പ്രതിദിനം അറുപതിനായിരം വിദ്യാർഥികൾക്ക് എല്ലാ സ്കൂൾ ദിനങ്ങളിലും ഉച്ചഭക്ഷണവും മറ്റു സാമ്പത്തിക പിന്തുണയും നല്കാൻ കഴിഞ്ഞ പ്രൊഫ. കെ.വി. തോമസ് വിദ്യാധനം ട്രസ്റ്റ് രൂപീകരിക്കാൻ കഴിഞ്ഞതും ആത്മസംതൃപ്തി നല്കുന്നു.

രാജ്യം ഭരിച്ച ഏഴ് പ്രധാനമന്ത്രിമാരെ നേരിട്ടറിയാനും ലോകം ദർശിച്ച ഏറ്റവും പ്രഗത്ഭ ധനകാര്യ വിദഗ്ധനായ മൻമോഹൻ സിങ്ങുമൊന്നിച്ചു പ്രവർത്തിക്കുവാനും കഴിഞ്ഞു.. വിശുദ്ധ പദവിയിലേക്കുയർന്ന ജോൺ പോൾ രണ്ടാമൻ മാർപാപ്പയുൾപ്പെടെ മൂന്നു മാർപാപ്പാമാരെ ഷേർളിയോടൊപ്പം നേരിട്ടു കാണുവാൻ കഴിഞ്ഞതും ജീവിതത്തിന്റെ ധന്യതകളിലൊന്നായി.

ഞങ്ങളുടെ സ്നേഹ ജീവിതത്തിന്റെ അടയാളമായി മൂന്നു മക്കൾ, മൂന്നു മരുമക്കൾ, നാലു പേരക്കുട്ടികൾ. ആരും എന്റെ വഴിയെ ഇല്ല. മൂത്തമകൻ ബിജു ബാങ്കിങ് രംഗത്ത് തന്റെ അവസരം കണ്ടെത്തി. ഭാര്യ ലക്ഷ്മി കുടുംബകാര്യങ്ങൾ ശ്രദ്ധിക്കുന്നു. ബിജുവിന്റെ ഏക മകൾ അമ്മു കൾനറി വിദ്യാർഥിനിയാണ്. ഞങ്ങളുടെ മകൾ രേഖയും ഭർത്താവ് ടോണിയും ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നു. അവരുടെ രണ്ടു മക്കളിൽ മൂത്തയാൾ ഗായത്രി ലണ്ടനിലെ കിങ്സൺ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു. ഇളയ മകൻ മനു ചോയ്സ് സ്കൂളിൽ പത്താം ക്ലാസ് പഠനത്തിലാണ്. ഞങ്ങളുടെ ഇളയ മകൻ ജോ തോമസും ഭാര്യ അനുവും ഡോക്റ്റർമാരാണ്. ജോ ഈയടുത്ത് റുമറ്റോളജിയിൽ അമേരിക്കയിൽ നിന്നുള്ള അന്താരാഷ്ട്ര അംഗീകാരം നേടി. അനു കുട്ടികളുടെ ഹൃദയ ചികിത്സ - ശസ്ത്രക്രിയ വിദഗ്ധയാണ്. മകൾ മിയ ചോയ്സ് സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്നു.

കുടുംബ ജീവിതത്തിന്റെയും രാഷ്ട്രീയ ജീവിതത്തിന്റെയും മത്സര വഴികളുമായി സമരസപ്പെട്ടു പോകാൻ എനിക്കു കഴിഞ്ഞത് ഷേർളി ഒപ്പമുണ്ടായിരുന്നതു കൊണ്ടു മാത്രമാണെന്ന സന്തോഷം ഈ ദിനത്തിൽ പറയാതെ മാറ്റിവയ്ക്കുന്നില്ല.

സ്പാനിഷ് ഫ്ളൂ സ്പെയിനിൽ നിന്നല്ല

ഡോ. അഞ്ജിത് ഉണ്ണി

1918 മാർച്ചിലെ പ്രഭാതം കൻസാസിലെ ക്യാമ്പ് ഫൺസ്റ്റണിൽ ആൽബർട്ട് ഗിച്ചൽ എന്ന ഒരു മെസ് പാചകക്കാരൻ തൊണ്ട വേദന, പനി, തലവേദന എന്നിവയുമായി കാമ്പിലെ ആശുപത്രിയിൽ റിപ്പോർട്ട് ചെയ്തോടെയാണ് സ്പാനിഷ് ഫ്ളുവിന്റെ കഥ ഔദ്യോഗികമായി ആരംഭിക്കുന്നത് . സ്പാനിഷ് ഫ്ളൂ പിടിപെട്ട ആദ്യ വ്യക്തി ഗിറ്റ്ചെൽ ആയിരിക്കില്ല. ആ വ്യക്തിയാണ് രേഖകൾ പ്രകാരം ആദ്യം ചികിൽസ തേടിയത് എന്നുമാത്രം . ഉച്ചഭക്ഷണസമയമാകുമ്പോഴേക്കും ഇതു പോലുള്ള നൂറിലധികം കേസുകൾ ആ ചികിൽസാ കേന്ദ്രം കൈകാര്യംചെയ്തു കഴിഞ്ഞിരുന്നു. തുടർന്നുള്ള ആഴ്ചകളിൽ വീണ്ടും അനേകം രോഗികൾ.

രോഗത്തിന്റെ അൽപ്പം പിന്നാമ്പുറം

1917 ഏപ്രിൽ , അമെരിക്ക ഒന്നാം ലോകമഹായുദ്ധത്തിൽ പ്രവേശിച്ച ശരത്കാലത്തിലാണ് രാജ്യത്തിന്റെ, പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള ചെറുപ്പക്കാർ സൈനിക ക്യാമ്പുകളിൽ കൂട്ടം കൂടാൻ തുടങ്ങിയത്. അമേരിക്കൻ പര്യവേഷണ സേനയിലേക്ക് റിക്രൂട്ട് ചെയ്യാനും പരിശീലനം നൽകാനും ജനറൽ സ്ഥാപിച്ച പല ക്യാമ്പുകളൊന്നായിരുന്നു ക്യാമ്പ് ഫൺസ്റ്റൺ. സൈനികരെ മറ്റ് അമേരിക്കൻ ക്യാമ്പുകളിലേക്കും നേരിട്ട് ഫ്രാൻസിലേക്കും അവിടുന്ന് അയച്ചിരുന്നു. ഒരു വർഷം കഴിഞ്ഞ് 1918 ഏപ്രിൽ , അമെരിക്കൻ മിഡ്വെസ്റ്റിലും, സൈനികർ തമ്പടിച്ച കിഴക്കൻ കടൽത്തീര നഗരങ്ങളിലും, അവർ വന്നിറങ്ങിയ ഫ്രഞ്ച് തുറമുഖങ്ങളിലും ഈ പനി പകർച്ചവ്യാധിപോലെ വ്യാപകമായിരുന്നു. പൊടുന്നനെ ജർമനി , ബ്രിട്ടൻ, ഇറ്റലി, സ്പെയിൻ എന്നിവിടങ്ങളിലേക്ക് അത് വ്യാപിച്ചു.

റഷ്യയുടെ പുതിയ സർക്കാർ മാർച്ചിൽ ഉടമ്പടിയിൽ ഒപ്പുവെച്ചതിനുശേഷം, ജർമ്മനി തങ്ങളുടെ റഷ്യൻ യുദ്ധത്തടവുകാരെ മോചിപ്പിക്കാൻ തുടങ്ങി. റഷ്യയിലേക്ക് ഫ്ളൂ കൊണ്ടുവന്നത് അവരാവാം. റഷ്യയിൽ, വടക്കേ ആഫ്രിക്കയിൽ , ബോംബെയിൽ ഒക്കെ ഫ്ളൂ എത്തി. ഇന്ത്യയിൽ നിന്ന് അത് കിഴക്കോട്ട് സഞ്ചരിച്ചു. ചൈനയിൽ, ജപ്പാനിൽ എല്ലാം ഫ്ളൂ പുറപ്പെടുന്നതായി വാർത്തകൾ വന്നു . ജൂലൈ മാസത്തോടെ അത് ഓസ്ട്രേലിയയിലെത്തിക്കഴിഞ്ഞ അത് ശേഷം ഫ്ളൂ പതിയെ പിൻവാങ്ങി പാൻഡെമിക്കിന്റെ ആദ്യ തരംഗമായിരുന്നു അത് .

രണ്ടാം വരവ് - 1918 ഓഗസ്റ്റ്

ഓഗസ്റ്റിൽ ഇൻഫ്ളുവൻസ പാൻഡെമിക്കിന്റെ രണ്ടാമത്തെതും ഏറ്റവും മാരകമായതുമായ തരംഗമായി ഫ്ളൂ വീണ്ടും എത്തി . സിയറ ലിയോണിലെ അറ്റ്ലാന്റിക്-ഫ്രീടൌൺ, അമേരിക്കയിലെ ബോസ്റ്റൺ, ഫ്രാൻസിലെ ബ്രെസ്റ്റ് എന്നിവിടങ്ങളിലാണ് അത് പൊട്ടിപ്പുറപ്പെട്ടത് എന്നാണ് ഏറെക്കുറെ കരുതുന്നത്. ഒരു ബ്രിട്ടീഷ് നാവിക കപ്പൽ ഫ്രീടൗണിലേക്ക് കൊണ്ടു വന്നു, യൂറോപ്പിൽ നിന്ന് ഒരു കപ്പൽ അത് ബോസ്റ്റണിലേക്ക് കൊണ്ടുവന്നിരിക്കാം എന്നൊക്കെ കരുതപ്പെടുന്നു. 1918 മാർച്ച് ൽ രേഖപ്പെടുത്തിയ ആദ്യ കേസിനും 1920 മാർച്ചിൽ അവസാനമായി രേഖപ്പെടുത്തിയ കേസ് വരെ, അമ്പതു മുതൽ 100 ദശലക്ഷം ആളുകൾ വരെ , അല്ലെങ്കിൽ ആഗോള ജനസംഖ്യയുടെ 2.5 മുതൽ 5 ശതമാനം വരെ ആളുകൾ ഇതിൽ കൊല്ലപ്പെട്ടു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഏറ്റവും ജീവഹാനി ഉണ്ടാക്കുന്ന ഒറ്റ സംഭവങ്ങളുടെ കാര്യത്തിൽ, അത് ഒന്നാം ലോകമഹായുദ്ധത്തെ (17 ദശലക്ഷം പേർ മരിച്ചു) മറികടന്നു. കണക്കുകളെ കുറിച്ചും പഠനങ്ങളുടെ ആധികാരികതയെ കുറിച്ചും സംശയങ്ങളുണ്ടെങ്കിലും സ്പാനിഷ് ഫ്ളൂവിന്റെ മാരകമായ മൃത്യുവേലിയേറ്റത്തെ കുറിച്ച് തർക്കമില്ല.

തിരിഞ്ഞു നോക്കുമ്പോൾ...

സ്പാനിഷ് ഫ്ളൂ ആരംഭിച്ചത് സ്പെയിനിൽ നിന്നല്ല. ബ്രിട്ടൺ ,അമേരിക്ക ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ വ്യാപിച്ചതിനു ശേഷമാണ് സ്പെയിനിൽ രോഗമെത്തുന്നത്. യുദ്ധാന്തരീക്ഷരത്തിലെ സെൻസർഷിപ്പ് കാരണം ഇവിടെയൊന്നും പത്രങ്ങൾ ഇത് പുറത്തുവിട്ടില്ല. യുദ്ധത്തിൽ നിഷ്പക്ഷത പുലർത്തിയ സ്പെയിനിൽസെൻസർഷിപ്പ് ഇല്ലാത്തതു കൊണ്ട് വ്യാപകമായി പത്രങ്ങൾ ഇത് റിപ്പോർട്ട് ചെയ്തു . സ്പാനിഷ് ഫ്ളൂ എന്ന പേര് ചരിത്രപരമായ ഒരു തെറ്റായിട്ടു കൂടി ആഖ്യാനങ്ങളിൽ ഉറച്ചു പോയി .

ഇരുപതാം നൂറ്റാണ്ടിന്റെ ചുരുൾ അഴിക്കുമ്പോൾ നാം കാണുന്ന പ്രധാന കാഴ്ചകൾ രണ്ട് ലോകമഹായുദ്ധങ്ങൾ, കമ്മ്യൂണിസത്തിന്റെ ഉയർച്ചയും തകർച്ചയും, ഒരുപക്ഷേ കോളനി വാഴ്ചയുടെ അന്ത്യത്തിന്റെയും അതിശയകരമായ ഏടുകളുമാണ്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തമെന്താണെന്ന് ചോദിക്കുമ്പോൾ , ആരും തന്നെ സ്പാനിഷ് ഫ്ളൂ എന്ന് ഉത്തരം നൽകാറില്ല എന്നത് വിചിത്രമാണ് .

ചരിത്രം രേഖപ്പെടുത്തിയ ഓരോ പാൻഡെമിക്കിലും രോഗമുണ്ടാക്കുന്ന സൂക്ഷ്മാണുവും മനുഷ്യനും തമ്മിലുള്ള ഏറ്റുമുട്ടലുണ്ട്. എന്നാൽ ആ ഏറ്റുമുട്ടൽ കഥയുടെ ആഖ്യാനത്തിന് മുകളിൽ, അതിലേക്ക് നയിക്കുന്ന സംഭവങ്ങളും അതിൽ നിന്ന് ഉരുത്തിരിയുന്ന സംഭവങ്ങളും ഇഴചേരുന്ന കാഴ്ച ചരിത്രത്തിൽ ആവർത്തിക്കുന്നു . കാലാവസ്ഥ, അന്നന്നത്തെ അന്നത്തിന്റെ വില, അണുക്കളെക്കുറിച്ചുള്ള ആശയങ്ങൾ , മനുഷ്യ സ്വാതന്ത്ര്യം , അധികാരം തുടങ്ങി അനേകം ഉപകഥകൾ അതിൽ ഉണ്ട് .സ്പാനിഷ് ഫ്ളൂ വെറും ഒരു മഹാമാരിയായിരുന്നില്ല . മനുഷ്യ ജീവിതവും ചരിത്രവും മാറ്റിയെഴുതിയ ചാലക ശക്തി കൂടിയാണ്.

മറഞ്ഞിരുന്ന ശത്രു

എന്നിരുന്നാലും, വൈറസുകൾ വീണ്ടുമേറെ കാലത്തേക്ക് ഒരു നിഗൂഢതയായിരുന്നു. ലാറ്റിൻ ഭാഷയിൽ വൈറസ് എന്ന വാക്കിന്റെ അർത്ഥം വിഷം അല്ലെങ്കിൽ ശക്തിയേറിയ സ്രവം എന്നാണ്.

വൈറസുകൾ വിഷവസ്തുക്കളോ ജീവികളോ ആയിരുന്നോ ദ്രാവകമോ ഖരമോ ജീവനുള്ളതോ അചേതനമോ പിടികൊടുക്കാതെ അവ വഴുക്കി മാറി. 1892 ൽ റഷ്യൻ സസ്യശാസ്ത്രജ്ഞനായ ദിമിത്രി ഇവാനോവ്സ്കി പുകയില ചെടികളിലെ ഒരു രോഗത്തിന് ഇവ കാരണമായതായി ചൂണ്ടികാട്ടിയിരുന്നു. ബാക്റ്റീരയയേക്കാളും വളരെ വളരെ ചെറുതും ലഭ്യമായ സങ്കേതങ്ങൾ ഒന്നും ഉപയോഗിച്ച് കാണാൻ കഴിയാത്തതുമായ ഒരു രോഗകാരിയെന്ന വിശേഷണത്തിനപ്പുറം അവയെ കാണാൻ ഇലക്ട്രോൺ മൈക്രോസ്കോപ്പ് പോലുള്ള സങ്കേതങ്ങൾ ലഭ്യമായിട്ടില്ല.

വ്യാവസായിക ലോകത്ത് പോലും, അനാരോഗ്യത്തിന്റെ പ്രധാന കാരണം പകർച്ചവ്യാധികളായിരുന്നു . യൂറോപ്പിലും അമേരിക്കയിലും ജനിക്കുന്നവരുടെ ആയുർദൈർഘ്യം കഷ്ടി അമ്പതായിരുന്നു. ഇന്ത്യക്കാരും പേർഷ്യക്കാരും അവരുടെ മുപ്പതാം ജന്മദിനം ആഘോഷിക്കുന്നത് ഭാഗ്യമായി കണ്ടു . കൊടുങ്കാറ്റ് പോലെ വേഗത്തിൽ ആക്രമിക്കുന്ന ഏത് അപകടകരമായ രോഗവും 'പ്ലേഗ്' എന്ന് പരാമർശിക്കപ്പെട്ടു പോന്നു.

അന്നത്തെ ചികിത്സ

യൂറോപ്പിലോ അമേരിക്കയിലോ ആളുകൾ ചികിൽസക്കായി ഒന്നുകിൽ ഒരു സാധാരണ' ഡോക്ടറുടെ അടുത്തേക്ക് പോകുമായിരുന്നു , അല്ലെങ്കിൽ ഒരു ഹോമിയോപ്പതി, പ്രകൃതിചികിത്സകൻ, ഓസ്റ്റിയോപത്ത് , വിശ്വാസ രോഗശാന്തി എന്ന അഞ്ച് മാർഗങ്ങളിൽ ഒന്നിലേക്കോ . ഒന്ന് മുഖ്യധാര ചികിൽസയും മറ്റുള്ളവ ബദൽ എന്ന ചിന്തയുംഅന്ന് പ്രബലമായിട്ടില്ല .

ഡോക്ടർമാർ അന്ന് ചെയ്തത്

ഫലപ്രദമായ വാക്സിൻ തീർച്ചയായും ഇല്ല, ആന്റിവൈറൽ മരുന്നുകളൊന്നുമില്ല - (വാക്സിൻ 1960 വരെ എത്തിയിട്ടില്ല) വൈറൽ രോഗ പശ്ചാത്തലത്തിൽ വരുന്ന സെക്കന്ററി ബാക്ടീരിയ അണുബാധകളുടെ ചികിത്സയ്ക്കായി ആന്റിബയോട്ടിക്കുകളും ഇല്ല. ക്ലിനിക്കൽ മരുന്ന് വികസനവും പരീക്ഷണങ്ങളും അതിന്റെ ശൈശവാവസ്ഥയിലായിരുന്നു.

ശ്വസന തടസ്സമുള്ള , മുഖം നീലിച്ച മരണാസന്നരായ രോഗികളെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴെങ്കിലും തങ്ങൾ എന്തെങ്കിലും ചെയ്യണമെന്ന് അവർക്ക് തോന്നി. ഷെല്ഫിൽ ഉള്ള സകല മരുന്നുകളും അവർ പരീക്ഷിച്ചു. ആസ്പിരിൻ ആയിരുന്നു അവയിൽ പ്രധാനം. ആസ്പിരിന്റെ അമിതോപയോഗം തന്നെ രോഗം മൂർച്ഛിക്കാൻ ഇടയാക്കി എന്ന് വരെ കരുതുന്നവരുണ്ട് . അത് തീർത്തും തള്ളികളയാനുമാകില്ല.

ക്വിനൈൻ വ്യാപകമായി ഉപയോഗപ്പെടുത്തി. മലേറിയയ്ക്കും മറ്റ് 'ബിലിയസ് പനി' കൾക്കും അറിയപ്പെടുന്ന ചികിത്സയായിരുന്നു ഇത്. ഇത് ഇൻഫ്ലുവൻസയിൽ ഫലപ്രദമായിരുന്നു എന്നതിന് തെളിവുകളൊന്നുമില്ല, എന്നിട്ടും ഇത് വലിയ അളവിൽ നിർദ്ദേശിക്കപ്പെട്ടു. ധാരാളം പാർശ്വഫലങ്ങൾ ഇതിനുണ്ടായി. തലമുറകളായി ഇത്തരം രോഗങ്ങൾക്ക് പ്രതിവിധിയായി പറയുന്ന ആർസെനിക്ക് (ഒരു മാറ്റവും ഇല്ലല്ലേ , എന്നല്ലേ), കർപ്പൂരം, മദ്യം മുതൽ മെർക്കുറി വരെ പലതും ഇതിന് ചികിത്സയായി പരീക്ഷിക്കപ്പെട്ടു. ദുഷിപ്പുകൾ ഒഴിവാക്കാനായി രക്ത സ്രാവം ഉണ്ടാക്കുന്ന പോലുള്ള വിചിത്ര രീതികളും.

(ഇൻഫോ ക്ലിനിക്)

ചെലവ് ചുരുക്കി നിയമസഭ ഇനി പഠനയാത്രവേണ്ട

സ്വന്തം ലേഖകൻ

തിരുവനന്തപുരം : നിയമ സഭാ സമിതിയകളുടെ യാത്രകളടക്കം വെട്ടിക്കുറച്ച് ചില വ് ചുരുക്കൽ നടപടികൾക്ക് തുടക്കം കുറിച്ചു. ഇതിനു പുറമെ നിയമസഭാ സെക്രട്ടേറിയറ്റിൽ പുതിയ തസ്തിക സൃഷ്ടിക്കൽ പൂർണ്ണമായി മരവിപ്പിക്കുവാനും തീരുമാനം എടുത്തു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാരിന് പിന്തുണ നൽകുന്നതിനാണ് വിവിധങ്ങളായ ചെലവ് ചുരുക്കൽ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചതെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു. എംഎൽഎമാരുടെ ആസ്തി വികസന ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വന്തം മണ്ഡലത്തിലോ അനിവാര്യമായ സാഹചര്യങ്ങളിൽ ജില്ലയിലോ വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുമെന്നും സ്പീക്കർ പറഞ്ഞു.

നിയമസഭാ സെക്രട്ടേറിയറ്റ് പുതിയ വാഹനങ്ങൾ വാങ്ങില്ലന്ന തീരുമാനം എടുത്തിട്ടുണ്ട്. നിലവിലുള്ള വാഹനങ്ങളുടെ വിനിയോഗത്തിൽ നിയന്ത്രണവും കൊണ്ടുവന്നിട്ടുണ്ട്.

നിയമസഭാ സമിതികളുടെ അന്തർ സംസ്ഥാന പഠനയാത്രകളുടെക്കമാണ് നിയന്ത്രിക്കുന്നത്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിഗണനയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ടെണ്ടർ നടപടികൾ പൂർത്തികരിച്ച ഒരു പ്രവൃത്തി ഒഴികെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർത്തി

സാമ്പത്തിക ബാധ്യത ചുരുക്കുന്നതിലേക്കായി നിയമസഭാ സെക്രട്ടേറിയറ്റിന്റെ നടപ്പ് ചെലവിനങ്ങളുടെ പട്ടിക പരിശോധിച്ച് ഇന്റേണൽ സ്ക്രൂട്ടിനി വഴി അനിവാര്യമല്ലാത്ത പർച്ചേസിങ് ഉൾപ്പടെ എല്ലാ മേഖലകളിലും ചെലവ് ചുരുക്കലിനുവേണ്ടി നിർദേശങ്ങൾ സമർപ്പിക്കാനായി പ്രത്യേക സമിതിയെയും നിയോഗിച്ചിട്ടുണ്ട്. സാമാജികരുടെ വാസസ്ഥലത്ത് ഏറ്റവും അനിവാര്യമായതല്ലാത്ത അറ്റകുറ്റപ്പണികൾ നിയന്ത്രിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

നിയമസഭയിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 24 മണിക്കൂർ ഹെൽപ് ഡെസ്കിൽ ഇതിനോടകം മൂവായിരത്തിലധികം പേർ പല തരത്തിലുള്ള സഹായങ്ങൾക്കായി ബന്ധപ്പെടുകയുണ്ടായി.നിയമസഭാ ജീവനക്കാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ സാമൂഹിക അടുക്കളയിലേക്ക് എല്ലാ ദിവസവും 200 ഭക്ഷണപ്പൊതികൾ നൽകിവരുന്നുണ്ടെന്നും സ്പീക്കർ അറിയിച്ചു

പ്രവാസി അവഗണന മാപ്പർഹിക്കാത്തത്: വേണുഗോപാൽ

ന്യൂഡൽഹി: കൊവിഡ് വ്യാപനം രൂക്ഷമായിരിക്കെ, ഗൾഫ് ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ അകപ്പെട്ടുപോയ മലയാളികളടക്കമുള്ള പ്രവാസികളെ വിധിയുടെ ദാക്ഷിണ്യത്തിനു വിട്ടുകൊടുക്കരുതെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ആവശ്യപ്പെട്ടു. സാമ്പത്തിക മേഖലയ്ക്ക് ശക്തമായ അടിത്തറ പകർന്ന പ്രവാസി സമൂഹത്തെ സംരക്ഷിക്കാൻ ഇടപെടലുകൾ നടത്താത്ത കേന്ദ്ര, സംസ്ഥാന സർക്കാരുകൾ മാപ്പർഹിക്കാത്ത അനാസ്ഥയാണ് കാണിക്കുന്നതെന്ന് വേണുഗോപാൽ കുറ്റപ്പെടുത്തി.

വയോജനങ്ങളിൽ 89% പേരുടേയും ആരോഗ്യം തൃപ്തികരം

തിരുവനന്തപുരം: കോവിഡ് വ്യാപിക്കുന്ന സാഹചര്യത്തിൽ ഇതുവരെ സംസ്ഥാനത്തെ 30 ലക്ഷത്തോളം വയോജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ആംഗൻവാടി ജീവനക്കാർ അന്വേഷിച്ച് കണ്ടെത്തിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. തിരുവനന്തപുരം 2,81,051, കൊല്ലം 2,81,951, പത്തനംതിട്ട 1,53,954, ആലപ്പുഴ 2,26,961 കോട്ടയം 2,53,075, ഇടുക്കി 1,06,202, എറണാകുളം 2,50,471, തൃശൂർ 3,39,455, പാലക്കാട് 2,15,214, മലപ്പുറം 2,98,972, കോഴിക്കോട് 1,74,342, വയനാട് 69,004, കണ്ണൂർ 1,94,152, കാസർഗോഡ് 1,04,192 എന്നിങ്ങനെയാണ് ജില്ലതിരിച്ച് വയോജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ഫോൺ വഴി ശേഖരിച്ചത്.

ജില്ലകളിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സീനിയർ സിറ്റിസൺസ് സെല്ലും വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ ഐസിഡിഎസ് ഉദ്യോഗസ്ഥരും ആംഗൻവാടി ജീവനക്കാരും ചേർന്നാണ് വിവരശേഖരണം നടത്തിയത്. ഈ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും കൈമാറി മതിയായ സഹായങ്ങൾ നൽകി വരുന്നതായും മന്ത്രി വ്യക്തമാക്കി.

ആദ്യമായാണ് ഐസിഡിഎസ് പ്രവർത്തകർ പൂർണമായും ഡിജിറ്റലായി സ്മാർട്ട് ഫോണുകൾ വഴി ബൃഹത്തായ വിവര ശേഖരണം നടത്തുന്നത്. വയോജനങ്ങളിൽ 89 ശതമാനം പേരുടേയും ആരോഗ്യം തൃപ്തികരമാണെന്നാണ് കണ്ടെത്തിയത്. മോശം ആരോഗ്യാവസ്ഥയിലുള്ള 11 ശതമാനം വയോജനങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി മതിയായ ചികിത്സ നൽകും. 60 ശതമാനം പേർ രോഗങ്ങൾക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്നവരാണ്. 10.20 ശതമാനം പേർ ഹൃദ്രോഗം, വൃക്കരോഗങ്ങൾ, ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്ക് മരുന്ന് കഴിക്കുന്നുണ്ട്. 20 ശതമാനം പേർക്ക് കൈവശം മരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് മതിയായ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

5.44 ശതമാനം പേർക്ക് കമ്മ്യൂണിറ്റി കിച്ചന്റെ സേവനം ആവശ്യമുണ്ട്. ഇവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

മെഡിക്കൽ കോളെജിന് ഐഎംഎയുടെ വിസ്ക്

തിരുവനന്തപുരം: കോവിഡ് സ്ഥിരീകരിക്കുന്നതിനുള്ള സാമ്പിൾ ശേഖരണം സുരക്ഷിതമായും വേഗത്തിലും ചെയ്യാൻ കഴിയുന്ന വിസ്ക് (WISK - Walk in Sample Kiosk) സംവിധാനം ഐ.എം.എ. തിരുവനന്തപുരവും ഐ.എസ്. ആർ.ഒ. വിമൻസ് എംപ്ലോയീസ് ബെനവലന്റ് ഫോറം തിരുവനന്തപുരവും ചേർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിന് കൈമാറി. ഐ.എം.എ. തിരുവനന്തപുരം പ്രസിഡന്റ് ഡോ. അനുപമ മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദിനാണ് ഈ സംവിധാനം കൈമാറിയത്. ഐ.എം.എ. തിരുവനന്തപുരം സെക്രട്ടറി ഡോ. ശ്രീജിത്ത്, ഡോ. സിബി കുര്യൻ ഫിലിപ്പ്, ഡോ. ആർ.സി. ശ്രീകുമാർ, ഡോ. ജയപ്രകാശ്, ഗസീല്ല ഇന്റീരിയൽസ് എം.ഡി. ബിജു എന്നിവർ പങ്കെടുത്തു.

കൊറോ വൈറസ് കൂടുതൽ പേരിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായാലും സാമൂഹ്യ വ്യാപനം ഉണ്ടായാലും സാമ്പിൾ ശേഖരണം വർദ്ധിച്ച തോതിൽ നടത്തേണ്ടതുണ്ട്. സാമ്പിൾ ശേഖരിക്കുന്നതിനുള്ള വ്യക്തികളെ പ്രത്യേക വാഹനങ്ങളിൽ ആശുപത്രികളിൽ എത്തിച്ചാണ് സാമ്പിൾ ശേഖരിക്കുന്നത്. സാമ്പിൾ ശേഖരിക്കുന്ന ട്രിയാജിൽ (TRIAGE) ആശുപത്രി ജീവനക്കാർ പിപിഇ (പേർസണൽ പ്രൊട്ടക്റ്റീവ് എകിപ്മെന്റ്) ധരിച്ചാണ് സാമ്പിൾ ശേഖരിക്കുന്നതും.

ഏതാണ്ട് ആയിരം രൂപയോളം വരുന്ന ഈ സുരക്ഷാ ആവരണങ്ങൾ ഒരിക്കൽ മാത്രമേ ഉപയോഗിക്കുവാനും കഴിയൂ. ഈ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും കൂടിയാണ് വാക്ക് ഇൻ കോവിഡ് കിയോസ്ക്കിന് രൂപം നൽകിയത്. ഇത് ഉപയോഗിച്ച് സാമ്പിൾ ശേഖരിക്കുവാൻ രോഗിയോ രോഗബാധ സംശയിക്കപ്പെടുന്ന ആളുകളോ ആശുപത്രിയിൽ വരേണ്ടി വരികയില്ല.

ഏതെങ്കിലും പ്രദേശത്ത് കോവിഡ് കിയോസ്ക്ക് താൽക്കാലികമായി സ്ഥാപിച്ച് വലിയ തോതിൽ സാമ്പിളുകൾ ശേഖരിക്കാൻ സാധിക്കും. സാമ്പിൾ ശേഖരിക്കുവാൻ നിയോഗിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർ പി.പി.ഇ. കിറ്റുകൾ ധരിക്കേണ്ടതില്ല എന്നതാണ് ഏറ്റവും ആശ്വാസകരം. ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി കൊണ്ട് തന്നെ പരമാവധി സാമ്പിൾ ശേഖരണം സാധ്യമാക്കുന്നതാണ് ഈ സംവിധാനം. രാജ്യത്ത് ആദ്യമായി ഈ സംവിധാനം എറണാകുളം മെഡിക്കൽ കോളേജിലാണ് നടപ്പാക്കിയത്.

വ്യാജവാറ്റ് ലോബിയ്ക്ക് പൈനാപ്പിൾ സുലഭം

കൊച്ചി/ മട്ടാഞ്ചേരി: ലോക് ഡൗൺ രണ്ടാഴ്ച പിന്നിട്ടതോടെ എറണാകുളം ജില്ലയിൽ വ്യാജ വാറ്റ് വ്യാപകമായി. ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിക്കിടക്കുന്നതോടൊപ്പം എറണാകുളം, ഇടുക്കി ജില്ലകളിലെ പൈനാപ്പിൾ വിളവെടുപ്പും വ്യാജ വാറ്റ് സംഘത്തിന് തുണയായിട്ടുണ്ട്. എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളിലും പശ്ചിമ കൊച്ചിയിലും കഴിഞ്ഞ ദിവസങ്ങളിൽ നിരവധി പേരാണ് വ്യാജവാറ്റിന് പിടിയിലായത്. രണ്ട് യുവാക്കളെ പള്ളുരുത്തിയിൽ അറസ്റ്റ് ചെയ്തതിന് പിന്നാലെ മൂന്ന് പേർ കുമ്പളങ്ങിയിൽ നിന്ന് പിടിയിലായി. ശർക്കരയും കറുകപ്പട്ടയും താതിരിപ്പൂവും ചെറുപയറും സൂചിഗോതമ്പും പൈനാപ്പിൾ കരയാമ്പൂ എന്നിവ ചേർത്ത് വലിയ തോതിൽ വാഷ് ഉണ്ടാക്കി പെട്ടെന്ന് പാകമാകുന്നതിനു വേണ്ടി ഈസ്റ്റ് ഇട്ട് പാകപ്പെടുത്തിയ വാഷ് വീട്ടിലെ അടുക്കള ഭാഗത്തു നിന്നും വാറ്റി എടുത്തു കൊണ്ടിരുന്ന സമയത്ത് കുമ്പളങ്ങി സ്വദേശികളായ മട്ടമൽ വീട്ടിൽ ജോഷി എന്ന് വിളിക്കുന്ന ജോസഫ്(42), ചുടുകാട് പ്രിയദർശിനി റോഡിൽ, താന്നിക്കൽ വീട്ടിൽ കുഞ്ചു എന്ന് വിളിക്കുന്ന ഹനീഷ്കുമർ(38), മദർ തെരേസ റോഡിൽ കണ്ടഞ്ചേരി വീട്ടിൽ ജോളി എന്ന് വിളിക്കുന്ന ജോബ്(42) എന്നിവരെ മട്ടാഞ്ചേരി എക്സൈസ് ഇൻസ്പെക്റ്റർ പി.ഇ. ഷൈബുവും പാർട്ടിയും പിടികൂടിയത് .

പൈനാപ്പിൾ കൃഷിയുടെ സിരാകേന്ദ്രം മൂവാറ്റുപുഴയിലെ വാഴക്കുളമാണ്. ലോക് ഡൗൺ കാലത്ത് ഇവിടെ പൈനാപ്പിൾ കെട്ടിക്കിടക്കുന്നതോടെ കിലോയ്ക്ക് വില 20 രൂപ വരെയായി താഴ്ന്നു. പൈനാപ്പിൾ വിലക്കുറവിൽ ലഭിക്കുന്നതു വ്യാജവാറ്റ് സംഘത്തിനു തുണായായിട്ടുണ്ട്.

കൊവിഡ് ഭീതിയിൽ നിന്ന് മുക്തമായി ലക്ഷദ്വീപ്

മട്ടാഞ്ചേരി: കൊറോണാ വൈറസ് രോഗഭീതിയിൽ നിന്നു ലക്ഷദ്വീപ് സമൂഹങ്ങൾക്ക് മുക്തി. ദ്വീപുകളിൽ നിന്നും കൊവിഡ് രോഗം റിപ്പോർട്ട് ചെയ്യാത്തതും കടുത്ത നിരീക്ഷണങ്ങളും രോഗമുക്തിക്കിടയാക്കിയതായാണ് അധികൃതർ ചൂണ്ടിക്കാട്ടുന്നത്. കൊച്ചിയിൽ നിന്നെത്തിയ ദ്വീപു നിവാസികളുടെ ഹൗസ് ക്വാറന്റൈൻ കാലാവധി ഏപ്രിൽ 10ന് തീരുകയും ആർക്കും പോസറ്റീവ് റിപ്പോർട്ടോ, രോഗലക്ഷണങ്ങളോ പ്രകടമാകാത്തതുമാണ് ദ്വീപ് സമൂഹത്തിന്റെ രോഗമുക്തിക്കാധാരം. കേരളത്തോട് ചേർന്നുള്ള ദ്വീപ് സമൂഹത്തിൽ കൊച്ചി, കോഴിക്കോട് , മംഗലാപുരം എന്നിവിടങ്ങളിൽ നിന്നാണു യാത്രാ -ചരക്ക് നീക്കങ്ങൾ നടക്കുന്നത്. ടൂറിസവും മത്സ്യബന്ധനം കാർഷിക മേഖലയുമാണു ദ്വീപുകളിലേത്. കൊവിഡ് മഹാമാരി രോഗ ഭീതി തുടങ്ങിയ മാർച്ച് 16ന് കൊച്ചിയിലും കോഴിക്കോടും നിന്നുമായി 3500 ഓളം പേർ ലക്ഷദ്വീപിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. ഇവരെ കടുത്ത രോഗ പരിശോധന നടത്തിയാണ് വാസകേന്ദ്രത്തിലേക്കയച്ചത്. ഇവർ നിരീക്ഷണത്തിലുമായിരുന്നു. കൂടാതെ മാർച്ച് 25 - 26 ദിനങ്ങളിൽ അവസാനഘട്ടമായുള്ള കപ്പൽ യാത്രയിൽ കൊച്ചിയിൽ നിന്ന് ഏതാനും പേരും എത്തിയിരുന്നു. ഇവരാണ് ഏപ്രിൽ 10 വരെ കൊവിഡ് രോഗ നീരീക്ഷണത്തിലുണ്ടായിരുന്നത്. രോഗഭീതിയുടെ പാശ്ചാത്തലത്തിൽ അടിയന്തിര സാഹചര്യം നേരിടുന്നതിനു സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ രണ്ട് മഹാരാഷ്ട്രക്കാർക്ക് പനി റിപ്പോർട്ട് ചെയ്തതോടെ ഇവരെ നീക്കുകയും ദീപിൽ പ്രവേശന വിലക്കേർപ്പെടുത്തുകയും ചെയ്തു. നിലവിൽ കോഴിക്കോട്, കൊച്ചി നഗരങ്ങളിലായി 100 ഓളം ദ്വീപു വാസികളുണ്ടെന്നാണ് കണക്ക്. ഇവരും സുരക്ഷിതരാണന്നാണ് അധികൃതർ പറയുന്നത്.

അടിപതറാത്ത നേതാവ്

തുഷാർ വെള്ളാപ്പള്ളി
(എൻഡിഎ കൺവീനർ, അധ്യക്ഷൻ ബിഡിജെഎസ്)

പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ വിളിച്ചുണർത്തി, അവരുടെ ആത്മാഭിമാനത്തെ പടവാളാക്കി അവകാശസമരങ്ങളുടെ പടക്കളത്തിൽ പോരിനിറങ്ങാൻ പ്രേരിപ്പിച്ച സംഘാടകൻ ആയിരുന്നു ടി.വി. ബാബു. കഴിഞ്ഞുപോയ കറുത്തകാലഘട്ടത്തിൽ തന്റെ തലമുറ അനുഭവിച്ചിരുന്ന അവഗണനയുടെ കയ്പുനീർ, ഇനിയൊരു തലമുറ കൂടി അനുഭവിക്കരുതെന്നു ചിന്തിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്ത മനുഷ്യസ്നേഹി. ബിഡിജെഎസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിറവി മുതൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉയർച്ച മാത്രം ലക്ഷ്യം വച്ച് രാപകലില്ലാതെ എന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ജ്യേഷ്ഠസഹോദരന്റെ വേർപാട് പകരുന്ന നൊമ്പരം വാക്കുകളാൽ വിവരിക്കുവാൻ സാധ്യമല്ല.

മഹാത്മാ അയ്യങ്കാളിക്കു ശേഷം അധഃസ്ഥിത വിഭാഗത്തെ സംഘടിപ്പിക്കാൻ വലിയ പങ്കുവഹിച്ച കേരള പുലയർ മഹാസഭ (കെപിഎംഎസ്) യിലൂടെയാണ് ടി.വി. ബാബു പൊതുരംഗത്ത് സജീവമായത്. പട്ടയഭൂമി സംരക്ഷണ സമിതിയുടെ ജനറൽ കൺവീനറായി സമരമുഖത്തെത്തിയ അദ്ദേഹം അവകാശ സമരമുഖത്ത് അടിപതറാതെ നിന്ന് ധീരമായി ജനങ്ങളെ നയിച്ചു. സാമൂഹ്യ സമത്വ മുന്നണി എന്ന പേരിൽ പട്ടികജാതി സംഘടനകളുടെ ഏകോപനമുണ്ടാക്കി ശക്തിതെളിയിക്കുന്നതിനു പിന്നിൽ ബാബുവിന്റെ സംഘാടക മികവ് ഉണ്ടായിരുന്നു. മതപരിവർത്തനം ചെയ്തവരേയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നീക്കത്തിനെതിരെ പട്ടികജാതി സംഘടനകളെ കോർത്തിണക്കി വലിയ മുന്നേറ്റം നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ശബരിമല കർമസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ഭക്തജന പ്രക്ഷോഭങ്ങളിലും സജീവമായിരുന്നു.

ടി.വി. ബാബു

ഇടതുപക്ഷ രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും സിപിഐയുടെ സ്ഥാനാർഥിയായി തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തിട്ടുള്ള ബാബു, അതുപേക്ഷിച്ചാണ് ബിഡിജെഎസ് രൂപീകരണത്തിൽ പങ്കാളിയായത്. കേരളത്തിലെ പിന്നാക്ക സമുദായക്കാരുടെ ഐക്യനിരയ്ക്ക് നേതൃപരമായ പങ്ക് വഹിക്കേണ്ട ചുമതല എസ്എൻഡിപി യോഗത്തിനാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന പൊതുപ്രവർത്തകനാണ് ബാബു. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നയിച്ച സമത്വ മുന്നേറ്റ ജാഥയിൽ ആദ്യവസാനം പങ്കെടുക്കുകയും ജാഥയുടെ സമാപനത്തിൽ ബിഡിജെഎസ് രൂപീകരിച്ചപ്പോൾ സ്ഥാപക ജനറൽ സെക്രട്ടറിയാവുകയും ചെയ്തു.

ബിഡിജെഎസ് സ്ഥാനാർഥിയായി നാട്ടികയിൽ നിന്നു നിയമസഭയിലേക്കും പിന്നീട് ആലത്തൂരിൽ നിന്നു ലോക്സഭയിലേക്കും ജനവിധി തേടുകയും ചെയ്തു. രാഷ്ട്രീയ രംഗത്ത് ജീവിത ധാർമിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് ജനമനസ്സുകൾക്ക് ആശയും ആവേശവും പകർന്നു. ബാബുവിന്റെ ഉജ്വലമായ വാഗ്മിത്വവും മികച്ച സംഘാടനമികവും ബിഡിജെഎസിന്റെ ആശയം ജനങ്ങളിലെത്തിക്കുന്നതിന് ഏറെ സഹായകമായി. സൗമ്യവും, ദീപ്തവുമായിരുന്നു ആ നിറസാനിധ്യം.

നിനച്ചിരിക്കാത്ത നേരത്തു കാലം, അദ്ദേഹത്തെ തിരശീലയ്ക്കു പിന്നിലേക്ക് വലിക്കുമ്പോൾ, ആ മനസ്സ് ബാക്കിവച്ച ലക്ഷ്യങ്ങൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ എന്ന നിലയിൽ പൂർത്തിയാക്കുക എന്നതു കടമയാണ്. താനുൾപ്പെടുന്ന ജനവിഭാഗത്തിന് വേണ്ടി യൗവനവും, വാർധക്യത്തിന്റെ ആരംഭകാലവും സമർപ്പിച്ച അദ്ദേഹം സത്യത്തിൽ തന്റെ കുടുംബത്തെ മറന്നു പോയിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയ ദേശീയ നേതാക്കൾ ബാബുവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. 'കേരളത്തിൽ താഴേക്കിടയിലുള്ളവർക്കിടയിൽ സ്തുത്യർഹമായ പ്രവർത്തനമാണ് ടി.വി ബാബു കാഴ്ച വച്ചത്. പാവപ്പെട്ടവരെ സേവിക്കുന്നതിലും അവരെ സാമൂഹ്യമായി ശാക്തീകരിക്കുന്നതിലും ബാബുവിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. ഈ ദുഃഖവേളയിൽ അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ഒപ്പമാണ് എന്റെ ചിന്തകൾ'. എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചന സന്ദേശത്തിൽ പറഞ്ഞത്. കേരളത്തിലെ സാധാരണക്കാരനായ പൊതുപ്രവർത്തകന് ലഭിച്ച അംഗീകാരമായി ഇതിനെ കാണാം. സ്നേഹനിധിയായ കുടുംബനാഥന്റെ വിയോഗത്തിൽ ആ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കു ചേരുന്നുതിനൊപ്പം അവരുടെ മുൻപോട്ടുള്ള ജീവിതത്തിൽ എല്ലാ സഹായവും നൽകാൻ ബിഡിജെഎസ് പ്രവർത്തകർ ഉണ്ടാകുമെന്നു ഉറപ്പു നൽകുകയാണ്.

ഡോക്റ്ററെ കാണാൻ പോകുന്നവരെ തടയരുത്

തിരുവനന്തപുരം: ഡോക്റ്ററെ കാണാൻ ക്ലിനിക്കിലേക്ക് പോകുന്നവരുടെ കൈവശം സത്യവാങ്മൂലവും ഫോൺ നമ്പരടക്കം ഡോക്റ്ററെ സംബന്ധിച്ച വിശദവിവരങ്ങളും ഉണ്ടെങ്കിൽ തടയരുതെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ ജില്ലാ പൊലീസ് മേധാവികൾക്ക് നിർദേശം നൽകി. ഡോക്റ്ററെ കാണാൻ പോകുന്ന മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ളവരെ പലയിടങ്ങളിലും തടഞ്ഞുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശം.

ഇങ്ങനെ യാത്ര ചെയ്യുന്നവർ സാമൂഹിക അകലം ഉൾപ്പെടെയുള്ള ആരോഗ്യ മാർഗനിർദേശങ്ങൾ പാലിക്കണം. സംശയം തോന്നിയാൽ പൊലീസ് ഉദ്യോഗസ്ഥർക്ക് ഡോക്റ്ററെ ഫോണിൽ വിളിച്ച് സംശയനിവൃത്തി വരുത്താം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ അതിനു മുതിരാവൂ എന്നും സംസ്ഥാന പൊലീസ് മേധാവി നിർദേശിച്ചു.

തിങ്കളാഴ്ച മുതൽ റിപ്പയറിങ് കടകൾ

തിരുവനന്തപുരം: ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മിക്സി റിപ്പയറിങ് കടകൾ, ബുക്ക് ഷോപ്പുകൾ, റബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യാനായി പോകുന്ന തൊഴിലാളികൾ എന്നിവർക്ക് ലോക്ക് ഡൗൺ കാലയളവിൽ ഇളവ് നൽകി സർക്കാർ ഉത്തരവായി.

ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മിക്സി റിപ്പയറിങ് കടകൾ തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ പ്രവർത്തിക്കാൻ അനുമതി നൽകി.

ബുക്ക് ഷോപ്പുകൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. റബർ തോട്ടങ്ങളിൽ മരങ്ങളുടെ റെയിൻ ഗാർഡ് ചെയ്യാനായി പോകുന്ന തൊഴിലാളികൾക്ക് യാത്രാനുമതിയും നൽകിയിട്ടുണ്ട്.

തൊഴിലാളികളും സ്ഥാപനങ്ങളിലെ ജീവനക്കാരും പ്രവർത്തിക്കുമ്പോൾ ബ്രേക്ക് ദ ചെയിൻ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സഹായം തേടി സീരിയൽ പ്രവർത്തകർ

തിരുവനന്തപുരം: ലോക്ക് ഡൗൺ കാരണം ബുദ്ധിമുട്ടിലായ സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അടിയന്തിര ദുരിതാശ്വാസ സഹായം നൽകണമെന്ന് സർക്കാരുമായി നടത്തിയ ചർച്ചയിൽ മലയാളം ടെലിവിഷൻ ഫ്രട്ടേണിറ്റി ആവശ്യപ്പെട്ടു. മന്ത്രിമാരായ എ.കെ ബാലൻ, കടകംപള്ളി സുരേന്ദ്രൻ എന്നിവരുമായി വെവ്വേറെ നടത്തിയ കൂടിക്കാഴ്ചയിൽ ഫ്രെട്ടേണിറ്റി ചെയർമാൻ ജി. ജയകുമാർ, വൈസ്ചെയർമാൻ എസ്. കാർത്തികേയൻ, ജനറൽ സെക്രട്ടറി പി. സുരേഷ് ഉണ്ണിത്താൻ എന്നിവർ പങ്കെടുത്തു. സംഘടന ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കുമെന്ന് മന്ത്രി എ.കെ. ബാലൻ അറിയിച്ചു.

ഫ്രറ്റേണിറ്റി ഉന്നയിച്ച ആവശ്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുമെന്നും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും അനുഭാവ പൂർണമായ നടപടിയുണ്ടാവുമെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി : പുതിയ നിയമനങ്ങൾ നിർത്തിവെക്കും. ഗൃഹനിർമാണപ്രവർത്തനങ്ങൾ പുനരാരംഭിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കും.

■ ഭരണി : സ്വാർഥ താല്പര്യങ്ങൾക്കായി അന്യരെ ഉപദ്രവിക്കരുത്. വിശ്വസ്തരായ പ്രധാന ഉദ്യോഗസ്ഥരെ കൂടുതൽ സൂക്ഷിക്കണം. സദുദ്ദേശപ്രവർത്തനങ്ങൾ വിപരീതമായി ത്തീരും.

■ കാർത്തിക : വ്യവസ്ഥകൾ പാലിക്കാത്ത ജോലിക്കാരെ പിരിച്ചുവിടും. ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിനു ചേരും. ഔദ്യോഗികമായി അർഹമായ സ്ഥാനമാനങ്ങൾ ലഭിക്കുവാൻ നിയമസഹായം തേടും.

■ രോഹിണി : സൗമ്യസമീപനത്താൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കും. അ വ്യക്തമായ പണമിടപാടിൽ നിന്നു പിന്മാറും. മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തു തീർക്കും. ആശയവിനിമയങ്ങളിൽ ശ്രദ്ധിക്കണം.

■ മകയിരം : കൂട്ടുകച്ചവടത്തിൽ നിന്നും പിന്മാറും. പ്രയത്നങ്ങൾക്ക് ഫലം കുറയും. ഒന്നും പൂർണതയുണ്ടാവുകയില്ല. അവസരവാദം കുടുംബകലഹത്തിനു വഴിയൊരുക്കും. കടം കൊടുക്കരുത്, ജാമ്യം നിൽക്കരുത്.

■ തിരുവാതിര : വിദേശ ഉദ്യോഗത്തിനു നിയമനാനുമതി ലഭിക്കും. കുടുംബസമേതം വി ദേശയാത്രക്ക് അനുമതിക്ക് അപേക്ഷ നൽകും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും.

■ പുണർതം : സുരക്ഷിതമായ വ്യാപാരത്തിൽ പണം മുടക്കും. സൗഖ്യവും സമാധാനവും ദാമ്പത്യ ഐക്യവും കുടുംബത്തിലുണ്ടാകും. സൗമ്യസമീപനം സർവകാര്യവിജയത്തിനു വഴിയൊരുക്കും.

■ പൂയ്യം : ശത്രുതാ മനോഭാവത്തിലായിരുന്നവർ മിത്രങ്ങളായിത്തീരും. സഹൃദയസദസിൽ പങ്കെടുക്കുവാനവസരമുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധി ക്കും.

■ ആയില്യം : അഗ്നി, ആയുധം, ധനം, വാഹനം തുടങ്ങിയവ ഉപയോഗിക്കുമ്പോൾ കൂടുതൽ ശ്രദ്ധ വേണം. ചികിത്സക്ക് കൂടുതൽ പണം ചെലവാകും. ബാദ്ധ്യതകൾ തീർക്കുവാൻ ഭൂമിവില്ക്കുവാൻ ധാരണയാകും.

■ മകം : പുത്രന്റെ ആഗ്രഹപ്രകാരം ഗൃഹനിർമ്മാണത്തിനു ഭൂമിവാങ്ങും. സ്വതന്ത്രചിന്തകൾക്കായി ഗ്രാമപ്രദേശത്തേക്ക് താമസം മാറ്റും. അവധിയെടുത്ത് ആരാധനാലയദർശനം നടത്തുവാനിടവരും. ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും വർദ്ധിക്കും.

■ പൂരം : വിദേശയാത്രാനുമതി ലഭിക്കും. ഗൃഹനിർമാണം പൂർത്തീകരിക്കുവാൻ ഭൂമി വില്ക്കാൻ തയാറാകും. പുതിയ തൊഴിലവസരങ്ങൾ വന്നുചേരും. വർധിച്ചുവരുന്ന ചുമതലകൾ ഏറ്റെടുക്കും.

■ ഉത്രം : കൂടുതൽ പണം കൊടുത്ത് മറ്റൊരു പാഠ്യപദ്ധതിക്കു ചേരും. വാക്കും പ്രവൃത്തിയും ഫലപ്രദമാകും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. പുതിയ കരാറുജോലിക ൾ ഏറ്റെടുക്കും.

■ അത്തം : വിട്ടുവീഴ്ചാ മനോഭാവത്താൽ ദാമ്പത്യസൗഖ്യമുണ്ടാകും. പരിഭ്രമം ഉപേക്ഷിക്കണം. കടം കൊടുത്ത സംഖ്യക്ക് രേഖകൾ വാങ്ങണം. ചെലവ് വർധിക്കും.

■ ചിത്ര : ആരോഗ്യം തൃപ്തികരമായിരിക്കും. ആഗ്രഹസാഫല്യമുണ്ടാകും. മനസ്സംതൃപ്തിയുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. പുതിയ പ്രവർത്തനമേഖലകളെപ്പറ്റി ധാരണയാകും. കാര്യനിർവഹണശക്തി വർധിക്കും.

■ ചോതി : മാതാവിന് അസുഖം വർധിക്കും. ഉദ്ദേശിച്ച വില ലഭിച്ചതിനാൽ ഭൂമിവില്ക്കു വാൻ തയാറാകും. വഞ്ചനിൽ അകപ്പെടാതെ സൂക്ഷിക്കണം. ഓർമശക്തി കുറയും. മിഥ്യാഭ്രമം ഉണ്ടാകും.

■ വിശാഖം : പുതിയ ഭരണസംവിധാനം ഏറ്റെടുക്കും. ആഗ്രഹങ്ങൾ സഫലമാകും. ചികിത്സഫലിക്കും. ചർച്ചകൾ വിജയിക്കും. വ്യവസ്ഥകൾ പാലിക്കും. കുടുംബത്തിൽ സമാധാനമുണ്ടാകും.

■ അനിഴം : അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും. കർമ്മമേഖലയിൽ പുതിയ ആശയങ്ങൾ ഉത്ഭവിക്കും. പണം കടം കൊടുക്കരുത്. ജാമ്യം നിൽക്കരുത്. സഹോദര സുഹൃത് സഹായമുണ്ടാകും.

■ തൃക്കേട്ട : അപ്രതീക്ഷിതമായി സ്ഥാനക്കയറ്റമുണ്ടാകും. ഗൗരവമായ വിഷയങ്ങൾ ലാഘവത്തോടുകൂടി ലക്ഷ്യപ്രാപ്തിയിലെത്തിക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. ഔദ്യോഗികമായി യാത്രവേണ്ടിവരും.

■ മൂലം : പരിസരവാസികളുടെ ഉപദ്രവത്താൽ മാറിതാമസിക്കും. അനാവശ്യമായ ആധി ഒഴിവാക്കണം. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കും. അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും.

■ പൂരാടം : വിട്ടുമാറാത്ത അസുഖത്തിന് ആയുർവ്വേദ-പ്രകൃതിചികിത്സകൾ തുടങ്ങും. ഊഹക്കച്ചവടത്തിൽ ലാഭമുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. വിശ്വസ്തസേവനത്തിനു പ്രശസ്തിപത്രം ലഭിക്കും.

■ ഉത്രാടം : നല്ലകാര്യങ്ങൾക്ക് പൊതുജന പിന്തുണ ലഭിക്കും. ക്രയവിക്രയങ്ങളിൽ സജീവമാകും. സുതാര്യതയുള്ള പ്രവർത്തനങ്ങളാൽ അപകീർത്തി ഒഴിവാകും.

■ തിരുവോണം : അസുഖങ്ങളാൽ വിദേശ യാത്രമാറ്റിവെക്കും. ഉത്തരവാദിത്വങ്ങൾ ഏ റ്റെടുക്കും. മനസ്സംതൃപ്തിതോന്നും. വ്യവസ്ഥകൾ പാലിക്കും. സുപരിചിതമായ മേഖലകളിൽ പണം മുടക്കും.

■ അവിട്ടം : പുതിയ ഉദ്യോഗാവസരം വന്നുചേരും. വരവ് വർദ്ധിക്കും. സന്താനസൗഖ്യമുണ്ടാകും. ആഗ്രഹങ്ങൾ സഫലമാകും. വിജ്ഞാനങ്ങൾ പങ്കുവെക്കുവാനവസരമു ണ്ടാകും.

■ ചതയം : കുടുംബത്തിലെ അനൈക്യതകളാൽ മാറിതാമസിക്കും. ഉപകാരം ചെയ്തു കൊടുത്തവരിൽ നിന്നും വിപരീതപ്രതികരണങ്ങൾ വന്നുചേരും. ബന്ധുവിന്റെ അകാല വിയോഗത്തിൽ അതീവദുഃഖമനുഭവപ്പെടും.

■ പൂരോരുട്ടാതി : സ്ഥലകാലബോധമില്ലാതെ സംസാരിച്ചാൽ അബദ്ധമാകും. വർഷങ്ങൾക്കു മുമ്പ് ജാമ്യം നിന്ന വകയിൽ പണം കൊടുക്കേണ്ടതായിവരും. സ്വസ്ഥത കുറയും.

■ ഉത്രട്ടാതി : ഗൃഹനിർമ്മാണം പുനരാരംഭിക്കും. ജീവിതപങ്കാളിയുടെ ആവശ്യങ്ങൾ പ രിഗണിക്കും. സമ്മാനപദ്ധതികളിൽ വിജയിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും.

■ രേവതി : പുത്രപൗത്രാദികളോടൊപ്പം താമസിക്കുവാൻ വിദേശയാത്ര പുറപ്പെടും. സ്വയംഭരണാധികാരം ലഭിക്കും. മംഗളകർമ്മങ്ങൾക്ക് നേതൃത്വം നൽകും. പൊതുവേദിയി ൽ ആശംസകൾ കേൾക്കുവാനിടവരും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

കുടകിൽ വന്യമൃഗങ്ങളുടെ സ്വൈരവിഹാരം

ബംഗളൂരു: അടച്ചുപൂട്ടൽ മൂന്നാഴ്ചയോളമെത്തിയതോടെ കർണാടകയിലെ കുടക് മേഖലയിൽ വന്യമൃഗങ്ങളുടെ സ്വൈരവിഹാരം. വിജനമായ റോഡിൽ ആനകളും പുള്ളിമാനുകളും മ്ലാവുകളും പതിവുകാഴ്ചയായി മാറിയെന്നു കർണാടക വനം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സഞ്ജയ് മോഹൻ. മനുഷ്യസാന്നിധ്യമുള്ളപ്പോൾ മൃഗങ്ങൾ കാടിനു പുറത്തേക്കു വരാറില്ല. കൊടും വേനലാകുമ്പോൾ വെള്ളത്തിനു വേണ്ടി ചിലപ്പോൾ വന്നെന്നുവരാം. എന്നാലിപ്പോൾ ഇവ ധൈര്യത്തോടെ വിഹരിക്കുകയാണെന്നും അദ്ദേഹം.



സാധാരണ ഗതിയിൽ ആനകളാണ് കാടിനു പുറത്തേക്കു വരുന്നത്. മനുഷ്യന്റെ സാന്നിധ്യത്തെക്കുറിച്ചു വിദൂര സൂചന കിട്ടിയാൽ പോലും ഭയന്നോടുന്ന മാൻ വർഗം ഇപ്പോൾ സ്വാതന്ത്ര്യം ആസ്വദിക്കുകയാണ്. എന്നാൽ ഇതിനൊപ്പം വേട്ടക്കാരുടെ ശല്യം കൂടിയിട്ടുണ്ടെന്നും വനം അധികൃതർ.

അടച്ചിടൽ തുടങ്ങിയതോടെ വേട്ടക്കാരും ഇറങ്ങിയിട്ടുണ്ട്. ഇവരെ തടയാൻ രാത്രി പട്രോളിങ് ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഞ്ജയ് മോഹൻ പറഞ്ഞു.

കഴിഞ്ഞയാഴ്ച ബെല്ലാരിയിൽ ഒരാൾ കരടിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. കാടിനു പുറത്തിറങ്ങിയ കരടിയുടെ മുന്നിൽപ്പെടുകയായിരുന്നു ഇയാൾ. പുലികളും കാടിനു പുറത്തിറങ്ങുന്നതു വർധിച്ചിട്ടുണ്ട്. ഇവയെ പിടിക്കാൻ പലയിടത്തും കൂട് സ്ഥാപിച്ചിട്ടുണ്ടെന്നും കർണാടക വനംവകുപ്പ്.

രാജ്യത്തെ ഏറ്റവും ജൈവവൈവിധ്യമുള്ള വനസമ്പത്തുള്ള സംസ്ഥാനങ്ങളിലൊന്നാണു കർണാടക. 6000 ആനകളും 500 കടുവകളും 25000 പുലികളും 600-700 സിംഹവാലൻ കുരങ്ങുകളും സംസ്ഥാനത്തെ വനങ്ങളിലുണ്ട്.

കാസർഗോട്ടു നിന്നു ബോട്ടിൽ കടന്നു; കന്നഡ കുടുംബത്തിനെതിരേ കേസ്

മംഗളൂരു: നിയന്ത്രണങ്ങൾ ലംഘിച്ച് കേരളത്തിൽ നിന്നു കടൽമാർഗം മടങ്ങിയതിനു കർണാടകയിൽ ഒരു കുടുംബത്തിലെ ഏഴു പേർക്കെതിരേ കേസ്. കാസർഗോഡ് തലപ്പാടിയിലെ ബന്ധുവീട് സന്ദർശിച്ചതിന് അഡ്ഡൂർ സ്വദേശി യാക്കൂബിനും കുടുംബാംഗങ്ങൾക്കുമെതിരേയാണ് ബാജ്പെ പൊലീസ് കേസെടുത്തത്. അടച്ചിടൽ പ്രഖ്യാപിക്കും മുൻപ് തലപ്പാടിയിലെ ബന്ധുവീട്ടിലെത്തിയതായിരുന്നു യാക്കൂബും കുടുംബവും. 24 മുതൽ യാത്രാനിയന്ത്രണം പ്രഖ്യാപിച്ചതോടെ കാസർഗോട്ടുനിന്നു മംഗലാപുരത്തേക്കുള്ള എല്ലാ റോഡുകളും പൊലീസ് അടച്ചു. എന്നാൽ, ഷക്കീർ എന്നൊരാളുടെ സഹായത്തോടെ ബോട്ട് വാടകയ്ക്കെടുത്ത യാക്കൂബ് കടലിലൂടെ അഡ്ഡൂരിലെത്തി. കഴിഞ്ഞദിവസം ഇവർ റേഷൻ വാങ്ങാനെത്തിയപ്പോൾ സമീപവാസികൾ പൊലീസിനെ വിവരമറിയിക്കുകയായിരുന്നു. തുടർന്നു പൊലീസ് എത്തി കസ്റ്റഡിയിലെടുത്ത ഇവരെ വെന്റ്ലോക്ക് ആശുപത്രിയിൽ സമ്പർക്ക വിലക്കിലാക്കി. ഏഴു പേരുടെയും സ്രവങ്ങൾ പരിശോധനയ്ക്ക് അയച്ചു.

പ്രവാസികൾക്കു വേണ്ടി എം.കെ. രാഘവൻ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ഗൾഫ് രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പ്രവാസികളെ മടക്കിക്കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ഉടൻ നടപടിയെടുക്കണമെന്നു നിർദേശിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് എംപി എം.കെ. രാഘവൻ സുപ്രീം കോടതിയെ സമീപിച്ചു. ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കണമെന്നാണു രാഘവൻ ചൂണ്ടിക്കാട്ടുന്നത്.

ജിസിസി രാജ്യങ്ങളിൽ നിന്ന് തിരിച്ചുവരാൻ സാമ്പത്തിക ശേഷിയില്ലാത്തവരുടെ ചെലവ് സർക്കാർ വഹിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു. ഗൾഫ് രാജ്യങ്ങളിലുള്ള നിരവധി പേർ കൊവിഡ് വ്യാപന സാഹചര്യത്തിൽ നാട്ടിലെത്താൻ മോഹിക്കുന്നുണ്ട്. ഇവരെ മടക്കിക്കൊണ്ടുവരാൻ പ്രത്യേക ഫ്ളൈറ്റുകൾ അനുവദിക്കണം. സർക്കാർ ചെലവിൽ കൊണ്ടുവരണം. ജിസിസി രാജ്യങ്ങളിലേക്ക് സർക്കാർ മെഡിക്കൽ സംഘത്തെ അയക്കണം. അവിടെയുള്ള പ്രവാസികൾക്ക് ഈ സംഘങ്ങൾ ആവശ്യമായ സഹായം നൽകണം. ഓരോ രാജ്യത്തെയും നിയമങ്ങളും നിബന്ധനകളും അനുസരിച്ച് ഈ മെഡിക്കൽ സംഘങ്ങൾക്കു പ്രവർത്തിക്കാനാവും- ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

നിരവധി വിമാനക്കമ്പനികളുമായി താൻ ബന്ധപ്പെട്ടുവെന്നും അവർ പ്രവാസികളെ തിരിച്ചെത്തിക്കാൻ തയാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും രാഘവൻ പറയുന്നു. വിദേശകാര്യ വകുപ്പ്, വ്യോമഗതാഗത വകുപ്പ്, ഷിപ്പിങ് തുടങ്ങിയ വിഭാഗങ്ങളുമായി താൻ ബന്ധപ്പെട്ടു. കേരള സർക്കാരിനോടും ഇക്കാര്യം അഭ്യർഥിച്ചു- ഹർജിയിൽ വ്യക്തമാക്കുന്നു.

ചന്തകളിൽ തിരക്ക്; കൂടുതൽ നിയന്ത്രണം

പറ്റ്ന: കൊവിഡ് 19 വ്യാപനം തടയാനുള്ള നിയന്ത്രണങ്ങളുടെ ഗുണഫലങ്ങളില്ലാതാക്കും വിധം രാജ്യത്തെ ചന്തകളിൽ തിരക്ക്. ഡൽഹി, മുംബൈ തുടങ്ങി പ്രധാന നഗരങ്ങളിലൊന്നും ചന്തകളിൽ സാമൂഹിക അകലം പാലിക്കൽ പ്രായോഗികമാകുന്നില്ല.

ബിഹാർ തലസ്ഥാനമായ പറ്റ്നയിലെ പ്രധാന പച്ചക്കറി ചന്തയായ ദിഘയിൽ ഇന്നലെ വൻ തിരക്കാണ് അനുഭവപ്പെട്ടത്. സംസ്ഥാനത്ത് 60 പേർക്കാണു കൊവിഡ് സ്ഥിരീകരിച്ചത്. ഡൽഹിയിലെ താത്കാലിക ചന്തയിലും കണ്ടത് ജനങ്ങളും കച്ചവടക്കാരും പതിവുപോലെ ഇടപഴകുന്ന കാഴ്ചയാണ്. നേരത്തേ നജഫ്ഗഡിൽ റോഡിനോടു ചേർന്നായിരുന്നു ചന്ത. ഇവിടെ വൻ തിരക്കായതോടെ ഹൈബത്പുര ഗ്രാമത്തിലേക്കു ചന്ത മാറ്റിയെങ്കിലും തിരക്കുകുറയ്ക്കാനായിട്ടില്ല. ആസാദ്പുർ ചന്തയിലും തിരക്ക് നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ ഫലവത്തായിട്ടില്ല.

സാമൂഹിക അകലം പാലിക്കപ്പെടുന്നില്ലെന്നായതോടെ മഹാരാഷ്ട്രയിലെ താനെയിൽ പച്ചക്കറി ചന്തകൾ 14 വരെ അടച്ചു. താനെയിലും കല്യാണിലെയും ചന്തകളിൽ വെള്ളിയാഴ്ച വൻ തിരക്കാണ് അനുഭവപ്പെട്ടത്. ജംബലിനക, ഖർക്കർ അളി മൊത്തക്കച്ചവട ചന്തകളിലും ആളുകളെ നിയന്ത്രിക്കാനായില്ല. കച്ചവടക്കാർ നിയന്ത്രണങ്ങൾ വയ്ക്കാത്തതാണു വിനയായതെന്ന് അസിസ്റ്റന്റ് മുനിസിപ്പൽ കമ്മിഷണർ മാരുതി ഗെയ്ക്ക്വാദ് പറഞ്ഞു. കല്യാൺ വെസ്റ്റിലെ ഖഡക്പഡ സൂപ്പർമാർക്കറ്റിൽ രണ്ടു കിലോമീറ്റർ വരെ ക്യൂ നീണ്ടു. ഇതേത്തുടർന്ന് ഇവിടെ ചന്തകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ, ചന്തകളുടെ പ്രവർത്തന സമയം വെട്ടിക്കുറച്ചതോടെ കടകളിൽ കൂടുതൽ തിരക്കാണ് അനുഭവപ്പെടുന്നത്.

കൊവിഡിനെ നേരിടാൻ ശ്രീചിത്രയുടെ നവീന ബ്ലഡ് പ്ലാസ്മ ചികിത്സ

രോഗം ഭേദമായവരുടെ പ്രതിരോധ ശേഷി ഉപയോഗിച്ച് രോഗിയെ ചികിൽസിക്കും

തിരുവനന്തപുരം: കൊവിഡ് 19 രോഗികളെ ചികിത്സിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പുമായി കേന്ദ്ര ശാസ്ത്ര, സാങ്കേതിക വകുപ്പിനു കീഴിലുള്ള ശ്രീചിത്ര തിരുനാൾ മെഡിക്കൽ സയൻസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്. രോഗം ഭേദമായവരുടെ പ്രതിരോധ ശേഷി രോഗിയെ ചികിത്സിക്കാൻ ഉപയോഗിക്കുന്ന 'കൺവെൽസെന്റ്-പ്ലാസ്മ തെറാപ്പി'ക്കാണ് ഇന്ത്യൻ വൈദ്യശാസ്ത്ര ഗവേഷണ കൗൺസിൽ (ഐസിഎംആർ) ശ്രീചിത്രയ്ക്ക് അനുമതി നൽകിയത്.

പ്ലാസ്മ തെറാപ്പി:

നോവൽ കൊറോണ വൈറസ് പോലെയുള്ള ഒരു രോഗാണു പകരുമ്പോൾ നമ്മുടെ പ്രതിരോധ സംവിധാനം ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കും. ഈ ആന്റിബോഡികൾ വൈറസിനെ തിരിച്ചറിഞ്ഞ് നശിപ്പിക്കും. രോഗം ഭേദമായവരുടെ രക്തത്തിൽ നിന്ന് ആന്റിബോഡി വൻതോതിൽ ശേഖരിക്കുകയും രോഗിയുടെ ഉള്ളിലേക്കു സന്നിവേശിപ്പിക്കുകയുമാണ് ഈ ചികിത്സയിൽ ചെയ്യുന്നത്. ആന്റിബോഡികളുടെ സഹായത്തോടെ പ്രതിരോധ സംവിധാനത്തിന് വൈറസിനെ നേരിടാനുള്ള കരുത്ത് വർധിക്കുന്നു.

ചികിത്സ ഇങ്ങനെ:

കൊവിഡ് 19 പൂർണമായി ഭേദമായവരിൽ നിന്നാണ് രക്തം ശേഖരിക്കുക. രോഗാണുക്കളെ നിർവീര്യമാക്കിയ ആന്റിബോഡിക്കു വേണ്ടി രക്തത്തിലെ സെറം വേർതിരിക്കുകയും ശേഷിനിർണയം നടത്തുകയും ചെയ്യുന്നു. പകർച്ചവ്യാധിമുക്തരിൽ, പ്രത്യേകിച്ചും ആന്റിബോഡി കൂടുതലുള്ളവരിൽ, ഉണ്ടാകുന്ന സെറം കൺവെൽസെന്റ് സെറം ആയിരിക്കും. കൊവിഡ് രോഗിയിൽ അത് പ്രവർത്തനക്ഷമമാവുകയും പ്രതിരോധ ശേഷി നേടിയെടുക്കുകയും ചെയ്യുന്നു.

വാക്സിനേഷനിൻ നിന്ന് വ്യത്യസ്തം:

വാക്സിൻ പ്രവർത്തിക്കുമ്പോൾ രോഗപ്രതിരോധ സംവിധാനം ആന്റിബോഡി ഉൽപാദിപ്പിക്കുകയും അത് ആയുഷ്കാല പ്രതിരോധ ശേഷി നൽകുകയും ചെയ്യുന്നു. എന്നാൽ ഈ നിഷ്ക്രിയ ആന്റിബോഡി ചികിൽസയിൽ രക്തത്തിൽ സന്നിവേശിപ്പിച്ച ആന്റിബോഡി നിലനിൽക്കുന്ന കാലത്തോളം മാത്രമേ ഫലപ്രദമാവുകയുള്ളു. അതായത്, അത് നൽകുന്ന സുരക്ഷ താൽക്കാലികമാണ്.

ഇത് ഫലപ്രദമാണോ:

നിലവിൽ നമുക്ക് ഫലപ്രദമായ ആന്റി വൈറൽ മരുന്നുകളില്ല. അതുകൊണ്ട്, എപ്പോഴെങ്കിലും ഒരു പുതിയ വൈറസ് പൊട്ടിപ്പുറപ്പെട്ടാൽ അതു ചികിത്സിക്കാൻ കൺവെൽസെന്റ് സെറം ഉപയോഗപ്പെടുത്താൻ കഴിയും. 2009-2010 ലെ എച്ച്1എൻ1 ഇൻഫ്ളുവൻസാ വൈറസ് പകർച്ചവ്യാധി ഉണ്ടായപ്പോൾ രോഗികളിൽ തീവ്രപരിചരണം ആവശ്യമുള്ളവർക്ക് ഇത് ഉപയോഗിച്ചിരുന്നു. ചികിൽസയ്ക്കു ശേഷം ആ രോഗികളുടെ നില മെച്ചപ്പെട്ടതായി കാണുകയും മരണനിരക്ക് കുറയുകയും ചെയ്തു. 2018ലെ എബോള പകർച്ചവ്യാധിക്കാലത്തും ഇതേ രീതി ഉപയോഗപ്പെടുത്തി.

ആർക്കാണ് ചികിൽസ:

"ഗുരുതരാവസ്ഥയിലുള്ള രോഗികളിൽ മാത്രം പരീക്ഷണാടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ ചികിത്സയ്ക്ക് അനുമതിയുള്ളത്. അങ്ങനെയുള്ള രോഗികളെ കണ്ടെത്തിക്കഴിഞ്ഞാൽ അവരിൽ നിന്നും രേഖാമൂലമുള്ള സമ്മതം ലഭിക്കേണ്ടതുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ചികിത്സ എന്ന നിലയിലായിരിക്കും നടത്തുക". ശ്രീചിത്ര ഡയറക്റ്റർ ഡോ. ആശാ കിഷോർ പറഞ്ഞു. അഞ്ച് ഗവൺമെന്റു മെഡിക്കൽ കോളെജുകളിലെയും കൊവിഡ് ക്ലിനിക്കുകൾ ഇതിൽ പങ്കാളികളാകുമെന്നും അവർ അറിയിച്ചു.

വെല്ലുവിളികൾ:

രോഗം ഭേദമായവരിൽ നിന്ന് മതിയായ അളവിൽ പ്ലാസ്മ ലഭിക്കുക എന്നത് എളുപ്പമല്ലാത്തതു കൊണ്ടുതന്നെ ഈ ചികിത്സ ഉദ്ദേശിക്കുന്നത്ര ലളിതമല്ല. കൊവിഡ് 19 ബാധിതരിൽ ഭൂരിഭാഗവും രക്തസമ്മർദവും പ്രമേഹവും പോലെ മറ്റുപല രോഗങ്ങളുമുള്ള പ്രായമേറിയവരാണ്. രോഗം ഭേദമായ എല്ലാവരും സ്വയം സന്നദ്ധരായി രക്തം ദാനം ചെയ്യാൻ തയാറാകണം എന്നുമില്ല.

പള്ളികളിൽ താമസിച്ചിരുന്ന 52 പേർക്ക് കൊവിഡ്

ന്യൂഡൽഹി: ചാന്ദ്നി മഹൽ പ്രദേശത്ത് 13 മുസ്ലിം പള്ളികളിൽ താമസിച്ചിരുന്ന 102 പേരെ പുറത്തുകൊണ്ടുവന്നതിൽ 52 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഇതിൽ ഏറെപ്പേരും നിസാമുദീൻ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരാണ്. ഡൽഹിയിലെ 30 ഹോട്ട് സ്പോട്ടുകളിൽ ഉൾപ്പെട്ടതാണ് ചാന്ദ്നി മഹൽ. കഴിഞ്ഞ നാലു ദിവസത്തിനിടെ സെൻട്രൽ ഡൽഹി പ്രദേശത്തെ മൂന്നു പേർ കൊവിഡ് ബാധിച്ചു മരിച്ചതായും സീനിയർ സർക്കാർ ഉദ്യോഗസ്ഥൻ പറഞ്ഞു.



കഴിഞ്ഞ അഞ്ചു ദിവസമായി നടത്തിയ ശക്തമായ തെരച്ചിലിലാണ് പള്ളികളിൽ ഒളിച്ചുതാമസിച്ചിരുന്ന 102 പേരെ കണ്ടെത്തിയതെന്നും ഉദ്യോഗസ്ഥൻ. ഇവരിൽ വിദേശികളുമുണ്ട്. ഇവരെ അപ്പോൾ തന്നെ ക്വാറന്റൈൻ സെന്ററുകളിലേക്കു മാറ്റിയിരുന്നു. ആരാധനാലയങ്ങളിൽ ആളുകൾ താമസിക്കുന്നുണ്ടെന്ന് സൂചന ലഭിച്ചപ്പോൾ തന്നെ എല്ലാവരും ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെടാൻ നിർദേശം നൽകിയിരുന്നു. എന്നിട്ടും ഹാജരാകാതെ വന്നതോടെയാണ് ശക്തമായ തെരച്ചിൽ നടത്തിയത്. ഈ മേഖലയിലെ കൊറോണ വ്യാപനം തടയുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സർക്കാർ. പ്രദേശം മുഴുവൻ അണുനാശിനി തളിച്ചു.

മരണമടഞ്ഞവരും കൊറോണ സ്ഥിരീകരിച്ചവരുമായി ബന്ധമുള്ളവരെ കണ്ടെത്തി വീടുകളിൽ ക്വാറന്റൈൻ ചെയ്യുകയാണ്. ഇവിടുത്തെ താമസക്കാരെ പുറത്തിറങ്ങാൻ അനുവദിക്കുന്നില്ല. അവശ്യ വസ്തുക്കൾ വീടുകളിൽ എത്തിക്കുകയാണ്. തബ് ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ട് കൊവിഡ് സ്ഥിരീകരിച്ചവരിൽ ഇരുപതോളം പേർ രാജ്യത്ത് ഇതുവരെ മരിച്ചിട്ടുണ്ടെന്ന് സർക്കാർ പറയുന്നു. തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 2300ൽ ഏറെ പേരെ മാർച്ച് അവസാനം നിസാമുദീനിലെ മർക്കസ് കെട്ടിടത്തിൽ നിന്ന് പുറത്തുകൊണ്ടുവന്നിരുന്നു. ഇവരിൽ നിരവധി വിദേശകളുമുണ്ടായിരുന്നു. ഒമ്പതിനായിരത്തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തതായാണു കരുതുന്നത്. ഇവരിൽ കുറെപ്പേർ പിന്നീട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെത്തി. ജനുവരി ഒന്നിനു ശേഷം 2100 വിദേശികൾ ഇന്ത്യയിലെത്തി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തബ് ലീഗ് പ്രവർത്തനങ്ങളിൽ പങ്കെടുത്തുവെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കുന്നത്.

ഇതുവരെ 900ൽ അധികം കൊറോണ രോഗികളാണ് ഡൽഹിയിലുള്ളത്. ഇവരിൽ അറുനൂറോളം പേർ തബ് ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ടവരാണ്. മാസ്ക് ധരിക്കണമെന്ന സർക്കാർ നിർദേശം പാലിക്കാത്തവർക്കെതിരേ ഡൽഹി പൊലീസ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരവധി പേർക്കെതിരേ കേസ് രജിസ്റ്റർ ചെയ്തു.

21 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് ഡൽഹി സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിർത്തിവച്ചു. സർക്കാർ നടത്തുന്ന ഈ ആശുപത്രി ഇന്നലെ ഒരുവട്ടം അണുവിമുക്തമാക്കി. തിങ്കളാഴ്ച വീണ്ടും ഇതു തുടരും. ഇവിടെ പ്രവേശിപ്പിച്ചിരുന്ന രോഗികളെ സമീപമുള്ള സ്വകാര്യ സ്ഥാപനത്തിലേക്കു മാറ്റി. ആശുപത്രിയിലുണ്ടായിരുന്ന മൂന്നു ക്യാൻസർ രോഗികൾക്ക് വ്യാഴാഴ്ച കൊവിഡ് സ്ഥിരീകരിച്ചിരുന്നു. ഡോക്റ്ററും ഒമ്പത് പാരാമെഡിക്കൽ സ്റ്റാഫും രോഗം സ്ഥിരീകരിച്ചവരിൽ ഉൾപ്പെടുന്നു.

വിജയമായി ഓപ്പറേഷൻ ഷീൽഡ്

കിഴക്കൻ ഡൽഹിയിലെ ഹോട്ട് സ്പോട്ടായിരുന്ന ദിൽഷാദ് ഗാർഡൻ ഇപ്പോൾ കൊറോണ മുക്ത പ്രദേശമായതായി ഡൽഹി സർക്കാർ പ്രഖ്യാപിച്ചു. സർക്കാരിന്റെ ഓപ്പറേഷൻ ഷീൽഡ് പദ്ധതി വിജയം കണ്ടതായി സംസ്ഥാന ആരോഗ്യ മന്ത്രി സത്യേന്ദർ ജയിൻ പറഞ്ഞു. കഴിഞ്ഞ പത്തു ദിവസവും ഇവിടെ ആർക്കും കൊവിഡ് സ്ഥിരീകരിച്ചിട്ടില്ല.

പ്രദേശം മുഴുവൻ അടച്ചിടുക, വീടുകളിൽ ക്വാറന്റൈൻ ചെയ്യുക, അവശ്യ വസ്തുക്കൾ വിതരണം ചെയ്യുക, അണുനശീകരണ പ്രവർത്തനങ്ങൾ നടത്തുക, എല്ലാ വീടുകളിലും ഇടക്കിടെ പരിശോധന നടത്തുക, ഐസൊലേഷൻ, ട്രാക്കിങ് എന്നിവയെല്ലാം ഉൾപ്പെട്ടതാണ് മുഖമന്ത്രി അരവിന്ദ് കെജരിവാൾ പ്രഖ്യാപിച്ച ഓപ്പറേഷൻ ഷീൽഡ്. ദിൽഷാദ് ഗാർഡനിലെ നാലായിരത്തിലേറെ വീടുകളിൽ താമസിക്കുന്ന പതിനയ്യായിരത്തോളം പേരെ മെഡിക്കൽ സംഘങ്ങൾ പരിശോധിച്ചു. രോഗലക്ഷണങ്ങളുള്ളവരെ ആശുപത്രിയിലേക്കു മാറ്റി.

ഇന്ത്യ നിർമിക്കും 20 കോടി ഹൈഡ്രോക്സി ക്ലോറോക്വീൻ

അഹമ്മദാബാദ്: കൊവിഡ് 19 പ്രതിരോധത്തിന് വിവിധ രാജ്യങ്ങളിൽ നിന്ന് വൻതോതിൽ ആവശ്യമുയർന്നതോടെ ഈ മാസം ഇന്ത്യ നിർമിക്കുന്നത് 20 കോടി ഹൈഡ്രോക്സി ക്ലോറോക്വീൻ ഗുളികകൾ. സൈഡസ് കാഡില്ല സിഇഒ പങ്കജ് പട്ടേലാണ് ഇക്കാര്യം അറിയിച്ചത്. ആഭ്യന്തര- വിദേശ വിപണികളിലെ ആവശ്യം പരിഗണിച്ച് അടുത്തമാസം കാഡില്ല ഈ മരുന്നു നിർമിക്കാനുള്ള 30 ടൺ ചേരുവകൾ നിർമിക്കുമെന്നും അദ്ദേഹം. ഇതുവഴി 15 കോടി ഗുളികകൾ നിർമിക്കാനാവുമെന്നും പട്ടേൽ.

മലേറിയ രോഗികൾക്കു നൽകുന്ന ഹൈഡ്രോക്സി ക്ലോറോക്വീൻ കൊവിഡ് രോഗികളിലും ഫലപ്രദമെന്നു കണ്ടതോടെ ഈ ഗുളികയുടെ ഏറ്റവും വലിയ ഉത്പാദകരായ ഇന്ത്യ ഇവയുടെ കയറ്റുമതി നിർത്തിവച്ചിരുന്നു. എന്നാൽ, ലോകരാജ്യങ്ങൾ അഭ്യർഥനയുമായെത്തിയതോടെ ഉപാധികളോടെ നിയന്ത്രണം നീക്കിയിട്ടുണ്ട്.

യുഎസ്, സ്പെയ്ൻ, ജർമനി, ബഹ്റൈൻ, ബ്രസീൽ, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ, മാലദ്വീപ്, ബംഗ്ലാദേശ്, സീഷെൽസ്, മൗറീഷ്യസ്, ഡൊമിനിക്കൻ റിപ്പബ്ലിക് എന്നീ രാജ്യങ്ങൾക്കാണ് തത്കാലം മരുന്നു നൽകുക. 48 ലക്ഷം ഗുളികകളാണ് യുഎസ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിന് ഇന്ത്യ അനുമതി നൽകി.

അതേസമയം, ബ്രിട്ടനിലേക്ക് മൂന്നു ലക്ഷം പാരസെറ്റമോൾ പാക്കറ്റുകളും കയറ്റുമതി ചെയ്യാൻ അനുമതിയുണ്ട്. നേരത്തേ, പാരസെറ്റമോൾ കയറ്റുമതിക്കും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. പിന്നീട് ബ്രിട്ടിഷ് അധികൃതർ പ്രത്യേക അഭ്യർഥന പുറപ്പെടുവിച്ചതോടെയാണ് അവിടേക്കു പാരസെറ്റമോൾ അയയ്ക്കാൻ തീരുമാനം. പകർച്ചവ്യാധിയെ കൂട്ടായി നേരിടാനുള്ള ഇന്ത്യയുടെയും ബ്രിട്ടന്റെയും പ്രതിബദ്ധതയ്ക്കു തെളിവാണ് ഗുളിക കയറ്റുമതിയെന്ന് ബ്രിട്ടിഷ് ദക്ഷിണേഷ്യാ കാര്യ മന്ത്രി താരിഖ് അഹമ്മദ്. ഗുളികകൾ പ്രത്യേക വിമാനത്തിൽ ഇന്നു ലണ്ടനിലെത്തും. ഇന്ത്യയിൽ കുടുങ്ങിയ ബ്രിട്ടിഷ് പൗരന്മാരെയും ഈ വിമാനത്തിൽ മടക്കിക്കൊണ്ടുപോയേക്കും.

മത്സ്യമേഖലയ്ക്ക് ഇളവ്



ന്യൂഡൽഹി: അടച്ചിടലിൽ നിന്നു മത്സ്യമേഖലയെയും സമുദ്രോത്പന്ന മേഖലയെയും ഒഴിവാക്കി ആഭ്യന്തരമന്ത്രാലയം ഉത്തരവിറക്കി. വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരുമായി ചർച്ച ചെയ്ത ശേഷം കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ലയുടേതാണു തീരുമാനം. മത്സ്യമേഖലയെ കാർഷിക മേഖലയുടെ ഭാഗമായി കണ്ടാണ് നിയന്ത്രണം നീക്കിയത്.

കടലിലെ മീൻപിടിത്തം, മത്സ്യം, ചെമ്മീൻ തുടങ്ങിയവയുടെ കടത്ത്, മത്സ്യക്കൃഷി, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പാക്കെജിങ്, ശീതീകരണം, വിപണനം, ഹാച്ചറികൾ, ഫീഡ് പ്ലാന്റുകൾ, അക്വേറിയം മുതലായവയ്ക്കും ഇവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഇളവ് ബാധകം. അതേസമയം, സാമൂഹിക അകലം പാലിക്കാനും ശുചിത്വം ഉറപ്പാക്കാനുംവേണ്ടി പുറപ്പെടുവിച്ച ഉത്തരവുകൾ ഇവരെല്ലാം പാലിക്കണം. സ്ഥാപന മേധാവിമാർക്കാണ് ഇതിന്റെ ഉത്തരവാദിത്തം.

അടച്ചുപൂട്ടൽ ഏർപ്പെടുത്തിയതോടെ രാജ്യത്തെ മത്സ്യമേഖല വലിയ പ്രതിസന്ധിയിലായിരുന്നു. മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഡിപി) ഒരു ശതമാനം ഈ രംഗത്തു നിന്നാണ്. കാർഷിക മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ അഞ്ചു ശതമാനവും മത്സ്യമേഖലയുടെ സംഭാവനയാണ്. ഈ സാഹചര്യത്തിലാണ് ഇളവ്.

വിളവെടുപ്പ് കാലമായതിനാൽ കാർഷിക പ്രവർത്തനങ്ങൾക്ക് കഴിഞ്ഞദിവസം ഇളവ് നൽകിയിരുന്നു. കർഷകരിൽ നിന്നു നേരിട്ടു കാർഷികോത്പന്നങ്ങൾ സംഭരിക്കാൻ മൊത്തക്കച്ചവടക്കാർക്ക് അനുമതി നൽകിയിട്ടുണ്ട്. വിളവെടുപ്പും വിതയ്ക്കലുമടക്കം കാർഷികപ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളോട് നിർദേശിച്ചു.

കാർഷിക യന്ത്രങ്ങളും അവയുടെ സ്പെയർപാർട്സുകളും വിൽക്കുന്ന കടകൾ തുറക്കാൻ അനുമതിയുണ്ട്. ദേശീയ പാതകളിലെ ട്രക്ക് വർക്ക്ഷോപ്പുകൾക്കും തുറക്കാം. തേയില വ്യവസായമടക്കമുള്ള പ്ലാന്റേഷനുകളിൽ 50 ശതമാനം തൊഴിലാളികളെ വച്ച് പ്രവർത്തനം നടത്താം.

15 മുതൽ ഗോതമ്പ് വിളവെടുപ്പ് തുടങ്ങും. 25 ശതമാനം പയർ വർഗങ്ങളും എണ്ണക്കുരുക്കളും താങ്ങുവില പദ്ധതിയിൽ വാങ്ങാൻ സംസ്ഥാനങ്ങളോടു കേന്ദ്രം നിർദേശിച്ചിട്ടുണ്ട്.

ഇന്ത്യൻ സംഘം കുവൈറ്റിൽ

ന്യൂഡൽഹി: കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിലെ സഹകരണത്തിന് ഇന്ത്യയുടെ റാപ്പിഡ് റെസ്പോൺസ് ടീം കുവൈറ്റിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കുവൈറ്റ് പ്രധാനമന്ത്രി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അൽ ഹമാദ് അൽ സബാഹുമായി ഏപ്രിൽ ഒന്നിനു നടത്തിയ ടെലിഫോൺ ചർച്ചയെ തുടർന്നാണിതെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു.

ആരോഗ്യ വിദഗ്ധരും ഡോക്റ്റർമാരും അടക്കം പതിനഞ്ചു പേരുടേതാണ് ഇന്ത്യൻ ടീം. വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് ഇവർ കുവൈറ്റിൽ എത്തിയത്. കൊറോണ വ്യാപന സാഹചര്യത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ നിരന്തര സമ്പർക്കം പുലർത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയിരത്തോളം കൊറോണ കേസുകളാണു കുവൈറ്റിലുള്ളത്.

കശ്മീരിൽ 7 മലയാളികൾക്ക് കൊറോണ

ശ്രീനഗർ: കശ്മീരിൽ ഐസൊലേഷനിൽ കഴിഞ്ഞിരുന്ന ഏഴു മലയാളികൾക്ക് കൊവിഡ് സ്ഥിരീകരിച്ചതായി റിപ്പോർട്ട്. നിസാമുദീനിലെ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത ശേഷം കശ്മീരിലെത്തിയവർക്കാണു രോഗം സ്ഥിരീകരിച്ചതെന്നാണു സൂചന. ഇവർക്കൊപ്പമുണ്ടായിരുന്ന കശ്മീർ സ്വദേശിക്കും രോഗമുണ്ട്. മാർച്ച് മാസം അവസാനത്തോടെയാണ് ഇവരുടെ സംഘം കശ്മീരിലെത്തിയത്. സൈന്യത്തിന്റെ പരിശോധനയിൽ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരാണെന്നു ബോധ്യമായതോടെ ക്വാറന്റൈൻ ചെയ്യുകയായിരുന്നു. ശ്രീനഗർ മെഡിക്കൽ കോളെജിലാണ് ഇവരെ പ്രവേശിപ്പിച്ചിട്ടുള്ളത്.

തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത ഇരുപതിലേറെ പേർക്ക് കശ്മീരിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്നലെ 17 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചതോടെ ജമ്മു കശ്മീരിൽ മൊത്തം കൊവിഡ് രോഗികൾ 224 ആയി ഉയർന്നിട്ടുണ്ട്. ഇന്നലെ സ്ഥിരീകരിച്ചതിൽ പന്ത്രണ്ടും കശ്മീർ താഴ്വരയിലാണ്. മൊത്തം 180 പേർ കശ്മീരിൽ നിന്നുള്ളവർ. 43,000 പേർ ജമ്മു കശ്മീരിൽ നിരീക്ഷണത്തിലുണ്ട്.

ബംഗാൾ ലോക്ഡൗൺ ലംഘിച്ചു: കേന്ദ്രം

സംസ്ഥാന ചീഫ് സെക്രട്ടറിയോട് ആഭ്യന്തര മന്ത്രാലയം റിപ്പോർട്ട് തേടി

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ ലോക്ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ലോക്ഡൗണിൽ ക്രമമായി വെള്ളം ചേർക്കുകയാണുണ്ടായത്. അവശ്യ വസ്തുക്കളല്ലാത്തവ വിൽക്കുന്ന ഷോപ്പുകൾ തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചു. മതപരമായ ചടങ്ങുകൾക്ക് പൊലീസ് അനുമതി നൽകി- സംസ്ഥാന ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടുന്നു. സംസ്ഥാന ഡിജിപിക്കും കത്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉടൻ റിപ്പോർട്ട് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പച്ചക്കറി, മത്സ്യ-മാംസ മാർക്കറ്റുകളിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയില്ല. സാമൂഹിക അകലം പാലിക്കണമെന്ന നിർദേശം ഈ സ്ഥലങ്ങളിലൊക്കെ അവഗണിച്ചു. പല ഘട്ടമായി ലോക്ഡൗണിന് ഇളവുകൾ അനുവദിക്കുകയാണു സംസ്ഥാന സർക്കാർ ചെയ്തത്. പ്രതിരോധ മാനദണ്ഡങ്ങൾ ലംഘിച്ച സ്ഥലങ്ങളിലെല്ലാം കൂടുതൽ കൊവിഡ് രോഗികളുണ്ടായി. പൊതുവിതരണ സംവിധാനങ്ങളിലൂടെയല്ല ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത്. രാഷ്ട്രീയ നേതാക്കൾ വിതരണം ചെയ്യുകയായിരുന്നു. ഇത് കൊവിഡ് വ്യാപനത്തിനു കാരണമായിട്ടുണ്ടാകാം- കത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മാനദണ്ഡങ്ങൾ ലംഘിക്കുന്നതിനെതിരേ കർശന നടപടിയെടുക്കണം- കത്തിൽ പറയുന്നു.

അടച്ചുപൂട്ടിയില്ലെങ്കിൽ ഇപ്പോൾ 8.2 ലക്ഷം രോഗികൾ!

ന്യൂഡൽഹി: അടച്ചുപൂട്ടിയിരുന്നില്ലെങ്കിൽ രാജ്യത്ത് ഈ മാസം പതിനഞ്ചോടെ കൊവിഡ് 19 ബാധിതരുടെ എണ്ണം 8.2 ലക്ഷമായി ഉയർന്നേനെയെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം. കൃത്യസമയത്തു നടപടിയെടുത്തതിനാലാണു രോഗവ്യാപനം നിയന്ത്രിക്കാനായത്. രോഗവ്യാപനത്തിന്റെ തോത് സർക്കാർ പരിശോധിച്ചു. മാർച്ച് 22ന് ജനതാ കർഫ്യൂ പ്രഖ്യാപിച്ചതിനു പിന്നാലെ 25ന് അടച്ചുപൂട്ടൽ പ്രഖ്യാപിച്ചു. അതു ചെയ്തില്ലായിരുന്നെങ്കിൽ ദിവസവും 41 ശതമാനം വർധനയുണ്ടാകുമായിരുന്നു. ഏപ്രിൽ 15ന് 8.2 ലക്ഷം രോഗികളുണ്ടാകുമായിരുന്നെന്നാണു മനസിലാകുന്നത്- ആരോഗ്യമന്ത്രാലയ ജോയ്ന്റ് സെക്രട്ടറി ലവ അഗർവാൾ പറഞ്ഞു.

കൊവിഡ് പ്രതിരോധ നടപടികൾ വിശദീകരിക്കാനുള്ള പ്രതിദിന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യവ്യാപകമായി രോഗികളുടെ എണ്ണം ഇപ്പോൾ 7447 ആണ്. 239 പേർ മരിച്ചു. ഇത്രയും കുറഞ്ഞസംഖ്യയിൽ ഒതുങ്ങിനിൽക്കുന്നത് നാം സ്വീകരിച്ച കടുത്ത നടപടികൾ മൂലവമാണ്.

രാജ്യത്താകെ 586 ആശുപത്രികൾ കൊവിഡ് ചികിത്സയ്ക്കായി നീക്കിവച്ചിട്ടുണ്ട്. ഇവിടങ്ങളിലാകെ 11,500 കിടക്കകൾ തീവ്രപരിചരണ വിഭാഗത്തിലുണ്ട്. ഒരു ലക്ഷം കിടക്കകൾ വേറെയുമുണ്ട്. മലേറിയ പ്രതിരോധ മരുന്ന് ഹൈഡ്രോക്സി ക്ലോറോക്വീന് ക്ഷാമമില്ലെന്നും ഇന്ത്യയ്ക്ക് ആവശ്യമുള്ളത് സൂക്ഷിച്ചശേഷമാണ് കയറ്റുമതി ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു.

അടച്ചുപൂട്ടൽ ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ ഒരാളിൽ നിന്നു 30 ദിവസത്തിനുള്ളിൽ 406 പേരിലേക്കു രോഗം പടർന്നേനെയെന്ന് നേരത്തേ ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) ചൂണ്ടിക്കാട്ടിയിരുന്നു. കൃത്യമായ നടപടി മൂലം രോഗവ്യാപനം 75 ശതമാനം കുറയ്ക്കാൻ കഴിഞ്ഞെന്നും കൗൺസിൽ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. അതേസമയം, ഇപ്പോൾ നിയന്ത്രണം നീക്കുന്നത് ഇതേവരെയെടുത്ത നടപടികളുടെ ഗുണഫലം ഇല്ലാതാക്കുമെന്നു ലോകാരോഗ്യ സംഘടനാ ഡയറക്റ്റർ ജനറൽ ടെഡ്റോസ് അധാനോം ഗബ്രിയൂസസ് പറഞ്ഞു.

അടച്ചുപൂട്ടലിന്റെ പ്രാധാന്യവും വൈറസ്ബാധിതരുടെ എണ്ണവും



ഇന്ത്യ

രോഗബാധിതർ **7529**
മരണം **242**
ഭേദമായവർ 652

ആദ്യ 15 സംസ്ഥാനങ്ങൾ

മഹാരാഷ്ട്ര 1574	ആന്ധ്ര 381
തമിഴ്നാട് 911	കേരളം 364
ഡൽഹി 903	ഗുജറാത്ത് 308
രാജസ്ഥാൻ 553	കർണാടകം 214
തെലങ്കാന 504	ജമ്മു കശ്മീർ 207
മധ്യപ്രദേശ് 443	ഹരിയാന 177
യു പി 433	പഞ്ചാബ് 132
	ബംഗാൾ 126

ലോകം

രോഗബാധിതർ **17,17,059**
മരണം **1,03,858**
ഭേദമായവർ 3,89,189



കൊവിഡ് 19 മരണം

ഇറ്റലിയെ മറികടന്ന് യുഎസ്

ലോകത്താകെ രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ എണ്ണം **17ലക്ഷം** മരണം **1,03,858**

നെഞ്ചോടടക്കിപ്പിടിച്ച്..

ലോക്ക്ഡൗൺ സമയത്ത് റേഷൻ കാർഡ് ഉടമകൾക്ക് സപ്ലൈകോ നൽകുന്ന സൗജന്യ കിറ്റ് വിതരണം ഇന്നലെ ആരംഭിച്ചപ്പോൾ. അന്ത്യോദയ കാർഡ് ഉടമകൾക്കാണ് ആദ്യ ഘട്ടത്തിൽ കിറ്റ് വിതരണം നടത്തുന്നത്.

മനു ഷെല്ലി

വാഷിങ്ടൺ: കൊവിഡ് 19 മരണതാണ്ഡവം തുടരുന്നു. കനത്ത ആഘാതം യുഎസിന്. മൊത്തം മരണസംഖ്യയിൽ യുഎസ് ഇറ്റലിയെ മറികടന്നു. ഇന്നലെ വൈകുന്നേരം അവസാനിച്ച 24 മണിക്കൂറിനുള്ളിൽ ഇവിടെ മരിച്ചവർ 2,018 പേർ. കൊറോണ പൊട്ടിപ്പുറപ്പെട്ടതിനു ശേഷം യുഎസിൽ ഒരൊറ്റ ദിവസം മരണമടയുന്നവരുടെ ഏറ്റവും ഉയർന്ന സംഖ്യ. ഇന്നലെ വൈകുന്നേരത്തെ കണക്ക് പ്രകാരം യുഎസിൽ മരിച്ചവരുടെ ആകെ എണ്ണം 18,777. ഇതേ സമയം ഇറ്റലിയിലെ മരണസംഖ്യ 18,849. മരണ സംഖ്യയിലെ 77 പേരുടെ വ്യത്യാസമാണ് രാത്രിയോടെ തിരുത്തിയത്.

കൊവിഡ് 19 ബാധിച്ച മറ്റു രാജ്യങ്ങളെല്ലാം സ്ഥിതി കുറേശെ മെച്ചപ്പെടുത്തി വരികയാണ്. എന്നാൽ ഓരോ ദിവസം കഴിയുന്തോറും യുഎസ് കൂടുതൽ പ്രതിസന്ധിയിലാണ്. ഇന്നലെ മാത്രം യുഎസിൽ 28,664 പേർക്കു രോഗം സ്ഥിരീകരിച്ചു. ഇതടക്കം 5,01,342 പേർക്കു രോഗം സ്ഥിരീകരിക്കപ്പെട്ടു. വരും ദിവസങ്ങളിലും സ്ഥിതി രൂക്ഷമാകുമെന്നാണ് ആരോഗ്യ വകുപ്പ് അധികൃതർ നൽകുന്ന സൂചന. കൊവിഡ് നിയന്ത്രണം സാധാരണ ഗതിയിലാകാൻ അടുത്ത നവംബർ വരെ കാത്തിരിക്കേണ്ടി വരുമെന്നു വൈറ്റ്ഹൗസിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഉപദേശകനും പകർച്ചവ്യാധി പ്രതിരോധ വിഭാഗം മേധാവിയുമായ ഡോ. ആന്റണി ഫൗസി അറിയിച്ചു.

മറ്റു രാജ്യങ്ങളെക്കാൾ വളരെ വേഗത്തിലാണ് യുഎസിലെ രോഗവ്യാപനം. ഈ മാസം ഒന്നിന് 3,746 ആയിരുന്നു യുഎസിലെ മരണ സംഖ്യ. രണ്ടു ദിവസം

കൊണ്ട് ഇത് ഇരട്ടിയായി. ഏപ്രിൽ നാല് ആയപ്പോഴേക്കും മരണസംഖ്യ 8376 ആയി ഉയർന്നു. ഇതാണ് ഒരാഴ്ചയ്ക്കുള്ളിൽ 18,777 ആയി ഉയർന്നത്. അതേസമയം, നേരത്തേ ഭയന്നതു പോലെയുള്ള വേഗം രോഗവ്യാപനത്തിൽ സംഭവിക്കുന്നില്ല എന്ന് ആശ്വസിക്കാം. ഇന്നലെ അവസാനിച്ച ആഴ്ചയിൽ മരണ സംഖ്യ ഒരു ലക്ഷം കവിയുമെന്നായിരുന്നു പ്രസിഡന്റ് ട്രംപ് പോലും ഭയപ്പെട്ടിരുന്നത്. വരുന്ന ആഴ്ചയിലും രോഗവ്യാപനം ഇതേ നിലയിൽ തുടരുമെന്നാണു കണക്കാക്കുന്നത്. കഴിഞ്ഞ പത്തു ദിവസത്തെ സമൂഹവ്യാപനത്തിെ തോത് അതേപടി തുടർന്നാൽ യുഎസിൽ രോഗബാധിതരുടെ എണ്ണം ഒരു ദശലക്ഷം കവിയും. മരണസംഖ്യ മുപ്പതിനായിരത്തിനും നാല്പതിനായിരത്തിനും ഇടയിലെത്തുകയും ചെയ്യും. അതിനിടെ കൊവിഡ് 19 ബാധിച്ചു ലോകത്തു മരിച്ചവരുടെ എണ്ണം 1,03,536 ആയി ഉയർന്നു. രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ എണ്ണം 17,09,565ഉം.

ബോറിസ് ജോൺസൺ ഐസിയു വിട്ടു

ലണ്ടൻ: കൊവിഡ് 19 ബാധിച്ച് ആശുപത്രിയിൽ കഴിയുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി സുഖം പ്രാപിക്കുന്നു. അദ്ദേഹത്തെ ഇന്റൻസിവ് കെയർ യൂണിറ്റിൽ നിന്നു മാറ്റിയതായി സെന്റ് തോമസ് ആശുപത്രി അധികൃതർ അറിയിച്ചു. പ്രധാനമന്ത്രിയുടെ ശ്വാസോച്ഛ്വാസം സാധാരണ നിലയിലായിട്ടുണ്ട്. അദ്ദേഹത്തിനു നടക്കാൻ കഴിയുന്നുണ്ടെന്നും എന്നാൽ കുറച്ചു ദിവസം കൂടി ആശുപത്രിയിൽ കഴിയേണ്ടി വരുമെന്നും പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു. പ്രധാനമന്ത്രിയുടെ ആരോഗ്യത്തിനു വേണ്ടി പ്രാർഥിച്ച എല്ലാവരോടും അദ്ദേഹത്തിന്റെ പിതാവ് സ്റ്റാൻലി ജോൺസൺ നന്ദി രേഖപ്പെടുത്തി. ബോറിസിന്റെ ആരോഗ്യപുരോഗതിയിൽ കുടുംബാംഗങ്ങൾ സന്തുഷ്ടരാണെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, ആശുപത്രിയിൽ നിന്നു മടങ്ങിയാലും കുറച്ചു ദിവസങ്ങൾകൂടി അദ്ദേഹം വിശ്രമിക്കും. ഈ ദിവസങ്ങളിൽ പ്രധാനമന്ത്രിയുടെ ഓഫിസിൽ പോകാൻ ഇടയില്ലെന്നും മന്ത്രാലയത്തിൽ നിന്നും അറിയിച്ചു.

വത്തിക്കാൻ വിജനം, ഇന്റർനെറ്റ് ഈസ്റ്റർ

വത്തിക്കാൻസിറ്റി: രണ്ടായിരം വർഷത്തെ പഴക്കവും പാരമ്പര്യവും ആചാരപ്പെരുമകളുമുള്ള വത്തിക്കാൻ വിശുദ്ധനഗരം ഇതാദ്യമായി ഈസ്റ്റർ ദിനത്തിൽ ശൂന്യം. കൊവിഡ് 19 പശ്ചാത്തലത്തിൽ കഴിഞ്ഞ ഫെബ്രുവരി അവസാനം മുതൽ അടച്ചിട്ടിരിക്കുന്ന വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസലിക്കയിലേക്ക് വിശുദ്ധവാരത്തിൽ ഒരാൾ പൊലും എത്തിയില്ല. യൂറോപ്പിനെ ഇളക്കിമറിച്ച പ്ലേഗ്, സ്പാനിഷ് ഫ്ളൂ, ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽപ്പോലും സെന്റ് പീറ്റേഴ്സ് ബസലിക്കയിലെ പ്രാർഥനകൾ മുടങ്ങിയിട്ടില്ല, വിശുദ്ധവാരത്തിൽ നടക്കാറുള്ള കുരിശിന്റെ വഴി, ഓശാന ഞായർ തുടങ്ങിയ തിരുക്കർമങ്ങളും ഇതാദ്യമായി മുടങ്ങി. വത്തിക്കാനിലടക്കം ഇറ്റലിയിലെ ഒരു ദേവാലയത്തിലും വിശുദ്ധവാരാചരണം നടന്നില്ല.

ഈസ്റ്റർ ദിനമായ ഇന്നു ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ തനിച്ചു കുർബാന അർപ്പിക്കും. തുടർന്നു നടത്തുന്ന പ്രാർഥനയിൽ ഏതാനും സഹായികൾ മാത്രം പങ്കെടുക്കും. ആരധനാ ചടങ്ങുകൾ ലോകത്തെല്ലായിടത്തും പോലെ വത്തിക്കാനിലുള്ളവർക്കും ടെലിവിഷനിലും ഇന്റർനെറ്റിലും കാണാനാകും.

സ്പെയ്ൻ രേഖപ്പെടുത്തി, 18 ദിവസത്തെ കുറഞ്ഞ മരണസംഖ്യ

മാഡ്രിഡ്: കൊവിഡ് 19 പൊട്ടിപ്പുറപ്പെട്ട് യൂറോപ്പിൽ ഏറ്റവും കൂടുതൽ ആളുകളെ മരണത്തിനു കീഴടക്കിയ സ്പെയിനിൽ മരണ സംഖ്യ കുറയുന്നു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇവിടെ മരിച്ചവർ 510 മാത്രം. മാർച്ച് 23 നു ശേഷം ഏറ്റവും കുറവു മരണസംഖ്യയാണിത്. ഇതോടെ മൊത്തം മരണസംഖ്യ 15970 ആയി ഉയർന്നു. രോഗം ബാധിച്ചവരുടെ എണ്ണം ഇന്നലെ 4830 കൂടി, 1,57,053ലെത്തി. 55,668 പേർ സുഖം പ്രാപിച്ചു. രോഗമുക്തി നേടുന്നവരുടെ എണ്ണത്തിലും വർധന ഉണ്ടാകുന്നത് സ്പെയിന്റെ ആശങ്ക കുറയ്ക്കുന്നു.

ചൈനയിൽ വിവേചനമെന്ന് ആഫ്രിക്കൻ പൗരന്മാർ

ബീജിങ്: കൊവിഡ് 19ന്റെ പേരിൽ ചൈനയിൽ കടുത്ത വിവേചനം നേരിടുന്നെന്ന് ആഫ്രിക്കൻ വംശജർ. തെക്കൻ ചൈനയിലെ ഗുവാങ്ഷുവിലാണ് ആഫ്രിക്കൻ വംശജരെ ഭരണകൂടവും നാട്ടുകാരും ചേർന്ന് ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നത്. വ്യവസായ മേഖലയായ ഇവിടെ തൊഴിൽ തേടിയെത്തിയ നിരവധി നൈജീരിയക്കാർ താമസിക്കുന്നുണ്ട്. ആഫ്രിക്കൻ സമൂഹത്തിന്റെ സാന്നിധ്യം മൂലം ലിറ്റിൽ ആഫ്രിക്കയെന്നാണ് ഗുവാങ്ഷുവിലെ യുക്ഷിയു ജില്ല അറിയപ്പെടുന്നത്.

കഴിഞ്ഞദിവസം ഇവിടെ എട്ടു പേർക്കു കൊവിഡ് സ്ഥിരീകരിച്ചിരുന്നു. ഇവരിൽ അഞ്ചു പേർ നൈജീരിയക്കാരാണ്. ഇതേത്തുടർന്ന് തങ്ങളെ ബലമായി വീടുകളിൽ നിന്നു പുറത്താക്കിയെന്നാണ് ഇവരുടെ ആരോപണം. ചിലരെ നിർബന്ധിതമായി ഐസൊലേഷനിൽ പാർപ്പിച്ച് കൊവിഡ് 19 പരിശോധനയ്ക്കുക വിധേയരാക്കുകയും ചെയ്തതായി ആഫ്രിക്കൻ വംശജർ ആരോപിച്ചു. ഗുവാങ്ഷു പ്രവിശ്യയിലാകെ പുറത്തുനിന്നു വന്ന 114 പേർക്കു കൊവിഡ് സ്ഥിരീകരിച്ചിരുന്നു. ഇവരിൽ 16 പേർ ആഫ്രിക്കൻ വംശജരാണ്.

യുക്ഷിയുവിൽ നിരീക്ഷണത്തിലിരുന്ന അഞ്ചു പേർ വിലക്കു ലംഘിച്ച് റസ്റ്ററന്റുകളിലും പൊതു സ്ഥലങ്ങളിലും പോയെന്നും 2000 പേരുമായി ഇവർക്കു സമ്പർക്കമുണ്ടായെന്നും വാർത്ത പരന്നതാണു പുതിയ നിയന്ത്രണങ്ങൾക്കു കാരണം.

ഇതോടെ, വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ആഫ്രിക്കൻ വംശജരെ പലരും പുറത്താക്കി. മൂന്നു ദിവസമായി താൻ പാലത്തിനു കീഴിലാണു കഴിയുന്നതെന്നും തനിക്ക് ഭക്ഷണം ലഭിക്കുന്നില്ലെന്നും ഉഗാണ്ടയിൽ നിന്ന് വിദ്യാഭ്യാസ ആവശ്യത്തിനായി ചൈനയിലെത്തിയ ടോണി മത്യാസ് പറഞ്ഞു. ഹോട്ടലുകളെല്ലാം അടച്ചിട്ടിരിക്കുന്നതിനാൽ വെള്ളം പോലും കിട്ടാനില്ല. യാചകർക്കു തുല്യനായി താൻ മാറി. പൊലീസിനോടു പറഞ്ഞപ്പോൾ ഇവിടെ നിന്നു പോകാനാണ് നിർദേശം. എവിടെ പോകുമെന്ന ചോദ്യത്തിന് ഉത്തരമില്ലെന്നും ഇരുപത്തിനാലുകാരൻ മത്യാസ്. സാംപ്ൾ പരിശോധിച്ചു രോഗമില്ലെന്നുറപ്പാക്കിയിട്ടും തന്നെ വീട്ടിൽ കയറ്റുന്നില്ലെന്നും പൊലീസിനോടു പരാതിപ്പെട്ടിട്ടും കാര്യമുണ്ടായില്ലെന്നും ഗിനിയ സ്വദേശിയും വിദ്യാർഥിയുമായ തിയാം പറഞ്ഞു. പരിശോധന ഞങ്ങൾക്കു മാത്രമേയുള്ളൂ. ചൈനക്കാർ ഒരു പരിശോധനയുമില്ലാതെ ഇതുവഴി സ്വതന്ത്രരായി നടക്കുകയാണെന്നും തിയാം.

അതേസമയം, ചില തെറ്റിദ്ധാരണകളുണ്ടായിട്ടുണ്ടെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയം. ചൈനീസ് സർക്കാർ എല്ലാ വിദേശ പൗരന്മാർക്കും തുല്യ പരിഗണന നൽകുമെന്നു വിദേശകാര്യ വക്താവ് ഷാവോ ലിജിയൻ പറഞ്ഞു.

പുതിയ യുഗത്തിലെ പ്രതിരോധശേഷി

രോഹിത് ശ്രീ
rohitsreekumarmr@gmail.com

പത്തുലക്ഷത്തിലേറെ വരുന്ന കാലാൾപ്പസേന, അത്യാധുനിക മിസൈൽ, പടുകൂറ്റൻ കപ്പലുകൾ, ഹൈഡ്രജൻ ബോംബ്, ആണവസ്ഫോടനം, ഒരു ശരാശരി മനുഷ്യൻ കേട്ടുമടുത്തതും, രാജ്യങ്ങൾ മത്സരബുദ്ധിയോടെ പടുത്തുയർത്തിയതുമായ പ്രതിരോധ ശേഷി വെറും തുരുമ്പെടുക്കുന്ന ഇരുമ്പ് മാത്രമായോ എന്ന ചിന്തിക്കുന്നതിൽ തെറ്റില്ല. ലോകത്തെ മുഴുവൻ സ്തംഭിപ്പിച്ച, മനുഷ്യന്റെ ഒരു കോശത്തേക്കാൾ വലുപ്പം കുറഞ്ഞ ഒരു വൈറസ് രാജ്യങ്ങളെ ഒക്കെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ടാങ്കും യുദ്ധവിമാനങ്ങളുമൊക്കെ കഴിഞ്ഞ പോയ കഥയാണെന്ന് ഇന്ത്യയുടെ കരസേനാ മേധാവി മേജർ ജനറൽ എം.എം. നരവനേ അടുത്തിടെ ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസ്താവന എത്രത്തോളം യാഥാർഥ്യമാണെന്ന് നമ്മളെ ചൈന പഠിപ്പിക്കുന്നു.

അടുത്തിടെ ആഘോഷിച്ച വാർത്തയായിരുന്നു, ഭാരതീയ കരസേന ലോകത്തിലെ തന്നെ ഏറ്റവും ആൾബലമേറിയ കരസേനയായി മാറി എന്നുള്ളത്. പക്ഷെ ഇതിന്റെ മറുവശം ചിന്തിക്കുവാനോ, കൂടുതൽ അറിയുവാനോ നമ്മളിൽ പലരും താത്പര്യം കാണിച്ചില്ല എന്നതാണ് വാസ്തവം. ചൈന തങ്ങളുടെ കരസേന പകുതിയിലേറെ വെട്ടിക്കുറച്ചു എന്നതിന്റെ പ്രതിഫലനമാണ് ഈ വാർത്ത.

ചൈനയെപ്പോലെ ഇന്ത്യയെക്കാൾ മൂന്നിരട്ടി സാമ്പത്തിക ശേഷിയുള്ള രാജ്യം സ്വന്തം കരസേനയുടെ എണ്ണം കുറയ്ക്കുന്നത് മറ്റൊന്നുംകൊണ്ടല്ല. ആധുനിക ലോകത്തെ കീഴ്പ്പെടുത്തുന്നത് മിസൈലുകളോ, യുദ്ധവിമാനങ്ങളോ അല്ല മറിച്ച് ആഗോളവത്കരണമാണ്.

ഇതിന്റെ തിളങ്ങുന്ന ഉദാഹരണമാണ് ശ്രീലങ്കയിലെ ഹാംബർട്ടോട്ട തുറമുഖം. താങ്ങാവുന്നതിലേറെ സാമ്പത്തിക സഹായം ചൈനയിൽനിന്ന് വാങ്ങി ചൈനയുടെ സാങ്കേതിത വിദഗ്ധർ പണിത ഈ തുറമുഖം പ്രതീക്ഷിച്ചതു പോലെ വരുമാനം സൃഷ്ടിക്കാതിരുന്നപ്പോൾ, കടബാധ്യതയിൽനിന്ന് രക്ഷപ്പെടാൻ സ്വന്തം ഭൂമി ചൈനക്ക് നൂറു വർഷത്തേക്ക് തീറെഴുതി കൊടുക്കുക എന്നല്ലാതെ വേറെ ഒരു മാർഗം ഉണ്ടായിരുന്നില്ല.

തോക്കിൽനിന്ന് ഒരു ഉണ്ടപോലും പുറത്തുവരാതെ മറ്റൊരു രാജ്യത്തിനെ കളിപ്പാവയാക്കുന്ന ഈ ആയുധം ഉണ്ടാക്കുന്നത് ആഗോളവത്കരണവും മുതലാളിത്തവ്യവസ്ഥയും കൂട്ടിച്ചേരുമ്പോഴാണ്. ചൈന എന്ന കമ്മ്യൂണിസ്റ്റ് രാജ്യമാണ് ഇത് ചെയ്യുന്നത് എന്നു കരുതി അതിശയപ്പെടേണ്ട. കൊറോണ എന്ന മഹാമാരി ലോകത്തെ ഒട്ടുമിക്ക വ്യവസായങ്ങളെയും തകർച്ചയുടെ വക്കിൽ എത്തിച്ചപ്പോൾ, ചൈന ഈ വ്യവസായങ്ങളെ വാങ്ങിക്കൂട്ടാൻ കാണിക്കുന്ന ശുഷ്കാന്തി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഉപനിവേശത്തിന്റെ മാതൃകയാകുകയാണ്. യൂറോപ്യൻ രാജ്യങ്ങളിലാണ് ചൈനയുടെ നായാട്ട് കാണപ്പെടുന്നത്.

റഷ്യയിൽ നടന്ന ഒരു സംഭവം മനസിലാക്കിയാൽ ഈ വിപത്തിന്റെ നേർചിത്രം ലഭിക്കും. റഷ്യ യുക്രൈനിലെ ക്രൈമിയയിൽ ആക്രമണം നടത്തിയപ്പോൾ, അമെരിക്കൻ കമ്പനികളായ വിസ, മാസ്റ്റർകാർഡ് എന്നിവർ തങ്ങളുടെ സേവനം റഷ്യയിൽ നിർത്തലാക്കി. ഒറ്റ രാത്രികൊണ്ട് റഷ്യൻ ജനതയുടെ എടിഎം കാർഡ് പ്രവർത്തനശൂന്യം. ഈ സംഭവത്തിനു ശേഷമാണ് ഭാരത സർക്കാർ റുപേ കാർഡ് സേവനം പ്രചരിപ്പിക്കാൻ തുടങ്ങിയത് .

ആഗോളതലത്തിൽ നടക്കുന്ന ഈ സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്രതിരോധശേഷി സ്വയംപര്യാപ്തതയാണ് എന്നുള്ളതാണ്. ഈ പാഠം നമുക്ക് ആദ്യം പകർന്നത് ഈസ്റ്റ് ഇന്ത്യ കമ്പനിയാണെങ്കിലും നമ്മൾ ഇനിയും അത് വേണ്ടവിധം മനസിലാക്കിയിട്ടില്ല.

സഹായഹസ്തവുമായി വീണ്ടും സച്ചിൻ

മുംബൈ: ഇന്ത്യയിൽ കൊറോണ വൈറസ് ഏറ്റവുമധികം പ്രതിസന്ധി സൃഷ്ടിച്ച സംസ്ഥാനമായ മഹാരാഷ്ട്രയിൽ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായവുമായി ക്രിക്കറ്റ് താരം സച്ചിൻ ടെൻഡുൽക്കർ വീണ്ടും. മുംബൈയുടെ വിവിധ ഭാഗങ്ങളിൽ കൊറോണ വൈറസ് വ്യാപനം നിമിത്തം ദുരിതമനുഭവിക്കുന്ന 5000ത്തോളം ആളുകൾക്ക് ഭക്ഷണമെത്തിക്കാനുള്ള യജ്ഞത്തിൽ സച്ചിനും പങ്കാളിയായി. ഒരു മാസത്തേക്ക് 5000 പേർക്ക് ഭക്ഷ്യധാന്യങ്ങളെത്തിക്കാനുള്ള ഉത്തരവാദിത്തം സച്ചിൻ ഏറ്റെടുത്തതായി അപ്നാലയ എന്ന എൻജിഒ ടീറ്റ് ചെയ്തു.

കൊറോണ വൈറസ് സൃഷ്ടിച്ച പ്രതിസന്ധിക്കിടെ ഭക്ഷണം പോലും കിട്ടാതെ ബുദ്ധിമുട്ടുന്ന മുംബൈയിലെ ആളുകളെ സഹായിക്കുന്ന എൻജിഒയാണിത്. 'ലോക്ഡൗൺ കാലത്ത് ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളെ സഹായിക്കാനുള്ള അപ്നാലയയുടെ പരിശ്രമത്തിൽ പങ്കാളിയായ സച്ചിൻ ടെൻഡുൽക്കറിന് നന്ദി. 5000ത്തോളം ആളുകളുടെ റേഷൻ കാര്യം ഒരു മാസത്തേക്ക് സച്ചിനാകും നോക്കുക. ഇനിയും നിങ്ങളുടെ സഹായം ആവശ്യമുള്ളവർ അനേകമുണ്ട്. സഹായിക്കൂ' അപ്നാലയ ടീറ്റ് ചെയ്തു.

ഈ ടീറ്റിന് മറുപടിയുമായി സച്ചിൻ രംഗത്തെത്തി. അപ്നാലയയ്ക്ക് എന്റെ എല്ലാ ആശംസകളും. ദുരിതമനുഭവിക്കുന്നവരെ തുടർന്നും സഹായിക്കുക. നിങ്ങളുടെ നല്ല പ്രവർത്തികൾ ഇനിയും തുടരുക' സച്ചിൻ ടിറ്ററിൽ കുറിച്ചു. നേരത്തെ, കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിന് 50 ലക്ഷം രൂപ സച്ചിൻ സംഭാവന നൽകിയിരുന്നു. 25 ലക്ഷം രൂപ പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കും 25 ലക്ഷം രൂപ മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുമാണ് നൽകിയത്.

മുൻ ലിവർപൂൾ താരം ഡാൽഗ്ലിഷിനു കോവിഡ്

ലണ്ടൻ: ലിവർപൂളിൽ ദീർഘകാലം കളിച്ച കെന്നി ഡാൽഗ്ലീഷിനു കൊവിഡ് സ്ഥിരികരണം. ഒരു രോഗ ലക്ഷണവും പ്രകടിപ്പിക്കാതെയാണ് ഈ പഴയകാല മുൻനിര താരത്തിനു കൊറോണ കണ്ടെത്തിയത്. ഒരു സാധാരണ മെഡിക്കൽ പരിശോധനക്കിടയിലാണ് 69 കാരനായ ലിവർപൂൾ ഇതിഹാസത്തിനു കോവിഡ് 19 ഉള്ളതായി കണ്ടെത്തിയത്. 1977 മുതൽ 90 വരെ ലിവർപൂളിനായി കളിച്ച ഈ സ്കോട്ട്ലൻഡുകാരൻ 355 മത്സരങ്ങളിൽ നിന്ന് 118 ഗോളുകൾ നേടിയിട്ടുണ്ട്. അതിനു മുൻപ് സെൽറ്റിക്ക് ഗ്ലാസ്ഗോയ്ക്ക് വേണ്ടി 112 ഗോളുകളും നേടി. ആകെ 230 ഗോളുകൾ. സ്കോട്ട്ലൻഡ് ദേശീയടീമിനു വേണ്ടി 102 മത്സരങ്ങളിൽ കളിച്ചു. ദീർഘകാലം ലിവർപൂളിന്റെ മാനേജറുമായിരുന്നു ഡാൽഗ്ലിഷ്.

ചാംപ്യൻസ് കപ്പ് ഈ വർഷമില്ല

മ്യൂണിക്: പ്രീ സീസൺ സമയത്ത് നടക്കുന്ന വമ്പൻ ടൂർണമെന്റായ ഇന്റർനാഷണൽ ചാമ്പ്യൻസ് കപ്പ് ഈ വർഷം ഉണ്ടാവില്ല. ചാമ്പ്യൻസ് കപ്പ് ഇത്തവണ നടത്തേണ്ട എന്ന് അധികൃതർ തന്നെ തീരുമാനിച്ചു. കൊറോണ കാരണം ഫുട്ബോളിന്റെ ഭാവി അവ്യക്തമായത് കൊണ്ടാണ് ടൂർണമെന്റ് തൽക്കാലം നടത്തേണ്ട എന്ന് തീരുമാനിച്ചത്. അമേരിക്കയിലായിരുന്നു ടൂർണമെന്റിലെ കൂടുതൽ മത്സരങ്ങളും നടക്കാറ്.എന്നാൽ ഇപ്പോൾ അമേരിക്ക ആണ് കൊറോണ കാരണം ഏറ്റവും കൂടതൽ കഷ്ടപ്പെടുന്നത്. 2013 മുതൽ ഇങ്ങോട്ട് എല്ലാ പ്രീസീസണിലും ഇന്റർനാഷണൽ ചാമ്പ്യൻസ് കപ്പ് നടന്നിട്ടുണ്ട്. ലോകത്തെ വൻ ക്ലബുകൾ എല്ലാം ഈ ടൂർണമെന്റിന്റെ ഭാഗമാകാറുമുണ്ട്. എന്നാൽ ഇത്തവണ ആ കാഴ്ച കാണാൻ സാധിക്കില്ല.

അദ്ഭുതം പന്തുതട്ടുന്ന മ്യൂസിയം

ലോകത്തെ ഏറ്റവും വലിയ ഫുട്ബോൾ മ്യൂസിയങ്ങളിൽ ഒന്നായ സാവോപോളോ മ്യൂസിയത്തിലേക്ക്

സി. കെ. രാജേഷ്കുമാർ

സാവോപോളോ; ബ്രസീലിയൻ ചരിത്രത്തിൽ ഫുട്ബോൾ ഉരുണ്ടുതുടങ്ങിയത് ഇവിടെനിന്നാണ്. അല്ലെങ്കിൽ ഫുട്ബോളിന്റെ കടന്നുവരവ് ഈ നഗരത്തിലൂടെയായിരുന്നു. അതുകൊണ്ടുതന്നെ സാവോപോളോയ്ക്ക് ഫുട്ബോളുമായുള്ള ബന്ധം ഇഴമുറിയാത്തതാണ്. ഇവിടെനിന്നു വളർന്ന ബ്രസീലിലാകെ പടർന്നു പന്തളിച്ച ഫുട്ബോൾ എന്ന മഹത്തായ കളിയുടെ ഏറ്റവും വലിയ സ്മാരകം ഇവിടെ സ്ഥിതിചെയ്യുന്നു. സാവോപോളോയുടെ ഹൃദയഭാഗത്ത് പക്കായേംബു എന്ന സ്ഥലത്ത് ബ്രസീലിയൻ ഫുട്ബോളിന്റെ ചരിത്രമുറങ്ങുന്ന മ്യൂസിയമുണ്ട്.

കൊറിന്ത്യൻസ് അരീനയുടെ നവീകരണ ഘട്ടത്തിൽ കുറേക്കാലം കൊറിന്ത്യൻസ് ക്ലബിന്റെ ഹോം ഗ്രൗണ്ടായിരുന്ന എസ്റ്റേഡിയോ മുനിസിപ്പൽ എന്ന സ്റ്റേഡിയത്തിലാണ് സംപൗളോ മച്ചാഡോ ഡെ കർവാലോ എന്ന മ്യൂസിയം. 1958, 62 ലോകകപ്പുകളിൽ ബ്രസീലിയൻ ടീമിനെ നയിച്ച പൗളോ മച്ചാഡോ ഡെ കർവാലോയോടുള്ള ആദരസൂചകമായാണ് മ്യൂസിയത്തിന് അദ്ദേഹത്തിന്റെ പേര് നൽകിയത്. വിശാലമായ ചാൾസ് മില്ലർ സ്ക്വയറിൽ തലയുയർത്തി നിൽക്കുന്ന മ്യൂസിയത്തിലേക്ക്. ചാൾസ് മില്ലർ എന്ന ഇംഗ്ലീഷ്കാരനാണ് ബ്രസീലിലേക്ക് ഫുട്ബോൾ കൊണ്ടുവരുന്നത്.

അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് ഈ സ്ഥലത്തിന് ചാൾസ് മില്ലർ സ്ക്വയർ എന്ന പേര് നൽകിയത്. വിദേശരാജ്യങ്ങളിൽനിന്നെത്തിയ നിരവധി പേർ അവിടെ നിൽപ്പുണ്ടായിരുന്നു. ടിക്കറ്റെടുക്കന്നതിനുള്ള ക്യൂവിൽ പ്രവേശിച്ചു. അതിനിടെ, സ്റ്റേഡിയത്തിന്റെയും മ്യൂസിയത്തിന്റെയും വിശദാംശങ്ങളെക്കുറിച്ചും പ്രത്യേകതകളേക്കുറച്ചും അധികൃതർ വാചാലരായി. ടിക്കറ്റെടുത്ത ശേഷം മ്യൂസിയത്തിന്റെ പൂമുഖത്തേക്ക്. വിശാലമായ സെൻട്രൽ ഹാളിൽ ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസങ്ങളുടെ അപൂർവ ചിത്രങ്ങൾ. പെലെയും ഗാരിഞ്ചയും ജർസീഞ്ഞോയും ഫാൽക്കണും ദിദിയും ഗിൽമറും സോക്രട്ടീസും റിവലീനോയും സീക്കോയും സോക്രട്ടീസും റൊമാരിയോയും റൊണാൾഡോയും തുടങ്ങി നെയ്മർ വരെയുള്ളവരുടെ ചിത്രങ്ങൾ നമ്മെ നോക്കി പുഞ്ചിരിക്കുന്നു. 1940ൽ സ്ഥാപിക്കപ്പെട്ട ഈ സ്റ്റേഡിയത്തിലേക്ക് നമ്മെ സ്വാഗതം ചെയ്യുന്നത് സാക്ഷാൽ പെലെയാണ്. 2008ലാണ് ഇത് മ്യൂസിയമായി പരിണമിച്ചത്. വലിയ സ്ക്രീനിൽ തെളിയുന്ന പെലെ, ഇംഗ്ലീഷിലും പോർച്ചുഗീസിലും സ്പാനിഷിലും നമ്മെ സ്വാഗതം ചെയ്യുന്നു. രണ്ടുനിലകളിലായി 6.9 മില്യൺ സ്ക്വയർ അടിയിലാണ് മ്യൂസിയം. ബ്രസീലിയൻ ഫുട്ബോളിന്റെ വൈകാരികതയും ആരാധകരുടെ ആവേശവും ചരിത്രവും എല്ലാം ഈ മ്യൂസിയത്തിൽ തൊട്ടറിയാം. അറിയാനും മനസിലാക്കാനും ഈ മ്യൂസിയം നമ്മെ സഹായിക്കും.

വിശാലമായ ലോബിയിൽനിന്ന് നാം കയറിച്ചെല്ലുന്നത് ബ്രസീലിയൻ ഫുട്ബോളിന്റെ ചരിത്രവശ്യതയിലേക്കാണ്. ചാൾസ് മില്ലർ സാവോപോളോയിലേക്ക് ഫുട്ബോൾ കൊണ്ടുവന്നതിന്റെ ചരിത്രവും അദ്ദേഹം രൂപം നല്കിയ ആദ്യ ടീമിന്റെ ചിത്രവും ഇവിടെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ലോകപ്രശസ്ത കളിക്കാരുടെ പ്രിയപ്പെട്ട ഗോളുകളുടെ വീഡിയോ ദൃശ്യങ്ങൾ ഇവിടത്തെ ഏറ്റവും വലിയ പ്രത്യേകതയാണ്.

പുറം ലോകം ഇതുവരെ കാണാത്ത ദൃശ്യങ്ങളുടെ സമ്പന്നത മ്യൂസിയത്തെ വൈവിധ്യവത്കരിക്കുന്നു. പെലെയുടെ നേട്ടങ്ങളുടെ വിശാലമായ ശേഖരം തന്നെ മ്യൂസിയത്തിലുണ്ട്. എന്നാൽ, 15ന് സാന്തോസിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന പെലെ മ്യൂസിയത്തിലേക്ക് നിരവധി ചിത്രങ്ങളും രേഖകളും കൊണ്ടുപോയെന്ന് അധികൃതർ പറഞ്ഞു. പെലെ-ഗാരിഞ്ച മുറിയാണ് മ്യൂസിയത്തിലെ വലിയ പ്രത്യേകത. ഇരുവരും ചേർന്നു നേടിയ ഗോളുകളുടെ വീഡിയോ ദൃശ്യങ്ങളും സ്റ്റിൽ കാമറാ ദൃശ്യങ്ങളും ഇവിടെയുണ്ട്. ഇരുവരും ചേർന്ന് കളിച്ച ഒരു മത്സരത്തിലും ബ്രസീൽ പരാജയപ്പെട്ടിട്ടില്ല എന്ന് അഭിമാനത്തോടെ കുറിച്ചിരിക്കുന്നു.

ഇവിടെനിന്നിറങ്ങിയാൽ ആരാധകരുടെ വിശാലമായ ലോകത്തേക്കാണ് നാം ചെന്നെത്തുന്നത്. ആരാധകരുടെ ആവേശം അണപൊട്ടുന്ന കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചയാണവിടെ. 15 തൂണുകളിലായി വലിച്ചുകെട്ടിയിരിക്കുന്ന വെള്ളത്തുണിയിൽ ഗാലറിയിൽ ആരാധകർ ആർപ്പുവിളിക്കുന്നതിന്റെ ദൃശ്യം തെളിയുന്നു. ഈ സ്റ്റേഡിയത്തിൽ നടന്ന മത്സരങ്ങളുടെ വീഡിയോകളാണ് ഭൂരിഭാഗവും. ഓരോ ലോകകപ്പുകളുടെയും വീഡിയോകളും ചിത്രങ്ങളും അനുപമഭംഗിയോടെ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. മ്യൂസിയത്തിന്റെ പ്രത്യേകതകളെക്കുറിച്ചു വിവരിക്കാൻ നിരവധി പേർ ഇവിടെയുണ്ട്. 1970 ലോകകപ്പ് ഫൈനലിൽ പെലെ ഉപയോഗിച്ച ജേഴ്സി വലിയ സ്ഫടികക്കൂട്ടിൽ വളരെ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഇതിഹാസതാരത്തോട് ആദരം പ്രകടിപ്പിക്കുന്ന ഈ ജേഴ്സിക്കരികിൽനിൽക്കുമ്പോൾ പെലെ എന്ന കളിക്കാരൻ ലോകഫുട്ബോളിൽ എത്രത്തോളം ആദരിക്കപ്പെടേണ്ടയാളാണെന്നു മനസിലാകും. ഇവിടത്തെ ഓരോ ചിത്രങ്ങളിലും പെലെയുടെ കളിയോർമകളുണ്ട്. ലോകപ്രശസ്ത ഫുട്ബോൾ ജേർണലിസ്റ്റുകളുടെ അനുഭവങ്ങൾ അവർതന്നെ വിശദീകരിക്കുന്ന വിശാലമായ വീഡിയോ റൂം ഇവിടെയുണ്ട്. ആദ്യ ലോകകപ്പ് മുതൽ ഉപയോഗിച്ച പന്തുകൾ, ജേഴ്സികൾ തുടങ്ങി ഫുട്ബോളുമായി ബന്ധപ്പെട്ട എല്ലാ അറിവുകളും ഇവിടെനിന്നു ലഭിക്കും. ഇവിടെ നിൽക്കുമ്പോൾ ലോകത്തെ ഏറ്റവും മനോഹരമായ ഫുട്ബോൾ പാരമ്പ്യമുള്ള ബ്രസീലിന്റെ ഹൃദയത്തുടിപ്പുകളുടെ സ്വരം നമുക്കു കേൾക്കാം.

ഒരു ദിവസംകൊണ്ടു മാത്രമേ ഈ മ്യൂസിയത്തെ കാണാനും മനസിലാക്കാനും സാധിക്കൂ. ഒരിക്കൽക്കൂടി വരാമെന്ന പ്രതീക്ഷയിൽ മ്യൂസിയം വിടുമ്പോൾ ഫുട്ബോളെന്ന മഹത്തായ കളിയോടുള്ള ബഹുമാനം ഏറുന്നു. ഒപ്പം ബ്രസീലിനോടുള്ള ഫുട്ബോൾ ഭക്തിയും.. ഒബ്രിഗാദോ(നന്ദി) ബ്രസീൽ.

സ്പോട്ട് കിക്ക്...അദ്ഭുതനഗരമാണ് സാവോപോളോ. 1.6 കോടി ജനങ്ങൾ അധിവസിക്കുന്ന മഹാനഗരം. വലുപ്പത്തിൽ നമ്മുടെ മുംബൈയേക്കാൾ 10 മടങ്ങ് വലുതാണ്. സിറ്റിയുടെ ഒറ്റത്തുനിന്ന് അടുത്ത അറ്റത്തെത്തണമെങ്കിൽ 80 കിലോമീറ്ററോളം സഞ്ചരിക്കണം.

സാവോപോളോയിലെ പ്രശസ്തമായ ഫുട്ബോൾ മ്യൂസിയം *ഫോട്ടോ: സി.കെ. രാജേഷ്കുമാർ*

ക്വാറന്റീൻ ലംഘനം: റൊണാൾഡോയ്ക്കെതിരേ നടപടിയില്ല

ലിസ്ബൺ: റൊണാൾഡോ തന്റെ നാടായ പോർച്ചുഗലിലെ മെദീരയിൽ ലോക്ക് ഡൗൺ ലംഘിച്ച് ഗ്രൗണ്ടിൽ പരിശീലനം നടത്തിയ വിവാദമാകുന്നു. റൊണാൾഡോയും യുവാക്കളും ഗ്രൗണ്ടിൽ പരിശീലനം നടത്തുന്നത് ആണ് പോർച്ചുഗൽ വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നത്.

ലോക്ക്ഡൗൺ സമയത്ത് എല്ലാവർക്കും മാതൃകയാകേണ്ട താരം ഇങ്ങനെ ചെയ്തത് ശരിയായില്ല എന്നാണ് വിമർശനങ്ങൾ ഉയരുന്നത്.എന്നാൽ റൊണാൾഡോ ചെയ്തത് തെറ്റല്ല എന്ന ഗവണ്മെന്റ് പ്രതിനിധികൾ പറഞ്ഞു റൊണാൾഡോ എല്ലാ നിർദ്ദേശങ്ങളും പാലിച്ചാണ് പരിശീലനം നടത്തിയത് എന്നും അതുകൊണ്ട് തന്നെ ഇതൊരു വിവാദമാക്കേണ്ടതില്ല എന്നും അധികൃതർ പറഞ്ഞു. എല്ലാവരും വ്യായാമം ചെയ്യണം എന്നാണ് ആരോഗ്യ രംഗത്തുള്ളവർ പറയുന്നത് എന്നും കൂട്ടിച്ചേർത്തു. ഇറ്റലിയിലാണ് നിലവിൽ ലോകത്ത് ഏറ്റവുമധികം കൊറോണ മരണം സംഭവിച്ച രാജ്യം.

സ്വർണ വില റെക്കോഡിൽ

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ റെക്കോഡ് വർധന. പവന് 33,200 രൂപയിലാണ് വ്യാപാരം നടന്നത്. ഗ്രാമിന് 4,150 രൂപയും. ഒറ്റയടിക്ക് 800 രൂപയാണ് വർധിച്ചത്.

ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. മൂന്നു ദിവസമായി പവന് 32,400 രൂപയായിരുന്നു വില. കൊറോണ വൈറസ് ബാധയെത്തുടർന്ന് സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തെ ആശ്രയിച്ച് നിക്ഷേപകർ കൂടിയതാണ് വില വർധനയ്ക്ക് കാരണം.

മാർച്ചിലെ ഏറ്റവും ഉയർന്ന നിരക്ക് പവന് 32,320 രൂപയും ഫെബ്രുവരിയിൽ 32,000 രൂപയുമായിരുന്നു. രാജ്യാന്ത വിപണിയിൽ സ്വർണവിലയിൽ മാറ്റമില്ല. ഔൺസിന് 1,704.00 ഡോളർ എന്ന നിലവാരത്തിലായിരുന്നു വ്യാപാരം. ഒരു ഗ്രാമിന് 54.78 ഡോളറും കിലോഗ്രാമിന് 54,784.87 ഡോളറുമാണ് വില.

ഓൺലൈൻ ബിയർ വിൽപ്പന: അനുമതി തേടി കമ്പനികൾ

ബംഗളൂരു: കൊവിഡ് ലോക്ഡൗൺ നീങ്ങാനുള്ള തീരുമാനത്തിനിടെ ഓൺലൈൻ വിൽപ്പനയ്ക്ക് അവസരം ഒരുക്കണമെന്ന ആവശ്യവുമായി വിവിധ മദ്യ നിർമ്മാണ കമ്പനികൾ. യുണൈറ്റഡ് ബ്രുവറീസ്, കാൾസ്ബെർഗ്, അൻഹ്യൂസർ ബുഷ് ഇൻബെവ്, ബിറ 91 എന്നിവരാണ് സംയുക്തമായി വിവിധ സംസ്ഥാന സർക്കാരുകൾക്കും കേന്ദ്ര സർക്കാരിനും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ബിയർ ഓൺലൈനായി വിൽക്കാൻ അനുവദിക്കണം എന്നാണ് ആവശ്യം.

പഞ്ചാബ്, ഡൽഹി, കർണാടകം, ആന്ധ്രപ്രദേശ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര തുടങ്ങിയ സർക്കാരുകൾക്കും കേന്ദ്ര സർക്കാരിനുമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. കൊവിഡിനെ തുടർന്ന് വിൽപ്പന ഇടിഞ്ഞ സാഹചര്യത്തിലാണ് കമ്പനികളുടെ ഈ നീക്കം. ലോക്ഡൗൺ തുടരുന്നതോടെ കച്ചവടം തകരുമെന്ന ആശങ്കയിലാണ് കമ്പനികൾ.

ലോക്ഡൗൺ നീണ്ടാൽ വീട്ടിലെത്തും ഹോട്ടൽ

കൊച്ചി: കേരളത്തിൽ ലോക്ഡൗൺ നീണ്ടാൽ വീടുകളിലേക്ക് സാധനങ്ങൾ എത്തിക്കുന്ന രീതിയിൽ പ്രവർത്തനരീതി അപ്പാടെ മാറ്റിമറിയ്ക്കാൻ കേരളത്തിലെ ഹോട്ടൽ വ്യവസായികൾ ഒരുങ്ങുന്നു. സർക്കാർ അനുവദിച്ചതിനെത്തുടർന്ന് കഴിഞ്ഞ അഞ്ചുദിവസമായി ഹോട്ടലുകൾക്ക് രാത്രി എട്ടു മണിവരെ ഹോം ഡെലിവറിയുണ്ട്, ഇത് മികച്ച രീതിയിൽ ആക്കാനാണ് ഇവരുടെ തീരുമാനം.

കൊവിഡ് അടച്ചു പൂട്ടലിൽ നഷ്ടത്തിൽനിന്ന് രക്ഷപ്പെടാനുള്ള നീക്കത്തിൽ പ്രമുഖ ഹോട്ടലുകളുമുണ്ട്. ഇതുവരെ ഓൺലൈൻ വിപണിയിൽ നിന്ന് മാറി നിന്നിരുന്ന വൻ കിട ഹോട്ടുകൾ വരെ ഇതിലേക്ക് ചേരുകയാണ്. രാജ്യത്തെ പ്രമുഖ പഞ്ചനക്ഷത്ര ഹോട്ടൽ ശ്യംഖലകൾ ഇതര വരുമാന മാർഗം സൃഷ്ടിക്കുന്നതിനായി അവരുടെ ഇൻ-ഹൗസ് റസ്റ്റോറന്റുകളിൽ നിന്ന് വീടുകളിലേക്ക് ഭക്ഷണം എത്തിക്കുന്നുണ്ട്. ഇന്ത്യൻ ഹോട്ടൽ കമ്പനിയായ താജ് ഹോട്ടൽ അഞ്ച് നഗരങ്ങളിലും ഡൽഹിയിലെ ഹയാത്ത് റീജൻസിയും റസ്റ്റോറന്റ് ടേക്ക് വേകളും ഡെലിവറികളും ആരംഭിച്ചിട്ടുണ്ട്.

പാർക്ക് ഹയാത്ത് ഹൈദരാബാദിൽ ചെയ്ത പോലെ ഒബറോയ് ബംഗളൂരു രണ്ടു ദിവസം മുൻപാണ് ഹോം ഡെലിവറി ആരംഭിച്ചത്. ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, കൊൽക്കത്ത, മുംബൈ, ഡൽഹി എന്നിവിടങ്ങളിലുടനീളമുള്ള പാർക്ക് ഹോട്ടലുകളും സോഷ്യൽ മീഡിയ വഴി ഉപഭോക്താക്കളിലേക്ക് എത്തിത്തുടങ്ങി. ഡൽഹിയിലെ ആൻഡാസ് ഹോട്ടൽ 15 കിലോമീറ്റർ ചുറ്റളവിൽ ഡെലിവറികൾ ആരംഭിച്ചു. കേളത്തിലെ പ്രധാന ഹോട്ടലുകൾ വിഷുവിനു ശേഷം ഈ രീതിയിലേക്ക് മാറുന്നതിനെക്കുറിച്ച് ആലോചനയിലാണ്. ബേക്കറി ഗ്രൂപ്പുകളും കുറഞ്ഞ എണ്ണത്തിൽ ആളുകളെ നിർത്തി ഭക്ഷണം തയാറാക്കി നൽകുന്നതിനുള്ള ആലോചനയിലാണ്. ഇതു സംബന്ധിച്ച് സർക്കാരിന്റെ അനുമതി തേടുന്നതിന് അവർ തീരുമാനം എടുത്തിട്ടുണ്ട്. അവശ്യ സേവനങ്ങളുടെ പട്ടികയിൽ പരിഗണിച്ചുകൊണ്ട് ഹോട്ടലുകളെ ലോക്ഡൗണിൽ നിന്ന് ഒഴിവാക്കിയിരുന്നതാണ്.

സർക്കാർ മാർഗനിർദേശങ്ങൾ കാരണം എല്ലാ റസ്റ്റോറന്റുകളുടെയും ഡൈനിങ് പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ അതിഥികൾക്ക് ഹോട്ടൽ സേവനങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല. ഞങ്ങളുടെ പതിവ് ഉപഭോക്താക്കളിൽ ഓർഡറുകൾ ലഭിക്കുന്നു. കൂടാതെ ഡെലിവറികൾ സ്വന്തമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് കോട്ടയം ബാർജി ക്യൂ റസ്റ്റോറന് ഉടമ അഡ്വ. ഹാരീസ് പറഞ്ഞു.

എണ്ണ ആർക്കും വേണ്ട, വില ഠകുറയുന്നു

മുംബൈ: ഒപെക്കിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന ഉത്പാദന വെട്ടിക്കുറയ്ക്കലായ ഒരു കോടി ബാരൽ പ്രഖ്യാപിച്ചിട്ടും ആഗോള വിപണികളിൽ ക്രൂഡോയിൽ വില കുറയുന്നു. ഡബ്ല്യുടിഐ ബെഞ്ച്മാർക്ക് 6.10 ശതമാനം ഇടിഞ്ഞ് ബാരലിന് 23.56 ഡോളറിലെത്തിയപ്പോൾ ബ്രെൻഡ് ബെഞ്ച്മാർക്ക് 2.5 ശതമാനം ഇടിഞ്ഞ് ബാരലിന് 32.02 ഡോളറിലെത്തി.

എണ്ണയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും കുറഞ്ഞ രാജ്യാന്തര ഉപഭോഗം കണക്കാണ് ഇപ്പോൾ ആഗോളതലത്തിലെ ഏജൻസികൾ പുറത്തുവിടുന്നത്. അതു തന്നെയാണ് വിലക്കുറവിന് അടിസ്ഥാന കാരണമായി മാറുന്നത്.

കണക്കുകൾ അനുസരിച്ച് ദിവസം 2.7 കോടി ബാരൽ എണ്ണ മാത്രമാണ് ഇപ്പോൾ ചെലവാകുന്നത്. അതുകൊണ്ട് തന്നെ എണ്ണ ഉത്പാദനം വെട്ടിക്കുറച്ചതു കൊണ്ട് മാത്രം വില പിടിച്ചുനിർത്താൻ പറ്റാത്ത സ്ഥിതിയാണ്. സമീപ നാളുകളിൽ തന്നെ എണ്ണ വില ബാരലിന് 20 ഡോളറിലെത്തുമെന്നാണ് വിദഗ്ധർ പറയുന്നത്.

ശമ്പളം വെട്ടിക്കുറയ്ക്കൽ നടപടിയുമായി സൗദി

റിയാദ്: സൗദിയിൽ സ്വകാര്യ കമ്പനികൾ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുമെന്ന അറിയിപ്പ് നൽകിത്തുടങ്ങി. കൊവിഡ് പ്രശ്നങ്ങളിൽ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കാനും ദീർഘകാല അവധി നൽകാനും സർക്കാർ കഴിഞ്ഞ ദിവസം അനുമതി നൽകിയിരുന്നു. എത്ര തുക കുറയ്ക്കുമെന്നതും എത്ര കാലത്തേക്കെന്നതും അറിയിപ്പിൽ വ്യക്തമല്ല. ദുരന്തസാഹചര്യങ്ങളിൽ ശമ്പളം വെട്ടിക്കുറയ്ക്കുന്നതിനു പുറമേ തൊഴിലാളിക്ക് അസാധാരണ അവധിയും നൽകാൻ നിയമാനുമതി ഉള്ളതാണ്. നിയന്ത്രണങ്ങൾ ആരംഭിച്ച് ആറ് മാസത്തിനകം തൊഴിലാളിയുമായി ധാരണയിൽ എത്തിയായിരിക്കണം ഇത്തരം നടപടികൾ തൊഴിലുടമ സ്വീകരിക്കേണ്ടതെന്നും നിർദേശമുണ്ട്. തുടരാൻ താത്പര്യമില്ലാത്ത ജീവനക്കാർക്ക് ജോലി അവസാനിപ്പിക്കാം. അതേസമയം പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏതെങ്കിലും സഹായ പദ്ധതി സ്ഥാപന ഉടമ പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിൽ തൊഴിലാളികളുടെ ശമ്പളം വെട്ടിക്കുറയ്ക്കാനാവില്ല.

വ്യാപാരി വ്യവസായി ക്ഷേമനിധി അംഗങ്ങൾക്ക് സഹായം

തിരുവനന്തപുരം: വ്യാപാരി വ്യവസായി ക്ഷേമനിധി അംഗങ്ങളായ വ്യാപാരികൾക്കും ചെറുകിട വ്യവസായികൾക്കും 1000 രൂപ സഹായം നൽകും. 1,13,000 പേരാണ് അംഗങ്ങൾ. ഇവരിൽ പ്രളയനഷ്ടത്തിന് 2000 പേർക്ക് സഹായം ലഭിക്കും. ഇവർ ഒഴികെയുള്ളവർക്കാണ് കൊവിഡ് അടച്ചുപൂട്ടലിന്റെ സഹായം ലഭിക്കുക.

ധനമന്ത്രി ടി.എം. തോമസ് ഐസക് ക്ഷേമനിധി ബോർഡ് വൈസ് ചെയർമാൻ ഇ.എസ്. ബിജു, മെമ്പർ സെക്രട്ടറി എസ്. ബൈജു എന്നിവരുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. വ്യാപാരി സംഘടനകളുടെ നിവേദനം പരിഗണിച്ചായിരുന്നു ചർച്ച. 12,000 വ്യാപാരികൾ പ്രളയ ദുരിതാശ്വാസത്തിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 2000 പേർ ക്ഷേമനിധി അംഗങ്ങളാണ്. ഇവരെ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളായി തിരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കും. ക്ഷേമനിധി അംഗങ്ങളല്ലാത്ത 10,000 പേർക്ക് 5000 രൂപ വീതം നൽകും. ഇതിന് 20 കോടി രൂപ നീക്കിവയ്ക്കും.

മറ്റു തീരുമാനങ്ങൾ

വ്യാപാര സ്ഥാപനങ്ങൾക്ക് രണ്ടു മാസത്തെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ് ഒഴിവാക്കാൻ കെഎസ്ഇബിയോടും ഒരുമാസത്തെ വാടക ഒഴിവാക്കാൻ കെട്ടിട ഉടമകളോടും അഭ്യർഥിക്കും. അഭ്യർഥന ക്ഷേമനിധി ബോർഡ് കെട്ടിട ഉടമകൾക്കും അച്ചടിച്ചുനൽകും.

അടച്ചുപൂട്ടലിനുശേഷം വ്യാപാരികൾക്കും ചെറുകിട വ്യവസായികൾക്കും കെഎസ്എഫ്ഇ, കെഎഫ്സി എന്നിവിടങ്ങളിൽ വായ്പാസൗകര്യമൊരുക്കും.

വാണിജ്യ ബാങ്കുകൾ വായ്പകൾക്ക് തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുകയും പുനഃക്രമീകരിക്കുകയും വേണം. അടച്ചുപൂട്ടൽകാലത്തെ പലിശ ഒഴിവാക്കണം. ആവശ്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോട് സർക്കാർ ഉന്നയിക്കുമെന്നും ധനമന്ത്രി പറഞ്ഞു.

പോസ്റ്റ് ഓഫിസ് ആർഡിയിൽ പണം അടയ്ക്കാൻ ആപ്പ്



കൊച്ചി: പോസ്റ്റ് ഓഫിസ് നിക്ഷേപ പദ്ധതിയായ റിക്കറിങ് ഡെപ്പോസിറ്റുകളിൽ ഇപ്പോൾ ഓൺലൈനായി നിക്ഷേപിക്കാം. ഇന്ത്യ പോസ്റ്റ് പേയ്മെന്റ് (ഐപിപിബി) ആപ്പ് വഴിയാണ് ഇത് സാധ്യമാകുക.

പണം അടയ്ക്കുന്ന ആൾ അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് ഐപിപിബി അക്കൗണ്ടിലേക്ക് പണമിടുക. അതിനുശേഷം ആപ്പിലെ ഡിഒപി പ്രൊഡക്റ്റ് എന്ന വിഭാഗത്തിലേയ്ക്കുപോയി റിക്കറിങ് ഡെപ്പോസിറ്റ് സെലക്റ്റ് ചെയ്യുക. ആർഡി അക്കൗണ്ട് നമ്പർ ചേർക്കുക. അതിനുശേഷം ഡിഒപി കസ്റ്റമർ ഐഡിയും ഇൻസ്റ്റാൾമമെന്റ് കാലാവധിയും തുകയും തെരഞ്ഞെടുക്കുക. പണം കൈമാറിയാൽ ഐപിപിബി നിങ്ങൾക്ക് നോട്ടിഫിക്കേഷൻ അയക്കും.

കൊവിഡ് വ്യാപനത്തെതുടർന്ന് രാജ്യമൊട്ടാകെ അടച്ചിട്ട സാഹചര്യത്തിൽ പോസ്റ്റ് ഓഫിസ് ആർഡി ഉൾപ്പടെയുള്ളവയുടെ തവണ അടച്ചില്ലെങ്കിലുള്ള പിഴ തത്കാലത്തേക്ക് ഒഴിവാക്കിയിട്ടുണ്ടെന്ന് തപാൽ വകുപ്പ് അധികൃതർ വ്യക്തമാക്കി.

സ്വർണം 33,200

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	33,200
കടല	5100-6300	പാം ഓയിൽ	7450

പ്രഫസർ എം. ശ്രീകുമാർ

കൊച്ചി: എറണാകുളം മഹാരാജാസ് കോളജിലെ മുൻ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അധ്യാപകൻ പ്രഫസർ എം. ശ്രീകുമാർ അന്തരിച്ചു. ഷാർജയിലെ മകളുടെ വസതിയിലായിരുന്നു അന്ത്യം 70 വയസായിരുന്നു. എറണാകുളം പുല്ലേപ്പടി വിക്ഷണം റോഡിലെ മണ്ണൂത്ത്കുടുംബാംഗമാണ്. ഷാർജയിൽ അധ്യാപികയായ മകളെ സന്ദർശിക്കാനെത്തിയ ഇദ്ദേഹവും ഭാര്യയും കൊറോണ വൈറസ് മൂലമുണ്ടായ യാത്രാപ്രതിസന്ധിമൂലം തിരിച്ചു വരാൻ കഴിയാതെ ഷാർജയിൽ കുടുങ്ങുകയായിരുന്നു. മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ സംസ്കാര ചടങ്ങുകൾ ഷാർജയിൽ തന്നെ നടത്തുമെന്ന് ബന്ധുക്കൾ വ്യക്തമാക്കി. സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകനായ പ്രഫ. ശ്രീകുമാർ ഗവ. കോളജ് ചിറ്റൂർ, നാട്ടകം ഗവ. കോളജ് എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചിരുന്നു. മൃതദേഹം ഷാർജയിൽ സംസ്കരിക്കും.ഭാര്യ ശ്രീകുമാരി. മക്കൾ: ശ്രീ ജ, ശ്രീല. മരുമക്കൾ: ശ്രീ കൃഷ്ണകുമാർ, വിജിൽ.

സലിം

മാനാമംഗലം. നക്രയത്ത് യൂസഫ് മകൻ സലിം (47) അന്തരിച്ചു. ഭാര്യ: റാമില.

മീനാക്ഷിയമ്മ

വെള്ളിത്തിരുത്തി: അകഴിപ്പുറത്ത് തെക്കൂട്ടയിൽ മാധവൻ നായരുടെ ഭാര്യ മീനാക്ഷിയമ്മ (79) അന്തരിച്ചു. മകൻ: പരേതനായ പത്മനാഭൻ. മരുമക്കൾ: ധന്യ. സംസ്കാരം നടത്തി.

സി.സി.ഐസക്

കുത്താട്ടുകുളം : മണ്ണത്തൂർ ചെമ്മകുഴ അക്കുളങ്ങരയിൽ സി.സി. ഐസക് (95) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 ന് വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം മണ്ണത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ. ഭാര്യ - പരേതയായ ഏല്യാമ്മ കുട്ടുമ്മേലിൽ അന്ത്യാലുങ്കൽ. മക്കൾ: ജോർജ്, ജോസ്, ബാബു, സണ്ണി, പോളി, സാജു, ബിജു. മരുമക്കൾ: ലൈലാ ജോർജ്, ജിജി ജോസ്, എൽമി ബാബു, സീനി സണ്ണി, സിനി പോളി, രേഖാ സാജു, ജൂലി ബിജു.

പി.വി. ജോൺ

കുമ്പളംപൊയ്ക: കുഴിക്കാല സിഎംഎസ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ പുന്നമൂട്ടിൽ പി.വി. ജോൺ (88) അന്തരിച്ചു. ഭാര്യ: പരേതയായ കെ.കെ. മേരി (റിട്ട. അധ്യാപിക). മക്കൾ: സുജ മേരി ജോൺ (സിഎംഎസ് എച്ച്എസ്, മുണ്ടക്കയം), സൂസൻ മേരി ജോൺ (സിഎംഎസ് എച്ച്എസ്, നെടുങ്ങാടപ്പള്ളി), മോഹൻ വി.ജോൺ (ദോഹ), പ്രസാദ് കെ.ജോൺ (എപിഎൻഎം, സിഎംഎസ് യുപി സ്കൂൾ, കുളത്തൂപ്പുഴ). മരുമക്കൾ: മാത്യു സി.വർഗീസ് (റിട്ട. ഹെഡ്മാസ്റ്റർ, സിഎംഎസ് എച്ച്എസ്, മുണ്ടക്കയം), സണ്ണി കുട്ടി കുര്യൻ , ബിന്ദു , സുബി മാത്യു.

പത്മാവതി

കൊച്ചി : എളമക്കര കരുവേലിപ്പറമ്പ് പവിത്രത്തിൽ പരേതനായ എം. കെ. പത്മനാഭൻ നായരുടെ ഭാര്യ പത്മാവതി (കോഴിക്കോട് ചേവായൂർ ഇടവലം പറമ്പിൽ - 84) അന്തരിച്ചു. മക്കൾ: ഇ. പത്മകുമാർ (ഫോട്ടോ ഗ്രാഫർ), കെ.പത്മലത (ചിന്ത വാരിക), കെ.പത്മജന് (ചീഫ് റിപ്പോർട്ടർ മാതൃഭൂമി, കൊച്ചി).മരുമക്കൾ: സി.ജി. ജ്യോതി ,ആർ. നിഷ (ഡ്രഗ്സ് കൺട്രോൾ വകുപ്പ് - കൊച്ചി).

രാജലക്ഷ്മി

തലശേരി: പാലയാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സമീപം വൃന്ദാവനത്തിൽ പാണ്ട്യാല രാജലക്ഷ്മി (84- റിട്ട: പോസ്റ്റ് മാസ്റ്റർ) അന്തരിച്ചു. ഭർത്താവ്: പരേതനായ വാച്ചാലി കോറോത്ത് വിജയൻ (റിട്ട ഡിഇള). മക്കൾ: ദീപക് പി.പി (ബ്രിസിനസ്), രജീഷ് (ചെന്നൈ). മരുമക്കൾ: സംഗീത (ചെന്നൈ). സഹോദരങ്ങൾ: പി. രവീന്ദ്രനാഥ് (ബാംഗ്ലൂർ), ദയാ മോഹൻ (കണ്ണൂർ), പരേതായ വിലാസിനി ബാലകൃഷ്ണൻ, പ്രേമ ജനാർദ്ദനൻ, മോഹനൻ.

പൗലോസ്

മരോട്ടിച്ചാൽ: നമ്മനാലി പൗലോസ് (68- പത്രം ഏജന്റ്) അന്തരിച്ചു. ഭാര്യ: ഷീല. മക്കൾ: മില, ജിനു. മരുമക്കൾ: അൻസിൻ, സെബിൻ.

ടി.എൻ. ഗോപിനാഥപണിക്കർ

ചേർത്തല: ചേർത്തല തെക്ക് പഞ്ചായത്ത് 11-ാം വാർഡിൽ ഇലഞ്ഞിയിൽ ടി.എൻ. ഗോപിനാഥപണിക്കർ (75) അന്തരിച്ചു. (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ). ഭാര്യ: പരേതയായ അഡ്വ: രമാദേവി
മക്കൾ: ഹരിഗോവിന്ദ്, മനു ഗോവിന്ദ്,



നടരാജപ്പണിക്കർ

വെള്ളറ: കുതാളി കാക്കതൂക്കി ബിനു ഭവനിൽ നടരാജപ്പണിക്കർ (80) അന്തരിച്ചു. കന്യാകുമാരി മുൻ തോട്ടം തൊഴിലാളി യൂണിയൻ (സിഐറ്റിയു) സെക്രട്ടറി, സിപിഐ മുൻ വെള്ളറട മണ്ഡലം കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിട്ടുണ്ട്. ഭാര്യ പരേതയായ കൃഷ്ണമ്മ, മക്കൾ: ശകുന്തള, രാധാകൃഷ്ണൻ, ഭാമ, കസ്തൂരി, ബിനു. മരുമക്കൾ: ശ്രീകണ്ഠൻ, ഷീല, സനൽകുമാർ, അനിൽ, ബിനി (സുമ).

മേരി

അതുമ്പുംകുളം:ആവോലിക്കുഴി കണ്ടനാട്ട് വീട്ടിൽ പരേതനായ ഡാനിയേലിന്റെ ഭാര്യ മേരി (80) അന്തരിച്ചു. മക്കൾ: ജോളി, ബാബു, പരേതനായ രാജു. മരുമക്കൾ: ഡെയ്സി, റെയ്ച്ചൽ, സജി വർഗീസ്.

റോസ

ചൊവ്വര: തേയ്ക്കാനത്ത് പരേതനായ എസ്തപ്പാനോസിന്റെ ഭാര്യ റോസ (94) അന്തരിച്ചു.സംസ്കാരം നടത്തി. പരേത ചൊവ്വര ചെറുതുരുത്തി കുടുംബാംഗമാണ്. മക്കൾ: ആനി, പരേതനായ ജോണി, ബേബി, മേരി, വർഗീസ്. മരുമക്കൾ: പരേതനായ മത്തായി, ഫിലോമിന, ജോസ്, ബാബു, സലോമി.

കാർത്യായനി

തേഞ്ഞിപ്പലം: ചെനക്കലങ്ങാടി ചീനക്കനാരി ക്ഷേത്രത്തിന് സമീപം മണ്ണലത്ത്പരേതനായ കുട്ടിപറമ്പിൽ അയ്യപ്പന്‍കുട്ടിയുടെ ഭാര്യ കാർത്യായനി (82) അന്തരിച്ചു. മക്കൾ: ചന്ദ്രുകുട്ടി, നാരായണൻ, കൃഷ്ണൻ,ലക്ഷ്മി, ശാരദ, രാധ. മരുമക്കൾ: ജ്യോതിലക്ഷ്മി, പറങ്ങോടൻ, വേലായുധൻ, അജിത, റീജ.

എൽസി

തലോർ: ഫാറ്റിമ നാഥാ നഗറിൽ ചിറമ്മൽ കാഞ്ഞാണി ജോൺസൺ ഭാര്യ എൽസി (66) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് തലോർ ഇൻഫന്റ് ജീസസ് പള്ളി സെമിത്തേരിയിൽ. മക്കൾ: ജോൺസി, ജോസി. മരുമക്കൾ: ബെർട്ടി കണ്ണൂക്കാടൻ, ലവീന.

സുനിൽകുമാർ

ചേർത്തല: നഗരസഭ ഏഴാം വാർഡിൽ കണിച്ചുകാട്ടുവെളി പരേതനായ പ്രഭാകരന്റെ മകൻ സുനിൽകുമാർ (50) അന്തരിച്ചു. അമ്മ: മീനാക്ഷി. ഭാര്യ: ഷീല, മക്കൾ: സുമേഷ്, സുധീഷ്. സംസ്കാരം നടത്തി

ഡി. ശ്രീധരൻ

പാറശാല : പരശുവയ്ക്കൽ മലവിളവീട്ടിൽ ഡി. ശ്രീധരൻ (78)അന്തരിച്ചു. ഭാര്യ: സുലോചന. മക്കൾ: സജീവ്, മിനി, ശ്രീജിത്ത്, ശ്രീനാഥ്. മരുമക്കൾ: സജിതകുമാരി, അരുൺ, അഖില.

പി.കെ. ഗോപി

ഉളനാട്:ചിറകരോട്ട്വീട്ടിൽ പി.കെ. ഗോപി (63) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തുങ്ങഴമരുപ്പിൽ രമണി. മക്കൾ: ബിനു, ബീന. മരുമക്കൾ: ബിനുകുമാർ, അഞ്ജു.

അന്നമ്മ

ബംഗളൂരു: 12-എ ന്യൂ റെയിൽവേ കോളനിയിൽ പരേതനായ ഐ.സി. ജോസഫിന്റെ ഭാര്യ അന്നമ്മ (80) അന്തരിച്ചു. കോഴഞ്ചേരി ചെറുകോൽ മേലേത്തുണ്ടിയിൽ കുടുംബാംഗമാണ്. മക്കൾ: ഷിബു, ഷേർലി, സുനിൽ.

കെ.എം.ഫിലിപ്പ്

കുളത്തൂപ്പുഴ: മുളയറ വീട്ടിൽ കെ. എം. ഫിലിപ്പ് (ബാബു-72) അന്തരിച്ചു. ഭാര്യ: മറിയാമ്മ.



ഡി. ശ്രീരാമൻ നായർ

ആലപ്പുഴ: പ്രമുഖ വസ്ത്രവ്യാപാരിയും എസ്.എം. സിൽക്സ് ആൻഡ് സാരീസ്, എസ്. എം. ഹാൻഡ്‌ലൂം, സരസമാഹാൾ ഉടമ തകഴി പടഹാരത്തിൽ ആലപ്പുഴ സനാതനം വാർഡ് ശ്രീഗേശത്തിൽ ഡി. ശ്രീരാമൻ നായർ (78)അന്തരിച്ചു. ഭാര്യ:സരസമ്മ. മക്കൾ: എസ്. സന്തോഷ്, എസ്. സുരേഷ്, എസ്. രാജേഷ്. മരുമക്കൾ: അമ്പിളി സന്തോഷ്, ലക്ഷ്മി സുരേഷ്, പ്രിയ രാജേഷ്.

അബ്ദുറഹിമാൻ

തേഞ്ഞിപ്പലം: ചെറുവണ്ണൂർ പാറക്കണ്ടിപ്പറമ്പ് പരേതനായ അഹമ്മദ്കോയ എന്നവരുടെ മകൻ അബ്ദുറഹിമാൻ (60) അന്തരിച്ചു. പള്ളിക്കൽ ബസാർ ചാനത്തുപറമ്പിലെ വാടക വീട്ടിലാണ് നിലവിൽ താമസിച്ചിരുന്നത്. ഭാര്യ: നഫിലിയ, നജീബ്.

സി.ടി. മാത്യു

കുന്നംകുളം: ചെയ്മ്പർ ഓഫ് കോമേഴ്സ് മുൻ പ്രസിഡന്റ് സി.ടി. മാത്യു (86) അന്തരിച്ചു. സംസ്കാരം നടത്തി. പരേതയായ അന്നമ്മയാണ് ഭാര്യ. ഷോയി, ഷോബി എന്നിവർ മക്കളാണ്. 1983-86 കാലഘട്ടത്തിലാണ് കുന്നംകുളം ചെയ്മ്പർ ഓഫ് കോമേഴ്സിന്റെ പ്രസിഡന്റ് സ്ഥാനം ഇദ്ദേഹം വഹിച്ചിരുന്നത്.

ചന്ദ്രിക

ചേർത്തല: ചേർത്തല നഗരസഭ ആറാം വാർഡിൽ കണ്ണൻ നിവാസിൽ വി. ബാബുവിന്റെ ഭാര്യ ചന്ദ്രിക (63) അന്തരിച്ചു. മകൻ: കണ്ണൻ (കണ്ണൻ സ്റ്റുഡിയോ ഓംകാരേശ്വരം). മരുമകൾ: ആതിര.

അലിമബീവി

കോന്നി: മാമൂട്ടും വാലുപറമ്പിൽ പരേതനായ ഇസ്മായിൽ റാവുത്തരുടെ ഭാര്യ അലിമബീവി (87) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: റഷീദ ബീവി, അബ്ദുൽ ഹുസൈൻ, ജമീല ബീവി, അബ്ദുൽ കാസിം, സജീദ ബീവി, ആരിഫാ ബീവി, അഷ്റഫ്, അൻസാരി, ഷാജഹാൻ. മരുമക്കൾ: അബ്ദുൽ ബഷീർ, റാബിയത്ത് ബീവി, ഇസ്മായിൽ, സീന, ഷംസുദീൻ, ഷാജഹാൻ, ബിന, റജീന, സബീന.

അമ്മിണി

ഇരവിപേരൂർ:കയ്യാലക്കത്തു പരേതനായ കോരുത് ജോസഫിന്റെ ഭാര്യ അമ്മിണി (82) അന്തരിച്ചു.
മക്കൾ: ലാലു കുര്യൻ, ജോളി കുര്യൻ, പരേതനായ ജോസഫ് കോരുത്. മരുമക്കൾ: ഷിജി ജോസഫ്, തോമസ് രാജൻ.

ഭവാനി

തിരുമുല്ലവാരം: വെട്ടംപറമ്പത്തു വീട്ടിൽ പരേതനായ ഗോപാലന്റെ ഭാര്യ ഭവാനി (94) അന്തരിച്ചു. മക്കൾ: ഓമന, അരവിന്ദാക്ഷൻ, മല്ലിക, സുരേന്ദ്രൻ, ജയൻ, അനിരുദ്ധൻ, അംബിക, സജീവൻ, പ്രമീള, മായ.



കൃഷ്ണൻ

വട്ടേക്കുന്നം: കെ.പി നഗർ പടുതോളിപ്പറമ്പിൽ കൃഷ്ണൻ (80) അന്തരിച്ചു. റിട്ട. ഫാക്ട് ജീവനക്കാരനാണ്. സംസ്കാരം നടത്തി. ഭാര്യ: കാഞ്ചന. മക്കൾ: ദിലീപ്, ദീപ. മരുമക്കൾ: രശ്മി, അനിൽ.

ഉമ്മുആയിശ

തേഞ്ഞിപ്പലം: ചേളാരി എരുമതടത്തിൽ പരേതനായ അധ്കാക്കറ്റ് പി. എം. മുഹമ്മദ്കുട്ടിയുടെ ഭാര്യ ഉമ്മുആയിശ (84) അന്തരിച്ചു. മക്കൾ: പി. എം. അമീർ അലി (ചെയർമാൻ ഡിഎംഎസ് ഹോസ്പിറ്റൽ), പി.എം. മൻസൂർ(ബിസിനസ്), പി.എം. ആസ്യാ സത്താർ, പി.എം. മറിയം കുഞ്ഞുമുഹമ്മദ്. മരുമക്കൾ: ഹമീദ കല്ലാടൻ, സലീന എൻ.ടി, പരേതനായ അബ്ദുൽ സത്താർ (കണ്ണൂർ), ഡോ: കുഞ്ഞുമുഹമ്മദ് (വേങ്ങര).

ഏല്യ

വടക്കാഞ്ചേരി: കരുമത്ര പുത്തൂർ ലോനപ്പന്റെ ഭാര്യ ഏല്യ (70) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഡിറ്റി, മഞ്ജു, മനോജ്. മരുമക്കൾ: ബാനർജി, നൈസൺ, റിജു.

ദേവി

അത്തോളി: കൊളക്കാട് കല്ലംപുനത്തിൽ മീത്തൽ ചന്ദ്രന്റെ ഭാര്യ ദേവി (58) അന്തരിച്ചു. മക്കൾ: റജിന, ഷിജിന. മരുമക്കൾ: രാജേഷ്, ശൈലേഷ്. പേരമക്കൾ: രാഹുൽ, റജുൽ.

വർഗീസ്

പഴുവിൽ: മാളിയേക്കൽ കുണ്ടുപറമ്പിൽ വർഗീസ് (82) അന്തരിച്ചു. സിപിഎം പഴുവിൽ സെന്റർ ബ്രാഞ്ച് അംഗമാണ്. സംസ്കാരം നടത്തി. ഭാര്യ: ആനി. മക്കൾ: ബിജു, ആന്റണി, വിനി. മരുമകൻ: സെബാസ്റ്റ്യൻ

രാജീവൻ

ചേർത്തല: കഞ്ഞിക്കുഴി പഞ്ചായത്ത് 16-ാം വാർഡിൽ ചാലുങ്കൽ വെളി പരേതനായ പത്മനാഭന്റെ മകൻ രാജീവൻ(രാജേഷ്-43) അന്തരിച്ചു. ഭാര്യ: മിനിമോൾ. മാതാവ്: രത്നമ്മ.

ജോർജ് വർഗീസ്

കുടശനാട്: തണ്ടാനിവിള പ്ലാവിളയിൽ പരേതനായ ജോർജ്കുട്ടിയുടെ മകൻ ജോർജ് വർഗീസ് (മോനച്ചൻ-54) അന്തരിച്ചു. കാവിനാൽ കുടുംബാംഗമാണ്. ഭാര്യ: അമ്മിണി. മക്കൾ: ലാലൻ ജോർജ്, മോർളി ജോർജ്. മരുമകൾ: അൻജന.



കെ.എ.അബു.

പള്ളുരുത്തി: ചോയ്സ് റോഡ് ചൈതന്യ ലെയ്നിൽ കുഴിക്കണ്ടത്തിൽ കെ.എ. അബു (84- കൊച്ചി ഫിഷറീസ് ഹാർബർ) അന്തരിച്ചു. ഖബറടക്കം നടത്തി. ഭാര്യ: റഹിയ. മക്കൾ: ഹുസ്സൻ, യൂസഫ് (റിട്ട: ജോയിന്റ് രജിസ്ട്രാർ, കാലടി സർവകലാശാല) ഷുജ, സജിത. മരുമക്കൾ: ഉമ്മത്ത് ബീഗം (കെഎസ്എഫ്ഇ), തനൂജ ബീഗം (സതേൺ റയിൽവേ), ഐഷാബീവി, നിസ്സാർ.

രത്നമ്മ

കല്ലമ്പലം: നാവായിക്കുളം ചാവർകോട് ഫാർമസി ജംഗ്ഷൻ കിഴക്കുകര വീട്ടിൽ പരേതനായ ആനന്ദന്റെ ഭാര്യ രത്നമ്മ (77) അന്തരിച്ചു. മക്കൾ: ഗോപകുമാർ, ഹർഷകുമാർ, ശ്രീകല. മരുമക്കൾ: സിന്ധു, നിത്യ, സുരേഷ് കുമാർ.

ഫ്രാൻസിസ്

വടക്കാഞ്ചേരി: പുന്നംപറമ്പ് തേർമം ഫ്രാൻസിസ് (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തങ്കമ്മ. മക്കൾ: ഗ്രെയ്സി, ഉഷ, വർഗ്ഗീസ്, രാജു. മരുമക്കൾ: ബെന്നി, ഷീജ, ഷെമീന, പരേതനായ പോൾസൺ.

പി.കെ.കുഞ്ഞിമൊയ്തീൻ ഹാജി

തേഞ്ഞിപ്പലം : വെളിമുക്ക് പാലക്കൽ പൗരപ്രമുഖനും മഹല്ല് കാരണവരുമായിരുന്ന ചെമ്പകശ്ശേരി പി.കെ.കുഞ്ഞിമൊയ്തീൻ ഹാജി (90) അന്തരിച്ചു. ഭാര്യ പരേതമായ കുന്നുമ്മൽ ഖദീയമ്മ. മക്കൾ : അബ്ദുൽ അസീസ്,റഷീദ് (കോയമ്പത്തൂർ), പരേതയായ സഫിയ, സുബൈദ, ഖദീജ, റഫ. മരുമക്കൾ: ഉമ്മർഫേറൂർ, അബ്ദുറസാഖ് കൂഫ, സൈദ് വി.കെ. പടി, ഹൈസെനാർ ആലുങ്ങൽ, റാബിയ, സലീന. സഹോദരങ്ങൾ: മൊയ്തീൻ കുട്ടി ഹാജി, രായിൻ കുട്ടി ഹാജി, മുഹമ്മദ് കുട്ടി ഹാജി.

ഒ.ലക്ഷ്മി

മാവേലിക്കര: പുന്നമൂട് കൊയ്പ്പള്ളിൽ പടീറ്റതിൽ വി.രാഘവന്റെ സഹോദരി ഒ.ലക്ഷ്മി (77) അന്തരിച്ചു. സംസ്കാരം നടത്തി.

പി.ആർ. സുരേഷ്കുമാർ

കോട്ടാങ്ങൽ: മേപ്രത്ത് പരേതനായ രാമകൃഷ്ണൻ നായരുടെ മകൻ പി.ആർ. സുരേഷ്കുമാർ (ഗോപി-54) അന്തരിച്ചു. ചാലാപ്പള്ളി പുലിക്കല്ലുംപുറത്ത് കുടുംബാംഗമാണ്. ഭാര്യ: സുപ്രഭ. മകൻ: അഭിരാം.

ഖരിജക്കുട്ടി

കരുനാഗപ്പള്ളി:ആദിനാട് തെക്ക് തോപ്പിൽ വീട്ടിൽ പരേതനായ ഹൈദ്രോസ് കുഞ്ഞിന്റെ ഭാര്യ ഖരിജക്കുട്ടി(87) അന്തരിച്ചു. മക്കൾ: ആയിഷ ബീവി, ലൈല ബീവി, അബ്ദുൽ സലാം. മരുമക്കൾ: മുഹമ്മദ്കുഞ്ഞ്, ഷംസുദീൻ, തസ്നി.

കെ.എം.ഫിലിപ്പ്

കുളത്തൂപ്പുഴ: റിട്ട. എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ തികൾക്കരിക്കം മുളയറ വീട്ടിൽ കെ.എം.ഫിലിപ്പ് (ബാബു-72) അന്തരിച്ചു. ഭാര്യ: മറിയാമ്മ.

ത്രേസ്യ

വടക്കാഞ്ചേരി: വേലൂർ പഴയങ്ങാടി കൊള്ളന്നൂർ തോമസിന്റെ (തോബിയാസ്) ഭാര്യ ത്രേസ്യ (55) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ എട്ടിന് പഴയങ്ങാടി സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ. മക്കൾ: ജെൻസ്, ജെൻസി. മരുമക്കൾ: നിനു, ഗീവർഗീസ്.

ദേവകി

കല്ലമ്പലം: ചേന്നൻകോട് വിളയിൽ വീട്ടിൽ പരേതനായ ശ്രീധരന്റെ ഭാര്യ ദേവകി (81) അന്തരിച്ചു. മക്കൾ: ജലജാമണി , ജയപ്രകാശ്. മരുമക്കൾ: പ്രസന്നൻ , സിനി.

എം.എ ജോസഫ് തരകൻ

ചേർത്തല: ചേർത്തല നഗരസഭ 29-ാം വാർഡ് മുലയിൽ കളരിക്കൽ എം.എ ജോസഫ് തരകൻ (ബേബിച്ചൻ-82) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മറിയാമ്മ. മക്കൾ: ബീന ജേക്കബ് (വെല്ലിംഗ്ടൺ,ന്യൂസിലാൻഡ്), എബ്രഹാം തരകൻ (ന്യൂജേഴ്സി, യുഎസ്എ), മാത്യു തരകൻ (അറ്റ്ലാന്റ, യുഎസ്എ), ജോസഫ് തരകൻ (അറ്റ്ലാന്റ, യുഎസ്എ). മരുമക്കൾ: ജെക്കോ ജേക്കബ്, തെരേസ അംബൂക്കൻ, ലിൻഡ, ആശ.

സെലീന

വൈപ്പിൻ: പള്ളിപ്പുറം പള്ളിപ്പറമ്പിൽ വീട്ടിൽ പരേതനായ ഫിലിപ്പ് ഭാര്യ സെലീന (91) അന്തരിച്ചു. സംസ്കാരം പള്ളിപ്പുറം മഞ്ഞുമാത ബസലിക്ക സെമിത്തേരിയിൽ നടത്തി. മക്കൾ : ജയമ്മ, അലക്സ്, അനിൽ. മരുമക്കൾ: മത്തായി, സിന, ഷെല്ലി.

അന്നക്കുട്ടി

കൊക്കാത്തോട്:അപ്പൂപ്പൻതോട് കുടപ്പാട്ട് വീട്ടിൽ പരേതനായ വർഗീസ് ദേവസ്യയുടെ ഭാര്യ അന്നക്കുട്ടി (80) അന്തരിച്ചു. മക്കൾ: ജോർജുകുട്ടി, തോമസ്, ആലീസ്, എൽസമ്മ, മിനി. മരുമക്കൾ: തങ്കമ്മ, ജോളി, ബെന്നി, രാജു, പരേതനായ റോയ്.

കെ.എസ്. സക്കറിയ

വെണ്ണിക്കുളം:കിഴക്കേചിറ്റോലിക്കൽ കെ.എസ്. സക്കറിയ (തമ്പാൻ-86) അന്തരിച്ചു. ഭാര്യ: പുളിക്കീഴ് കതിയിലെടിയിൽ പരേതയായ ചിന്നമ്മ. മക്കൾ: രാജു, മോളി, ജജി, തോമസ്, ബിജു, ബിന്ദു, ബീന. മരുമക്കൾ: സജി, ലീലാമ്മ, മാത്തുക്കുട്ടി, കിങ്ങ്സി, ജിൻസി, സോജു, ഷിന്റോ.

എൻ.രമേശൻ

ഏനാത്ത്:ഇളംഗമങ്ങലം ലക്ഷം വീട്ടിൽ എൻ.രമേശൻ (54) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ബേബി ലത. മക്കൾ: ആർ.അഖിൽ, ആർ.അമൽ.

ടി.ഒ സാമുവൽ

തിരുവല്ല: ചുമത്ര താമരവേലിൽ ടി.ഒ സാമുവൽ (കുഞ്ഞുമോൻ-83) അന്തരിച്ചു. സംസ്കാരം പിന്നീട്.
ഭാര്യ: കല്ലിശേരി പാറയിൽ ചെറുവള്ളേത്ത് ആച്ചിയമ്മ. മക്കൾ: ഡെന്നി, ഡെറി (ഇരുവരും കുവൈത്ത്), ഡിനു. മരുമക്കൾ: ജെബി, മോളി, ജിൻ.

പൊടിയമ്മ

കുടശനാട്:മുളൂട്ടിൽ പരേതനായ എം.കെ. വർഗീസിന്റെ ഭാര്യ പൊടിയമ്മ (79) അന്തരിച്ചു. സംസ്കാരം പിന്നീട്.

പി. സുശീല നായർ

തക്കല: തിരുവിതാംകോട് കോവിൽ വട്ടം മുലയം വീട്ടിൽ പരേതരായ അമ്മ മകൾ പി. സുശീല നായർ (74) അന്തരിച്ചു. ഭർത്താവ്: ജി. അയ്യപ്പൻ നായർ (കെൽട്രോൺ). മക്കൾ: എ.എസ്. കാർത്തിക (പ്രൊഫ, സർക്കാർ എൻജിനീയറിങ് കോളജ്) എ.എസ്. ഹരീഷ് (ബിസിനസ്), എ. എസ്. ഗോപിക. മരുമക്കൾ: പി.കെ. ശ്രീകുമാർ, സ്മിത ഹരീഷ്, സുരേഷ് ഉണ്ണി.



രാധാകൃഷ്ണൻ

പൂണിത്തുറ: ജവഹർ റോഡിൽ കണ്ണോക്കയിൽ രാധാകൃഷ്ണൻ മേനോൻ (82) അന്തരിച്ചു. റിട്ട. കെഎസ്ഇബി ഉദ്യോഗസ്ഥനും, സിപിഎം ആദ്യകാല പ്രവർത്തകനും ആയിരുന്നു. ഭാര്യ: തങ്കമണി. മക്കൾ: കെ.ആർ. സുരേഷ് കുമാർ, (സിപിഎം പൂണിത്തുറ കൊട്ടാരം ബ്രാഞ്ച്അംഗം), ചുമട്ടു തൊഴിലാളി യൂണിയൻ സിഐറ്റിയു വൈറ്റില യൂണിറ്റ് അംഗം), ഉമദേവി (കോട്ടയ്ക്കൽ ആര്യവൈദ്യശാല തൃപ്പൂണിത്തുറ) മരുമക്കൾ: ഗീത, സജീവൻ. സംസ്കാരം നടത്തി.

വി.സുകുമാരൻനായർ

മലയിൻകീഴ് : തച്ചോട്ടുകാവ് സുപ്രഭാ ഹൗസിൽ വി.സുകുമാരൻനായർ (72) അന്തരിച്ചു. ഭാര്യ: കെ. പ്രഭകുമാരി. മക്കൾ: എസ്.പി. സജീഷ് (കെഎസ്എഫ്ഇ), എസ്.പി. രജീഷ് (കേരള പൊലീസ്). മരുമക്കൾ: കെ.ജി. അശ്വതി, രേഷ്മ.പി. നായർ(ഫാർമസിസ്റ്റ്).

തോമസ്

നെല്ലിക്കുന്ന്: കുറ ഫ്രൻസ് ലൈനിൽ പാലിശ്ശേരി വീട്ടിൽ പരേതനായ യാക്കോബിന്റെ മകൻ തോമസ് (82) അന്തരിച്ചു. സംസ്കാരം കഴിഞ്ഞു. ഭാര്യ: മേരി. മക്കൾ: തങ്കച്ചൻ, ബീന, ഫാൻസി, ബിൻസി, ജോസഫ്. മരുമക്കൾ: സിജി, സജി, ജോയ്, ജോണി, അഥീന.

റോസ

വടക്കാഞ്ചേരി: കണ്ണമ്പ്രൂഴ പരേതനായ സെബാസ്റ്റ്യൻ ഭാര്യ റോസ (88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10-ന് സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഫൊറോന പള്ളിയിൽ. മക്കൾ: ബേബി, ജോസ്ഫീന, കൊച്ചു മേരി, സേവ്യർ, ജോസ്, ജോൺസൺ, സെബാസ്റ്റ്യൻ, ഷാജു. മരുമക്കൾ: പുഷ്പം, എൽസി, ഫിലോമിന, ശ്രീഷ, സുജ, ജോൺസൺ, പരേതരായ ദേവസി, തോമസ്, ജോസ്.

ജോൺ

അങ്കമാലി: ക്യാനഡയിൽ റിട്ട ഉദ്യോഗസ്ഥനായ അങ്കമാലി തച്ചിൽ ദേവസി ജോൺ (72) അന്തരിച്ചു. സംസ്കാരം നാളെ പത്തിന് ക്യാനഡ മിസ്സിസാഹ ഇടവക പള്ളിയിൽ.
ഭാര്യ: പറവൂർ പഞ്ഞിക്കാരൻ ഫിലോമിന (റിട്ട. ബാങ്ക് ഉദ്യോഗസ്ഥ, കാനഡ). മക്കൾ :പ്രതീപ് (അമേരിക്ക), പ്രീതി (ക്യാനഡ). പരേതൻ അങ്കമാലി മുൻ മുനിസിപ്പൽ ചെയർമാൻ അന്തരിച്ച ടി. ഡി ഡേവിഡിന്റെ സഹോദരനാണ്.

കൃഷ്ണൻനായർ

കൊടുമൺ: അരീക്കരപുത്തൻവീട്ടിൽ (പുതുവാകവിള) കൃഷ്ണൻ നായർ (85) അന്തരിച്ചു. ഭാര്യ: ചെല്ലമ്മ. മക്കൾ: ഉഷാകുമാരി, മിനി, പരേതനായ രാജേന്ദ്രൻനായർ. മരുമക്കൾ: സുരേന്ദ്രൻ, സതീശൻ.

ശ്യാമളാ ദേവി ബി.

തിരുവനന്തപുരം: മെഡിക്കൽ കോളേജ് ചാലക്കുഴി റോഡിൽ പ്രശാന്തിയിൽ പരേതനായ എൻ. നീലകണ്ഠൻ നായരുടെ ഭാര്യ ശ്യാമളാദേവി ബി. (85) അന്തരിച്ചു. മക്കൾ: ഗീതാദേവി എസ്. ലതാദേവി എസ്, സുധാദേവി എസ്. ഉഷാദേവി എസ്. മരുമക്കൾ: വിവേകാനന്ദൻ എസ്., ശ്രീകുമാർ ബി, സുരേന്ദ്രൻ പിള്ള ബി., സതീശൻ പി.

കൊച്ചു കാദർ

കൊടുങ്ങല്ലൂർ: അഴീക്കോട് ലൈറ്റ് ഹൗസ് ജംക്ഷന് കിഴക്ക് ഭാഗത്ത് താമസിക്കുന്ന ഇടയേടത്ത് കൊച്ചു കാദർ (80) അന്തരിച്ചു. ഭാര്യ: സുഹറ. മക്കൾ: ഹക്കീം (ഖത്തർ), ഐഷാബി, ബുഷ്റ, ജാസ്മി, റഹ്മത്ത്. മരുമക്കൾ: അബ്ദുൽ മജീദ് (സുന്നി മാനേജ്മെന്റ് അസോസിയേഷൻ - എസ്എംഎ - ജില്ലാ സെക്രട്ടറി), റാഫി, അസി, പരേതനായ യൂസഫ് ഷഫീന. ഖബറടക്കം നടത്തി.

ഫ്രാൻസിസ്

വൈലത്തൂർ: തലക്കോട്ടൂർ പരേതനായ ടി.പി. മാത്യു മകൻ ഓക്സ്ഫോർഡ് ഷൈർ (യുകെ) മാത്യു ഫ്രാൻസിസ് (80) (മുൻ പ്രിൻസിപ്പൽ സെയിന്റിസ്റ്റ് ഓഫീസർ, ഹാർവെൽ യുകെ) അന്തരിച്ചു. ഭാര്യ: തോട്ടുങ്കൽ ത്രേസ്യാമ്മ. മക്കൾ: മാത്യു (ലണ്ടൻ), ജോസഫ് (ബാംഗ്ലൂർ). മരുമകൾ: സോണിയ.

നിരീക്ഷണത്തിലിരുന്നയാളുടെ മരണം കോവിഡ് മൂലമല്ലെന്ന് സ്ഥിരീകരിച്ചു

തിരുവല്ല: അഹമ്മദാബാദിൽ എയർ ഫോഴ്സ് ഉദ്യോഗസ്ഥയായ മകളെ സന്ദർശിച്ചശേഷം കഴിഞ്ഞ മാസം 23 ന് നാട്ടിൽ മടങ്ങിയെത്തി ഭവനത്തിൽ നിരീക്ഷണത്തിലായിരുന്ന നെടുമ്പ്രം സ്വദേശിയുടെ മരണം കോവിഡ് ബാധ മൂലമല്ലെന്ന് സ്ഥിരീകരിച്ചു.കഴിഞ്ഞ വ്യാഴാഴ്ച വൈകിട്ട് ശ്വാസതടസ്സത്തെ തുടർന്ന്തിരുവല്ല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് മരിക്കുകയും ചെയ്ത നെടുമ്പ്രം നോബിൾ ഹൗസിൽ വിജയകുമാർ (68) ന്റെ സ്രവ പരിശോധനാ ഫലമാണ് നെഗറ്റീവ് ആണെന്ന് തെളിഞ്ഞത്.ഇതോടെ കഴിഞ്ഞ രണ്ട് ദിവസമായി നീണ്ടു നിന്ന ആശങ്കയ്ക്ക് വിരാമമായി.ആലപ്പുഴ മെഡിക്കൽ കോളജ് വൈറോളജി ലാബിൽ നടന്ന പരിശോധനയിൽ വിജയകുമാറിന് കോവിഡ് ബാധയില്ലെന്നും, ഹൃദയാഘാതമാണ് മരണകാരണമെന്നും സ്ഥിരീകരിച്ചു.
താലൂക്ക് ആശുപത്രിയിൽ മരിച്ച വിജയകുമാറിന്റെ മൃതദേഹം സംശയത്തെ തുടർന്ന് പത്തനംതിട്ട ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റുകയും, പരിശോധനക്കായി സ്രവം ശേഖരിക്കുകയും ചെയ്യുകയും, ചികിത്സിച്ച താലൂക്ക് ആശുപത്രി അത്യാഹിത വിഭാഗത്തിലെ ഡോക്ടർ അടക്കം ആറ് ജീവനക്കാരെയും, വിജയകുമാറിനെ ആശുപത്രിയിൽ കൊണ്ടുവന്ന ബന്ധുക്കളെയും നിരീക്ഷണത്തിലാക്കിയിരുന്നു. പരിശോധനാ ഫലം ലഭിച്ചതോടെയാണ് എല്ലാവർക്കും ആശ്വാസമായത്. സംസ്കാരം പിന്നീട് നടക്കും.

നിയന്ത്രണം വിട്ട വണ്ടി മറിഞ്ഞ് ഡ്രൈവർ മരിച്ചു



ജയേഷ്

ചാലക്കുടി: പരിയാരം മുനിപ്പാറയിൽ പെട്ടിവണ്ടിയുടെ കുറുകെ നായ ചാടി നിയന്ത്രണം വിട്ട വണ്ടി മറിഞ്ഞ് ഡ്രൈവർ മരിച്ചു. ആറ് വയസുകാരന് പരുക്കേറ്റു. മോതിരക്കണ്ണി ഏർപ്പാടൻ വീട്ടിൽ ജനാർദ്ദനന്റെ മകൻ ജയേഷ് (31)ആണ് മരിച്ചത്. കൊന്നക്കുഴി കിഴക്കൂടൻ ഷാജി മകൻ ജ്യോതിഷിനാണ് (6)പരുക്കേറ്റത്. പരിക്കേറ്റ കുട്ടിയെ ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചാലക്കുടി പൊലീസ് മേൽനടപടി സ്വീകരിച്ചു.

ഇതര സംസ്ഥാന തൊഴിലാളിയെ ക്വാട്ടേഴ്സിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി

കുറ്റനാട് : ഇതര സംസ്ഥാന തൊഴിലാളിയെ വാടക ക്വാട്ടേഴ്സിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. കോൽക്കത്ത സ്വദേശിയായ കരീബുള്ള ലസ്കറിനെയാണ് വാടക കെട്ടിടത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. പരുതൂർ പഞ്ചായത്തിലെ ഒന്നാം വാർഡിലെ കരിയന്നൂരിലാണ് സംഭവം. ആറ് മാസമായി കേരളത്തിൽ എത്തിയിട്ട്. പ്രദേശത്ത് കൂലി തൊഴിൽ ചെയ്തുവരിക യായിരുന്നു കരീബുള്ള. കുറച്ചുദിവസങ്ങളായി സാംക്രമികരോഗങ്ങളാൽ ചികിത്സ തേടിയിരുന്നു. വിവരമറിഞ്ഞ് തൃത്താല പൊലീസ്, പരുതൂർ ആരോഗ്യ വകുപ്പ്, ജില്ലാ ട്രോമാ കെയർ പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവർ സ്ഥലത്തെത്തി. തൃത്താല പൊലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി. മൃതദേഹം പോസ്റ്റമോർട്ടത്തിനായി പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. കൊറോണ സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചാണ് മൃതദേഹം പോസ്റ്റ് മോർട്ടത്തിന് കൊണ്ടു പോയത്.



കുഞ്ഞാപ്പുവും കുട്ടി ദിനോസറും

പൊറോട്ടയടിക്കാരൻ തങ്കപ്പൻ അറസ്റ്റിൽ

ഫെയ്സ് ബുക്കിലും വാട്ട്സ് ആപ്പിലുമെല്ലാം അടുത്ത ദിവസം മുതൽ വിചിത്ര ജീവിയുടെ സ്ക്രീൻ ഷോട്ടുകൾ നിറഞ്ഞു.

സമയാസമയം ട്രോളുകൾ ഇറക്കുന്നവർക്ക് ഇതൊരു ചാകരക്കാലം.

നടൻ ജഗതിയെ ദിനോസർ ആക്കിക്കൊണ്ട് - പുരുഷു എന്നെ അനുഗ്രഹിക്കണം എന്നു തുടങ്ങി ട്രോൾ പരമ്പര തന്നെ ഇറങ്ങി.

ദിനോസറിനെ പിടിക്കാനിറങ്ങിയ വാറുണ്ണിയെ വച്ച് രസകരമായി മമ്മൂട്ടി സിനിമയുടെ ഭാഗങ്ങൾ എഡിറ്റു ചെയ്തിറങ്ങിയതും വൈറലായി.

ദിനോസർ വേഷക്കാരനെ പിടികൂടാൻ പോലീസിന്റെ ലുക്ക് ഔട്ട് നോട്ടീസും പ്രസിദ്ധീകരിച്ചു. ചുരുക്കത്തിൽ ടോമയ്യയായി നാട്ടിലെ താരം.

രാവിലെ വീട്ടിൽ പത്രം വന്നു വീണപ്പോൾ പതിവില്ലാതെ ചേട്ടനും ചേച്ചിയും അമ്മയും വരെ വരാന്തയിലേക്ക് ഓടിപ്പാഞ്ഞെത്തി.

ദിനോസർ വാർത്ത വായിക്കാനായിരുന്നു ഈ തത്രപ്പാടു മുഴുവൻ.

ഒന്നാം പേജിൽ ബോക്സ് വാർത്തയാണ്. ടോമയ്യയുടെ ഗംഭീര ഫോട്ടോയും കൊടുത്തിട്ടുണ്ട്.

ഫോട്ടോ കണ്ടാണ് കുഞ്ഞാപ്പു അന്തം വിട്ടത്. ഫോട്ടോഗ്രാഫർ നേരിട്ടു ചെന്ന് എടുത്ത പോലെ ഒരെണ്ണം.

പത്രത്തിലെ ദിനോസറിന് ടോമയ്യയുമായി വിദൂര ഛായ പോലുമില്ല എന്നത് മറ്റൊരു യാഥാർഥ്യം.

' സൂക്ഷിച്ചോണം, വല്ല തീവ്രവാദികളും വേഷം കെട്ടിയിറങ്ങിയതല്ലായെന്ന് എങ്ങനെ പറയാൻ പറ്റും? സാദാ കള്ളൻമാർക്ക് ഇങ്ങനെ വേഷം കെട്ടാൻ സാധ്യമല്ല.'

അച്ഛൻ വായനയ്ക്കിടയിൽ ചില അഭിപ്രായങ്ങൾ തട്ടിവിടുന്നുണ്ട്.

'ചിലപ്പോൾ ഇത് റിമോട്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ മോഡൽ സാധനമായിരിക്കും. സുരക്ഷിതമായി ഒരിടത്തിരുന്നു കൺട്രോൾ ചെയ്യാമല്ലോ' - ചേട്ടൻ തന്റെ വിജ്ഞാനം വിളമ്പി.

' അല്ലെങ്കിൽ ഇതെന്തിനാ ഇപ്പൊ ഇങ്ങനെയൊരു സാധനം' - അമ്മയുടെ പ്രായോഗിക ബുദ്ധി തെളിഞ്ഞു വരുന്നുണ്ട്.

' ഇത് ഏതെങ്കിലും അന്യഗ്രഹ ജീവി ആയിരിക്കും, ഇ.ടി സിനിമയിലൊക്കെ കണ്ടപോലെ " - ചേച്ചിക്ക് സിനിമ വിട്ടൊരു കാര്യമില്ല.

വരാന്തയിൽ ചർച്ച പൊടിപൊടിക്കുമ്പോൾ കുഞ്ഞാപ്പു അടുത്ത നടപടിയെക്കുറിച്ച് ആലോചിക്കുകയായിരുന്നു.

ഇതൊന്നുമറിയാതെ പാവം ടോമയ്യ മുറിയിലെന്തെടുക്കുവായിരിക്കും? ഇനി വിചാരിക്കും പോലെ അത്ര നിസാരമല്ല കാര്യങ്ങൾ. പൊലീസ് ഉന്നതതല ഇടപെടൽ ഉണ്ടായ സ്ഥിതിക്ക് അടുത്ത ദിവസങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തിയേ പറ്റൂ.

പുതിയ വാർത്ത എന്ന പ്രഖ്യാപനത്തോടെ ചാനലുകൾ ഇടയ്ക്കിടെ തട്ടിവിടുന്നുണ്ട്.

വൈകിട്ടായപ്പോഴാണ് ആകാംക്ഷയുടെ മുൾമുനയിൽ ഏവരേയും നിർത്തിയ വാർത്തയുടെ ഏറ്റവും പുതിയ ട്വിസ്റ്റ് -

ദിനോസർ വേഷക്കാരൻ അറസ്റ്റിൽ!

ടിവി യിൽ ദിനോസർ വേഷക്കാരനെ അറസ്റ്റ് ചെയ്തു കൊണ്ടുവരുന്ന ദൃശ്യങ്ങൾ.

ഒരു പത്രപ്രവർത്തകന്റെ വീട്ടിലെ ലാപ്ടോപ് മോഷ്ടിച്ചു വരുന്ന വഴിയിൽ സിസിടിവി യിൽ തെളിഞ്ഞതാണ് മോഷ്ടാവിനെ.

തട്ടുകടയിൽ പൊറോട്ടയടിക്കുന്ന തങ്കപ്പനാണ് അറസ്റ്റിലായത്. ലോക്ഡൗൺ കാലം തൊഴിൽ നഷ്ടപ്പെട്ട നിരവധി പേരുടെ ജീവിത സാഹചര്യത്തിലേക്കാണ് ഈ സംഭവം വിരൽ ചൂണ്ടുന്നതെന്നായിരുന്നു ചാനൽ വിലയിരുത്തൽ.

തല്ക്കാലത്തേക്ക് അന്വേഷണത്തിൽ നിന്ന് തലയൂരാൻ പൊലീസ് നടത്തിയ കളിയാണ് തങ്കപ്പന്റെ അറസ്റ്റ് എന്ന ആരോപണവും ചില കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നു.

തീവ്രവാദ ഗ്രൂപ്പിന്റെ രാഷ്ട്രീയ പിടിപാടാണ് യഥാർഥ പ്രതിയിൽ നിന്ന് ശ്രദ്ധ തിരിക്കാൻ പൊറോട്ടയടിക്കാരനിൽ എത്തിയതിന്റെ നാടകീയത എന്നും, ഒരു ലാപ്ടോപ് മോഷണത്തിൽ ഒതുങ്ങുന്ന വകുപ്പുകൾ മാത്രം ചുമത്തി കേസ് തേച്ചു മായ്ച്ചു കളയാനുള്ള ശ്രമമാണ് ഇതെന്നും വാദഗതികൾ ടിവി യിൽ കണ്ടു.

(നാളെ: ടോമയ്യയുടെ സുരക്ഷയ്ക്കായി കുഞ്ഞാപ്പുവിന്റെ ജാഗ്രത)

കഴിഞ്ഞ ദിവസത്തെ ചോദ്യത്തിന് ഉത്തരം അയച്ചവരിൽ ശരിയുത്തരം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്തത്

ശ്രീഹരി മിഥുൻ, 4th Std
നിർമലാ പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ

കഴിഞ്ഞ ദിവസത്തെ ചോദ്യം ഇതായിരുന്നു: ജുറാസിക് പാർക്ക് ചിത്രീകരിച്ച സ്ഥലത്തിന്റെ പേര് എന്താണ്? എവിടെയാണ്?

ഉത്തരം: ***കോസ്റ്ററിക്കയ്ക്കു സമീപം ഇസ്ലാ ന്യൂബ്ലാ എന്ന ദ്വീപ്.***

ഇന്നത്തെ ചോദ്യം:
ദിനോസർ എന്ന പേര് എങ്ങനെ കിട്ടി? ആരാണ് ഈ പേര് ആദ്യം വിളിച്ചത്?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ: **7304041234**

ക്വാറന്റൈനിലും ലൈവായി പി.ടി

സൂരജ് സജി

കൊച്ചി: ഇടുക്കിയിലെ കോൺഗ്രസ് നേതാവിന് കൊവിഡ് ബാധിച്ചതോടെ ക്വാന്റൈനിലായിരുന്നു തൃക്കാക്കര എംഎൽഎ പി.ടി.തോമസ്. തിരുവനന്തപുരത്തെ എംഎൽഎ ഹോസ്റ്റൽ മുറിയിൽ കോൺഗ്രസ് നേതാവ് എത്തിയതിനെ തുടർന്നായിരുന്നു നടപടി.

എന്നാൽ കൊറോണകാലത്ത് വീട്ടിൽ നിരീക്ഷണത്തിൽ മാത്രം ഒതുങ്ങിയിരിക്കാൻ തയാറാല്ലായിരുന്നു, പ്രതിപക്ഷ എംഎൽഎമാരിലെ മുന്നണി പോരാളി. പതിനാലു ദിവസം ക്വാറന്റെൻ എന്ന ആദ്യ നിർദേശം പൂർത്തീകരിച്ച് പുറത്തിറങ്ങാമെന്ന് കരുതിയപ്പോഴാണ് 28 ദിവസം വേണമെന്ന നിർദേശം സർക്കാർ മുന്നോട്ട് വെക്കുന്നത്. എന്നാൽ ക്വാറന്റെനിലാണെങ്കിലും തന്റെ മണ്ഡലത്തിലെ കാര്യങ്ങൾക്ക് ഒരു വിട്ടു വീഴ്ചയ്ക്കും തയാറല്ലായിരുന്നു കൊച്ചിയുടെ പി.ടി. വീട്ടിലുരുന്ന് തന്നെ കാര്യങ്ങൾ നിയന്ത്രിച്ചു.

മണ്ഡലത്തിൽ അഞ്ചിടത്ത് കമ്യൂണിറ്റി കിച്ചണുകൾ ആരംഭിച്ചും, ആരോഗ്യ കാര്യങ്ങൾ ഉൾപ്പെടെ എല്ലാ ദിവസവും ബന്ധപ്പെട്ടവരുമായി ആരഞ്ഞ് വേണ്ട നിർദേശങ്ങൾ നൽകിയുമാണ് കൊറോണയ്ക്കെതിരേ തൃക്കാക്കര മണ്ഡലത്തിൽ പ്രതിരോധം തീർത്തത്.

തൃക്കാക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആറ് സാമൂഹിക അടുക്കളയ്ക്ക് സംഭാവനയായി ലഭിച്ച അരിയും യും പലവ്യഞ്ജന ധാന്യങ്ങളും നൽകുന്നു.

നെടുമ്പാശേരിയിൽ ഡ്യൂട്ടിയിലുണ്ടായ ആരോഗ്യപ്രവർത്തകരുടെ കാര്യത്തിലുണ്ടായ വീഴ്ച്ചയിൽ ഇടയ്ക്ക് സർക്കാരിനെ വിമർശിച്ചു കൊണ്ട് രംഗത്തെത്തുകയും ചെയ്തിരുന്നു എംഎൽഎ. ഡ്യൂട്ടിക്ക് ശേഷം തിരിച്ചെത്തിയ ഡോക്റ്റമാരിൽ ചിലർ ശസ്ത്രക്രിയ വരെ നടത്തിയെന്നും, അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്തയച്ച ശേഷമാണ് എംഎൽഎ മാധ്യമങ്ങളെ കണ്ടത്. ക്വാറന്റെനിലാണെങ്കിലും പിഴവുകൾ ചൂണ്ടികാണിച്ചേ മതിയാകുവെന്ന നിലപാടായിരുന്നു പി ടി .

കഴിഞ്ഞ ദിവസം ക്വാറന്റെൻ പിരിയഡ് പൂർത്തിയായി. ഇതോടെ വീടിനു പുറത്തിറങ്ങി മണ്ഡലത്തിൽ വീണ്ടും സജീവമായി പി.ടി. തോമസ്. വീട്ടിലിരുന്ന് നിയന്ത്രിച്ച കമ്യൂണിറ്റി കിച്ചണുകളിൽ നേരിട്ടെത്തി പ്രവർത്തങ്ങൾ വിലയിരുത്തി.

അരിയുൾപ്പെടെയുള്ള സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടിയും അദ്ദേഹം സ്വീകരിച്ചു. കൂടാതെ ശാരീരികമായും മാനസികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 2500 കിറ്റുകൾ നൽകാനുള്ള അവസാന വട്ട ഒരുക്കത്തിലാണ്. ഈ ആഴ്ച തന്നെ മണ്ഡലത്തിലെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഈ കിറ്റുകൾ കൈമാറും.

എല്ലാരും പാടുന്നു 'സ്നേഹദീപമേ മിഴി തുറക്കൂ'

തിരുവനന്തപുരം: രാജ്യങ്ങൾ ഒന്നൊന്നായി കൊവിഡിന്റെ പിടിയിൽ അമർന്നപ്പോൾ ലോകത്തിനുവേണ്ടിയുള്ള പ്രാർഥനയിൽ മുഴുകിയ മലയാളിയുടെ മനസിലേക്ക് ഒഴുകിയെത്തിയ ഗാനമാണ് ഇപ്പോൾ നാടെങ്ങും മുഴങ്ങുന്നത്.

'ലോകം മുഴുവൻ സുഖം പകരാനായ്
സ്നേഹദീപമേ മിഴി തുറക്കൂ....
കദന നിവാരണ കനിവിൻ ഉറവേ
കാട്ടിൻ നടുവിൽ വഴി തെളിക്കൂ...'

പി. ഭാസ്കരൻ എഴുതി പുകഴേന്തി സംഗീത സംവിധാനം നിർവഹിച്ച് എസ്. ജാനകി പാടിയ പാട്ട്. 1972-ൽ റിലീസ് ചെയ്ത സ്നേഹദീപമേ മിഴി തുറക്കൂ എന്ന ചിത്രത്തിലെ ടൈറ്റിൽ സോങ് ആയാണ് ഇത് ചേർത്തിരുന്നത്. മധുവും ശാരദയുമാണ് നായകനും നായികയും. ഭാസ്കരൻ മാഷിന്റെ കവിത്വം തുളുമ്പുന്ന വരികളും അതിലും ഹൃദ്യമായ സംഗീതവും ഗാനത്തെ കാലാതിവർത്തിയാക്കുന്നു. ചിത്രത്തിന്റെ സംവിധായകനും ഭാസ്കരൻ മാഷ് ആയിരുന്നു

പുകഴേന്തി തമിഴ്നാട്ടുകാരനാണെന്ന് പലരും ധരിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്ത് ചാലയിലുള്ള വേലപ്പൻ നായരാണ് ഇതെന്ന് അറിയുന്നവർ ചുരുക്കം. മുപ്പത് വർഷത്തിലേറെ നീണ്ട സംഗീതസപര്യയിൽ തമിഴ്, തെലുങ്ക്, മലയാളം എന്നീ ഭാഷകളിലായി നൂറോളം ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

ചാല വി.എം. സ്കൂളിൽ പഠിക്കവേ, സംഗീതത്തോടുള്ള ഇഷ്ടം കാരണം വിദ്യാഭ്യാസം ഉപേക്ഷിച്ചു മദ്രാസിലെത്തി. സംഗീതം പഠിപ്പിച്ച പാലക്കാട് പരമേശ്വരൻ നായരാണ് സംഘകാല കവിയായിരുന്ന പുകഴേന്തിയുടെ പേരു നിർദേശിച്ചത്. പുകഴ്പെറ്റവൻ എന്നാണ് ആ വാക്കിനർഥം.

പുകഴേന്തി

പ്രസിദ്ധ സംഗീത സംവിധായകൻ കെ.വി. മഹാദേവന്റെ ഓർക്കസ്ട്രയിൽ അംഗമാകാൻ സാധിച്ചത് വഴിത്തിരിവായി. കെ.വി. മഹാദേവനോടൊപ്പം 250-ൽ പരം തമിഴ്, തെലുങ്ക്, മലയാളം ഗാനങ്ങൾ സംവിധാനം ചെയ്തു.

1965-ൽ മുതലാളി എന്ന ചിത്രത്തിനാണ് മലയാളത്തിൽ ആദ്യമായി സംഗീതസംവിധാനം നിർവഹിക്കുന്നത്. മധുരപ്രതീക്ഷ തൻ പൂങ്കാവിൽ വച്ചൊരു, അപാരസുന്ദര നീലാകാശം, ഗോപുര മുകളിൽ വാസന്തചന്ദ്രൻ തുടങ്ങിയവ അദ്ദേഹത്തിന്റെ ശ്രദ്ധേയ ഗാനങ്ങളാണ്.

പി. ഭാസ്കരനോടൊപ്പമാണ് കൂടുതൽ ഗാനങ്ങളും ചെയ്തത്. 2005 ഫെബ്രുവരി 27ന് അന്തരിച്ചു.

entertainment



ദുൽഖറിന്റെ ലോക്ക്ഡൗൺ കാലം

മകൾക്കൊപ്പമാണ് നടൻ ദുൽഖർ സൽമാന്റെ ലോക്ക്ഡൗൺ ദിനങ്ങൾ. മകൾക്കൊപ്പം കളിയും ചിരിയുമായി സമയം ചെലവഴിക്കുകയാണിപ്പോൾ പ്രേക്ഷകരുടെ പ്രിയ താരം. ഇപ്പോൾ മകളുടെ കുസൃതി ആരാധകരുമായി പങ്കുവച്ചിരിക്കുകയാണ് താരം. കൈയിൽ നെയ്ൽ പോളിഷിട്ട് സ്റ്റിക്കർ ടാറ്റൂവുമായി നിൽക്കുകയാണ് ദുൽഖർ.

ക്വാറന്റീനിലായ അച്ഛന്റെ കാര്യങ്ങൾ എന്ന അടിക്കുറിപ്പോടെയാണ് ദുൽഖർ ചിത്രം പങ്കുവച്ചിരിക്കുന്നത്. രസകരമായ ഹാഷ്ടാഗും ഇതിനൊപ്പം താരം ചേർത്തിട്ടുണ്ട്. തന്റെ രാജകുമാരിക്കായി രാജകുമാരിയാകുന്നു, അവളുടെ ക്യാൻവാസ്, മേക്കപ്പ് ട്രാൻസ്ഫർമേഷൻ തുടങ്ങി നിരവധി ഹാഷ്ടാഗുകളാണ് താരം പങ്കുവച്ചിരിക്കുന്നത്. എന്തായാലും ലോക്ക്ഡൗൺ ദിനങ്ങൾ രസകരമായി പങ്കുവച്ചിരിക്കുകയാണ് താരം.

1250 ചാക്ക് അരി നൽകി യോഗി ബാബു

തമിഴ് നടൻ യോഗി ബാബു അടുത്തിടെയാണ് വിവാഹിതനായത്. താരത്തിന്റെ വിവാഹത്തിന് പിന്നാലെ കൊവിഡ് വ്യാപനത്തോടുള്ള മുൻകരുതലെന്ന നിലിൽ രാജ്യത്ത് ലോക്ക് ഡൌൺ പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് താരത്തിന് വിവാഹ റിസപ്ഷൻ നടത്താനായിരുന്നില്ല. എന്നാൽ ഇതിനായി മാറ്റിവെച്ച തുക കൊണ്ട് സഹായ പ്രവൃത്തി ചെയ്തിരിക്കുകയാണ്. ലോക്ക് ഡൗണിനെ തുടർന്ന് ഏറെ ബുദ്ധിമുട്ടുന്ന തമിഴ് സിനിമാ മേഖലയിലെ ദിവസവേതനക്കാർക്ക് ആശ്വാസവുമായി രംഗത്തെത്തിയിരിക്കുകയാണ് താരം. തമിഴ് സിനിമയിലെ ജൂനിയർ ആർട്ടിസ്റ്റുകൾക്ക് 1250 ചാക്ക് അരി നൽകിയാണ് നടൻ യോഗി ബാബു സഹായഹസ്തമായത്. നേരത്തേ നിശ്ചയിച്ചത് പ്രകാരം യോഗി ബാബുവിന്റെ വിവാഹ റിസപ്ഷൻ ഏപ്രിൽ 9ന് ആർഭാടമായി നടക്കേണ്ടതായിരുന്നു. വിവാഹം വളരെ പെട്ടെന്നായിരുന്നു നടന്നത്, അതിനാൽ തന്നെ സിനിമാ രംഗത്ത് നിന്ന് ആരെയും ക്ഷണിക്കാൻ കഴിഞ്ഞിരുന്നില്ല. പകരം റിസപ്ഷന് വിപുലമാക്കാനായിരുന്നു തീരുമാനം.സിനിമാ മേഖലയിലെ സുഹൃത്തുക്കളെയും തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനിസാമിയെയുമൊക്കെ ചടങ്ങിന് ക്ഷണിച്ചിരുന്നു.

വീണ്ടും കോടികളുടെ സഹായവുമായി അക്ഷയ് കുമാർ

പ്രധാനമന്ത്രിയുടെ കോവിഡ് ധനസഹായ നിധിയിലേക്ക് 25 കോടി രൂപ സംഭാവന ചെയ്ത ശേഷം വീണ്ടും കോടികളുടെ സഹായവുമായി ബോളിവുഡ് നടൻ അക്ഷയ് കുമാർ. ഇപ്പോൾ മുംബൈ ബിഎംസി കോർപറേഷന് മൂന്നു കോടി രൂപ സംഭാവനയായി നൽകിയിരിക്കുകയാണ് അക്ഷയ്.

പ്രതിരോധ ഉപകരണങ്ങൾ, മാസ്കുകൾ, പരിശോധനാ കിറ്റുകൾ തുടങ്ങിയവ വാങ്ങുന്നതിലേക്കായാണ് അക്ഷയ് പണം കൈമാറിയത്. വൈറസിനെ തുരത്താനുള്ള തീവ്രശ്രമങ്ങളിൽ ഏർപ്പെട്ടിട്ടുള്ള നഗരത്തിലെ പൊലീസുകാരോടും ഡോക്ടർമാരോടും നഴ്സുമാരോടും സർക്കാരുദ്യോഗസ്ഥരോടും സന്നദ്ധ സംഘടനകളോടുമെല്ലാം സോഷ്യൽ മീഡിയയിലൂടെ അദ്ദേഹം നന്ദി പറഞ്ഞു.

അക്ഷയ് കൊവിഡ് പ്രതിരോധ അവബോധ യജ്ഞത്തിൽ മികച്ച രീതിയിൽ പങ്കാളിയാവുന്നുണ്ട്. ജാക്കി ഭഗ്നാനിക്കൊപ്പം ചേർന്ന് കോവിഡ് പ്രതിരോധ ഗാനം അക്ഷയ് പുറത്തിറക്കിയിരുന്നു

എല്ലാ സ്ഥലത്തും ഇന്ന് എ.എ.വൈ. കിറ്റുകൾ എത്തിക്കും:മന്ത്രി തിലോത്തമൻ

ആലപ്പുഴ: സംസ്ഥാനത്ത് എല്ലാ സ്ഥലത്തും ഇന്ന് അന്ത്യോദയ അന്നയോജന കിറ്റുകൾ എത്തിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പി. തിലോത്തമൻ പറഞ്ഞു. പട്ടികവർഗവിഭാഗക്കാർക്കുള്ള കിറ്റുകൾ എത്തിച്ച് വിതരണം നടത്തിക്കഴിഞ്ഞു. പൊതു വിതരണ വകുപ്പിന്റെ നേതൃത്വത്തിൽ ആലപ്പുഴ എസ്.ഡി.വി. സെന്റനറി ഹാളിൽ സജ്ജമാക്കിയിട്ടുള്ള ഭക്ഷ്യ ധാന്യകിറ്റ് പാക്കിങ് കേന്ദ്രം സന്ദർശിക്കുകയായിരുന്നു മന്ത്രി. പട്ടികവർഗ വിഭാഗക്കാർ ഒഴികെയുള്ളവരുടെ എ.എ.വൈ. കിറ്റുകളുടെ വിതരണമാണ് ഇന്ന് നടക്കുക. കിറ്റുകളുടെ വിതരണം പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. മുൻഗണനാ പട്ടികയിലുള്ള ആളുകൾക്ക് വിതരണം ചെയ്യാനുള്ള കിറ്റുകൾ തയ്യാറാക്കി വരികയാണ്. ഈ മാസം കൊണ്ട് എല്ലാ കിറ്റുകളുടേയും വിതരണം പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ തീരുമാനപ്രകാരമുള്ള കിറ്റുകളുടെ വിതരണമാണ് ഇപ്പോൾ നടക്കുന്നതെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴ ഡിപ്പോ മാനേജർ കല എൽ., സലീം, സിനിജ, പ്രീത എന്നിവർ സന്നിഹിതരായിരുന്നു.

അടിയന്തര സാഹചര്യം നേരിടാൻ തയ്യാറായി ഹരിപ്പാട് ആശുപത്രി

ഹരിപ്പാട്: കൊവിഡ് - 19 ബാധയുമായി ബന്ധപ്പെട്ട് നിലവിൽ ആശങ്കകളൊന്നുമില്ലെങ്കിലും മുന്നൊരുക്കത്തിന്റെ ഭാഗമായി ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ അടിയന്തര സാഹചര്യം നേരിടാൻ സൗകര്യങ്ങൾ ഒരുക്കി. ജില്ലയിൽ ആലപ്പുഴ മെഡിക്കൽ കോളെജ് കഴിഞ്ഞാൽ കൊവിഡ് ആശുപത്രിയായി സജ്ജീകരിച്ചരിക്കുന്നത് ഹരിപ്പാട് താലൂക്ക് ആശുപത്രിയാണ്.

ഇതിന്റെ ഭാഗമായി ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം താൽക്കാലികമായി മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കു മാറ്റി.5 ഡോക്ടർമാർ,7 സ്റ്റാഫ് നഴ്സുമാർ,5 ശുചീകരണ തൊഴിലാളികൾ എന്നിവരെ അധികമായി നിയമിച്ചിട്ടുണ്ട്. പ്രത്യേക പ്രസവ മുറി,ഓപ്പറേഷൻ തിയേറ്റർ ലബോറട്ടറി എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.150 കിടക്കകൾ,24 മുറികൾ,6 ഐ സി യു ബെഡ് എന്നീ സൗകര്യങ്ങളും ഒരുക്കി.നിലവിൽ പരിശോധനാ ഫലം നെഗറ്റീവായ ഒരാൾ മാത്രമാണ് നിരീക്ഷണത്തിലുള്ളത്.

ഹെൽത്ത് കെയർ പദ്ധതിയുമായി ഷാനിമോൾ ഉസ്മാൻ എംഎൽഎ

തുറവൂർ: അരൂർ മണ്ഡലത്തിലെ തീർത്തും പാവപ്പെട്ട രോഗികൾക്ക് സാന്ത്വനമായി സ്വന്തം പേരിലുള്ള ഹെൽത്ത് കെയർ പദ്ധതിയുടെ ഔപചാരികമായ ആരംഭം കുറിക്കാൻ സാധിച്ചതിൽ അങ്ങേയറ്റം ചാരിതാർത്ഥ്യം ഉണ്ടെന്ന് ഷാനിമോൾ ഉസ്മാൻ എംഎൽഎ അറിയിച്ചു. അരൂർ നിയോജക മണ്ഡലത്തിലെ വിവിധ മേഖലകളിൽ താമസിക്കുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ രോഗികളെ സഹായിക്കുന്നതിന് വേണ്ടിയിട്ടാണ് ഇത്തരമൊരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത് എന്ന് ഷാനിമോൾ പറഞ്ഞു. അരൂക്കുറ്റി ആശുപത്രിയിലേക്ക് ഒരു ഓക്സിജൻ കോൺസെൻട്രേറ്റർ കൈമാറി കൊണ്ടാണ് ഈ സ്നേഹ പദ്ധതിക്ക് ഷാനിമോൾ ഉസ്മാൻ ആരംഭം കുറിച്ചത്. ഓക്സിജൻ ആവശ്യമായിട്ടുള്ള കിടപ്പുരോഗികൾക്ക് ഉപയോഗിക്കുന്നതിന് വേണ്ടിയിട്ടാണ് ഈ ഓക്സിജൻ കോൺസെൻട്രേറ്റർ ഷാനിമോൾ ഇനിഷ്യേറ്റീവ് എന്ന ഹാഷ് ടാഗിൽ ആണ് ഈ സംരംഭം തുടങ്ങിയിട്ടുള്ളത്.

സൗജന്യകിറ്റ് കയറ്റിയതിന് നോക്കുകൂലി

തുറവൂർ:പട്ടണക്കാട് പഞ്ചായത്തിലെ വിവിധ റേഷൻ കടകളിലേക്കുള്ള അന്ത്യോദയ അന്നയോജന കാർഡുടമകൾക്കുള്ള ആയിരംരൂപയുടെ സൗജന്യ കിറ്റ് കേറ്റിയതിന് ആയിരംരൂപ നോക്കുകൂലി വാങ്ങിയ നടപടി അങ്ങേയറ്റം പ്രതിഷേധം ശക്തമായി.

പൊന്നാംവെളിയിലെ സപ്ലൈകോ ഷോപ്പിൽ സർക്കാരിന്റെ യുവജന സന്നദ്ധ പ്രവർത്തകർ ആണ് വാഹനത്തിൽ കിറ്റുകൾ കയറ്റിയത്. ഇതറിഞ്ഞ് പൊന്നാംവെളിയിലെ സി. ഐ റ്റി യുചുമട്ടുതൊഴിലാളികൾ ഒരു കിറ്റിന് അഞ്ചുരൂപ വച്ച് വാഹനത്തിൽ കയറ്റിയ ഇരുനൂറ് കിറ്റിന് ആയിരംരൂപ നോക്കുകൂലി ആവശ്യപ്പെട്ടു.ഇത് തരാതെ വാഹനം വിടില്ലായെന്നും ഇതു തങ്ങളുടെ അവകാശമാണന്നും പറഞ്ഞ് സിഐറ്റി യു തൊഴിലാളികൾ വാഹനം തടസപ്പെടുത്തി നോക്കു കൂലി വാങ്ങിയ ശേഷമാണ് വാഹനം പോകാൻ അനുവദിച്ചത് ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അടക്കുമെന്നും പറയപ്പെടുന്നു

ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ താറാവ് വിറ്റു പോകാത്തത് മൂലം താറാവ് കർഷകരും പ്രതിസന്ധി നേരിടുകയാണ്. കുട്ടനാട്ടിലെ പാടശേഖരത്തിലേക്ക് താറാവുകളുമായെത്തുന്ന കർഷകൻ

എക്സൈസ്-പോലിസ് നിരീക്ഷണം ശക്തമാക്കി

ലോക് ഡൗൺ മുതലെടുത്ത് അനധികൃത വാറ്റലും വിൽപനയും സജീവം

ആലപ്പുഴ: ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ബിവറേജുകളും ബാറുകളും തുറക്കാത്തത് മുതലെടുത്ത് അനധികൃത വാറ്റ് സംഘങ്ങൾ സജീവമാവുന്നു. ആളൊഴിഞ്ഞ വീടുകളും പറമ്പുകളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംഘം അതീവ രഹസ്യമായാണ് വിൽപനയും നടത്തി വരുന്നത്. കഴിഞ്ഞ രണ്ടാഴ്ചക്കിടെ ജില്ലയിൽ നിന്നും നിരവധി വ്യാജമദ്യമാണ് എക്സൈസ് പോലിസ് വകുപ്പുകൾ ചേർന്ന് പിടിച്ചെടുത്തത്.

ചാരായം വാറ്റുന്നതിനിടെ മൂന്നു പേർ പിടിയിൽ

അമ്പലപ്പുഴ: ചാരായം വാറ്റുന്നതിനിടെ മൂന്നു പേർ പിടിയിൽ. വാഹന പരിശോധനക്കിടയിൽ ഉപേക്ഷിച്ചിട്ടുപോയ സ്കൂട്ടറിൽ നിന്നും ചാരായവും വാറ്റാനുപയോഗിക്കുന്ന സ്റ്റൗവും പിടികൂടി.

തകഴി കുന്നുമ്മ രാധിക ഭവനത്തിൽ ലൈജു(35), ജോസ് ഭവനിൽ ജോമോൻ(30)ഇയാളുടെ സഹോദരൻ ജോൺ(29) എന്നിവരാണ് ചാരായം വാറ്റുന്നതിനിടെ പിടിയിലായതെന്ന് അമ്പലപ്പുഴ പൊലീസ് പറഞ്ഞു. ഇവരിൽ നിന്നും 2.5 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും പിടികൂടി. വെള്ളിയാഴ്ച പുലർച്ചെ പോലീസിനുകിട്ടിയ രഹസ്യ വിവരത്തിൻെറ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയായിരുന്നു.

അമ്പലപ്പുഴ കരൂരിലാണ് വാഹന പരിശോധനക്കിടെ ഉപേക്ഷിച്ചിട്ടുപോയ സ്കൂട്ടറിൽ നിന്നും 600 മില്ലി ചാരായവും സീറ്റിനടിയിൽ സൂക്ഷിച്ചിരുന്ന സ്റ്റൗവും അമ്പലപ്പുഴ പൊലീസ് പിടികൂടിയത്. വെള്ളിയാഴ്ച രാവിലെ 11 ഓടെയായിരുന്നു സംഭവം. സ്കൂട്ടറിൽ വന്ന യുവാക്കൾ പരിശോധനക്കായി വാഹനം നിർത്താതെ പോയി. സംശയം തോന്നിയ പോലീസ് പിൻതുടരാൻ ശ്രമിച്ചപ്പോഴേക്കും യുവാക്കൾ സ്കൂട്ടർ ഉപേക്ഷിച്ച് കടന്നുകളയുകയായിരുന്നു. പോലീസ് എത്തി വാഹനം പരിശോധിച്ചപ്പോഴാണ് ചാരായവും സൗറ്റവും കണ്ടെത്തിയത്.

കോടയുമായി അച്ഛനും മകനും ബന്ധുവും പൊലീസ് പിടിയിൽ

അമ്പലപ്പുഴ:ചാരായം വാറ്റുന്നതിനിടെ 30 ലിറ്റർ കോടയുമായി അച്ഛനും മകനും ബന്ധുവും പൊലീസ് പിടിയിൽ. അമ്പലപ്പുഴ: അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് കൊപ്പറക്കടവ് കൊച്ചേഴര വീട്ടിൽ ബാലചന്ദ്രൻ (55), മകൻ ബിനു (30), ബന്ധു സുഭാഷ് (32) എന്നിവരെയാണ് ശനിയാഴ്ച പുലർച്ചെ അമ്പലപ്പുഴ പൊലീസ് അറസ്റ്റു ചെയ്തത്. വീടിനു സമീപം ചാരായം വാറ്റ് നടക്കുന്നതായി രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് നടത്തിയ തെരച്ചിലിലാണ് മൂവരും പിടിയിലായത്. 30 ലിറ്റർ ചരായവും,വാറ്റുപകരണങ്ങളും പൊലീസ് കണ്ടെടുത്തു. അമ്പലപ്പുഴ കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റു ചെയ്തു.

ചാരായവുമായി പിടിയിലായി

മാവേലിക്കര: കോടയും ചാരായവുമായി രണ്ടുപേർ പിടിയിലായി. പ്രതികളിൽ രണ്ടുപേർ സംഭവ സ്ഥലത്തുനിന്നും രക്ഷപെട്ടു. തഴക്കര കുന്നം, കണ്ണങ്കര വീട്ടിൽ മഹേഷ്(39), എണ്ണക്കാട്, പെരിങ്ങലിപ്പുറം ആറ്റുമാലിൽ ബെന്നി(43) എന്നിവരാണ് പിടിയിലായത്. ഇവർക്കൊപ്പം ഉണ്ടായിരുന്ന വഴുവാടി മൂതയിൽ കിഴക്കതിൽ ഭവിത്കുമാർ, കൊല്ലകടവ് സ്വദേശി സന്തോഷ് എന്നിവർ സംഭവ സ്ഥലത്തു നിന്നും എക്സൈസ് സംഘത്തെ കണ്ട് രക്ഷപെടുകയായിരുന്നു. രഹസ്യ വിവരത്തെ തുടർന്ന് ഇന്നലെ ഉച്ചയ്ക്ക് ഒരുമണിയോടെ ഭവിത്കുമാറിന്റെ വഴുവാടി മൂതയിൽ കിഴക്കതിൽ വീട്ടിൽ നടത്തിയ പരിശോധനയിൽ 310ലിറ്റർ കോടയും 2.5 ലിറ്റർ ചാരാവും വാറ്റുപകരണങ്ങൾ എന്നിവ കണ്ടെത്തുകയായിരുന്നു. കോട ഉണ്ടാക്കി വെച്ചശേഷം ആവശ്യക്കാർ എത്തുന്നതനുസരിച്ച് പ്രത്യേകം സംവിധാനം ചെയ്ത പ്രഷർക്കുക്കറിൽ വാറ്റി ചാരായം വിൽപ്പന നടത്തുകയായിരുന്നു ഇവർ. ലിറ്ററിന് 1500 മുതൽ 2000 രൂപ വരെയാണ് ഇവർ ഈടാക്കി കൊണ്ടിരുന്നതെന്ന് എക്സൈസ് ഉദ്യോഗസ്ഥർ അറിയിച്ചു. രക്ഷപെട്ട പ്രതികൾക്കായുള്ള തിരച്ചിൽ ആരംഭിച്ചതായും ഇവർ ഉടനടി പിടിയിലാകുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. മാവേലിക്കര റെയ്ഞ്ച് എക്സൈസ് ഇൻസ്പെക്ടർ ആർ.ജയരാജിന്റെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ അസി. ഇൻസ്പെക്ടർ കെ. ബിജു, ട്രെയിനിംഗ് ഇൻസ്പെക്ടർ എ.അഖിൽ, പ്രിവന്റീവ് ഓഫീസർ ജെ.കൊച്ചുകോശി, സി.ഇ.ഒമാരായ കെ.അനിൽകുമാർ, കെ.ബിജു, ജി.ജയകൃഷ്ണൻ, എസ്.സജേഷ്, ഇ. ഡി.സുരേഷ് തുടങ്ങിയവർ പങ്കെടുത്തു. വാജമദ്യ വിൽപ്പന സംബന്ധിച്ച വിവരങ്ങൾ 0479 2340270, 9400069502, 9496499228

ചേർത്തല എസ്എൻഡിപി യൂണിയനിലെ അംഗങ്ങൾക്കുള്ള അരി വിതരണം യൂണിയൻ സെക്രട്ടറി വി എൻ ബാബു നിർവഹിക്കുന്നു

അവശ്യസാധനങ്ങൾ വിതരണം ചെയ്തു

ചേർത്തല:കൊറോണയെ തുടർന്ന് ഉണ്ടായ വിഷമതകൾക്ക് ആശ്വാസമായി ചേർത്തല എസ്എൻഡിപി യൂണിയനിലെ 110 ശാഖകളിലും അംഗങ്ങക്ക് വിതരണം ചെയ്യുന്നതിന് ചേർത്തല യൂണിയൻ സെക്രട്ടറി വി എൻ ബാബു ആവശ്യമായ അരിനൽകി

തുറവൂർ ശാഖാ യോഗം 545 ലെ മുഴുവൻ വീടുകൾക്കും സോപ്പും സോപ്പ് പൊടിയും കൂടാതെ തിരഞ്ഞെടുത്ത 100 വീടുകൾക്ക് അരിയും ചേർത്തല sndp യൂണിയൻ സെക്രട്ടറി ശ്രീ vn ബാബു വിതരണം ചെയ്തു.

ശാഖാ യോഗത്തിൽ കൂടിയ ലളിതമായ യോഗത്തിൽ ശാഖാ പ്രസിഡന്റ് കെ എസ്സ് സതീശൻ അദ്ധ്യക്ഷത വഹിച്ചു ശാഖാ ഭരണസമിതി അംഗങ്ങൾ പങ്കെടുത്തു.

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ഇറച്ചി വാങ്ങാൻ തിക്കും തിരക്കും: പോലീസ് ലാത്തിവീശി

ചെങ്ങന്നൂർ: ശനിയാഴ്ച ദിവസമായ ഇന്നലെ ശാസ്താംപുറം ചന്തയിൽ ഇറച്ചിയും മത്സ്യവും വാങ്ങാൻ ജനങ്ങളുടെ തിക്കും തിരക്കുമായിരുന്നു. വെളുപ്പിനെ 5 മണി മുതൽ സ്കൂട്ടറിലും കാറുകളിലുമായി എത്തിയവരുടെ തിരക്ക് . നിയന്ത്രിക്കാൻ കഴിയാതെ വന്നതോടെ എസ്.ഐ. ബിജുവിൻ്റെ നേതൃത്വത്തിൽ കൂടുതൽ പോലീസ് സ്ഥലത്ത് എത്തിയാണ് നിയന്ത്രണ വിധയമാക്കിയത്.തുടർന്ന് പോലീസ് മാർക്കറ്റിലെ റോഡിൽ പോലീസ് ബന്തവസും ഏർപ്പെടുത്തി.മാർക്കറ്റിലേക്ക് വരുന്നവരുടെ പരിശോധനയും കർശനമാക്കി. മാസ്ക്കും മറ്റ് സുരക്ഷാ ക്രമീകരണവും ഇല്ലാതെ വന്നവരെ തിരിച്ചയച്ചു.

ഒടുവിൽ പോലീസ് ഒരു മീറ്റർ അകലത്തിൽ ക്യൂ കർശനമാക്കിയ ശേഷമാണ് കച്ചവടം തുടങ്ങിച്ചത്.നിരവധി ആൾക്കാരാണ് ദിനംപ്രതി രാവിലെ7മുതൽ നഗരമധ്യത്തിലെ കടകളിൽ എത്തിച്ചേരുന്നത്. ഒരാഴ്ചയോളമായി ഈ സ്ഥിതി തുടരുന്നു.

ഇറച്ചിവാങ്ങാനെത്തിയവരുടെ തിരക്ക്

അത്യാവശ്യ സാധനങ്ങൾ വിൽക്കാൻ അനുമതി ഉണ്ടെങ്കിലും ബഥേൽ ജംഗ്ഷന് സമീപം വിൽപ്പന നടത്തുന്ന ഹോൾസെയിൽ കടയിൽ നിരവധി കച്ചവടക്കാരാണ് രാവിലെ 7 മണി മുതൽ 10 മണി വരെ എത്തിച്ചേരുന്നത്. കപ്പലണ്ടി വറുത്തത്, കപ്പലണ്ടിമിഠായി, സിഗരറ്റ്, മിച്ചർ, അച്ചാർ എന്നിവയാണ് അവശ്യ സാധനങ്ങളുടെ പട്ടികയിൽപ്പെടുത്തി വിൽപ്പന നടത്തുന്നത്.നഗരത്തിൽ ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്നത് ഇവിടെയാണ്. വാഹനങ്ങളുടെ തിരക്ക് ഇല്ലാത്തതിനാൽ റോഡും ഇക്കൂട്ടർ കയ്യേറിയാണ് നിൽപ്പ്.ചെങ്ങന്നൂരിൽ രണ്ടുപേർക്ക് കൊറോണ പോസിറ്റീവ് സ്ഥിരീകരിച്ചശേഷവും ജനങ്ങൾ തടിച്ചു കൂടുന്നത് ഒഴിവാക്കാൻ ആരോഗ്യ വകുപ്പിനോ ,പോലിസിനോ കഴിയുന്നില്ല എന്നുള്ള ആക്ഷേപം ഉയരുന്നു.

വനത്തിൽ ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് കയറ്റിയയക്കുന്ന അവശ്യവസ്തുക്കളുടെ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ഡിവൈ.എസ്.പി എ.ജി.ലാൽ നിർവഹിക്കുന്നു

അന്യസംസ്ഥാന തൊഴിലാളികൾക്ക് ആർദ്ര ഹാബിറ്റാറ്റിന്റെ സഹായ ഹസ്തം

ചേർത്തല: വനപാലകരുടെ നിർദ്ദേശപ്രകാരം കാലടി വനത്തിൽ ജോലിചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികൾക്ക് പൊലീസ് ഇടപെടലിൽ ആർദ്ര ഹാബിറ്റാറ്റിന്റെ കൈതാങ്ങ്.അരി ഉൾപ്പെടെ അവശ്യസാധനങ്ങളടക്കം 1500 രൂപാ വിലവരുന്നകിറ്റ് 200 പേർക്കാണ് നൽകിയത്.

വനത്തിൽ ദിവസ വേതനത്തിന് ജോലി ചെയ്യുന്ന ഇവർക്ക് സ്വന്തമായി റേഷൻ കാർഡോ മറ്റ് രേഖകളോ ഒന്നു മില്ലാത്തതിനാൽ ലോക്ഡൗൺ വന്നതോടെ ജോലിയും കൂലിയും ഭക്ഷണവും കിട്ടാതെ ബുദ്ധിമുട്ടുകയായിരുന്നു.എറണാകുളം റേഞ്ച് ഡി.ഐ.ജി കാളിരാജിന്റെ അഭ്യർത്ഥനയെ തുടർന്ന് റിട്ട.ഡി.ജി.പി പി.ചന്ദ്രശേഖരൻ ചെയർമാനും പി. ഡി.ലക്കി മാനേജിംഗ് ഡയറക്ടറുമായ ആർദ്ര ഹാബിറ്റാറ്റ് സഹായ ഹസ്തവുമായി മുന്നോട്ടു വരുകയായിരുന്നു.ഇവർക്കുള്ള ഭക്ഷ്യ ധാന്യങ്ങളുമായി ചേർത്തലയിൽ നിന്നും ഇതിനായി ആർദ്ര വണ്ടി കാലടിവനത്തിൽ എത്തി ഇവരുടെ ക്യാമ്പുകളിൽ കിറ്റുകൾ വിതരണം നടത്തി.സെൻട്രൽ റീജിയൺ കൺസർവേറ്റർ ഒഫ് ഫോറസ്റ്റ് ഡോ.സി.മീനാക്ഷി കാളിരാജ് മാനേജിംഗ് ഡയറക്ടർ പി. ഡി.ലക്കിയിൽ നിന്നും കിറ്റുകൾ ഏറ്റുവാങ്ങി.

ചേർത്തല ഡിവൈ.എസ്.പി ഓഫീസിനു മുന്നിൽ ഡിവൈ.എസ്.പി എ.ജി.ലാൽ വാഹനത്തിന്റെ ഫ്ലാഗ് ഒഫ് കർമ്മം നിർവഹിച്ചു.ആർദ്ര ഹാബിറ്റാറ്റ് മാനേജിംഗ് ഡയറക്ടർ പി.ഡി.ലക്കി പങ്കെടുത്തു.

ഒന്നേകാൽ ലക്ഷം രൂപ നൽകി

വൈക്കം: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ചെറുകിട സംരംഭകന്റെയും തൊഴിലാളികളുടേയും വിഹിതമായി ഒന്നേകാൽ ലക്ഷം രൂപ നൽകി. വൈക്കം ചെമ്മനത്തുകര കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് എന്ന ചെറുകിട സംരംഭമാണ് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തത്.

വൈക്കം താലൂക്ക് ഓഫീസിൽവച്ച് ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ ടി.വി അനിയനിൽ നിന്ന് തുക സി.കെ ആശഎം.എൽ.എ ഏറ്റുവാങ്ങി വൈക്കം തഹസിൽദാർ എസ്.ശ്രീജിത്തിനു കൈമാറി.

ടി.കെ.എം.എം കോളെജിനു സമീപം മറിഞ്ഞ ഓറഞ്ച് കയറ്റിയ മിനിലോറി

മിനിലോറി മറിഞ്ഞു;രണ്ട് പേർക്ക് നിസാര പരിക്ക്

ഹരിപ്പാട്: മലപ്പുറം തിരൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് പുറപ്പെട്ട ഓറഞ്ച് കയറ്റിയ മിനിലോറി മറിഞ്ഞു;രണ്ട് പേർക്ക് നിസാര പരിക്ക്.

തിരൂർ ചങ്കാരി വളപ്പിൽ മുഹമ്മദാലിയുടെമകൻ സവാദ് (ഡ്രൈവർ 35) ചെന്തിരുത്തിയിൽ അബ്ദുവിന്റെ മകൻ നവാസ്(38) എന്നിവർക്കാണ് പരിക്കേറ്റത് . ദേശീയ പാതയിൽ നങ്ങ്യാർകുളങ്ങര ടി.കെ .എം. എം.കോളേജിന് സമീപം ഇന്നലെ വെളുപ്പിന് 6-നായിരുന്നു അപകടം.

ലോറി നിയന്ത്രണംതെറ്റി റോഡരുകിലെ മൈൽ കുറ്റിയിൽ തട്ടി പടിഞ്ഞാറ് ഭാഗത്തേക്ക് മറിയുകയായിരുന്നു.ഡ്രൈവർഉറങ്ങി പോയതാകാം അപകട കാരണമെന്ന് പോലീസ് പറഞ്ഞു. അഞ്ച് ടൺ ഓറഞ്ചുണ്ടായിരുന്നു .തിരുവനന്തപുരത്തെ ഏജന്റിന് കൊണ്ടു പോകുകയായിരുന്നുവെന്നും 20 ശതമാനം നഷ്ടമുണ്ടായതായും ഡ്രൈവർ സവാദ് പറഞ്ഞു.

പാഥേയം ഭക്ഷണശാലയോടൊപ്പം കർഷകർക്ക് കൈത്താങ്ങായി സജീവനി പദ്ധതി

ചേർത്തല: തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആദ്യ ജനകീയ ഭക്ഷണ ശാലയായ പാഥേയം കഴിഞ്ഞ മാസം 24നാണ് ആരംഭിച്ചത്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പ്രാദേശീക കാർഷിക വിഭവങ്ങളുടെ വിപണിയായ ജീവനി സജീവനി പദ്ധതിയും അദ്യമായി തണ്ണീർമുക്കത്ത് ആരംഭിച്ചു. കർഷകർക്ക് ഒരു കൈതാങ്ങ് എന്ന പേരിൽ എല്ലാ ദിവസവും മൂന്ന് മണിക്കൂർ പ്രവർത്തിക്കുന്ന ജൈവ പച്ചക്കറി വിപണന കേന്ദ്രം ആരംഭിച്ചു. പഞ്ചായത്ത് ഓഫീസിൽ തണ്ണീർമുക്കം പാഥേയം ഭക്ഷണശാലയോടൊപ്പമാണ് പച്ചക്കറിയുടെ പൊതുവേദി തുടങ്ങിരിക്കുന്നത്.

കോവിഡും ലോക്ക് ഡൗണും പ്രഖ്യാപിച്ചതിനാൽ വിപണി കണ്ടെത്താൻ വിഷമിക്കുന്ന കർഷകർക്ക് ആശ്വാസമായി തുടങ്ങിയ വിപണിയുടെ ഉദ്ഘാടനം മന്ത്രി ഡോ. തോമസ് ഐസക്ക് നിർവ്വഹിച്ചു. രാവിലെ 10 മണി മുതൽ 1 മണി വരെ എത്തുന്ന കർഷകർക്ക് വിപണിയിൽ ഇത് വിൽക്കുന്നതിനും ആവശ്യക്കാർക്ക് വാങ്ങുന്നതിനുമാണ് സൗകര്യം ഒരുക്കിയിരിക്കുന്നത്. ഭക്ഷണശാലയോടൊപ്പമുള്ള കർഷകരുടെ പൊതുവിപണ കേന്ദ്രത്തിൽ പൂർണ്ണമായി ജൈവ പച്ചക്കറികൾ നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി എസ് ജ്യോതിസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷമാരായ രമാമദനൻ, സുധർമ്മ സന്തോഷ്, ബിനിത മനോജ് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ. ജെ. സെബാസ്റ്റ്യൻ, സനിൽനാഥ്, സാനുസുധീന്ദ്രൻ, രമേഷ്ബാബു എന്നിവരും കൃഷി ഓഫീസർ പി .സമീറ, അസിസ്റ്റന്റ് സന്തോഷ്കുമാർ, സിഡിഎസ് പ്രസിഡന്റ് ശ്രീജ ഷിബു ' പഞ്ചായത്ത് സെക്രട്ടറി പി. സി. സേവ്യർ എന്നിവർ പങ്കെടുത്തു.

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആലപ്പുഴ എ.ആർ ക്യാമ്പിലേക്ക് ആവിശ്യമായ സാനിറ്റൈസർ, മാസ്ക്ക് എന്നിവ അസിസ്റ്റൻറ് കമാൻറൻറ് സന്തോഷ് കുമാറിന് എസ്.എൻ. ഡി.പി.യോഗം അമ്പലപ്പുഴ താലൂക്ക് യൂണിയൻ സെക്രട്ടറി കെ. എൻ.പ്രേ മാനന്ദൻ കൈമാറുന്നു

സാമുഹിക പ്രവർത്തകന്റെ ഇടപെടൽ മെഡിക്കൽ കോളജിൽ കഴിയുന്ന കുടുംബത്തിന് തുണയായി

അമ്പലപ്പുഴ: വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വൃദ്ധ മാതാവിന് പണം വാങ്ങുവാൻ ഓട്ടോറിക്ഷ പിടിച്ച് ചെറുമകൻ നാട്ടിൽ പോയപ്പോൾ വൃദ്ധയ്ക്ക് കൂട്ടിരുന്ന ഭർത്താവായ 85 കാരന് കോണിപ്പടിയിൽ നിന്നും തെന്നി വീണ് പരിക്കേറ്റു. ഹരിപ്പാട് മുട്ടത്ത് വാടകക്ക് താമസിയ്ക്കുന്ന ഗോപാലകൃഷ്ണനാണ് പരിക്കേറ്റത്. ഇയാളുടെ മുഖത്തിനും പല്ലിനും പരിക്ക് പറ്റി.

വായിൽ അഞ്ചോളം തുന്നൽ ഉണ്ട്.ഇയാളുടെ ഭാര്യ പത്മം (75) വൃക്ക സംബന്ധമായ അസുഖത്തിന് മെഡിക്കൽ കോളജിലെ മെഡിസിൻ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. ഭാര്യയുടെ രക്ത പരിശോധനയ്ക്ക് വേണ്ടിയാണ് ഗോപാലകൃ ഷ്ണൻ ഒന്നാം നിലയിൽ നിന്ന് ലാബ് പ്രവർത്തിയ്ക്കുന്ന നാലാം നിലയിലേയ്ക്ക് പോയത് ഇവരുടെ കൂടെ ചെറുമകൻ കൂട്ടിനുണ്ടായിരുന്നു. ആശുപത്രി ചിലവിനായി ഹരിപ്പാട് ഉള്ള ഒരു അകന്ന ബനധുവിന്റെ അരികിലേയ്ക്ക് ചെറുമകനെ ഓട്ടോറിക്ഷാ പിടിച്ച് പറഞ്ഞ് വിട്ട ശേഷമാണ് ഗോപാലകൃഷ്ണൻ ഭാര്യയുടെ രക്ത പരിശോധന ഫലത്തിനായി നാലാം നിലയിലേയ്ക്ക് പോയത്.ഇവർക്ക് ഭിന്നശേഷിയുള്ള ഒരു മകൾ മാത്രമാണ് ഉള്ളത്.

എന്നാൽ പണം വാങ്ങി തിരിച്ച് വന്ന ചെറുമകൻ ഓട്ടോ കൂലിയായി 750 രൂപ നൽകി. ഇതറിഞ്ഞ് സ്ഥലത്ത് എത്തിയ സാമൂഹിക പ്രവർത്തകൻ നവാസ്കോയ പല്ലന ഓട്ടോ ഡ്രൈവറെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. ഓട്ടോക്കാരൻ ഈ കുടുംബത്തിന്റെ നിസാ ഹാ യ അവസ്ഥയറിഞ്ഞ് 750 ചെറുക്കന് തിരിച്ച് നൽകി. പകരം 500 രൂപ നവാസ്കോയ തന്റെ കൈയിൽ നിന്ന് ഓട്ടോക്കാരന് നൽകി.

ഫയർഫോഴ്സ് ഉദ്യോഗസ്ഥൻ മണിയപ്പന് മരുന്ന് കൈമാറുന്നു

മരുന്നെത്തിച്ച് നൽകി ഫയർഫോഴ്സ്

മുഹമ്മ: മാരാരിക്കുളം തെക്ക് പഞ്ചായത്ത് നാലാം വാർഡിൽ എൽ ജി നിവാസിൽ മണിയപ്പന് തിരുവനന്തപുരം ആർസിസിയിൽ നിന്നും മരുന്നെത്തിച്ച് നൽകി ഫയർഫോഴ്സ്. ആർസിസിയിൽ പോവാൻ സാധിക്കാതെ വന്നതിനെത്തുടർന്നു ആലപ്പുഴ ഫയർഫോഴ്സിനെ വിവരമറിയിച്ചിരുന്നു.

തുടർന്നു മരുന്നുമായി വാഹനം പുറപ്പെട്ടിട്ടുണ്ടെന്ന് രാത്രി സന്ദേശമെത്തി. പിറ്റേ ദിവസം പുലർച്ചെ മരുന്നുമായി ആലപ്പുഴ ഫയർഫോഴ്സ് ഓഫീസിലെ ജീവനക്കാരായ സനൽ, ഷൈൻ എന്നിവർ മണിയപ്പന്റെ വീട്ടിലെത്തി മരുന്ന് കൈമാറി. വീട്ടുകാരുടെ ഒരു നന്ദി വാക്കിനു പോലും കാത്തുനിൽക്കാതെ അടുത്ത ആൾക്ക് ഏറ്റവും വേഗം മരുന്നെത്തിക്കാൻ അവർ കുതിച്ചു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 110 .RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

കിച്ചണിലേക്ക് സംഭാവന

വൈപ്പിൻ: കേരള കോൺഗ്രസ്(എം) വൈപ്പിൻ നിയോജക മണ്ഡലം കമ്മിറ്റി കെ.എം. മാണിയുടെ ചരമവാർഷിക ദിനത്തിൽ ഞാറക്കൽ കമ്യൂണിറ്റി കിച്ചണിലേക്ക് ധനസഹായം നൽകി. പ്രസിഡന്റ് സാജു മേനാച്ചേരി, പഞ്ചായത്ത് പ്രസിഡന്റ് ഷിൽഡ റിബേരക്ക് തുക കൈമാറി. എ.ടി.ആന്റണി, വിമൽബാബു, അരുൺ, പഞ്ചായത്ത് വൈസ് പസിഡന്റ് എ.പി ലാലു, സെക്രട്ടറി കെ.എച്ച്.റൂബീന ,വിമൽ ബാബു,അരുൺ, അംഗങ്ങളായ ഗോപാലകൃഷ്ണൻ, മണി സുരേന്ദ്രൻ എന്നിവർ സംബന്ധിച്ചു.

ബാങ്ക് ധനസഹായം

വൈപ്പിൻ: കുഴുപ്പിള്ളി പഞ്ചായത്ത് കമ്യൂണിറ്റി കിച്ചണിലേക്ക് കുഴുപ്പിള്ളി സർവീസ് ബാങ്ക് ധനസഹായം നൽകി. ബാങ്കിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് എം.സി. സുനിൽകുമാർ, പഞ്ചായത്ത് പ്രസിഡന്റ് രജിത സജീവന് തുക കൈമാറി.

വൈപ്പിൻ: പെരുമ്പിള്ളി സഹകരണ ബാങ്ക് ഞാറക്കൽ കമ്യൂണിറ്റി കിച്ചണിലേക്ക് ധനസഹായം നൽകി. ബാങ്ക് പ്രസിഡന്റ് കെ.എസ്. കിഷോർകുമാർ, പഞ്ചായത്ത് പ്രസിഡന്റ് ഷിൽഡ റിബേരക്ക് തുക കൈമാറി.കെ.എസ്. കിഷോർകുമാർ പഞ്ചായത്ത് പ്രസിഡന്റ് ഷിൽഡ റിബേരക്ക് തുക കൈമാറി.

ബാർ ഹോട്ടൽ സ്റ്റോർ റൂം സീൽ ചെയ്തു

മട്ടാഞ്ചേരി: ലോക് ഡൗൺ നിർദേശം മറി കടന്ന് അനധികൃതമായി മദ്യം വിറ്റ ഫോർട്ട് കൊച്ചിയിലെ ബാർ ഹോട്ടലിന്റെ മദ്യം സൂക്ഷിക്കുന്ന സ്റ്റോർ റൂം എക്സൈസ് സീൽ ചെയ്തു.ഫോർട്ട് കൊച്ചി നമ്പർ 18 ഹോട്ടലിലെ മദ്യം സ്റ്റോർ ചെയ്യുന്ന റൂമാണ് സീൽ ചെയ്തതെന്ന് കൊച്ചി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി.എസ് ശശികുമാർ പറഞ്ഞു.ഫോർട്ട് കൊച്ചിയിലെ ബാർ ഹോട്ടലുകളിൽ അനധികൃതമായി മദ്യം വിൽക്കുന്നതായി മാധ്യമങ്ങൾ റിപോർട്ട് ചെയ്തിരുന്നു.ഇതിനെ തുടർന്ന് എക്സൈസ് പരിശോധന നടത്തുകയും സ്റ്റോർ റൂം സീൽ ചെയ്യുകയുമായിരുന്നു.

പൈനാപ്പിൾ ചലഞ്ച്

തൃപ്പൂണിത്തുറ: കൊറോണ പടർന്നു പിടിച്ച സാഹചര്യത്തിൽ കയറ്റുമതി അടക്കമുള്ള വിപണന സാദ്ധ്യതകൾ തീർത്തും ഇല്ലാതായ പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിൽ പൈനാപ്പിൾ ചലഞ്ച് നടത്തി. ചലഞ്ചിന്റെ ഭാഗമായി വിളവെടുപ്പ്നടത്തിയ പൈനാപ്പിൾ കൃഷി വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ജില്ലയിലെ വിവിധ റസിഡൻസ്അസോസിയേഷനുകളിലൂടെ വിപണനം നടത്തുകയാണ്. അതിന്റെ ഭാഗമായി തൃപ്പൂണിത്തുറ ഫോർട്ട് അലയൻസ്റസിഡൻസ്അസോസിയേഷനിലെ കുടുംബാംഗങ്ങൾക്കായി ഇന്നലെ സംസ്കൃതസ്കൂൾ അങ്കണത്തിൽ കൃഷി വകുപ്പിന്റെ സഞ്ചരിക്കുന്ന വിപണന വാഹനത്തിൽ എത്തിച്ച 375കിലോ പൈനാപ്പിൾ എൻഎഫ്ആർഎ. പ്രസിഡന്റ് വിനോദ് ഏറ്റുവാങ്ങി. പൈനാപ്പിൾ വിതരണം വാർഡ് കൗൺസിലർ ശബരിഗിരീശൻ നിർവഹിച്ചു. അസോസിയേഷൻ ഭാരവാഹികളായ വി.എസ്.എസ്.പിള്ള, എ.പി.സന്തോഷ് എന്നിവർ നേതൃത്വം നൽകി.

വിഭവങ്ങൾ കൈമാറി

തൃപ്പൂണിത്തുറ: നഗരസഭയുടെ നേതൃത്വത്തിൽ നടത്തുന്ന കമ്യൂണിറ്റി കിച്ചണിലേക്ക് കേരളാ പൊലീസ് അസോസിയേഷൻ ആൻഡ് പൊലീസ് ഒന്നാം ബറ്റാലിയൻ ജില്ലാ കമ്മിറ്റി നൽകിയ പലചരക്ക്, പച്ചക്കറി വിഭവങ്ങൾ കമാണ്ടന്റ് ഡോ:വൈഭവ് സക്സേന എം.സ്വരാജ് എംഎൽഎയ്ക്ക് കൈമാറി. നഗരസഭാ അദ്ധ്യക്ഷ ചന്ദ്രികാദേവി, വൈസ് ചെയർമാൻ ഒ.വി.സലിം, നഗരസഭാ സെക്രട്ടറി അഭിലാഷ് കുമാർ, കെ.ഷിബുരാജ്, സുജിത്ത്, എൻ.സി.രാജീവ്, മധു.ബി, അരുൺ അശോക് എന്നിവർ പങ്കെടുത്തു.

പച്ചക്കറി കിറ്റ് വിതരണം ചെയ്തു

ഏലൂർ: നഗരസഭ ഒമ്പതാം വാർഡ് ഈസ്റ്റേൺ റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ വാർഡിലെ 300 ഓളം കുടുംബങ്ങൾക്ക് പച്ചക്കറി കിറ്റ് വിതരണം നടത്തി. ഏലൂർ എസ്എച്ച്ഒ ആർ.മനോജ് പച്ചക്കറി കിറ്റിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. വാർഡ് കൗൺസിലർ ഷെറിൻ സാറ്റൺ പി.ബി. രാജേഷ്, എം.എ.അബ്ദുൽ കരീം, കൺവീനർ മോഹനൻ തുടങ്ങിയവർ പങ്കെടുത്തു. ഭാരവാഹികളുടെ നേതൃത്വത്തിൽ കിറ്റ് വീടുകളിൽ എത്തിച്ചു നൽകി.

ഒരു ലോക് ഡൗൺ അപാരത

മണ്ണും വളവും ഇല്ലാതെ ഇലവർഗ കൃഷി

സാജു ഏനായി

അങ്കമാലി: വിഷരഹിതമായ ഇലവർഗ്ഗങ്ങൾ മണ്ണോ, ഉമോ ഇല്ലാതെ എങ്ങനെ വളർത്തമെന്ന് എൻഎസ്എസ് വോളന്റിയർമാരായ പ്ലസ് ടു വിദ്യാർഥികളുടെ കണ്ടെത്തൽ. പാറക്കടവ് എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിലെ നാഷണൽ സർവീസ് സ്കീം വോളന്റിയേഴ്സ് ഓരോരുത്തരും സ്വന്തം വീട്ടിൽ ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ ഭാഗമായി മൈക്രോഗ്രീൻ പ്രോഗ്രാമിലൂടെയാണ് അവർ ഇത് സാധ്യമാക്കിയത്.

മണ്ണും വളവും ഇല്ലാതെ നടത്തിയ ഇലവർഗ കൃഷി.

പച്ചക്കറികൾക്ക് ദൗർലഭ്യം നേരിടുന്ന ഈ സമയത്ത് പ്രത്യേക പരിപാലനമോ, മണ്ണോ, വളമോ ഇല്ലാതെ ഓരോരുത്തരും വീട്ടിലേക്ക് ആവശ്യമായ വിഷരഹിതമായതും പ്രതിരോധശേഷി വർധിപ്പിക്കുന്നതുമായ ഇലവർഗങ്ങൾ ഉത്പാദിപ്പിച്ച് സ്വയം പര്യാപ്തത കൈവരിച്ചിരിക്കുന്നു. വിത്ത്, പരന്ന പാത്രം, കടലാസ് എന്നിവ മാത്രം ഉപയോഗിച്ചും ഇടയ്ക്ക് വെള്ളം തളിച്ചു കൊടുത്തും ഏഴാം ദിവസം പയർ, മുതിര, കടല, കടുക്, ഉലുവ, മല്ലി തുടങ്ങിയ വിവിധ ഇലവർഗങ്ങൾ വിളവെടുക്കാൻ അവർക്ക് സാധിച്ചു.

മണ്ണും കൃഷിയും കാടും നാടും നാഷണൽ സർവീസ് സ്കീം പ്രവർത്തനങ്ങളിലൂടെ അടുത്തറിഞ്ഞ അവർക്ക് ഇത് ഒരു പുതിയ അറിവ് കൂടിയായി.

ഒരു തരി പോലും മണ്ണ് ആവശ്യമില്ലാത്ത ഈ കൃഷി രീതി ഏറെ പ്രയോജനകരമാണെന്ന് അവർക്ക് വേണ്ട പിന്തുണയും പ്രചോദനവും നൽകിയ പ്രോഗ്രാം ഓഫിസർ ശോഭ ടീച്ചറും പ്രിൻസിപ്പൽ ബീനാ ശങ്കറും പറഞ്ഞു.

നാടുകടത്തിയ യുവാവ് ബൈക്കിൽ ചുറ്റവെ പിടിയിലായി

വൈപ്പിൻ: കാപ്പ നിയമപ്രകാരം നാടുകടത്തിയ യുവാവ് ചട്ടം ലംഘിച്ചു നാട്ടിലെത്തി ലോക്ക് ഡൗൺ കാലത്ത് സുഹൃത്തിനൊപ്പം ബൈക്കിൽ കറങ്ങവെ മുനമ്പം പൊലീസ് പിടിയിലായി. ചെറായി കൊടുശേരി ബിനു കെ. സത്യൻ (27) ആണ് പിടിയിലായത്. ഇയാൾക്കൊപ്പം ഒപ്പം സഞ്ചരിച്ച ചെറായി സ്വദേശി ആഷിക് (28) എന്നയാളെയും പൊലീസ് കസ്റ്റഡിയിലെടുത്തു. ഒമ്പതോളം ക്രിമിനൽ കേസുകളിൽ പ്രതിയായ ബിനുവിനെ 2019 ആഗസ്റ്റിൽ ഡിഐഡിയുടെ ഉത്തരവ് പ്രകാരമാണ് നാടുകടത്തിയത്. കാപ്പ നിയമം ലംഘിച്ചതിനും പകർച്ച വ്യാധി തടയൽ നിയമപ്രകാരവും കേസെടുത്തതായി മുനമ്പം സിഐ എ.എ. അഷറഫ് അറിയിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് നൽകുന്ന സംഭാവന മാനെജിംഗ് ഡയറക്റ്റർ ടി.വി.അനിയനിൽ നിന്ന് സി.കെ. ആശ എംഎൽഎ ഏറ്റുവാങ്ങുന്നു.

ദുരിതാശ്വാസം - മാതൃകയായി ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ്

വൈക്കം: സംസ്ഥാനത്തെ കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ചെറുകിട സംരംഭകന്റെയും തൊഴിലാളികളുടെയും വിഹിതമായി ഒന്നേകാൽ ലക്ഷം രൂപ. വൈക്കം ചെമ്മനത്തുകര കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് എന്ന ചെറുകിട സംരംഭമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒന്നേകാൽ ലക്ഷം രൂപ സംഭാവന ചെയ്തത്. വൈക്കം തഹസിൽദാരുടെ കാര്യാലയത്തിൽ ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് മാനെജിങ് ഡയറക്റ്റർ ടി.വി.അനിയനിൽ നിന്ന് തുക സി.കെ. ആശ എംഎൽഎ ഏറ്റുവാങ്ങി. വൈക്കം തഹസിൽദാർ എസ്.ശ്രീജിത്തിനു കൈമാറി. കഴിഞ്ഞ വെള്ളപ്പൊക്ക ദുരിത കാലത്തും ആനന്ദ് ഓയിൽ ഇൻഡസ്ട്രീസ് ഉടമയും തൊഴിലാളികളും ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി സാമൂഹ്യപ്രതിബദ്ധത കാട്ടിയിരുന്നു. സിപിഎം ടിവി പുരം ലോക്കൽ സെക്രട്ടറി കെ.ആർ.സഹജൻ, എം.വി.സാബു, എ.അമൽ തുടങ്ങിയവർ സംബന്ധിച്ചു.

ഈസ്റ്റർ വിഷു

നിയന്ത്രണം ലംഘിച്ചാൽ കർശന നടപടി

വീടുകളിൽ നിരീക്ഷണത്തിനായി ഇന്നലെ പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല

കൊച്ചി: ലോക് ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ ഭരണകൂടത്തിന്റെ മുന്നറിയിപ്പ്. ജില്ലയിൽ സ്ഥിതി നിയന്ത്രണത്തിലാണെങ്കിലും ജാഗ്രത കൈവിടാനാകില്ല. ഈസ്റ്റർ, വിഷു ആഘോഷങ്ങളുടെ പേരിൽ നിലവിലെ നിയന്ത്രണങ്ങൾ ലംഘിക്കാൻ ആരെയും അനുവദിക്കില്ല.സമൂഹ അടുക്കളകളിൽ ആൾക്കൂട്ടവും ആഘോഷവും പാടില്ല. ഇതു സംബന്ധിച്ച പരാതികളിൽ നടപടിക്കു നിർദേശം നൽകും. വ്യാപാര സ്ഥാപനങ്ങളിൽ ഉത്തരവിന്റെ ലംഘനം കണ്ടെത്താൻ ക്യാമറയുമായി സ്ക്വാഡുകളെ നിയോഗിച്ചിരുന്നു. നിശ്ചിത എണ്ണത്തിലും കൂടുതൽ പേരെ പ്രവേശിപ്പിച്ച സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കിയിട്ടുണ്ട്. ഇവർക്ക് നോട്ടീസ് നൽകി നടപടി സ്വീകരിക്കും. കൊവിഡ് ബാധിച്ച് ഏഴു പേരാണ് ചികിത്സയിലുള്ളത്.

ഇന്നലെ വീടുകളിൽ നിരീക്ഷണത്തിനായി പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിൽ നിരീക്ഷണത്തിലുണ്ടായിരുന്ന 242 പേരുടെ നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. ഇതോടെ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 2709 ആയി.

ഇതിൽ 2605 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 104 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലുമാണ്.

ജില്ലയിൽ നാലു പേരെ കൂടി ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിച്ചു. ഇതിൽ 2 പേർ കളമശേരി മെഡിക്കൽ കോളജിലും രണ്ടു പേർ സ്വകാര്യ ആശുപത്രിയിലുമാണ്. നിലവിൽ 24 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്.

ഇതിൽ 14 പേർ കളമശേരി മെഡിക്കൽ കോളജിലും ഒരാൾ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും നാലു പേർ ആലുവ ജില്ലാ ആശുപത്രിയിലും രണ്ടു പേർ കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലും മൂന്നു പേർ സ്വകാര്യ ആശുപത്രിയിലുമാണ്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന ഒരാളെ ഡിസ്ചാർജ് ചെയ്തു. നിലവിൽ ആശുപത്രികളിൽ ഐസൊലേഷനിൽ ഉള്ളവരിൽ 7 പേരാണ് കോവിഡ് പോസിറ്റീവ് ആയി ജില്ലയിൽ ചികിത്സയിൽ തുടരുന്നത്.

ഇവരുടെയെല്ലാം ആരോഗ്യ നില തൃപ്തികരമാണ്. ജില്ലയിൽ നിന്നും 36 സാംപിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചു.

30 പരിശോധന ഫലങ്ങളാണ് ലഭിച്ചതെല്ലാം നെഗറ്റീവ് ആണ്. ഇനി 114 സാംപിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്.

ഇർഫാൻ ജില്ലാ കലക്റ്റർ സുഹാസിന് പണം കൈമാറുന്നു

വികലാംഗ പെൻഷൻ ദുരിതാശ്വാസ നിധിയിലേക്ക് നൽകി ഇർഫാൻ

കൊച്ചി: കൊവിഡ് കാലത്ത് തന്നാലാകും വിധം നാടിനെ സഹായിച്ച് ഇർഫാൻ. തനിക്ക് ലഭിച്ച അഞ്ച് മാസത്തെ വികലാംഗ പെൻഷൻ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി മാതൃകയായിരിക്കുകയാണ് കൊച്ചു മിടുക്കൻ ഇർഫാൻ സക്കീർ. പിതാവുമായി കലക്ട്രേറ്റിൽ നേരിട്ടെത്തി പണം ജില്ലാ കലക്റ്റർ എസ്. സുഹാസിന് കൈമാറി. കളമശേരി വിമുക്തി സ്പെഷ്യൽ സ്കൂളിലാണ് പതിനാലുകാരനായ ഇർഫാന്റെ പഠനം. ഏലൂർ പാതാളം സ്വദേശികളായ സക്കീറിന്റെയും സുനിതയുടേയും മകനാണ്.

കാൻസർ രോഗികൾക്ക് സേവനവുമായി ക്യാൻക്യൂർ

കൊച്ചി: ക്യാൻക്യൂർ ഫൗണ്ടേഷൻ ലോക്ഡൗൺ സമയത്ത് കാൻസർ രോഗികൾക്ക് അവശ്യ മരുന്ന് എത്തിച്ചു നൽകാൻ രംഗത്ത്. കാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും നേരത്തെ ചികിത്സ ലഭ്യമാക്കുന്നതിനും സൗജന്യ മാമ്മോഗ്രാം സൗകര്യം ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ബോധവത്കരണ ക്യാംപുകൾ നടത്തുകയും അതുവഴി കാൻസർ രോഗം തടയുന്നതിന് പ്രവർത്തിക്കുകയുമാണ് ക്യാൻക്യൂർ ഫൗണ്ടേഷൻ ചെയ്യുന്നത്.

ലോക്ഡൗൺ സമയത്തു കാൻസർ രോഗികളുടെ കാര്യത്തിൽ ശ്രദ്ധക്കുറവും അവർക്കു വേണ്ടി വരുന്ന ചികിത്സയിലും മരുന്നുകൾ ലഭ്യമാക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടും സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു സേവനത്തിനു ക്യാൻക്യൂർ ഫൗണ്ടേഷൻ മുൻ കയ്യെടുക്കുന്നത്. ക്യാൻസർ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് മരുന്നുകൾ തുടർന്നും കഴിക്കേണ്ടതായിട്ടുള്ളതുകൊണ്ടും അത്തരം മരുന്നുകളുടെ ലഭ്യതയിൽ ലോക്ഡൗൺ കാരണം കുറവ് വന്നിട്ടുള്ളതായി അറിഞ്ഞതിനാലും എറണാകുളം ജില്ലയിലെ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന നിർധനരായ ക്യാൻസർ രോഗികൾക്ക് അവശ്യ മരുന്നുകളുടെ ലഭ്യത കുറവുണ്ടെങ്കിൽ അത് എത്തിച്ചു നൽകാൻ പരമാവധി ശ്രമിക്കുന്നതാണെന്ന് ക്യാൻക്യൂർ ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു. ആവശ്യമുള്ളവർക്ക് 7025003335 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

വ്യാജമദ്യ വിൽപ്പന; കാപ്പ ചുമത്തും

കൊച്ചി: വ്യാജമദ്യ വിൽപ്പനക്കെതിരേ ശക്തമായ നടപടിയുമായി എറണാകുളം റൂറൽ ജില്ലാ പൊലീസ്. വ്യാജവാറ്റും മദ്യവിൽപ്പനയും നടത്തുന്നവർക്കെതിരെ കാപ്പ ചുമത്തുമെന്നു റൂറൽ ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക്.

ശക്തമായ പരിശോധനയാണ് റൂറൽ ജില്ലയിൽ നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി നിരവധി കേസുകളാണ് സമീപ ദിവസങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഴിഞ്ഞ ദിവസം നീലീശ്വരത്ത് ആളൊഴിഞ്ഞ പറമ്പിൽ നിന്നും 15 ലിറ്റർ ചാരായവും 30 ലിറ്റർ വാഷും വാറ്റുപകരണങ്ങളും പൊലീസ് കണ്ടെടുത്തു.

നെടുമ്പാശേരിയിൽ നിന്നു 4 ലിറ്റർ ചാരായവും 12 ലിറ്റർ വാഷും വാറ്റുപകരണങ്ങളും പിടികൂടിയിരുന്നു. സംഭവവുമായി ബന്ധപ്പെട്ടു മൂന്നു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ തൊട്ടിക്കടവ് പുഴയോരത്തു നിന്നു 60 ലിറ്റർ വാഷാണ് പിടികൂടിയത്. മൂവാറ്റുപുഴയിൽ കെട്ടിടത്തിനു മുകളിൽ വ്യാജമദ്യം നിർമിക്കുകയായിരുന്ന 6 പേരെ പൊലിസ് സാഹസികമായി പിടികൂടി. മുളന്തുരുത്തി ആമ്പല്ലൂരിൽ 1 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളുമായി 3 പേരെ രണ്ട് ദിവസം മുമ്പ് അറസ്റ്റ് ചെയ്തിരുന്നു. കോതമംഗലത്ത് 20 ലിറ്റർ വാഷ് പിടികൂടുകയും രണ്ട് പേരെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി. വരും ദിവസങ്ങിലും പരിശോധന തുടരുമെന്ന് എസ്.പി അറിയിച്ചു.

ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ഭക്ഷണപ്പൊതിയും വെള്ളവും നൽകിയപ്പോൾ.

ലോക് ഡൗൺ ലംഘനത്തിൽ അറസ്റ്റ്

കൊച്ചി: ലോക്ക്ഡൗൺ ലംഘിച്ചതുമായി ബന്ധപ്പെട്ടു റൂറൽ ജില്ലയിൽ ഇന്നലെ 128 കേസുകൾ രജിസ്റ്റർ ചെയ്തു.

113 പേരെ അറസ്റ്റ് ചെയ്തു.64 വാഹനങ്ങൾ കണ്ടുകെട്ടി.

എറണാകുളം റൂറൽ ജില്ലയിൽ ഇതുവരെ 4777 കേസുകൾ രജിസ്റ്റർ ചെയ്തു. 4554 പേരെ അറസ്റ്റ് ചെയ്തു.

2831 വാഹനങ്ങൾ കണ്ടുകെട്ടിയിട്ടുണ്ട്. ലോക്ക്ഡൗൺ ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് റൂറൽ ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക് അറിയിച്ചു.

അങ്കമാലി പൊലീസിന് റോട്ടറി ക്ലബിന്റെ സഹായം

അങ്കമാലി: റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ കൊവിഡ് - 19ന് എതിരെ ആഹോരാത്രം പ്രവർത്തിക്കുന്ന പൊലീസ് സേനയ്ക്ക് ആവശ്യമായ മാസ്കുകളും സാനിറ്റൈസറുകളും നൽകി. ക്ലബ് പ്രസിഡന്റ് ജോസ് പാറേക്കാട്ടിൽ സിഐ മുഹമ്മദ് റിയാസിനും എസ്ഐ അരുണിനും കൈമാറി. ജോർജ് പാറയ്ക്കൽ, കെ.കെ.ചന്ദ്രശേഖരൻ, തോമസ്, ചാൾസ് തയ്യിൽ എന്നിവർ പങ്കെടുത്തു.

ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ഭക്ഷണ വിതരണം

കൊച്ചി: സപ്ലൈകോയുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ഭക്ഷണപ്പൊതിയും വെള്ളവും നൽകുന്ന സംരംഭത്തിന്റെ ഉദ്ഘാടനം ഇടപ്പള്ളി മെട്രോ സ്റ്റേഷൻ പരിസരത്ത് എറണാകുളം ജില്ലാ കലക്റ്റർ എസ്.സുഹാസ് നിർവഹിച്ചു സപ്ലൈകോ സിഎംഡി പി.എം. അലി അസ്ഗർ പാഷ അധ്യക്ഷത വഹിച്ചു. സംസ്ഥാനത്ത് ചരക്കുമായെത്തുന്ന ട്രക്ക് ഡ്രൈവർമാർക്ക് ഇവിടെ നിന്ന് ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് മൂന്നു വരെ ഭക്ഷണപ്പൊതിയും വെള്ളവും ലഭിക്കും.

കരിമീന് 800 രൂപ കട്‌ലക്ക് 700 പ്രതിഷേധവുമായി നാട്ടുകാർ

പള്ളുരുത്തി: ഈസ്റ്ററിന് തലേന്നാളിൽ പെരുമ്പടപ്പ് മാർക്കറ്റിൽ മീൻ വാങ്ങിക്കാനെ ത്തിയവർക്ക് കൈപൊള്ളി. കരിമീൻ കിലോ 800 രൂപയും കട്‌ലക്ക് 700 രൂപയുമാണ് ഈടാക്കിയത്. മീനുകൾക്കെല്ലാം തീ വിലയാണെന്നറിഞ്ഞിട്ടും ആളുകൾ വാങ്ങാൻ തിരക്ക് കൂട്ടുകയായിരുന്നു. നാരൻ ചെമ്മീൻ 450-500 രൂപയും ചൂടന് 300-350 രൂപയും ഈടാക്കി.മത്സ്യങ്ങൾക്ക് തീവില ഈടാക്കിയതറിഞ്ഞ പരാതിയെത്തുടർന്ന് പൊതുപ്രവർത്തകരായ കെ.കെ റോഷൻ കുമാറും ജോയി കുപ്പക്കാട്ടും ഇവിടെയെത്തി പ്രതിഷേധിച്ചു. അമിത വിലയിൽ നേരിയ കുറവു വരുത്താൻ ഇടപാടുകാർ തയ്യാറായെങ്കിലും വിവരം ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പള്ളുരുത്തി എസ്ഐ യുടെ നേതൃത്വത്തിലെത്തിയ പൊലീസ് സംഘം വിൽപ്പനക്കാർക്ക് താക്കീത് നൽകിയതിനെ തുടർന്ന് വില കുറച്ചു വിൽക്കാൻ തയ്യാറാകുകയായിരുന്നു.

നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റുകളിൽ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ച് കച്ചവടം. തോപ്പുംപടി,പോളക്കണ്ടം പെരുമ്പടപ്പ് മാർക്കറ്റുകളിലാണ് നിയന്ത്രണങ്ങൾ ലംഘിച്ച് ജനം തിങ്ങിക്കൂടുന്നു. പെരുമ്പടപ്പ് മാർക്കറ്റിൽ പുലർച്ചെ 5ന് ആരംഭിക്കുന്ന മത്സ്യലേലത്തിൽ പങ്കുകൊള്ളാനാണ് നാട്ടുകാർ എത്തിച്ചേരുന്നത്.

16 ലിറ്റർ ചാരായവും വാറ്റുകാരനും ഉൾപ്പെടെ മൂന്നു പേർ പിടിയിൽ

അങ്കമാലി: കറുകുറ്റി എടക്കുന്നിൽ പുലിക്കല്ല് ഭാഗത്ത് നിന്നും അങ്കമാലി പൊലീസ് 16 ലിറ്റർ അനധികൃത ചാരായവും വാറ്റുകാരനും വാറ്റുപകരണങ്ങളും സഹിതം മൂന്ന് പേരെ പിടികൂടി. ഇവിടെ നിന്നും നാല് ലിറ്റർ ചാരായവുമായി ബൈക്കിൽ പോകുകയായിരുന്ന നെടുമ്പാശേരി ആവണംകോട് സ്വദേശികളായ കിരൺ (24), രാഹുൽ(28), എന്നിവരെയാണ് എസ്ഐ ജി.അരുണിന്റെ നേതൃത്വത്തിലെത്തിയ പൊലീസ് സംഘം ആദ്യം പിടികൂടിയത്.

ഇവരിൽ നിന്നും കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് 12 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും സഹിതം വാറ്റുകാരൻ മൈപ്പാൻ ആന്റണിയെ (65) പിടികൂടിയത്. വ്യാഴാഴ്ച വൈകിട്ട് ആറരയോടെയാണ് സംഭവം. പൊലീസ് ഉദ്യോഗസ്ഥരായ ജിതിൻകുമാർ, പ്രമോദ്, റോണി അഗസ്റ്റ്യൻ, സലിംകുമാർ, ജീമോൻ, സുനിൽ കുമാർ, സജി എന്നിവരും ഇവരെ പിടികൂടുന്നതിന് എത്തിയിരുന്നു.

പത്ര ഏജന്റുമാർക്ക് ഇൻഷുറൻസ് പരിരക്ഷ വേണം

അങ്കമാലി: ന്യൂസ് പേപ്പർ ഏജന്റ്സ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് നിക്സൻ തോമസ്, സെക്രട്ടറി സാജു ഏനായി എന്നിവരുടെ നേതൃത്തിൽ റോജി.എം.ജോൺ എംഎൽഎയ്ക്ക് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകി. അവശ്യ സർവീസ് കണക്കാക്കി ലോക് ഡൗൺ ആനുകൂല്യങ്ങളും ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കാൻ സത്വര ഇടപെടൽ ഉണ്ടാകണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു.

പ്ലസ്ടു വിദ്യാർഥിയുടെ കരവിരുതിൽ നൂതന വെന്റിലേറ്റർ

അങ്കമാലി: കൊവിഡ് 19 ലോകത്തെ ഭീതിയിലാക്കുന്ന പശ്ചാതലത്തിൽ ആധുനിക സംവിധാനങ്ങളുള്ള വെന്റിലേറ്റർ നിർമിച്ച് കപ്രശ്ശേരി ഐഎച്ച്ആർഡി മോഡൽ ടെക്നിക്കൽ ഹയർസെക്കൻഡറി സ്കൂൾ പ്ലസ്ടു വിദ്യാർഥി അൻഫിൽ ഷാജോ മികവ് തെളിയിച്ചു. സ്കൂളിലെ അടൽ ടിങ്കറിങ് ലാബിന്റെ സഹായത്തോടെ രണ്ട് ദിവസം കൊണ്ടാണ് ഉപകരണം നിർമിച്ചത്.

സാധാരണയുള്ള വെന്റിലേറ്ററുകൾക്ക് ലക്ഷങ്ങൾ വിലവരും.

കുറഞ്ഞ ചെലവിൽ നൂതനവും ശാസ്ത്രീയവുമായി നിർമിക്കാവുന്ന വെന്റിലേറ്ററാണ് അൻഫിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാധാരണയുള്ള വെന്റിലേറ്ററുകളിൽ നിന്ന് വ്യത്യസ്തമായി ഒന്നിലധികം പേരെ കിടത്താനാകും.

എങ്കിലും ഒരു ഡോക്റ്റർക്കോ, വ്യക്തിക്കോ അൻഫിൽ രൂപകൽപ്പന ചെയ്ത മൊബൈൽ ആപ് വഴി ഉപകരണം പ്രവർത്തിപ്പിക്കാനാകുമെന്നതാണ് പ്രത്യേകത. രോഗികൾക്ക് അസ്വസ്ഥതയുണ്ടായാൽ പരസഹായം കൂടാതെ ഡോക്റ്ററെ അറിയിക്കാനും അടിയന്തിരമായി നിർത്തുവാനും വീണ്ടും പ്രവർത്തിപ്പിക്കാനും സാധിക്കുമെന്നതാണു മറ്റൊരു സവിശേഷത.

പ്ലസ് ടു വിദ്യാർഥി അൻഫിൽ ഷാജോ താൻ നിർമിച്ച വെന്റിലേറ്റർ ഉപകരണവുമായി.

സ്കൂളിനെ പ്രതിനിധീകരിച്ച് അൻഫിൽ പല ശാസ്ത്രമേളകളിലും പങ്കെടുത്ത് മികവ് പുലർത്തിയിട്ടുണ്ട്.

അടുത്തിടെ റോബോർട്ട് നിർമ്മാണം അടക്കമുള്ള സ്കൂളിലെ വിവിധ ക്ലാസുകളിൽ പരിശീലനം നേടുകയും കഴിവ് തെളിയിക്കുകയും ചെയ്തതിരുന്നു.

സ്കൂളിലെ അടൽ ടിങ്കറിങ് ലാബിൽ നിന്ന് വെന്റിലേറ്റർ നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ ആലുവ മുപ്പത്തടത്തുള്ള അൻഫിലിന്റെ വീട്ടിൽ പ്രിൻസിപ്പൽ എത്തിച്ച് കൊടുക്കുകയായിരുന്നു. മുപ്പത്തടം പ്ലാക്കൽ വീട്ടിൽ ഷാജോയുടെയും സോഫിയയുടെയും മകനാണ് അൻഫിൽ.

അമിത വില: ഏഴു വ്യാപാരികൾക്ക് പിഴ

വൈപ്പിൻ: ലോക്ഡൗൺ മുതലെടുത്ത് വിലവിവര പട്ടിക പ്രദർശിപ്പിക്കാതെയുള്ള വിൽപ്പനയിലൂടെ ഉപഭോക്താക്കളെ ചൂഷണം ചെയ്ത ഏഴ് വ്യാപാരികൾ താലൂക്ക് തഹസിൽദാറും സപ്ലൈ ഓഫിസറും സംഘവും നടത്തിയ മിന്നൽ പരിശോധനയിൽ കുടുങ്ങി.

കച്ചവടക്കാർ കൊള്ള നടത്തുന്നുവെന്നു പരാതി ഉയർന്ന സാഹചര്യത്തിലാണു വൈപ്പിനിൽ കൊച്ചി തഹസിൽദാർ കെ.ജെ.തോമസും താലൂക്ക് സപ്ലൈ ഓഫിസർ എസ്.ശോഭയുടെയും നേതൃത്വത്തിലുള്ള സംഘം മിന്നൽ പരിശോധനക്ക് ഇറങ്ങിയത്.

വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതെയും വില രേഖപ്പെടുത്താതെയും വിൽപ്പന നടത്തിയ എടവനക്കാട് മേഖലയിലെ ഏഴ് വ്യാപാരികൾക്ക് പിഴ ചുമത്തി. അതിനിടെ പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനത്തെയും കണ്ടെത്തി പിഴചുമത്തി.

എളങ്കുന്നപ്പുഴ പഞ്ചായത്തിലെ വളപ്പ് കവലയിൽ പൊതുനിരത്തിലെ പച്ചക്കറി വിൽപ്പനക്കാരെ പൊലീസിന്റെ സഹായത്തോടെ വശങ്ങളിലേക്ക് ഒഴിപ്പിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക കോട്ടമുണ്ടാകുന്ന ആൾക്കൂട്ടം സൃഷ്ടിക്കുന്നത് ശിക്ഷാർഹമായിരിക്കുമെന്നും ഉദ്യോഗസ്ഥർ വഴിയോരക്കച്ചവടക്കാർക്ക് മുന്നറിയിപ്പ് നൽകി.

ആലുവയിൽ അറസ്റ്റിലായ വ്യാജവാറ്റ് സംഘം.

ആലുവയിൽ വ്യാജവാറ്റ് സംഘം അറസ്റ്റിൽ

ആലുവ: വ്യാജ വാറ്റ് സംഘങ്ങൾക്കെതിരേ ആലുവ റേഞ്ച് എക്സൈസിന്റെ പോരാട്ടം തുടരുന്നു. ആലുവ കീഴ്മാട് - തുലാപ്പാടം റോഡിൽ പാണ്ടൻ ചേരിയിലുള്ള വീട്ടിൽ ചാരായം വാറ്റിയതിന് വീട്ടുടമസ്ഥൻ സുരേഷ് എന്ന് വിളിക്കുന്ന കേളപ്പൻ (51), വിവിധ അബ്കാരി ക്രിമിനൽ കേസുകളിലെ പ്രതിയായ കുട്ടമശ്ശേരി അമ്പാട്ട് വീട്ടിൽ അനി എന്ന് വിളിക്കുന്ന സനിൽ കുമാർ (42), സഹായികളായ കുട്ടമശ്ശേരി കരയിൽ കോതേലിപ്പറമ്പിൽ വീട്ടിൽ ജെയിംസ് എന്ന് വിളിക്കുന്ന സുബ്രഹ്മണ്യൻ (42), കീഴ്മാട് - തുലാപ്പാടം റോഡിൽ കല്ലായിൽ വീട്ടിൽ രാജേഷ് (32) എന്നിവരെ ചാരായം വാറ്റിക്കൊണ്ടിരിക്കുന്നതിനിടെ ആലുവ റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ ടി.കെ.ഗോപിയുടെ നേതൃത്വത്തിൽ കസ്റ്റഡിയിൽ എടുത്തത്. ഇവരുടെ പക്കൽ നിന്നു രണ്ട് ലിറ്റർ ചാരായവും ചാരായം വാറ്റുന്നതിന് ഉപയോഗിക്കുന്ന 170 ലിറ്റർ വാഷും, സ്റ്റൗവ്, ഗ്ലാസ്സ് കുറ്റി എന്നിവ അടക്കമുള്ള വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. ഈസ്റ്റർ, വിഷു വിശേഷ ദിവസങ്ങളിലെ ഉപയോഗത്തിനായി ശർക്കരയും മറ്റു ധാന്യങ്ങളുമിട്ടു പാകപ്പെടുത്തിയ വാഷ് വീട്ടിലെ അടുക്കളയിൽ വച്ചു വാറ്റി ചാരായം എടുക്കുന്നതിനിടെ നാൽവർ സംഘം കൈയ്യോടെ പിടിക്കപ്പെടുകയായിരുന്നു.നിലവിലെ അബ്കാരി നിയമപ്രകാരം ചാരായം വാറ്റുന്നതു 10 വർഷത്തെ തടവും അല്ലെങ്കിൽ 1 ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടി ലഭിക്കാവുന്ന കുറ്റമാണ്. ലോക് ഡൗൺ മൂലം മദ്യം ലഭിക്കാൻ മറ്റ് മാർഗങ്ങളില്ലാതെ വന്നതോടെയാണ് ചാരായം വാറ്റാൻ ആരംഭിച്ചതെന്ന് പ്രതികളെ ചോദ്യം ചെയ്തതിലൂടെ വ്യക്തമായതായി ഇൻസ്പെക്റ്റർ ടി.കെ. ഗോപി അറിയിച്ചു. പ്രതികളെ14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.

മൂവാറ്റുപുഴയിൽ പഴകിയ മത്സ്യം പിടികൂടി

മൂവാറ്റുപുഴ: മൂവാറ്റുപുഴയിലും സമീപ പ്രദേശങ്ങളിലും മത്സ്യ വിൽപ്പന കടകളിൽ പഴകിയ മത്സ്യങ്ങൾ വിൽപ്പന നടത്തുന്നുവെന്ന പരാതിയെ തുടർന്നു ഭക്ഷ്യ സുരക്ഷാ,ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ പേഴയ്ക്കാപ്പിള്ളിയിൽ നിന്നും പഴകിയ മത്സ്യം പിടികൂടി. പേഴയ്ക്കാപ്പിള്ളിയിൽ പ്രവർത്തിക്കുന്ന മീൻകടയിൽ നിന്നും പഴകിയ ചൂര, കേര ഇനത്തിൽ പെട്ട 150-കിലോ മീൻ പിടിച്ചെടുത്ത് നശിപ്പിച്ചു. പേഴയ്ക്കാപ്പിള്ളിയിൽ പ്രവർത്തിക്കുന്ന ഇറച്ചി കടകളിലും ബേക്കറികളിലും കമ്യൂണിറ്റി കിച്ചനുകളിലും പരിശോധന നടത്തി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.00 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

സഹായം അനുവദിക്കണം

മാള:പ്രദേശിക പത്രപ്രവർത്തകർക്കും വിതരണ ഏജന്റുമാർക്കും സഹായം അനുവദിക്കണമെന്ന്അഡ്വ:വി.ആർ സുനിൽ കുമാർ എംഎൽഎ നിവേദനത്തിലൂടെ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. പ്രദേശിക പത്ര പ്രവർത്തകർക്കോ പത്ര വിതരണക്കാർക്കോ യാതൊരു വിധ ക്ഷേമപദ്ധതികൾ നിലവില്ലാത്തതിനാൽ ബുദ്ധിമുട്ടുകൾ നേരിടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നതിനാൽ പത്ര വരിസംഖ്യ പോലും പിരിച്ചെടുക്കാൻ സാധിക്കുന്നില്ലയെന്ന കാര്യവും നിവേദനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആതിനാൽ സാമ്പത്തിക സഹായവും ലളിത വായ്പാ പദ്ധതികളും കൊണ്ടുവരണമെന്ന് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ലൂർദ്ദ് കത്തീഡ്രലിൽ തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലാങ്കവിൽ ദുഃഖ ശനി യാചരണ തിരുകർമ്മങ്ങളിൽ പുതു വെള്ളം ആശീർവദിക്കുന്നു

അതിഥി തൊഴിലാളി സുരക്ഷ ഉറപ്പുവരുത്താൻ ഓൺലൈൻ പോർട്ടൽ

ഉടൻതൃശൂർ: കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലെ സൗകര്യങ്ങൾ പരിശോധിച്ച് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ രൂപകൽപന ചെയ്ത ഓൺലൈൻ സംവിധാനം ഉടൻ പ്രവർത്തനമാരംഭിക്കും. ക്യാമ്പുകളിൽ താമസിക്കുന്നവരുടെ വിവരങ്ങളും ഇതിന്റെ ഭാഗമായി സൂക്ഷിക്കും. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ കളക്ടറുടെ നിർദ്ദേശപ്രകാരം ലേബർ ഓഫീസ് മുഖാന്തരമാണ് കണക്കെടുപ്പ്. ഇതിന്റെ ഭാഗമായി തൃശൂർ ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ എൻ.ഐ.സി സീനിയർ ടെക്നിക്കൽ ഡയറക്ടർ, ജില്ലാ ലേബർ എൻഫോർസ്മെന്റ് ഓഫീസർ എന്നിവർ പങ്കെടുത്തു.

പണം നഷ്ടപ്പെട്ടതായി പരാതി

മാള: സെയിൽസ്മാനേജരുടെ പക്കൽ നിന്നും വഴിയാത്രക്കിടയിൽ 20,000 രൂപ നഷ്ടപ്പെട്ടതായി പരാതി.മൂന്ന് പീടികയിൽ നടത്തപ്പെടുന്ന മരുന്ന് മൊത്ത കച്ചവട സ്ഥാപനത്തിന്റെ സെയിൽ മാനേജർ ശിവശങ്കരൻ പക്കൽ നിന്നുമാണ് കഴിഞ്ഞ 6 ന് പണം നഷ്ടപ്പെട്ടത്. കരിങ്ങാച്ചിറ വഴി മാളയിലേക്ക് വാഹനത്തിൽ വരുമ്പോൾ കുന്നത്തുകാട് വച്ചാണ് പണം നഷ്ടപ്പെട്ടത്.

എന്നാൽ മാളയിൽ എത്തിയപ്പോഴാണ് പണം നഷ്ടപ്പെട്ട വിവരം ഇയാൾ അറിയുന്നത്.ഉടൻ തന്നെ റോഡിലൂടെ നോക്കി കുന്നത്തുകാട് എത്തിയപ്പോൾ 500 രൂപയുടെ നോട്ട് വഴിയിൽ നിന്നും ലഭിച്ചു.റോഡിന് സമീപത്ത് നിന്നിരുന്നയാളോട് കാര്യം പറഞ്ഞപ്പോൾ നീല ഷർട്ട് ഇട്ടയാൾ നീലബൈക്കിൽ വന്ന് നഷ്ടപ്പെട്ടത് തന്റെ പണമാണെന്ന് പറഞ്ഞ് റോഡിൽ കിടന്ന നോട്ടുകൾ പറുക്കി എടുത്ത് കൊണ്ട് പോയതായി പറയുകയുണ്ടായി. താനാണ് അത് പറുക്കി കൊടുത്തതെന്നും ഇയാൾ പറഞ്ഞു. അടുത്ത വീട്ടിലെ സിസി ടിവി പരിശോധിച്ചതിൽ നിന്നും ഇയാൾ പറഞ്ഞത് സത്യമാണെന്നും ബോധ്യപ്പെടുകയുണ്ടായി. സിസി ടിവി ദൃശ്യങ്ങൾ സഹിതം മാള പൊലീസിൽ പരാതി നല്കിയിട്ടുണ്ട്. വാഹനത്തെ കുറിച്ച് കൂടുതൽ വ്യക്തത വരുത്താനായി പരിസരത്തെ മറ്റ് സിസിടിവി ദൃശ്യങ്ങളും പരിശോധിച്ച് വരുകയാണെന്നും പണം എടുത്ത വ്യക്തിയെ ഉടൻ പിടികൂടുമെന്നും മാള പൊലീസ് പറഞ്ഞു

ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു

എരുമപ്പെട്ടി: എസ്.വൈ. എസ് എരുമപ്പെട്ടി സർക്കിൾ കമ്മറ്റിയുടെ നേതൃത്വത്തിൽ 200 നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. മാധ്യമ, സാമൂഹിക പ്രവർത്തകൻ റഷീദ് എരുമപ്പെട്ടി എസ്‌വൈഎസ് കുന്നംകുളം സോൺ പ്രസിഡന്റ് ഇസ്ഹാഖ് സഖാഫിയിൽ നിന്നും കിറ്റ് ഏറ്റ് വാങ്ങി ഉദ്ഘാടനം നിർവ്വഹിച്ചു. സർക്കിൾ ഭാരവാഹികളായ എം.എസ്. സുഹൈൽ എം.എം.ഇൽയാസ് , ജിംഷാദ് ,അഷ്ക്കർ ,ഷഫീഖ് എന്നിവർ നേതൃത്വം നൽകി. എരുമപ്പെട്ടി, പഴവൂർ, തയ്യൂർ, കരിയന്നൂർ തുടങ്ങിയ സ്ഥലങ്ങളിലാണ് വിതരണം ചെയ്തത്. റമളാൻ കിറ്റ് വിതരണം അടുത്ത ആഴ്ച ആരംഭിക്കുമെന്ന് സാന്ത്വനം ഭാരവാഹികൾ അറിയിച്ചു.

കൂനംമൂച്ചി ബാങ്ക് സമാഹരിച്ച തുക മന്ത്രി ഏ.സി. മൊയ്തീൻ ഏറ്റുവാങ്ങുന്നു.

സംഭാവന ചെയ്തു

വടക്കാഞ്ചേരി: ബ്ലോക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോവിഡ്- 19 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 5, 19000/ രൂപയും, നഗരസഭ, തെക്കുംകര, വേലൂർ എന്നീ പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് 4000 കിലോ അരിയും സംഘം പ്രസിഡണ്ട് ഇ കെ ദിവാകരൻ , മന്ത്രി എ സി മൊയ്തീന് കൈമാറി.

കോവിഡ് 19:



ഒരാളെ കൂടി ഡിസ്ചാർജ്ജ് ചെയ്തു
നിരീക്ഷണത്തിൽ കഴിയുന്നവർ 12353 പേർ

സ്വന്തം ലേഖകൻ

തൃശൂർ: രോഗവിമുക്തനായതിനെ തുടർന്ന് ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഒരാളെ കൂടി ഡിസ്ചാർജ്ജ് ചെയ്തു. നിലവിൽ രോഗബാധിതരായി അഞ്ച് പേരാണ് ആശുപത്രിയിൽ തുടരുന്നത്. ജില്ലയിൽ വീടുകളിൽ 12323 പേരും ആശുപത്രികളിൽ 20 പേരും ഉൾപ്പെടെ ആകെ 12353 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇന്നലെ നാൽപേരെ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്തു.മൂന്ന് സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതു വരെ 892 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 883 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. ഏൻപത് എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 195 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. ഇന്നലെ 102 പേർക്ക് കൗൺസലിംഗ് നൽകി. ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തി. നിരീക്ഷണത്തിലുള്ളവർക്ക് നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകി. ഇന്നലെ 3128 വീടുകൾ ദ്രുതകർമ്മസേന സന്ദർശിച്ചു. ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 3325 പേരെയും മത്സ്യചന്തയിൽ 1657 പേരെയും പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 97 പേരെയും സ്ക്രീൻ ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ബോബി ചെമ്മണ്ണൂർ ഗ്രൂപ്പ് നിർമിച്ച ഇഗ്ളൂ ലിവിംഗ് സ്പേസ് ആരോഗ്യ വകുപ്പിന് കൈമാറി. എസിയും ബയോ ടോയ്ലറ്റും ഉൾപ്പെടെയുള്ള ക്വാറന്റെയിൻ ലിവിംഗ് സ്പേസ്, അണു നശീകരണം നടത്തുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഇതിലുണ്ട്.

വെള്ളരിക്ക മോഷണം പോയി

കുന്നംകുളം: വിളവെടുപ്പിന് പാകമായ മൂന്നുറ് കിലോയിലേറെ വെള്ളരിക്ക മോഷണം പോയതായി പരാതി. ചൂണ്ടൽ പഞ്ചായത്തിലെ ആയമുക്ക് പുലിച്ചക്കാട്ട് പാടശേഖരത്തിലെ കൃഷിയിടത്തിൽ നിന്നാണ് കഴിഞ്ഞ ദിവസം രാത്രി വെള്ളരിക്ക മോഷണം പോയത്. അഞ്ച് സെന്റ് സ്ഥലത്ത് കൃഷിയിറക്കിയ വെള്ളരിക്കയാണ് വിളവെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ മോഷണം പോയത്. മികച്ച യുവ കർഷകനുള്ള പുരസ്ക്കാരത്തിനർഹനായ തൈക്കാട്ടിൽ സത്യൻ എന്ന കർഷകന്റെ കൃഷിയിടത്തിൽ നിന്നാണ് വെള്ളരിക്ക മോഷണം പോയിട്ടുള്ളത്. കാലങ്ങളായി കൃഷി ചെയ്തിരുന്ന സത്യൻ രോഗ ബാധിതനായ ശേഷം കഴിഞ്ഞ കുറച്ച് വർഷങ്ങളായി കൃഷി ചെയ്തിരുന്നില്ല. ഈ വർഷം സഹോദരന്റെ സഹായത്തോടെയാണ് രോഗാവസ്ഥകൾക്കിടയിലും കൃഷിയിറക്കിയത്. ഒന്നര ഏക്കറിൽ 5 സെന്റിൽ വെള്ളരിയും, ബാക്കി സ്ഥലത്ത് പയറുമാണ് കൃഷിയിറക്കിയിരുന്നത്. വിഷുവിപണി ലക്ഷ്യം വെച്ചാണ് വെള്ളരിയും പയറും കൃഷി ചെയ്തത്. കണിവെയ്ക്കാൻ ഉപയോഗിക്കുന്ന തരത്തിലുള്ള വെള്ളരിയാണ് സത്യൻ കൃഷി ചെയ്തിരുന്നത്. പലിശയ്ക്ക് പണമെടുത്തും കടം വാങ്ങിയും ഇറക്കിയ കൃഷിയുടെ വിളവെടുപ്പ് സ്വപ്നം കണ്ടിരുന്ന സത്യന് ഇരുട്ടടിയായിരിക്കുകയാണ് ഈ മോഷണം. കഴിഞ്ഞ ദിവസം വിളഞ്ഞ് കിടന്നിരുന്നു കിലോ വെള്ളരിക്ക സത്യൻ 20 രൂപ നിരക്കിൽ സമീപത്തുള്ള കടയിൽ വിൽപ്പന നടത്തിയിരുന്നു. ബാക്കി അടുത്ത ദിവസം വിളവെടുപ്പ് നടത്തി വിൽപ്പന നടത്താൻ പദ്ധതിയിട്ടിരിക്കെയാണ് സാമൂഹ്യ വിരുദ്ധർ വെള്ളരിക്ക മുഴുവനായും കവർന്നത്. മേഖലയിൽ ഇത്തരം സംഭവം ആദ്യമായാണെന്നും ഇതിന് പിന്നിലുള്ള സാമൂഹ്യ വിരുദ്ധരെ കണ്ടെത്താൻ പൊലീസ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ചൂണ്ടൽ പഞ്ചായത്ത് പ്രസിഡണ്ട് കെ.എസ്. കരീം പറഞ്ഞു. പാടശേഖര സമിതി ഭാരവാഹികൾ മോഷണത്തെ സംബന്ധിച്ച് കുന്നംകുളം പൊലീസിൽ പരാതി നൽകി. കൃഷി ഓഫീസർ എസ്. സുമേഷ്, മേഖലയിലെ മറ്റ് കർഷകർ എന്നിവർ മോഷണ വാർത്ത അറിഞ്ഞ് കൃഷിയിടത്തിൽ എത്തിയിരുന്നു.

ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു

എരുമപ്പെട്ടി: ലോക്ക്ഡൗണിൽ പ്രതിസന്ധിയിലായ കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്ത് വാട്സ് ആപ് ഗ്രൂപ്പ് മാതൃകയായി. കങ്ങോട് പഞ്ചായത്തിലെ രാഷ്ട്രീയ പ്രവർത്തരും ജനപ്രതിനിധികളും പൊതുജനങ്ങളും ഉൾപ്പെടുന്ന ഗ്രൂപ്പായ ജനപക്ഷമാണ് ഗ്രൂപ്പാണ് വേറിട്ട പ്രവർത്തനം കാഴ്ച വെച്ചത്. പഞ്ചായത്തിലെ പതിനെട്ടു വാർഡിലെ നൂറിൽപരം കുടുംബംങ്ങൾക്കാണ് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തത്. എം. പി. റഫീക്ക് തങ്ങൾ, ഫക്രുദ്ധീൻ വെള്ളറക്കാട്,എ.എച്ച്. ഹസ്സൻകുട്ടി, ഷെക്കീർ വെള്ളത്തേരി, സി. പി. ആലി കുട്ടി, ഷാജുദ്ധീൻ പരപ്പ്, തൗഫീഖ്, ഷംസ പന്നിത്തടം, ഷെഫിക്ക് മരത്തംകോട്, അഷറഫ് എന്നിവർ നേതൃത്വം നൽകി.

പാലക്കാട് നാലു പേർക്ക് കോവിഡ് മാറി, ആശുപത്രി വിട്ടു

പാലക്കാട്: ജില്ലയിൽ കോവിഡ് 19 സ്ഥിരീകരിച്ച് ചികിത്സയിൽ ഉണ്ടായിരുന്ന നാലുപേർ രോഗമുക്തി നേടി ആശുപത്രി വിട്ടു. പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിൽ ഉണ്ടായിരുന്ന ഇവർ പരിശോധനാഫലം നെഗറ്റീവ് ആയതിനെ തുടർന്ന് ഇന്നലെ വൈകീട്ട് ആറോടെയാണ് വീട്ടിലേക്ക് മടങ്ങിയത്. ചാലിശ്ശേരി,കിഴക്കഞ്ചേരി,ഒറ്റപ്പാലം, കാരാകുറുശ്ശി സ്വദേശികളാണ് ആശുപത്രി വിട്ടത്.മാർച്ച് 28-ന് രോഗം സ്ഥിരീകരിച്ച കിഴക്കഞ്ചേരി സ്വദേശിയുടെയും ഏപ്രിൽ ഒന്നിന് രോഗം സ്ഥിരീകരിച്ച ചാലിശ്ശേരി സ്വദേശിയുടെ യും രണ്ടാമത്തെയും മൂന്നാമത്തെയും പരിശോധനാഫലം നെഗറ്റീവ് ആയിരുന്നു.ഒറ്റപ്പാലം, കാരാകുറുശ്ശി സ്വദേശികളുടെ രണ്ടാമത്തെ പരിശോധനാഫലവും പോസിറ്റീവ് ആയതിനെ തുടർന്ന് രണ്ടു തവണ കൂടി പരിശോധന നടത്തി നെഗറ്റീവ് ആണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. യഥാക്രമം മാർച്ച് 24, 25 തീയതികളിൽ ആണ് ഇവർക്ക് രോഗം സ്ഥിരീകരിച്ചത്. നിരീക്ഷണത്തിൽ ഉണ്ടായിരുന്ന കാരാകുറുശ്ശി സ്വദേശിയുടെ മകനും കെഎസ്ആർടിസി ബസ് കണ്ടക്ടറും ആയിരുന്ന വ്യക്തി കഴിഞ്ഞ ദിവസമാണ് രോഗബാധയില്ലെന്ന് സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആശുപത്രി വിട്ടത്.ഇദ്ദേഹത്തിന്റെ പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉണ്ടായിരുന്നവർക്കും രോഗബാധയില്ലെന്ന് നേരത്തെ സ്ഥിരീകരിച്ചിരുന്നു. ജില്ലയിൽ നിലവിൽ രോഗം സ്ഥിരീകരിച്ചവരിൽ മൂന്നു പേർ കൂടിയാണ് ചികിത്സയിലുള്ളത്.നിലവിൽ 16359 പേർ വീടുകളിലും 29 പേർ പാലക്കാട് ജില്ലാ ആശുപത്രിയിലും 2 പേർ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും 2 പേർ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലുമായി ആകെ 16392 പേർ ജില്ലയിൽ നിരീക്ഷണത്തിലാണ്. പരിശോധനയ്ക്കായി അയച്ച 834 സാമ്പിളുകളിൽ ഫലം വന്ന 704 എണ്ണം നെഗറ്റീവും 7 എണ്ണം പോസിറ്റീവുമാണ്. ഇതുവരെ 26597 പേരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഇവരിൽ 10205 പേരുടെ നിരീക്ഷണ കാലാവധി പൂർത്തീകരിച്ചിട്ടുണ്ട്. 2775 ഫോൺ കോളുകളാണ് കൺട്രോൾ റൂമിലേക്ക് വന്നിട്ടുള്ളത്.

വിതരണം ചെയ്തു

ഇരിങ്ങാലക്കുട: ജൂനിയർ ചേംബർ ഇന്റർനാഷണൽ ജെ.സി ഐ ഇരിങ്ങാലക്കുട ചാപ്റ്റർ ഈസ്റ്റർ വിഷു ആഘോഷങ്ങളോടനുബന്ധിച്ച് ഇരിങ്ങാലക്കുട മാർക്കറ്റിൽ സാധനങ്ങൾ വാങ്ങുവാൻ വരുന്നവർക്കും കച്ചവടക്കാർക്കും തൊഴിലാളികൾക്കും വളണ്ടിയർമാർക്കും ആയിരത്തോളം മാസ്കുകകളും സാനിറൈറസറും ഗൗസുകളും വിതരണം ചെയ്തു.

ഇവയുടെ വിതരണോൽഘാടനം മുനിസിപ്പൽ ഹെൽത്ത് സൂപ്പർ വൈസർ ആർ. സജീവ് ജെ.സി.ഐ പ്രസിഡന്റ് ജെൻസൻ ഫ്രാൻസിന് മാസക് നൽകി കൊണ്ട് നിർവ്വഹിച്ചു. ബൈജു പള്ളി പ്പാട്ട്, ടെൽസൺ കോട്ടോളി, ഡയസ് ജോസഫ്, സുനിൽ ചെരടായി, എബിൻ മാന ജെയിസൺ പൊന്തോക്കൻ, വിവറി ജോണി എന്നിവർ പ്രസംഗിച്ചു.

അറസ്റ്റു ചെയ്തു

മുസ്തഫ

വടക്കാഞ്ചേരി: മനുഷ്യാവകാശ കമ്മീഷനംഗമെന്ന് വിശ്വസിപ്പിച്ച് ആൾമാറാട്ടം നടത്തി മുള്ളൂർക്കരയിൽ വിവിധ കടകളിൽ നിന്നും നിരവധി ഉൽപ്പന്നങ്ങൾ കരസ്ഥമാക്കി മുങ്ങിയ സമാനമായ കേസിൽ പട്ടാമ്പി സ്വദേശിയെ വടക്കാഞ്ചേരി പൊലീസ് അറസ്റ്റു ചെയ്തു. പട്ടാമ്പി പുത്തൻ പീടികയിൽ എ എം മുസ്തഫ (48) യെയാണ് അറസ്റ്റ്ചെയ്തത്. മുള്ളൂർക്കരയിൽ പി കെ എം സ്റ്റോഴ്സിൽ ബൊറോ കാറിൽ, പ്രസിഡണ്ട് ഓഫ് ഹ്യൂമൻ റൈറ്റ് ഓർഗനൈസേഷൻ എന്ന ബോർഡും, ഐഡന്റിറ്റി കാർഡും തൂക്കി കടകളിൽ നിന്നും സാധനങ്ങൾ വാങ്ങി തന്ത്രപൂർവ്വം മുങ്ങുകയാണ് പതിവ്. സമാന കേസിൽ പഴയന്നൂർ പൊലീസിന്റെ പിടിയിലായി സബ്ബ് ജയിലിൽ റിമാൻഡിൽ കഴിയവെയാണ് വടക്കാഞ്ചേരി പൊലീസ് സബ്ബ് ജയിലിലെത്തി പ്രതിയെ അറസ്റ്റു ചെയ്തത്.

പ്രായം മറന്ന് മാസ്ക്കുണ്ടാക്കി ചിദംബരൻ; വയോജന അയൽക്കൂട്ടങ്ങൾ സജീവം

തൃശൂർ: കൊറോണ കാലം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി തൃശൂർ ജില്ലയിലെ വയോജന അയൽക്കൂട്ടം അംഗങ്ങൾക്ക് കുടുംബശ്രീ നിരവധി അവസരങ്ങൾ ഒരുക്കുന്നു. ഗുരുവായൂർ നഗരസഭയിലെ കുടുംബശ്രീയുടെ കനിവ് വയോജന അയൽക്കൂട്ടത്തിലെ ചിദംബരന്റെ സംരംഭങ്ങൾ ശ്രദ്ധേയമാണ്. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി 1200 മാസ്ക്കുകൾ സ്വന്തമായി തയ്ച്ചു നൽകിയാണ് ഗുരുവായൂരിലെ പന്ത്രണ്ടാം വാർഡിലെ ചിദംബരൻ രംഗത്തെത്തിയിരിക്കുന്നത്. തയ്ച്ച മാസ്ക്കുകൾ അയൽക്കൂട്ടത്തിന്റെ സഹായത്തോടെ വാർഡിലെ അറുപത് കുടുംബങ്ങളിലെ വയോജനങ്ങൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും സൗജന്യമായി നൽകി. കുടുംബശ്രീയ്ക്കും മറ്റ് പൊതു സ്ഥാപനങ്ങൾക്ക് വേണ്ടി ഏപ്രണുകളും ചിദംബരൻ നിർമ്മിച്ചു നൽകുന്നുണ്ട്.60 വയസ്സിന് മുകളിൽ പ്രായമായവരുടെ മാനസിക ഉല്ലാസവും, കൂട്ടായ്മയും, സാമ്പത്തിക ഉന്നമനവും ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതാണ് കുടുംബശ്രീയുടെ വയോജന അയൽക്കൂട്ടങ്ങൾ. തയ്യലിന് പുറമേ മുട്ടകോഴി വളർത്തൽ, അലങ്കാര മത്സ്യം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയും ചിദംബരന്റെ വിനോദങ്ങളാണ്. കരകൗശല വസ്തുക്കളിൽ അധികവും ഒഴിഞ്ഞ ചില്ല്കുപ്പികൾ, മുട്ടത്തോട്, പേപ്പർ, മുത്തുകൾ എന്നിവയിൽ ചായം തേച്ച് അലങ്കരിച്ചവയാണ്. പ്രായമായവർക്ക് ജീവിതത്തിൽ മുന്നേറാനുള്ള ആത്മവിശ്വാസം നൽകാൻ വയോജന അയൽക്കൂട്ടങ്ങൾക്ക് സാധിക്കുന്നുവെന്നാണ് ചിദംബരന്റെ അഭിപ്രായം. കൊറോണകാലത്ത് പറ്റാവുന്ന കാര്യങ്ങൾ ചെയ്യാനാകുന്നതിന്റെ സംതൃപ്തിയിലാണ് വയോജന അയൽക്കൂട്ടത്തിലെ മറ്റ് അംഗങ്ങളും.

ഭക്ഷണ സാധനങ്ങളുമായി യൂത്ത് കോൺഗ്രസ്

പട്ടിക്കാട്: കോവിഡിന്റെ പേരിൽ ഈസ്റ്റർ ആഘോഷിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് മത്സ്യ, മാംസം അടങ്ങിയ കിറ്റുകൾ യൂത്ത് കോൺഗ്രസ് പ്രവത്തകർ വീടുകളിലെക്ക് എത്തിച്ച് നൽകി. കിറ്റിൽ മത്സ്യം, പോത്ത് ഇറച്ചി, കോഴിയിറച്ചി, പന്നിയിറച്ചി എന്നി വിഭവങ്ങൾ ഉണ്ടായിരുന്നു. തെരഞ്ഞെടുത്ത വീടുകളിലെക്ക് കിറ്റുകൾ യൂത്ത് കോൺഗ്രസ് പ്രവത്തകർ ജിഷ വാസു, വിനി മാത്യൂ, ഷൈജു കുരിയൻ, ആൽബിൻ എഡിസൺ എന്നിവർ നേതൃത്വം നൽകി.

കനാൽ വൃത്തിയാക്കി, വെള്ളം ഒഴുകി തുടങ്ങി

വൃത്തിയാക്കിയ വേലൂർ കുറുവന്നൂർ കനാൽ

പുലിയന്നൂർ: നാട്ടുകാരുടെ പ്രയത്നഫലമായി കത്തുന്ന വേനൽ ചൂടിൽ നാട് വെന്തുരുകുമ്പോൾ കുടിവെള്ളത്തിന് ആശ്വാസം. പുലിയന്നൂർ പാലക്കുണ്ട് പ്രദേശത്ത് കനാൽ ജലം ഒഴുകിയെത്തി. വേലൂർ കുറുവന്നൂർ കനാലിൽ വെള്ളം നിറഞ്ഞതോടെ, തണ്ടിലം, കുറുവന്നൂർ പ്രദേശങ്ങളിലെ നൂറുകണക്കിന് കിണറുകളിൽ ആവശ്യത്തിന് വെള്ളം എത്തിയിട്ടുണ്ട്. വാഴാനി പുഴയിൽ നിന്ന് കനാൽ വെള്ളം പാലക്കുണ്ട് പ്രദേശത്ത് എത്താൻ വൈകിയത് ഇവിടെയുള്ള കർഷകരെ ബാധിച്ചിരുന്നു. താഴ്ന്നപ്രദേശമായ മുട്ടിപ്പാലത്തു നിന്ന്, ഉയർന്ന പ്രദേശമായ പാലക്കുണ്ട് പ്രദേശത്തേക്ക് ജലം എത്തിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു. പൊതുപ്രവർത്തകരായ റെന്നി പുലിയന്നൂർ, സുനീഷ് മാടശ്ശേരി, ഗോപകുമാർ ചുള്ളിക്കാട്ടിൽ തുടങ്ങി ഇരുപത്തി അഞ്ചോളം യുവാക്കളുടെ പ്രയത്നഫലമായി കനാൽ വൃത്തിയാക്കി വെള്ളം കയറ്റുകയായിരുന്നു. വടക്കാഞ്ചേരി മേജർ ഇറിഗേഷൻ എൻജിനീയർ ജയരാജൻ പ്രവർത്തനള ഏകോപിച്ചു.

സമൂഹ അടുക്കളകൾക്ക് ഇനി രൂപ മാറ്റം

ഇരിങ്ങാലക്കുട: ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ തുടങ്ങിയ സമൂഹ അടുക്കളകൾക്ക് ഇനി രൂപ മാറ്റവും . സർക്കാരിന്റെ 'വിശപ്പു രഹിത കേരള' നയത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജനകീയ ഹോട്ടൽ തുറക്കുവാനാണ് നിർദ്ദേശം. കുടുംബശ്രീയുമായി സഹകരിച്ചാണ് ജനകീയ ഹോട്ടലുകൾ തുറക്കേണ്ടത്. ഇതിനുള്ള പശ്ചാത്തല സൗകര്യം ഏർപ്പെടുത്തേണ്ടത് തദ്ദേശ സ്ഥാപനങ്ങളാണ്. ജനകീയ ഹോട്ടലിൽ ഇരുപത് രൂപയാണ് ഊണിന് ഈടാക്കുക. പാഴ്സൽ ആയി നൽകാൻ അഞ്ച് രൂപ അധികം നൽകണം. ജനകീയ ഹോട്ടലുകൾ വരുന്നതോടെ ഭൂരിഭാഗം സമൂഹ അടുക്കളകളുടെയും പ്രവർത്തനം നിശ്ചലമാകും. സ്പോൺസർമാരുടെ സഹായത്താൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ തുടർന്നും ഉണ്ടായേക്കും. സമൂഹ അടുക്കളകൾക്ക് ബദലായി പലയിടത്തും സമാന്തര അടുക്കളകൾ തുടങ്ങിയിരുന്നു.

ഭക്ഷണ കിറ്റ് വിതരണത്തിൽ അഴിമതി നടന്നതായി ആരോപണം

കുന്നംകുളം: കടവല്ലൂർ പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ കോൺഗ്രസ്സ് അംഗമായ പഞ്ചായത്ത് അംഗവും, കോൺഗ്രസ്സ് നേതാവും ചേർന്ന് നടത്തിയ ഭക്ഷണ കിറ്റ് വിതരണത്തിൽ അഴിമതി നടന്നതായി ആരോപണം.വാർഡ് തലത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ അറിവോടെ മാത്രമേ കിറ്റ് വിതരണം ചെയ്യാവൂവെന്ന സർക്കാർ നിർദേശമിരിക്കെ പന്ത്രണ്ടാം വാർഡിൽ മെമ്പർ നിഷ അരേകത്തിന്റെനേതൃത്വത്തിൽ കിറ്റ് വിതരണം ചെയ്തതായി പറയുന്നു.

വാർഡ്തല കമ്മിറ്റിയിൽ അംഗമായവർ വിവരം പഞ്ചായത്തിൽ അറിയിച്ചു. ഇതനുസരിച്ച് പഞ്ചായത്ത് പ്രസിഡണ്ട് യു. പി. ശോഭന, പഞ്ചായത്ത് അംഗം കൂടിയായ കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് കെ. വിശ്വംഭരനെ വിളിച്ച് വിവരം അറിയിച്ചു. പന്ത്രണ്ടാം വാർഡ് മെമ്പർക്ക് തെറ്റുപറ്റിയതാണെന്നും ഇനി ആവർത്തിച്ചാൽ അവർക്കെതിരെ പൊലീസിൽ പരാതി നൽകാമെന്നും വിശ്വംഭരൻ പ്രസിഡണ്ടിനെ അറിയിച്ചതായും പറയുന്നു. എന്നാൽ അടുത്ത ദിവസം 1000 രൂപയുടെ കിറ്റ് വീടുകളിൽ വിതരണം ചെയ്യുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വാർഡ്തല കമ്മിറ്റി അംഗങ്ങൾ നടത്തിയ പരിശോധനയിൽ 393 രൂപ മാത്രം വില വരുന്ന 13 ഇനം സാധനങ്ങളടങ്ങിയ കിറ്റാണ് വിതരണം ചെയ്യുന്നതെന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെയും, വാർഡ് തല കമ്മിറ്റിയെ അറിക്കാതെയുമാണ് കിറ്റുകൾ വിതരണം ചെയ്തിരുന്നതെന്നും കണ്ടെത്തി. കിറ്റ് വിതരണത്തിനായി പ്രവാസികളിൽ നിന്നും സ്വദേശികളിൽ നിന്നുമായി വൻതോതിൽ പണം പിരിക്കുകയും ചെയ്തുവെന്നാരോപിച്ച് വാർഡ്തല കമ്മിറ്റി അംഗമായ സന്ദീപ്, വാർഡ് മെമ്പർ നിഷ അരേകത്തിനും, കോൺഗ്രസ് നേതാവ് ഫൈസൽ കാഞ്ഞിരപ്പിള്ളിക്കുമെതിരെ പഞ്ചായത്ത് അധികൃതർക്കും, കുന്നംകുളം പൊലീസിലും പരാതി നൽകി.

ഇറ്റലിയിൽ നിന്നും എത്തിയ ആൾ 700 ലിറ്റർ വാഷുമായി പിടിയിൽ

സ്വന്തം ലേഖകൻ

ആളൂർ പഞ്ചായത്തിലെ കാരൂരിൽ പൊലിസ് പിടിയിലായ ജോബിയും ലിജുവും ശ്രീ വിമലും വാറ്റു പകരങ്ങൾക്കൊപ്പം

ആളൂർ : ലോക് ഡൗൺ കാലഘട്ടത്തിൽ നിരോധിത വ്യാജ ചാരായം നിർമിക്കാൻ ശ്രമിച്ച കേസിൽ മൂന്നുപേർ പിടിയിൽ. ഇറ്റലിയിൽ നിന്നും എത്തിയ കുഴിക്കാട്ടുശ്ശേരി പൈനാടത്ത് ജോബി (44) യുടെ നേതൃത്വത്തിൽ നടത്തിയ വാറ്റാണ് പിടികൂടിയത്. ചാരായം വാറ്റാൻ സഹായികളായി ഉണ്ടായിരുന്ന താഴേക്കാട് സ്വദേശികളായ പോണോളി വീട്ടിൽ ലിജു(35) തത്തംപള്ളി വീട്ടിൽ ശ്രീവിമൽ (30) എന്നിവരും പിടിയിലായി. ചാലക്കുടി ഡിവൈഎസ്പി നൽകിയ വിവര പ്രകാരം പല സംഘങ്ങളായി തിരിഞ്ഞ് കാരൂർ ഭാഗത്തെ ഒഴിഞ്ഞ പറമ്പുകളും തണ്ണീർ തോടുകളും വയലോരങ്ങളും ഒഴിഞ്ഞ വീടുകളും കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയാണ് ചാരായ വാറ്റ് സംഘം കുടുങ്ങിയത്. കാരൂർ ഭാഗത്ത് ജോബിയുടെ ഉടമസ്ഥതയിലുള്ള പണി നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽ ആളനക്കം കണ്ട് രഹസ്യമായി പരിശോധിച്ചപ്പോൾ സ്റ്റൗവും മറ്റു വാറ്റുപകരണങ്ങളും ഘടിപ്പിച്ച് വാഷ് പകർത്തി തീ കത്തിച്ച് കൊണ്ടിരിക്കുകയായിരുന്നു.ആയിരം ലിറ്ററോളം കൊള്ളുന്ന വലിയ ബിരിയാണി ചെമ്പിലാണ് വാഷ് തയ്യാറാക്കിയിരുന്നത്. ഇത് പാകമാകുമ്പോൾ പകർത്തിവയ്ക്കാൻ മൂന്ന് പ്ലാസ്റ്റിക് ഡ്രമ്മുകളും ഉണ്ടായിരുന്നു. കൂടാതെ വാറ്റാനുപയോഗിക്കുന്ന ഉപകരണങ്ങളും കണ്ടെടുത്തിട്ടുണ്ട്. ഇറ്റലിയിൽ നിന്നും രണ്ടര മാസം മുൻപാണ് വീട്ടുപണിയുടെ ആവശ്യത്തിനായി ജോബി നാട്ടിലെത്തിയത്. ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യം മുതലെടുത്താണ് കൂടെ പിടിയിലായവരേയും കൂടെ കൂട്ടി ചാരായം വാറ്റാൻ തീരുമാനിച്ചതെന്ന് ജോബി പൊലീസിനോട് സമ്മതിച്ചു. കൂടെ പിടിയിലായവർ രണ്ടു പേരും ഡ്രൈവർ ജോലി ചെയ്യുന്നവരാണ്.

പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം

കൊടുങ്ങല്ലൂർ: തീരദേശവാസികൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ. സംസ്ഥാനത്തെ തീരദേശവാസികൾക്കും മത്സ്യ ത്തൊഴിലാളികൾക്കും പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇ.ടി. ടൈസൺ മാസ്റ്റർ മുഖ്യമന്ത്രിക്ക് കത്ത് നൽകി. 2017ലെ ഓഖി ചുഴലിക്കാറ്റ് 2018ലെ മഹാപ്രളയം 2019 ലെ മഴക്കെടുതി , കാലാവസ്ഥ വ്യതിയാനം മൂലം കുറയുന്ന മത്സ്യലഭ്യത, ഇപ്പോൾ കോവിഡ് 19 എന്ന മഹാമാരി, തുടങ്ങിയവ മൂലംഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന വിഭാഗമാണ് മത്സ്യ തൊഴിലാളികളും തീരദേശവാസികളും . ഇവർക്ക് വേണ്ടി 2000 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചത് ആശ്വാസകരമാണ്. കേരളത്തിലെ വലിയ തീരദേശ മണ്ഡലമായ കയ്പമംഗലത്തിന് ഇത് ഏറെ ഗുണം ചെയ്യുമെങ്കിലും വരുംദിനങ്ങളുണ്ടായേക്കാവുന്ന വറുതികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് കത്തിലൂടെ ഉന്നയിച്ചത്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളുമായവർക്കുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമ്പോൾ , നിലവിൽ ബാങ്ക് വായ്പ എടുത്തവരുടെ ഒരു വർഷത്തെ പലിശ സർക്കാർ ഏറ്റെടുക്കുക, അടുത്ത ഒരു വർഷത്തേക്ക്എല്ലാ ജപ്തി നടപടികളും നിർത്തിവയ്ക്കുക എപിഎൽ,ബിപിഎൽ വ്യത്യാസമില്ലാതെ ആറ് മാസത്തെ സൗജന്യ റേഷനും പലവ്യഞ്ജനങ്ങളും അനുവദിക്കുക, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് ആദ്യവർഷം പലിശയില്ലാത്ത ബാങ്ക് വായ്പ വ്യാപകമായി അനുവദിക്കുക, വീട്ടമ്മമാർക്ക് മത്സ്യ മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലുകളും കുടുംബ വ്യവസായങ്ങളും ആരംഭിക്കുന്നതിന് ആവശ്യമായ വായ്പകളും പരിശീലനങ്ങളും അനുവദിക്കുക, തീരപ്രദേശത്ത് ജനങ്ങളുടെ സുരക്ഷിതത്വത്തിനായി ഇപ്പോൾ നടക്കുന്ന ജിയോ ബാഗ് നിർമ്മാണം കടൽഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം, പുനർഗേഹം പദ്ധതി,എന്നിവ ലോക്ക് ഡൗൺ കഴിഞ്ഞാൽ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും കത്തിലൂടെ ഉന്നയിച്ചിട്ടുണ്ട്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.100 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മലിനജലം റോഡിലൂടെ ഒഴുക്കിവിടുന്നതായി പരാതി

പാറശാല: മലിനജലം റോഡിലൂടെ ഒഴുക്കിവിടുന്നതായി പരാതി. കാരോട് പഞ്ചായത്തിലെ അമ്പിലിക്കോണം വാർഡിലെ കുഴിവിളാകത്തെ ഇടറോഡിലൂടെയാണ് മലിനജലം ഒഴുക്കിവിടുന്നത്. ഇക്കഴിഞ്ഞ മഴയത്ത് മാലിന്യം കലർന്ന മലിനജലവും ഓയിലും ഈ റോഡ് വഴി ഒഴുക്കിവിട്ടത് നാട്ടുകാരുടെയിടയിൽ വ്യാപക പ്രതിഷേധത്തിനിടയാക്കിയിരുന്നു. നിരവധി വീട്ടുകാരാണ് ഈ റോഡിനെ ആശ്രയിക്കുന്നത്. മലിനജലം റോഡിലൂടെ ഒഴുകിയെത്തിയത് കാരണം കാൽനട പോലും ദുഃസ്സഹമാണ്.

ലോറിയുടെ ഗ്ലാസ് അടിച്ചു തകർത്തു

വെഞ്ഞാറമൂട്: നിർത്തിയിട്ടിരുന്ന ലോറിയുടെ ഗ്ലാസ് അടിച്ചു തകർത്ത നിലയിൽ. തേമ്പാമൂട് കിഴക്കേക്കോണം കുന്നിൽ വീട്ടിൽ സുധീറിന്റെ ലോറിയുടെ ഗ്ലാസാണ് തകർത്തത്. മാണിക്കൽ പള്ളിക്ക് സമീപം ലോക്ക് ഡൗൺ നിലവിൽ വന്ന ദിവസം മുതൽ നിർത്തിയിട്ടിരിക്കുകയായിരുന്നു. ബുധനാഴ്ച രാവിലെയോടെ മുൻ വശത്തെ ഗ്ലാസ് പൊട്ടിയ കാണപ്പെട്ടത്. ഉടമസ്ഥൻ വെഞ്ഞാറമൂട് പൊലീസിൽ പരാതി നല്കി.

കഷ്ടപ്പെടുന്നവർക്കായി കോൺഗ്രസ് വെഞ്ഞാറമൂട് മണ്ഡലം കമ്മിറ്റിയുടെ കൈതാങ്ങ്

വെഞ്ഞാറമൂട്: ലോക്ക്ഡൗൺ മൂലം ഭക്ഷണത്തിനും കുടിവെള്ളത്തിനും കഷ്ടപ്പെടുന്നവർക്കായി നെല്ലനാട് ഗ്രാമപഞ്ചായത്ത് കീഴായിക്കോണം സ്മിത ആഡിറ്റോറിയത്തിൽ ആരംഭിച്ച സമൂഹ അടുക്കളയ്ക്ക് കോൺഗ്രസ് വെഞ്ഞാറമൂട് മണ്ഡലം കമ്മിറ്റിയുടെ കൈതാങ്. സമൂഹ അടുക്കളയ്ക്കായി മണ്ഡലം കമ്മിറ്റി സ്വരൂപിച്ച തുക മണ്ഡലം പ്രസിഡന്റ് അഡ്വ. വെഞ്ഞാറമൂട് സുധീർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുജിത് എസ്. കുറുപ്പിന് കൈമാറി. വികസന സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ ബിനു എസ്. നായർ, കോൺഗ്രസ് നേതാക്കളായ മഹേഷ് ചേരിയിൽ, നെല്ലനാട് ഹരി, കീഴായിക്കോണം അജയൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എസ്. അനിൽ, ഷിബു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

'മുറ്റത്തൊരു കളിക്കളം' മത്സരം

കരുനാഗപ്പള്ളി: പന്മന മനയിൽ ഫുട്ബോൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ 10 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും എംഎഫ്എ അക്കാഡമിയിലെയും സെപ്റ്റ്സെന്ററിലേയും കുട്ടികൾക്കുമായി വ്യത്യസ്തമായ ഫുട്ബോൾ ചലഞ്ച് മത്സരം സംഘടിപ്പിക്കുന്നു. സർക്കാരിന്റെ ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിങ്ങളുടെ വീട്ട് മുറ്റത്ത് വെച്ച് നടത്തിയ ഒരു മിന്നിട്ടിൽ കുറയാതെയുള്ള ജഗ്ലിങ്ങ്, സ്കിൽ വീഡിയോ എഡിറ്റ് ചെയ്യാതെ വാട്സ് അപ്പ് നമ്പരിലേക്ക് ഏപ്രിൽ 17ന് മുൻപ് അയച്ചു തരുക. അങ്ങനെ ലഭിക്കുന്ന വീഡിയോ കെഎഫ്എ എക്സിക്യൂട്ടീവ് അംഗവും മുൻ സന്തോഷ് ട്രോഫി താരവുമായ പി. എ. സലിം കുട്ടി, സന്തോഷ് ട്രോഫി കേരള ടീം ക്യാപ്റ്റൻ വി. മിഥുൻ, മുൻ ക്യാപ്റ്റൻ എസ്. സീസൺ, സ്പോർട്സ് ലേഖകൻ യു. എച്ച്. സിദ്ധീഖ് എന്നിവരടങ്ങിയ വിദഗ്ദ്ധ സമിതി പരിശോധിച്ച് വിജയികളെ പ്രഖ്യാപിക്കും. 8129767878, 9400014070, 9562218325, 96456 50775 നമ്പരുകളിൽ വീഡിയോ അയയ്ക്കാവുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

പിടിച്ചെടുത്ത വാഹനങ്ങൾ ഇന്ന് മുതൽ വിട്ട് നൽകും

കരുനാഗപ്പള്ളി: ലോക്ക് ഡൗൺ ലംഘനവുമായി ബന്ധപ്പെട്ട് ചവറ പൊലീസ് സ്റ്റേഷനിൽ പിടിച്ചെടുത്ത വാഹനങ്ങൾ ഇന്ന് മുതൽ താഴെ പറയുന്ന ക്രമത്തിൽ വിട്ടുനൽകുന്നതാണെന്ന് ചവറ സ്റ്റേഷൻ ഹൗസ് ഓഫീസർ നിസാമുദ്ദീൻ അറിയിച്ചു. മാർച്ച് 25, 26, 27 തീയതികളിൽ പിടിച്ചെടുത്ത വാഹനങ്ങൾ 12ന് വിട്ട് കൊടുക്കും.
മാർച്ച് 28, 29, 30 തീയതികളിൽ പിടിച്ചെടുത്ത വാഹനങ്ങൾ 13 നും മാർച്ച് 31, ഏപ്രിൽ 1,2 തീയതികളിൽ പിടിച്ചെടുത്ത വാഹനങ്ങൾ 14 നും ഏപ്രിൽ 3, 4, 5 തീയതികളിൽ പിടിച്ചെടുത്ത വാഹനങ്ങൾ 15നും ഏപ്രിൽ 6, 7, 8 തീയതികളിൽ പിടിച്ചെടുത്ത വാഹനങ്ങൾ 16 നും തുടർന്നുള്ള ദിവസങ്ങളിൽ പിടിച്ചെടുത്ത വാഹനങ്ങൾ പിടിച്ചെടുത്ത തീയതി മുതൽ എട്ടാം ദിവസവും വിട്ടുനൽകുന്നതാണ്. പിടിച്ചെടുത്ത സമയം വാഹനമോടിച്ചയാൾ ആധാർ കാർഡും ഒരു കോപ്പിയും വാഹനത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളും കോപ്പികളുമായി ഹാജരാകേണ്ടതാണ്.

കൊവിഡ് കാലത്ത് അടുക്കളതോട്ടമൊരുക്കി ശാന്തിഗിരി വിദ്യാലയത്തിലെ വിദ്യാർത്ഥികൾ

വെഞ്ഞാറമൂട്: കൊവിഡിനെതിരെ പ്രതിരോധം തീർത്തുകൊണ്ടുള്ള ലോക്ഡൗൺകാലത്ത് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ തിരക്കിലാണ്. ഇപ്പോൾ വിഷരഹിതമായ ജൈവ പച്ചക്കറിതോട്ടമൊരുക്കുകയാണ് കുട്ടികൾ. സ്കൂൾ പ്രിൻസിപ്പൽ, അദ്ധ്യാപകർ തുടങ്ങിയവയുടെ നേതൃത്വത്തിൽ ഓൺലൈനായി കുട്ടികൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

ബ്രേക്ക് ദ ചെയിൻ ക്യാമ്പിന് പൂർണ്ണപിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മുതിർന്നവരുടെ സഹായത്തോടുകൂടിയാണ് കൃഷിചെയ്യുന്നത്.

സ്കൂളിലെ എല്ലാ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി എല്ലാ വീടുകളിലും ജൈവപച്ചക്കറിതോട്ടം നിർമാണം പുരോഗമിക്കുകയാണ്. ഏറ്റവും നന്നായി കൃഷി ചെയ്യുന്നവർക്ക് സമ്മാനവും പ്രഖ്യാപിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ സമയത്ത് എല്ലാവരും വീടുകളിൽ പച്ചക്കറി കൃഷി നടത്തണമെന്ന സർക്കാർതന്നെ നിർദ്ദേശം കൂടിയുള്ള സാഹചര്യത്തിൽ കുട്ടികളുടെ പ്രവർത്തനം മാതൃപരമാണെന്നും എല്ലാ സഹായവും പിന്തുണയും നൽകുന്നതാണെന്നും മാണിക്കൽ കൃഷി ഓഫീസർ പമീല വിമൽരാജ്, കൃഷി ഉദ്യോഗസ്ഥൻ ഷിഹാബ് എന്നിവർ പറഞ്ഞു. ഇതോടൊപ്പം അകലെ നിന്ന് നമ്മുക്ക് ഒത്തുചേരമെന്ന സന്ദേശം പകർന്ന് ഓൺലൈൻ മത്സരങ്ങളും നടക്കുന്നു.

ശാന്തിഗിരി വിദ്യാഭവനും ചിത്രസഞ്ചാരവുംചേർന്നാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് പ്ലാസ്റ്റിക് രഹിതമായ കരകൗശല നിർമ്മാണം, ഗാനാലാപനം, ചിത്രരചന,കഥാകഥനം തുടങ്ങിയവയും അദ്ധ്യാപകരുടെ മാർഗ്ഗനിർദ്ദേശങ്ങക്കനുസരിച്ച് നടക്കുന്നുണ്ട്. ഇത്തരത്തിൽ ലോക്ക് ഡൗൺ കാലം കർമ്മനിരതമായി വിനിയോഗിക്കുകയാണ് ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥികൾ. വിദ്യാർത്ഥികൾക്ക് വൈസ് പ്രിൻസിപ്പാൾ സ്മിജേഷ് എസ്. എം, ചിത്ര കലാധ്യാപകൻ ഷൈജു കെ. മാലൂർ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

തിരുവനന്തപുരം റയിൽവേ സ്റ്റേഷൻ ടാക്സി ഡ്രൈവർമാർക്കുള്ള ഡിആർകെഎസ് ഡിവിഷണൽ കമ്മറ്റിയുടെ സാമ്പത്തിക സഹായം ഭാരവാഹികളായ ബിജുവും രാജേഷും ബിഎംഎസ് ടാക്സി ഡ്രൈവേർസ് ജില്ലാ സെക്രട്ടറി താന്നിവിള സതിയെ ഏൽപ്പിക്കുന്നു.

അതിർത്തിയിലെ കേരളാ പൊലീസിന്റെ പ്രവർത്തനം മാതൃകയായി

കേരളാ പൊലീസ് അതിർത്തിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തമിഴ്നാട് പൊലീസിന് വെള്ളവും മാസ്ക്കും സാനിറ്റൈസറും നൽകുന്നു.

പാറശാല: ലോക്ക്ഡൗണിന്റെ ഭാഗമായി കേരള - തമിഴ്നാട് അതിർത്തികൾ അടച്ചിട്ട് അപ്പുറവും ഇപ്പുറവും നിലയുറച്ച് കൊവിഡ് 19 നെ പ്രതിരോധിക്കുമ്പോൾ പൊരിവെയിലിൽ തളർന്നു നിൽക്കുന്ന തമിഴ്നാട് പൊലീസിന് തങ്ങൾക്ക് കിട്ടുന്ന കുടിവെള്ളത്തിന്റെയും ഭക്ഷ്യ വസ്തുക്കളുടെയും ഒരു വിഹിതം നൽകി കേരളാ പൊലീസിന്റെ മാതൃകാ പ്രവർത്തനം ശ്രദ്ധേയമാകുന്നു.

ലോക്ഡൗൺ തുടങ്ങിയതിനു ശേഷം തിരുവനന്തപുരം റൂറലിലെ പൊലീസ് സംഘടനകൾ മുഖേന നിത്യവും കുടിവെള്ളം, ബിസ്ക്കറ്റുകൾ, സംഭാരം, പഴവർഗ്ഗങ്ങൾ, മാസ്ക്കുകൾ, സാനിറ്റൈസറുകൾ തുടങ്ങി നിരവധി സാധനങ്ങൾ പിക്കറ്റിങ് പോയിന്റുകളിലേക്ക് എത്തുന്നുണ്ട്. എന്നാൽ ഇവയെല്ലാം കേരള പൊലീസിന് മാത്രമാണ് നൽകിവരുന്നത്.

കൊറോണ മഹാവ്യാധി നമ്മെ പഠിപ്പിക്കുമ്പോൾ നമുക്കുണ്ടാകുന്ന ആഴത്തിലെ ചിന്തയും പഠനവും അതിർവരമ്പുകൾ അലിയിച്ച് കളഞ്ഞിരിക്കുന്നു.

അതിന്റെ ഭാഗമായി ഇന്നലെ മുതൽ അതിർത്തികൾക്കപ്പുറം നിൽക്കുന്ന പിക്കറ്റ് പോസ്റ്റിലെ തമിഴ്നാട് പൊലീസിന് കൂടി തങ്ങൾക്ക് കിട്ടുന്ന വെള്ളവും മറ്റു വിഭവങ്ങളും നൽകി തുടങ്ങി. ആദ്യവിതരണം കളിയിക്കാവിള പൊലീസ് സബ് ഇൻസ്പെക്ടർക്ക് നൽകികൊണ്ട് കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന നിർവാഹക സമിതി അംഗം ക്രിസ്റ്റിരാജ് നിർവഹിച്ചു. ഇന്ത്യയിൽ ജനാധിത്യപരമായി അവശേഷിക്കുന്ന ഏക പൊലീസ് സംഘടന എന്ന നിലയിൽ ഇത് സംഘടനപരമായ ഞങ്ങളുടെ ഉത്തരവാദിത്വം കൂടിയാണെന്നും ക്രിസ്റ്റിരാജ് പറഞ്ഞു.

രോഗബാധിതർക്ക് സഹായം; തുക ആവശ്യപ്പെട്ടെന്ന വാദം തെറ്റെന്ന് സൂപ്രണ്ട്

തിരുവനന്തപുരം: ഏപ്രിൽ 14 വരെ കൊറോണ വാർഡിലെ രോഗികൾക്ക് ഭക്ഷണച്ചെലവ് നൽകാൻ തയ്യാറായി വന്നവർ ഒരാഴ്ച പിന്നിട്ടപ്പോൾ രാഷ്ട്രീയ ലാഭത്തിനു വേണ്ടി ആശുപത്രി അധികൃതർക്കെതിരെ തിരിയുന്നത് ദൗർഭാഗ്യകരമാണെന്ന് മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് ഡോ. എം. എസ്. ഷർമ്മദ് അറിയിച്ചു.

ആശുപത്രിയിലെ ഭക്ഷണവും മറ്റു സൗകര്യങ്ങളും കൂടാതെ കേരളാ പൊലീസിന്റേതടക്കം അഞ്ചോളം സന്നദ്ധ സംഘടനകളാണ് രോഗികൾക്കും ജീവനക്കാർക്കും സൗജന്യ ഭക്ഷണമെത്തിച്ചു നൽകുന്നത്. ആരിൽ നിന്നും സാമ്പത്തിക സഹായം വാങ്ങുന്നില്ല. എന്നാൽ നാഷണൽ ക്ലബ് എന്ന സംഘടന സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തപ്പോൾ അത് ഭക്ഷണമായി നൽകിയാൽ മതിയെന്ന് നിർദേശിക്കുകയായിരുന്നു. മാർച്ച് 30 മുതൽ ഏപ്രിൽ 14 വരെ ആൾ ഇന്ത്യ പ്രൊഫഷണൽ കോൺഗ്രസ് എന്ന സംഘടനയാണ് ഭക്ഷണ വിതരണം നടത്തുന്നത്. അതു കഴിഞ്ഞ് നാഷണൽ ക്ലബിനെയാണ് ചുമതലപ്പെടുത്തിയത്.

എന്നാൽ ഏപ്രിൽ 14 നു ശേഷം ഭക്ഷണ വിതരണത്തിന് പണപ്പിരിവ് നടത്തേണ്ടി വരുമെന്ന് സൂപ്രണ്ട് പറഞ്ഞതായുള്ള ആരോണം വസ്തുതാ വിരുദ്ധമാണ്. ജനുവരി 23 മുതൽ മാർച്ച് 30 വരെ സർക്കാരാണ് ഭക്ഷണം നൽകിയത്. പതിനാല് കഴിഞ്ഞ് ഭക്ഷണ വിതരണം നടക്കില്ലെന്നും സഹായം തുടരണമെന്ന അഭ്യർത്ഥന സൂപ്രണ്ട് നടത്തിയെന്നുമാണ് ആരോപണം. ഇത് തികച്ചും രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള ആരോപണമാണ്. മാത്രമല്ല, കൊറോണ ഒ പി തുറന്നതു മുതൽ ഇതുവരെ ഒരു തടസവുമില്ലാതെ മൂന്നു നേരവും ഭക്ഷണം നൽകുന്ന മറ്റു സംഘടനകളെ നിന്ദിക്കലുമാണ്.

ഒരു രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയെയും നാഷണൽ ക്ലബിനെയും ചേർത്തുവച്ച് ഓൺലൈൻ മാധ്യമത്തിൽ വന്ന വാർത്ത വായിച്ചാൽ തന്നെ അതിലെ ഗൂഢലക്ഷ്യം ആർക്കും മനസിലാകും. കൊറോണ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും നടത്തിവരുന്ന ത്യാഗപൂർണമായ സേവനങ്ങളെ മറച്ചു പിടിക്കാനാണ് ഇത്തരം അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉയർത്തുന്നതെന്ന് ആശുപത്രി സൂപ്രണ്ട് ഡോ എം എസ് ഷർമ്മദ് അറിയിച്ചു.

അതേ സമയം കൊറോണ വാർഡിലേയ്ക്ക് ഭക്ഷണം നൽകാൻ ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യപ്രകാരം സാമ്പത്തിക സഹായം നൽകേണ്ടി വന്നുവെന്ന ഓൺലൈൻ മാധ്യമത്തിലെ വാർത്ത ദുരുപദിഷ്ഠവും യാഥാർത്ഥ്യം വളച്ചൊടിക്കുന്നതുമാണെന്ന് മന്നം മെമ്മോറിയൽ നാഷണൽ ക്ലബ് കൂട്ടായ്മ അറിയിച്ചു.

കമ്മ്യൂണിറ്റി കിച്ചണിലേക്ക് കാർഷിക വിഭവങ്ങളെത്തിച്ച് പൊലീസ്

കൊട്ടാരക്കര: കൊവിഡ്-19 ന്റെ പശ്ചാത്തലങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയ ലോക്ക് ഡൗണിൽ പാവപ്പെട്ടവർക്ക് ഭക്ഷണമെത്തിക്കുന്ന സർക്കാർ സംവിധാനം കമ്മ്യൂണിറ്റി കിച്ചണിലേക്ക് കാർഷിക വിഭവങ്ങൾ നൽകി കൊല്ലം റൂറൽ പൊലീസ്.

കൊട്ടാരക്കര മുനിസിപ്പാലിറ്റി ഗ്രൗണ്ടിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലേക്ക് കൊല്ലം റൂറലിലെ പൊലീസ് സംഘടനകൾ സംയുക്തമായി സംഘടനാംഗങ്ങളിൽ നിന്നും സമാഹരിച്ച കാർഷിക വിഭവങ്ങളാണ് ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ. കൈമാറിയത്.

എല്ലാ ദിവസവും 150 ഭക്ഷണപ്പൊതികൾ കൊട്ടാരക്കര താലൂക്കാശുപത്രിയിലേക്ക് മുൻസിപ്പൽ കിച്ചണിൽ നിന്നും സൗജന്യമായി നൽകി വരുന്നു. ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലേക്ക് ഭക്ഷ്യധാന്യങ്ങൾ നൽകിയും പൊലീസിന്റെ സഹായ ഹസ്തം എത്തിക്കുകയായുണ്ടായത്.

കൊവിഡ് വൈറസ് വ്യാപനം തടയുന്നതിനായി കൊല്ലം റൂറൽ ജില്ലയിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും പ്രധാന ജംഗ്ഷനുകളിൽ പൊലീസ് പിക്കറ്റുകൾ ഏർപ്പെടുത്തി വാഹന പരിശോധനയും ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണവും നടത്തി വരുന്നു. പൊതുജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടെ മാത്രമേ രോഗവ്യാപനം പൂർണ്ണതോതിൽ നിയന്ത്രിക്കാൻ കഴിയുകയുള്ളു. ജനങ്ങൾ കൂട്ടമായി പുറത്തിറങ്ങുന്നത് അവസാനിപ്പിക്കണമെന്നും നിയമലംഘനം നടത്തുന്നവർക്കെതിരെ പകർച്ച വ്യാധി തടയൽ നിയമപ്രകാരം കേസ് എടുത്ത് നടപടികൾ സ്വീകരിച്ച് വരുന്നു.

കാർഷിക വിഭവങ്ങൾ കൊല്ലം ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ മുനിസിപ്പൽ വൈസ് ചെയർമാന് കൈമാറുന്നു.

കൊല്ലം റൂറൽ ജില്ലയിൽ ലോക്ക് ഡൗൺ നിയമലംഘനവുമായി ബന്ധപ്പെട്ട് ശനിയാഴ്ച 222 കേസുകൾ രജിസ്റ്റർ ചെയ്തു 223 പേരെ അറസ്റ്റ് ചെയ്തു 200 വാഹനങ്ങൾ പിടിച്ചെടുത്ത് സൂക്ഷിച്ച് വരുന്നതായും ജനങ്ങൾ കർശനമായി നിയമം അനുസരിക്കണമെന്നും നിയമലംഘകർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമ നടപടികൾ തുടർന്നും സ്വീകരിക്കുമെന്നും ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ അറിയിച്ചു.

പോത്തൻകോട് പൊലീസ് ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങളെത്തിച്ചു

പോത്തൻകോട്: വെമ്പായം പഞ്ചായത്തിൽ പോത്തൻകോട്, നന്നാട്ടുകാവ് മുസ്ലിം ജമാഅത്തിന് സമീപം എഴുവതോളം ഇതര സംസ്ഥാന തൊഴിലാളികൾക്കാണ് ഭക്ഷ്യധാന്യങ്ങൾ എത്തിച്ചത്. പോത്തൻകോട് പൊലീസ് സ്റ്റേഷനിലെ എസ്ഐയും, സർക്കിൾ ഇൻസ്പെക്ടർ ഡി. ഗോപി, മറ്റു പൊലീസ് ഉദ്യോഗസ്ഥരും ചേർന്നാണ് ഭക്ഷ്യവസ്തുക്കൾ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെത്തിച്ചത്. എസ്പി ബി. ശോകൻ, പോത്തൻകോട് എസ്ഐ അജീഷ്.പി.എസ് എന്നിവർ ചേർന്ന് കൈമാറി. രണ്ടു ദിവസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ ആണ് എത്തിച്ചതെന്നും വരും ദിവസങ്ങളിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുമെന്നും പോത്തൻകോട് എസ്ഐ അജീഷ് പറഞ്ഞു.

പോത്തൻകോട് പോലീസ് അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ കൈമാറുന്നു.

കൊവിഡ് വൈറസ് വ്യാപനത്തെ പ്രതിരോധിക്കാൻ പുനലൂർ നഗരസഭയുടെ നേതൃത്വത്തിൽ ഹോമിയോ മരുന്ന് വിതരണം താലൂക്ക്ഹോമിയോ ആശുപത്രി സൂപ്രണ്ട്ഡോ. അശോകനിൽ നിന്ന് മരുന്ന് ഏറ്റുവാങ്ങി നഗരസഭാ ആക്റ്റിംഗ് ചെയർപേഴ്സൻ സുശീല രാധാകൃഷ്ണൻ വിതരണോത്ഘാടനം നിർവഹിക്കുന്നു. മുൻ ചെയർമാൻ കെ. രാജശേഖരൻ, ഡോ. കെ.ടി തോമസ് എന്നിവർ സമീപം.

വ്യാജവാറ്റുപകരണങ്ങളും കോടയും പിടികൂടി

നീണ്ടകരയിൽ പിടകൂടിയ കോട നശിപ്പിക്കുന്നു.

കരുനാഗപ്പള്ളി: നീണ്ടകരയിൽ ആൾത്താമസമില്ലാത്ത വീട്ടിൽ നിന്നും വ്യാജ വാറ്റുപകരണങ്ങളും കോടയും പിടി കൂടി. നീണ്ടകര തീരദേശ പൊലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സിഐ എസ്. ഷരീഫിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം നടത്തിയ പരിശോധനയിൽ എട്ടാം വാർഡിൽ അമ്പലത്തിൽ പടിഞ്ഞാറ്റതിൽ ആൾ താമസമില്ലാത്ത വീട്ടിൽ നിന്നുമാണ് ഇവ പിടിച്ചെടുത്തത്. ശനിയാഴ്ച വൈകിട്ട് നടത്തിയ പരിശോധനയിൽ വാറ്റുപകരണങ്ങളും കോടയും കണ്ടെത്തുകയായിരുന്നു. വീട്ടുടമസ്ഥനായ സോളമനെതിരെ അബ്കാരി നിയമ പ്രകാരം കേസെടുത്തതായും പൊലീസ് അറിയിച്ചു. ചവറ സിഐ എ. നിസാമുദീന്റെ നിർദേശപ്രകാരമായിരുന്നു പരിശോധന. സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ ജയകുമാർ, ചവറ എസ്ഐ ഷഫീഖ്, തീരദേശ പൊലീസ് എസ്ഐ. സഞ്ജയൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. ലോക് ഡൗൺ പ്രഖ്യാപിച്ചത് മുതൽ വ്യാജ വാറ്റ് തടയാനുള്ള പരിശോധന കർശനമാക്കി വരുകയാണ്.

അതിർത്തി മേഖലയിൽ പൊലീസ് ബാരിക്കേഡുകൾ സ്ഥാപിച്ചു

ലോക്ഡൗൺ പരിശോധന
അസൗകര്യങ്ങളിൽ വീർപ്പുമുട്ടി അതിർത്തിയിലെ പൊലീസുകാർ

കുന്നത്തുകാൽ മണികണ്ഠൻ

വെള്ളറട /പാറശാല: മെട്രോ വാർത്ത തുണച്ചു. അതിർത്തി മേഖലയിൽ ബാരിക്കേഡുകൾ സ്ഥാപിച്ച് പൊലീസ് പരിശോധനകൾ ശക്തമാക്കി. കൊവിഡ് 19 നെ പ്രതിരോധിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ലോക്ക്ഡൗൺ നിലവിൽ വന്നതോടെ അതിർത്തി മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പൊലീസുകാർക്ക് റോഡുകൾ ബ്ലോക്കുചെയ്യാൻ ബാരിക്കേഡുകളില്ലായിരുന്നു. ഇത് കാരണം തുറസ്സായ റോഡുകളിലൂടെ അതിർത്തി കടന്നെത്തുന്ന വാഹനങ്ങളെ ശരിയായ രീതിയിൽ പരിശോധിക്കുവാനോ നടപടികൾ കൈക്കൊള്ളുവാനോ പരിശോധന പോയിന്റുകളിൽ ഉണ്ടായിരുന്ന ആരോഗ്യ വകുപ്പധികൃതർക്കും പൊലീസിനും കഴിഞ്ഞിരുന്നില്ല. അയൽ സംസ്ഥാനമായ കന്യാകുമാരി ജില്ലയിൽ കൊവിഡ് ബാധിതരുടെ എണ്ണം ക്രമാതീതമായി കൂടിയതോടെ പരിശോധനയിലുണ്ടായിരുന്ന വീഴ്ച്ചകൾ കാരണം അതിർത്തി നിവാസികൾ ആശങ്കയിലായിരുന്നു. ഗതാഗത നിയന്ത്രണത്താൽ വിജനമായ റോഡിലൂടെ പ്രതിരോധ നിർദ്ദേശങ്ങൾ ലംഘിച്ച് പായുന്ന ഇരുചക്രവാഹനങ്ങളെ നിയന്ത്രിക്കുന്നതിലും പൊലീസുകാരും ആരോഗ്യ പ്രവർത്തകരും വ്യാകുലരായിരുന്നു.
ബാരിക്കേഡുകളുടെ ദൗർലഭ്യം കാരണം പരിശോധനാ പോയിന്റുകളിലുള്ള പൊലീസുകാർ അനുഭവിക്കുന്ന ദുരിതങ്ങളെ കുറിച്ചും നാട്ടുകാരുടെ ആശങ്കയെ കുറിച്ചും മെട്രോ വാർത്ത ദിനപത്രം കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വാർത്തയിൽ കഴമ്പുണ്ടെന്ന് മനസിലാക്കിയ റൂറൽ എസ്പി ഡി. അശോക് കുമാർ അതിർത്തി മേഖലയിലെ റോഡുകളിലെല്ലാം അടിയന്തിരമായി ബാരിക്കേഡുകൾ സ്ഥാപിക്കാനുള്ള സംവിധാനമൊരുക്കാൻ നെയ്യാറ്റിൻകര ഡിവൈഎസ്പി അനിൽകുമാറിന് നിർദ്ദേശം നൽകി. ഇതിന്റെ ഭാഗമായി പൊഴിയൂർ പൊലീസ് പരിധിയിലുള്ള അതിർത്തി പ്രദേശങ്ങളിൽ അവരുടെ കൈവശമുണ്ടായിരുന്ന ബാരിക്കേഡുകൾ സ്ഥാപിച്ചു. പാറശാല പൊലീസ് ലിമിറ്റിലെ ആറ് പരിശോധന പോയിന്റുകളിലും സിഐ റോബർട്ട് ജോണിയുടെയും എസ്ഐ ശ്രീലാൽ ചന്ദ്രശേഖരിന്റെയും നേതൃത്വത്തിലും വെള്ളറട പൊലീസ് ലിമിറ്റിലെ അതിർത്തി പ്രദേശമായ കണ്ണുമാമൂട് മുതൽ വെള്ളറട വരെയുള്ള ഒൻപത് പരിശോധന പോയിന്റുകളിലും വെള്ളറട സിഐ ശ്രീകുമാറിന്റെയും എസ്ഐ സതീഷ് ശേഖരിന്റെയും നേതൃത്വത്തിലും ഇന്നലെ ബാരിക്കേഡുകൾ സ്ഥാപിച്ച് പരിശോധനകൾ കർക്കശമാക്കി. ബാരിക്കേഡികളുടെ ദൗലഭ്യം കണക്കിലെടുത്ത് ഇവൻ മാനേജുമെന്റുകാർ ഉപയോഗിച്ചിരുന്ന ആർച്ചുകളാണ് പലയിടങ്ങളിലും ബാരിക്കേഡുകളായി ഉപയോഗിച്ചിട്ടുള്ളത്. ഇതോടെ കൊല്ലങ്കോട് മുതൽ ആറുകാണി വരെയുള്ള മുപ്പത് കിലോമീറ്ററോളം വരുന്ന അതിർത്തി പ്രദേശത്തെ പ്രധാന റോഡുകളിലെ പരിശോധനാ പോയിന്റുകൾ ഭദ്രമായി.

കേരള അതിർത്തിയിൽ പരിശോധന ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് അതിർത്തിയോട് ചേർന്നുള്ള റോഡുകളിൽ കേരള പൊലീസ് ഇന്നലെ സ്ഥാപിച്ച ബാരിക്കേഡുകൾ.

ശ്രീചിത്ര സ്റ്റാഫ് യൂണിയൻ മെഡിക്കൽ കോളെജ് വാർഡിലെ കമ്മ്യൂണിറ്റി കിച്ചണിലേക്ക് കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഡി. ആർ. അനിലനും ജനറൽ സെക്രട്ടറി കെ. വി. മനോജ് കുമാറും ചേർന്ന് ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും കൈമാറുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 101 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.